❑Kozhikode ❑Volume No: 3 ❑Issue No: 3 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

2024
ജൂലായ് 1

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

## ഓണപ്പതിപ്പ്




ചേച്ചിക്ക് പിറകെ അനിയനും

# സിവിൽ സർവീസിലേക്ക്

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


KP NAMBOODIRI'S
K P NAMBOODIRI'S AYURVEDICS
TRUSTED SINCE 1925
ഒറ്റ ടൂത്ത്പേസ്റ്റ്,
ഒരുപാടു ഗുണങ്ങൾ
1925 മുതൽ ആർജ്ജിച്ച വിശ്വാസം, ശുദ്ധമായ ആയുർവേദ ചേരുവകളാൽ വികസിപ്പിച്ചെടുത്ത കെ പി നമ്പൂതിരീസ് ഹെർബൽ ടൂത്ത്പേസ്റ്റ്, ദന്തസംരക്ഷണം നൽകുന്നതോടൊപ്പം പല്ലുകളെ പ്രകൃതിദത്ത രീതിയിൽ ആരോഗ്യത്തോടെ നിലനിർത്താനും സഹായിക്കുന്നു.
പല്ലുകളെ ഉറപ്പുള്ളതാക്കും
മോണയുടെ ആരോഗ്യം സംരക്ഷിക്കും
പല്ലിൽ പ്ലാക് ഉണ്ടാകുന്നതു ചെറുക്കും
പല്ലിൽ അണുബാധ ഉണ്ടാകുന്നതു നിയന്ത്രിക്കും
ശ്വാസത്തിലെ ദുർഗന്ധം അകറ്റും
കറകൾ ഉണ്ടാകുന്നതു ചെറുക്കും
CLINICALLY PROVEN
KP NAMBOODIRI'S
HERBAL TOOTHPASTE
UNIQUE, NATURAL HERBAL FORMULATION
COMPLETE DENTAL CARE
+91 89434 60000
www.kpnamboodiris.com
നിരാകരണം: സ്വതന്ത്ര പഠനത്തെ അടിസ്ഥാനമാക്കിയുള്ള റഫറൻസ് നമ്പർ 2021/IRB-DEC-PERIO 08/APDCH



യോഗക്ഷേമസഭ
# സ്വസ്തി
ത്രൈമാസികം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5125 ആഷാഢം കൊല്ലവർഷം 1199 കർക്കിടകം ഗ്രീഷ്മ ഋതു

**2024 July 1 ❑Kozhikode ❑Volume No: 3 ❑Issue No:3 ❑email: swasthitrimonthly@gmail.com ❑website: swasthi.org**



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651
**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823
**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ 9895621493
**പ്രിൻറർ ആൻ്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471
**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
**പരസ്യം & സർക്കുലേഷൻ**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
**ജനറൽ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി
മൊബൈൽ: 9447337337
**മാനേജിംഗ് കമ്മിറ്റി**
ജില്ലാ പ്രസിഡൻ്റ്: പി.എം.ഗംഗാധരൻ
നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ
നമ്പൂതിരി 9946438951
**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600
**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674
**കസ്റ്റമർ കെയർ**
മൊബൈൽ: 9495369337


# ഒരിക്കൽക്കൂടി അഭിമാനത്തോടെ

സ്വസ്തിയുടെ ഒരോ ലക്കത്തിലും സമുദായാംഗങ്ങൾക്ക് അഭിമാനിക്കാവുന്ന എന്തെങ്കിലും ഉണ്ടാവും. മുന്നോട്ടു നയിക്കാനുള്ള പോസിറ്റീവ് വാർത്തകൾ. പലവിധകാരണങ്ങളാൽ നിരാശയിൽ കഴിയുന്നവർക്ക് ഊർജ്ജമാവും അത്.

പഴയ തലമുറയുടെ ശാഠ്യങ്ങൾക്കല്ല പുതുതലമുറയുടെ പ്രതീക്ഷകൾക്കാണ് സ്വസ്തിയുടെ ഊന്നൽ. അതുകൊണ്ട് തന്നെ പുതുതലമുറയും സ്വസ്തിയുടെ വായനക്കാരാണ്. ഓരോ ലക്കത്തിലും ന്യൂജെൻ കണ്ടൻ്റ് ഉറപ്പു വരുത്തുന്നതും അതുകൊണ്ടാണ്. ഈ ലക്കത്തിലുമുണ്ട് അത്തരം ചിലത്.

യുവതീയുവാക്കളുടെ സ്വപ്നങ്ങൾക്ക് നിറം കൊടുക്കുന്ന ഒന്നാണ് സിവിൽ സർവീസ്. എല്ലാ വർഷവും സിവിൽ സർവീസ് ഫലം വരുമ്പോൾ ലിസ്റ്റിൽ ഇടം കിട്ടിയ സമുദായാംഗങ്ങളെ തേടിപ്പിടിച്ച് അവരുടെ വിശദാംശങ്ങൾ സ്വസ്തി നൽകാറുണ്ട്. ഇപ്പോൾ ജില്ലാകളക്ടറായി പ്രവർത്തിക്കുന്ന ഗായത്രിയും, ഐ. എഫ് എസിൽ കേരളത്തിലെ ഒന്നാം റാങ്കുകാരി ആര്യശ്രീയും കഴിഞ്ഞ വർഷത്തെ ഐ എ എസുകാരി ആര്യയുമെല്ലാം സ്വസ്തിയുടെ വായനക്കാർക്ക് പുതിയ ഊർജ്ജം നൽകിയവരാണ്.

ഇത്തവണയുമുണ്ട് ആ ലിസ്റ്റിൽ ഒരാൾ. അഖിൽ. നാലു വട്ടം പരീക്ഷയെഴുതിട്ടും ജയിക്കാതിരുന്ന ആൾ. പത്താം ക്ളാസിലും പന്ത്രണ്ടാം ക്ളാസിലും എ പ്ലസ് കിട്ടാത്ത ആൾ. എന്നിട്ടും നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും കൊണ്ട്, റാങ്ക്ലിസ്റ്റിൽ ഇടം കിട്ടി. നമ്മുടെ കുട്ടികളിൽ പകുതി പേരെങ്കിലും എ പ്ലസ് കിട്ടാത്തവരാവും. അവർക്ക് അസാദ്ധ്യമായതല്ല സിവിൽ സർവീസ് എന്ന് ഓർമ്മിപ്പിക്കാൻ അഖിലിൻ്റെ അനുഭവത്തിനു കഴിയട്ടെ. അഖിലിന് എല്ലാ ആശംസകളും.

യോഗക്ഷേമസഭ സർവജ്ഞം എന്ന പേരിൽ വിദ്യാർത്ഥികൾക്കായി സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് നടത്തുന്നുണ്ട്. രാഘവപുരം സഭായോഗം അവിടെ താമസിച്ച് പഠിക്കാവുന്ന വിധം കോച്ചിംഗും നൽകുന്നുണ്ട്. ഇതെല്ലാം ലക്ഷ്യം കാണണമെങ്കിൽ കുട്ടികളല്ല, അവരുടെ രക്ഷിതാക്കൾ കൂടി ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

എല്ലാവർക്കും ഐശ്വര്യപൂർണ്ണമായ ഓണം ആശംസിക്കുന്നു.

പത്രാധിപർ


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**

**Vol No:3 Issue No: 3 Registration Number : KERMAL/2022/83817**


KM
കുത്താമ്പുള്ളി
കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ
ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം
സെറ്റുമുണ്ടുകൾ | സെറ്റ്സാരികൾ | ഫാൻസി സാരികൾ | കസവുസാരികൾ |
കോട്ടൺ സാരികൾ |ചുരിദാറുകൾ | ചുരിദാർ മെറ്റീരിയലുകൾ | ഷർട്ടുകൾ | മുണ്ടുകൾ
എന്നിവയുടെ വിപുലമായ ശേഖരം.
വിവാഹത്തിനും മറ്റു ആഘോഷങ്ങൾക്കുമുള്ള സെറ്റ് മുണ്ടുകൾ, സെറ്റ് സാരികൾ, ഡബിൾ മുണ്ട്, ഷർട്ടുകൾ എന്നിവയും മറ്റു തുണി തരങ്ങളും ഓർഡർ എടുത്തു എത്തിച്ചു കൊടുക്കുന്നു
സെറ്റുമുണ്ടുകളുടേയും, സാരികളുടേയും മാച്ചിങ് ബ്ലൗസ് മെറ്റീരിയലുകളുടേയും വിപുലമായ ശേഖരം
ചുരിദാർ മെറ്റീരിയലുകളുടേയും, കുർത്തികളുടേയും ലേഡീസ്ടോപ്പുകൾ, ലഗ്ഗിൻസ് എന്നിവയുടെ പുതിയ കളക്ഷൻസ്
ജെന്റ്സ് ഷർട്ട്സ്, ടീഷർട്സ്, ഡബിൾമുണ്ട്, കാവിമുണ്ട്, വിവിധങ്ങളായ കളർമുണ്ടുകൾ എന്നിവയും മിതമായവിലയിൽ
വിവിധതരം സെറ്റുപാവാട,സെറ്റുസാരി, ഫാൻസി സാരി,കസവുസാരി, കോട്ടൺസാരി എന്നിവയുടെ നിങ്ങൾക്ക് ഇഷ്ടപെടുന്ന കളക്ഷൻ...
വാട്സപ് വഴി സെലക്ട്ചെയ്യുന്ന തുണിത്തരങ്ങൾ കൊറിയർ വഴി ഇന്ത്യയിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു
9562883397
10 വർഷത്തോളമായി ചങ്ങരംകുളത്തു പ്രവർത്തിക്കുന്ന ഒരു നമ്പൂതിരി സംരംഭം.
പേയ്മെന്റ്: ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ ,
9400852605, 04942650180, 7306359484

# ആരൊക്കെ / എന്തൊക്കെ


കവിത
**അരുളപ്പാട്**
മിനി.പി എസ് 07



**അറിയേണ്ട നമ്പൂതിരി**
പരീക്ഷയിൽ നാലുവട്ടം തോറ്റിട്ടും സിവിൽ സർവീസിലേക്ക് 08



**അനുസ്മരിക്കേണ്ട പ്രതിഭ**
മൂത്തിരിങ്ങോട് മനയിലുണ്ടായിരുന്നു ഒരു ഇലക്ട്രോണിക്സ് മാൻ 14
രാജേഷ് ഒരുപുലാശ്ശേരി

**അനുസ്മരിക്കേണ്ട പ്രതിഭ**
ആ ചെമ്പൈ ഭാഗവതർ ഈ ഗണപതി നമ്പൂതിരിയുടേത് 18
ഉദയൻ നമ്പൂതിരിപ്പാട്



**ചെറുകഥ**
വേഷപ്പകർച്ച 22
ഉണ്ണികൃഷ്ണൻ കാടമ്പറ്റ



തിരൂരിലെ ഈ അന്തർജനങ്ങൾക്ക് ഇടയ്ക്കയും വഴങ്ങും 27
ശ്രീജ പട്ടലൂർ



പരശുരാമകേരളം സ്ഥാപിച്ചുകളയാം എന്ന വ്യാമോഹമൊന്നും ഇന്നത്തെ നമ്പൂതിരിക്കില്ല 30
വി.ടി.വാസുദേവൻ

അമേരിക്കയിലെ അന്തർജനം (സ്വസ്തി എക്സ്ക്ലൂസീവ്) 36
വിനോദ് മങ്ങത്തായ

**നമുക്കിടയിലെ പ്രതിഭ**
ഡെന്മാർക്കിലെ ഗവേഷണത്തിന് അർജുൻ കുറൂരിന് 1.8 കോടി 42
പി കൃഷ്ണൻ നമ്പൂതിരി




**അറിയേണ്ട അന്തർജനം**
ഭാവഗായകൻ തേടി വന്നു എന്റെ കുഞ്ഞേടത്തിയെ 46
ഗീതാ വാസുദേവൻ



**കവിത**
നാഗഞ്ചേരി യുഗം 50
പി.എൻ. വിജയൻ



ഈ സിനിമ മുഴുവനും നമ്പൂരാരുടേതാണ്
പാലേലി മോഹൻ
സിനിമ 52



നമ്പൂതിരിമാരെ ഊർജ്ജസ്വലമാക്കാൻ ഒരു ബ്ലൂ പ്രിന്റ് വേണം 57
കെ എം എസ് ഭട്ടതിരിപ്പാട്

62
ഇല്ലപ്പെരുമ
പിലാത്തറയിലെ വെദിരമന
താമരക്കുളം ദിവാകരൻ നമ്പൂതിരി



**അപൂർവമായ ഒരനുഭവം**
അമ്പത് വർഷത്തിന് ശേഷം ഇവർ ഭാരത് ബന്ദിനെ തോല്പിച്ചു 70
മാന്തിട്ട വിഷ്ണു

**കവിത** /സ്വപ്ന ഭാരതം 73
എ.പി. നമ്പൂതിരി

**സർവജ്ഞംമേഖലാക്യാമ്പ്**
കുട്ടികൾ നടത്തി പത്രസമ്മേളനം 74
ഉഷ ചീരക്കുഴി

**മിനിക്കഥ** /നോട്ടം 79
ദേവകി. കെ.ഐ

യോഗയുമായി അരനൂറ്റാണ്ടിലേക്ക് 80
എം.എം കൃഷ്ണൻ നമ്പൂതിരി

ഏറ്റവുമധികം രക്തദാനം ചെയ്ത വ്യക്തി 94
റീത്ത. എം.ഇ



**കുട്ടീസ്**

❑ആർദ്ര തെഞ്ചേരി ഇല്ലം 99
❑ദ്രുപത വെള്ളിക്കുന്നത്ത് ഇല്ലം 99
❑ദേവനന്ദ മുഡുവമ്പുറത്ത് ഇല്ലം 100
❑രാകേന്ദു പണിക്കത്ത് 100
❑സിയ വീമ്പൂർ കടലായിൽ മന 101
❑സുകൃത ഹരികൃഷ്ണൻ നീലമന 101
❑ഗൗരി അരിഞ്ചിയിൽ ഇല്ലം 102
❑സ്വസ്തിക നമ്പൂതിരി പുറഞ്ചേരി 103
❑അദിതി കെ. കുറുങ്ങോട്ടില്ലം 103
❑ശ്രീറാം ടി എച്ച് തിരുത്തി മന 103

വായനക്കാരുടെ പ്രതികരണങ്ങൾ ❑ യോഗക്ഷേമസഭാ വാർത്തകൾ ❑
വിഷ്ണുപാദം പൂകിയവർ ❑ അനുമോദനങ്ങൾ ❑ തുടങ്ങി സ്ഥിരം പംക്തികളും



AVAILABLE ON
amazon
Flipkart
Ventha Velichenna: Kerala's own Magic oil
Pũrvĩna
Anamangad, Perintalmanna, Kerala 679357
+91 90722 30893
www.purvina.in
purvinaindia@gmail.com
Hot Processed VIRGIN COCONUT OIL
Pũrvĩna
Ventha Velichenna




santhihospitalomassery | www.santhihospital.com
അസ്ഥിരോഗങ്ങളിനി
അസ്ഥിക്ക് പിടിക്കില്ല!
50000ത്തിലധികം മേജർ ഓർത്തോ സർജറികളും
1000ത്തിലേറെ ഇടുപ്പല്ല്, കാൽമുട്ട് മാറ്റിവെക്കൽ
ശസ്ത്രക്രിയകളും വിജയകരമായി പൂർത്തീകരിച്ച ഡിപ്പാർട്ട്മെന്റ്.
മുട്ടുമാറ്റിവെക്കൽ, ഇടുപ്പ് മാറ്റിവെക്കൽ തുടങ്ങി എല്ലു സംബന്ധമായ
എല്ലാ ശസ്ത്രക്രിയകളും മിതമായ നിരക്കിൽ.
മലയോര മേഖലയിലെ ഏറ്റവും
മികച്ച അസ്ഥിരോഗ വിഭാഗം.
Santhi hospital
A Unit of IWT Omassery
Omassery, Kozhikode, Kerala Ph: 0495 353 1988 , 0495 228 0000 Mob: 9605 671 100

കവിത

# അരുളപ്പാട്

## മിനി.പി എസ്

മഴച്ചേല മുടിമിന്നൽത്തിറയാടിയിറയത്തും
കനലൂതിക്കെടുത്തുന്നെന്നടുപ്പിലും നീ.
ചെറുതോട് പടി കേറി പനിപ്പായ തെറുക്കുമ്പോ
ളിടി വെട്ടിച്ചിരിക്കുന്നൂ ഇരുട്ടും കൂടി.
ഓലമേഞ്ഞ കൂര പൊന്തിക്കാലൊടിഞ്ഞു പറക്കുമ്പോൾ
പട്ടിണിയും ചുട്ടുതിന്നാൻ ബാക്കിയില്ലാതായ്.
ആടി നിന്നെപ്പേടിയായിട്ടാധി കൂടി തൊട്ടിലിലെ
പീലി പോലും വിറച്ചാർത്തു കരഞ്ഞിടുന്നു.
മുത്തിയമ്മ മുടിയുടെ കെട്ടഴിച്ചു വിടർത്തുന്നു
തുപ്പിടുന്നു ചൊരുക്കുന്നൊരടക്കത്തുണ്ട്.
കാലമാറ്റിലൊഴുകിപ്പോയ് മാമലയിൽ വെയിലായി
നാടു നീളേയണിത്തുമ്പ പൂക്കുട നീർത്തി.
ചിരിക്കുമ്പോൾ പുഴുപ്പല്ലു തിളങ്ങുന്ന മുത്തിയുടെ
യൊരു മകൾ കുഴമണ്ണിൽ പൂത്തറ കെട്ടി.
കരിങ്കാക്ക പൂവിനേയുമലരിയും ചെമ്പരത്തി
പ്പലവകപ്പൂവു കൂട്ടിപ്പൂക്കളമിട്ടു.
കതിരാടും വയലിലെക്കതിർ പാതിയവിലായി
അട ചുട്ടു പാളകീറിപ്പറമ്പു തോറും.
അരി പുന്നെല്ലരവെല്ലം പായസത്തിൻ മധുരമാ
യിനിയൊന്നു പാട്ടു പാടാം രസിച്ചിരിക്കാം.
ഉതിർനെല്ലും പൂക്കളുമായൂയലാടും മനസ്സുണ്ട്
ഉണരുവാൻ ഉയിരുണ്ട് വേലയുമുണ്ട്
കുടിക്കാനും കഴിക്കാനും ചിരിക്കാനും കളിക്കാനും
ചിതമുണ്ടേലോണമുണ്ട് ചിങ്ങവുമുണ്ട്.
വെയിലേറ്റു വിശപ്പാറിയരുമകൾ രസിക്കുമ്പോ
ളതു തന്നെയോണമെന്ന് അരുളപ്പാടായ്.





മിനി.പി എസ്
മണാട്ടു പൊയിൽ ഇല്ലം
(സുദർശൻ), പി.ഒ കരുമല,
കോഴിക്കോട് ജില്ല
മൊബൈൽ 9605317136



## പരീക്ഷയിൽ നാലുവട്ടം തോറ്റിട്ടും

# സിവിൽ സർവീസ് ജേതാവ്


അറിയേണ്ട നമ്പൂതിരി

**ഫുൾ എ പ്ലസ് പോലും മികവിന്റെ സൂചകമായി കണക്കാക്കാത്ത ഇക്കാലത്ത് പത്താം ക്ലാസിലോ പ്ലസ് ടുവിനോ എ പ്ലസ് ഇല്ലാത്ത ആളായിരുന്നു അഖിൽ. പത്തിൽ 86.5 % പ്ലസ് ടുവിന് 87%. ടോപ്ടെൻ എഞ്ചിനീയറിംഗ് കോളേജുകളിൽ ചേരാനുള്ള എൻട്രൻസ് റാങ്കില്ല, എന്നിട്ടും സിവിൽ സർവീസ് മോഹം. നാലു വട്ടം ശ്രമിച്ച് കിട്ടാതിരുന്നിട്ടും നിരാശപ്പെട്ട് പിൻമാറിയില്ല. അതാണ് അഖിലിന്റെ നിശ്ചയദാർഢ്യം. പഠിതാക്കൾക്ക് പാഠപുസ്തകമാണ് ഈ തോൽവികളും അതിനൊടുവിൽ നേടിയ ജയവും**




*അച്ഛൻ ത്രിവിക്രമൻ പോറ്റി, അമ്മ വത്സല, ചേച്ചി ആര്യശ്രീ എന്നിവർക്കൊപ്പം ഡൽഹിയിലെ യു പി എസ് സി ആസ്ഥാനത്ത് അഖിൽ*

**പാനാട് പദ്മനാഭൻ നമ്പൂതിരി**



സിവിൽ സർവീസായിരുന്നു ലക്ഷ്യം. അതിൽ എത്തണമെങ്കിൽ യു.പി.എസ്.സി നടത്തുന്ന കടുകട്ടി പരീക്ഷ പാസാവണം. ആദ്യം പ്രിലിമിനറി. അത് പാസായാൽ അതിലും കട്ടിയുള്ള മെയിൻസ്. അതും കഴിഞ്ഞ് ഘടാഘടിയന്മാരായ സബ്ജക്ട് എക്സ്പർട്ടുമാരുടെ മുന്നിൽ ഇന്റർവ്യൂ. മിടുമിടുക്കരായ അഞ്ചാറുലക്ഷം ബിരുദധാരികളിൽ നിന്ന് ഈ കടമ്പയെല്ലാം കഴിഞ്ഞു വേണം സിവിൽ സർവീസിലെത്താൻ.


അവിടെ എത്തിയാൽ പിന്നെ റാങ്ക് അനുസരിച്ച് ഐ എ എസോ, ഐ പി എസോ, ഐ ആർ എസോ... അങ്ങനെ വിവിധ പദവികളും കാഡറുകളും. ഇന്ത്യയിലെ ഏറ്റവും ഉയർന്ന ഉദ്യോഗങ്ങൾ. മിടുക്കരായ പലരെയും പോലെ അഖിലിന്റെയും സ്വപ്നം സിവിൽ സർവീസായിരുന്നു. ആ സ്വപ്നം യാഥാർത്ഥ്യമാക്കിയ കഥയാണ് ഇത്.

പ്ളസ് ടു കഴിഞ്ഞപ്പോൾ തിരഞ്ഞെടുത്തത് എഞ്ചിനീയറിംഗ് ആണ്. തിരുവനന്തപുരത്തെ പാപ്പനംകോട്ടുള്ള എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷനിൽ ബി.ടെക് നേടി. 2017ലായിരുന്നു അത്. ലക്ഷ്യം സിവിൽ സർവീസ് ആയിരുന്നതിനാൽ തിരുവനന്തപുരത്തെ എൻലൈറ്റ് ഐ എ എസ് അക്കാദമിയിൽ കോച്ചിംഗിനു ചേർന്നു. പ്രിപ്പറേഷൻ തുടങ്ങി. പതിവായി പത്രംവായന, ആനുകാലിക വിഷയങ്ങളിൽ അറിവു വർദ്ധിപ്പിക്കൽ, ഐച്ഛിക വിഷയത്തിൽ പ്രാവീണ്യം നേടൽ. അങ്ങനെയങ്ങനെ...

2018 ജൂണിൽ ആദ്യമായി പ്രിലിമിനറി എഴുതി. മോക്ക് ടെസ്റ്റിലും മറ്റും നല്ല മാർക്ക് ഉണ്ടായിരുന്നതിനാൽ ജയത്തിന്റെ കാര്യത്തിൽ സംശയമുണ്ടായിരുന്നില്ല. നന്നായി പരീക്ഷയെഴുതി. എന്നാൽ ഫലം വന്ന

**പ്ളസ് ടു കഴിഞ്ഞപ്പോൾ തിരഞ്ഞെടുത്തത് എഞ്ചിനീയറിംഗ് ആണ്. തിരുവനന്തപുരത്തെ പാപ്പനംകോട്ടുള്ള എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷനിൽ ബി.ടെക് നേടി. 2017ലായിരുന്നു അത്. ലക്ഷ്യം സിവിൽ സർവീസ് ആയിരുന്നതിനാൽ തിരുവനന്തപുരത്തെ എൻലൈറ്റ് ഐ എ എസ് അക്കാദമിയിൽ കോച്ചിംഗിനു ചേർന്നു. പ്രിപ്പറേഷൻ തുടങ്ങി. പതിവായി പത്രംവായന, ആനുകാലിക വിഷയങ്ങളിൽ അറിവു വർദ്ധിപ്പിക്കൽ, ഐച്ഛിക വിഷയത്തിൽ പ്രാവീണ്യം നേടൽ. അങ്ങനെയങ്ങനെ...**

## പിന്തുണയായത് അച്ഛനമ്മമാർ



*അച്ഛനമ്മമാർക്കൊപ്പം അഖിൽ*

**തിരുവനന്തപുരം അരുവിക്കരയിലെ ഇടമന മഠത്തിൽ ത്രിവിക്രമൻ പോറ്റിയാണ് അച്ഛൻ. സെക്രട്ടേറിയറ്റിൽ ഫിനാൻസ് വിഭാഗത്തിൽ അഡിഷണൽ സെക്രട്ടറി ആയി വിരമിച്ചു. അമ്മ പെരിന്തൽമണ്ണ പെരിയത്ത് മഠത്തിൽ വത്സല തിരുവനന്തപുരം മുക്കോല ഇന്ത്യൻ ഓവർസീസ് ബാങ്കിൽ മാനേജർ. ചേച്ചി ആര്യശ്രീ ഐ എഫ് എസ് റാങ്കുകാരി. ഇപ്പോൾ മഹാരാഷ്ട്രയിലെ ചന്ദ്രപ്പൂർ ജില്ലയിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഡിവിഷണൽ മാനേജർ.**

പ്പോൾ പ്രിലിമിനറി കടന്നില്ല. നീറ്റായി തോറ്റിരിക്കുന്നു. സാമാന്യം നല്ല നിരാശ തോന്നി. എന്നാൽ ഒന്നുകൂടി എഴുതി നോക്കാം. വീണ്ടും പഠിച്ചു. 2019 ൽ രണ്ടാമതും എഴുതി. നിരാശ തന്നെയായിരുന്നു ഫലം.


ഇങ്ങനെ നിരന്തരം പരീക്ഷ എഴുതിയിട്ട് കാര്യമില്ലെന്നും ഒരു ബ്രേക്ക് നല്ലതാണെന്നും തോന്നി. ബിടെക് കയ്യിലുണ്ടായിരുന്നതിനാൽ ജോലി കിട്ടാൻ പ്രയാസമില്ലായിരുന്നു. ടെക്നോപാർക്കിലെ ഒറാക്കിളിൾ എന്ന കമ്പനിയിൽ ക്വാളിറ്റി അനലിസ്റ്റ് ആയി ചേർന്നു. അങ്ങനെ ഒന്നരക്കൊല്ലം.

ഇനി അഖിൽ തന്നെ പറയട്ടെ:

'അപ്പോഴേക്കും കോവിഡ് പടർന്ന് പിടിച്ചു. 2020 മാർച്ചിലായിരുന്നല്ലൊ കോവിഡ് കാരണം ലോക് ഡൗൺ പ്രഖ്യാപിച്ചത്. പണിയെല്ലാം വർക്ക് അറ്റ് ഹോം ആയി. വീട്ടിലിരുന്ന് ജോലി ചെയ്ത് മടുത്തു. ഒറാക്കിളിൽ തുടർന്നാൽ അധികം വൈകാതെ ജോലി മടുക്കും എന്നുറപ്പായി. മാത്രമല്ല അപ്പോഴെല്ലാം സിവിൽ സർവീസ് കോച്ചിംഗ് തുടരുന്ന സുഹൃത്തുക്കളുമായി സമ്പർക്കമുണ്ടായിരുന്നു. അതിനാൽ ആ മോഹം വീണ്ടും ഉണർന്നു. 2020 ഒക്ടോബർ ആയതോടെ ഒറാക്കിളിലെ ജോലി ഉപേക്ഷിച്ചു. പരീക്ഷക്ക് ആറേഴു മാസം മുന്നിലുണ്ട്. ഒരിക്കൽ ക്കൂടി എഴുതി നോക്കാമെന്നു തോന്നി.

അങ്ങനെ 2021 ജൂണിൽ മൂന്നാം വട്ടം പ്രിലിമിനറി എഴുതി. ഭാഗ്യം. അതു പാസായി. വലിയ സന്തോഷം തോന്നി. രണ്ടു വട്ടം എഴുതിയിട്ടും കിട്ടാതിരുന്ന പരീക്ഷ മൂന്നാം വട്ടം കടന്നു കിട്ടിയിരിക്കുന്നു. മെയിൻസ് എഴുതാൻ വേണ്ട ധൈര്യമായി. കോൺഫിഡൻസ് കൂടി. എന്നാൽ, മെയിൻസ് കിട്ടിയില്ല. വീണ്ടും നിരാശ തന്നെ ഫലം.

സാധാരണ നിലയിൽ പലരും പിൻമടങ്ങുന്നത് ഇവിടെ വച്ചാണ്. മൂന്നു വട്ടം ശ്രമിച്ചിട്ടും കിട്ടാത്ത ഒരു പരീക്ഷയിൽ നിന്ന് പിൻവാങ്ങുന്നത് സാധാരണം. ഇവിടെയാണ് അഖിലിന്റെ നിശ്ചയദാർഢ്യം വ്യത്യ



### പ്രിപ്പയർ ചെയ്യുന്നവരോട്

**❑ നൂറു ശതമാനം എഫർട്ട് കൊടുക്കണം. എൺപതു ശതമാനം അല്ലെങ്കിൽ തൊണ്ണൂറു ശതമാനം എന്നൊക്കെ ചിന്തിക്കുന്നവർക്ക് ഉള്ളതല്ല സിവിൽ സർവീസ് ജയം. ജോലി ഉണ്ടായാലും ഇല്ലെങ്കിലും നൂറുശതമാനം എഫർട്ട് കൊടുക്കേണ്ടി വരും. സിവിൽ സർവീസിലേക്ക് ഷോർട്ട് കട്ട് ഇല്ല. കമ്മിറ്റ് ചെയ്താൽ ഫുൾ കമ്മിറ്റ്മെന്റ് വേണം. തട്ടിമുട്ടി ചെയ്യാവുന്ന ഒന്നല്ല സിവിൽ സർവീസ് പരിശീലനം.**

### എനിക്ക് തോന്നുന്നത്

**❑ റാങ്ക് ലിസ്റ്റിൽ വരുന്ന എല്ലാവരും ഒരേ സ്കിൽ ഉള്ളവരാണ്. എന്നെ പഠിപ്പിച്ചിരുന്ന സാറമ്മാർ പോലും സിവിൽ സർവീസ് പരീക്ഷ എഴുതി കിട്ടാത്തവരാവും. ഒന്നാം റാങ്കുകാരനും വളരെ പിറകിൽ റാങ്കുള്ള ആളും തമ്മിൽ സ്കില്ലിൽ വലിയ വ്യത്യാസമില്ല. പരീക്ഷാ സമയത്തെ പെർഫോമൻസിന്റെ മാനദണ്ഡം മാത്രമാണ് അത്. ഇത്തവണത്തെ ഒന്നാം റാങ്കുകാരൻ കഴിഞ്ഞ തവണ പിൻ റാങ്കുകാരനായിരുന്നു.**

## ദ്വാരകയും ഗുരുവായൂരും തമ്മിലുള്ള ബന്ധം

**യു. പി. എസ്. സി ഭവനിൽ. നാല് പേരുള്ള ഒരു ഇന്റർവ്യൂ ബോർഡ്. രാജ് ശുക്ള എന്നൊരു എക്സ്പര്‍ട്ട് ആയിരുന്നു ചെയർമാൻ. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെപ്പറ്റി തുരുതുരാ ചോദ്യങ്ങൾ. ആൻസർ പറഞ്ഞു തീരും മുമ്പ് അടുത്ത ചോദ്യം. കംഫർട്ടബിൾ ആയിരുന്നു അത്. എ ഐ വർദ്ധിക്കുന്നതോടെ വൈദ്യുതി ഉപയോഗവും വർദ്ധിക്കുമെന്നതിനാൽ സോളാർ വൈദ്യുതിയുടെ ഇപ്പോഴത്തെ ബുദ്ധിമുട്ടുകൾ എങ്ങനെ പരിഹരിക്കാം എന്നായി മറ്റൊരു മാധ്യത്തിന്റെ ചോദ്യം. നിങ്ങളാണ് ഡൽഹിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥനെങ്കിൽ ഡൽഹിയിലെ വായുമലിനീകരണം എങ്ങനെ ഒഴിവാക്കും എന്നതും ചോദ്യമായിരുന്നു. യു. എ ഇ ഇന്ത്യാ ബന്ധം പോലുളള അന്താരാഷ്ട്ര വിഷയങ്ങളും ഇന്റർവ്യൂവിൽ ഉണ്ടായി. ഏറ്റവും രസകരമായി തോന്നിയത് ദ്വാരകയും ഗുരുവായൂരും തമ്മിലുള്ള ബന്ധമെന്ത് എന്ന ചോദ്യമാണ്. ഈയിടെയാണല്ലോ പ്രധാനമന്ത്രി കടലിൽമുങ്ങിപ്പോയി ദ്വാരകയിലെത്തിയത്.**



*പ്രധാനമന്ത്രി നരേന്ദ്രമോദി കടലിൽ മുങ്ങിപ്പോയി ദ്വാരകയിലെത്തിയപ്പോൾ*

സ്തമാവുന്നത്. സിവിൽ സർവീസ് സ്വപ്നം കാണുന്ന കുട്ടികൾക്ക് അഖിൽ പാഠപുസ്തകമാവുന്നതും ഈ ഒരു ഘട്ടം മറി കടന്നതുകൊണ്ടാണ്.

വീണ്ടും അടുത്ത സീസണിൽ പരീക്ഷ. 2022ൽ. പ്രലിമിനറി കിട്ടി. ആശ്വാസമായി. പിന്നെ മെയിൻസിനു വേണ്ട പ്രിപ്പറേഷൻ. നാലു മാസം കഴിഞ്ഞപ്പോൾ അതെഴുതി. മെയിൻസും പാസായി. സന്തോഷവും ആശ്വാസവും. ഇനിയാണ് ഇന്റർവ്യൂ എന്ന കടമ്പ. അതിനായി ഡൽഹിയിലെ യു.പി.എസ്.സി ഭവനിലെത്തി. ചോദ്യങ്ങൾക്കെല്ലാം നന്നായി ഉത്തരം പറഞ്ഞു. നല്ല ആത്മവിശ്വാസം തോന്നി. റിസൽട്ട് പ്രഖ്യാപനത്തിനായി ആകാംക്ഷയോടെ കാത്തിരുന്നു.

എന്നാൽ.

സങ്കടകരമായിരുന്നു ഫലം. നാലു വട്ടം പ്രലിമിനറിയും രണ്ടു വട്ടം മെയിൻസും എഴുതി. നാലു വർഷം ഇതിനായി നീക്കി വെച്ചു. എന്നിട്ടും, ഇന്റർവ്യൂ എന്ന കടമ്പയിൽ തട്ടി വീണിരിക്കുന്നു.

ഇനി വായനക്കാരോട് ഒരു ചോദ്യം. നിങ്ങളാണെങ്കിൽ എന്തു ചെയ്യും. അഞ്ചാം വട്ടം പരീക്ഷയെഴുതുമോ. അഖിൽ അഞ്ചാമതും എഴുതി. 2023 ൽ. 331 ാം റാങ്കോടെ ജയം. കഠിനാദ്ധ്വാനത്തിന്റെ ഫലം. നിശ്ചയദാർഢ്യത്തിന്റെ വിജയം.

അഖിലിനോട് നേരിട്ടൊരു ചോദ്യം.

'ഇത്ര വട്ടം പരാജയപ്പെട്ടിട്ടും ആത്മധൈര്യം ചോരാതെ പിടിച്ചു നിന്നത് എങ്ങനെ?. ആദ്യവട്ടം പരാജയപ്പെട്ടപ്പോൾ തന്നെ നിർത്തിപ്പോയ ധാരാളം പേരെ പരിചയമുണ്ട്. മെയിൻസിൽ തോറ്റപ്പോഴും എഴുത്തു നിർത്തിയവരുണ്ട്. എവിടന്ന് കിട്ടി ഈ കോൺഫിഡൻസ്.? '

'ആദ്യത്തെ രണ്ടു വട്ടം തോറ്റപ്പോൾ നല്ല നിരാശ തോന്നിയിരുന്നു. എന്നാൽ മോക്ക് ടെസ്റ്റിലും മറ്റും നല്ല മാർക്ക് കിട്ടുന്നതിനാൽ എനിക്ക് ഇത് പറ്റുമെന്ന തോന്നലുമുണ്ടായിരുന്നു. പരീക്ഷാദിവസത്തെ

**സങ്കടകരമായിരുന്നു ഫലം. നാലു വട്ടം പ്രലിമിനറിയും രണ്ടു വട്ടം മെയിൻസും എഴുതി. നാലു വർഷം ഇതിനായി നീക്കി വെച്ചു. എന്നിട്ടും, ഇന്റർവ്യൂ എന്ന കടമ്പയിൽ തട്ടി വീണിരിക്കുന്നു.ഇനി വായനക്കാരോട് ഒരു ചോദ്യം. നിങ്ങളാണെങ്കിൽ എന്തു ചെയ്യും. അഞ്ചാം വട്ടം പരീക്ഷയെഴുതുമോ.**

**അദ്ഭുതം തോന്നുന്നത്  ബ്രേക്ക് എടുത്ത് ഒന്നര വർഷത്തോളം ജോലിക്ക് കയറിയിട്ടും അതുപേക്ഷിച്ച് തിരിച്ചു വന്നു എന്നതിലാണ്. സാധാരണ നിലയിൽ ഒരു ജോലിയിൽ ചേർന്നാൽ പിന്നെ അതുമായി സമരസപ്പെട്ട് ഉഴപ്പുന്നതാണ് കാണാറുള്ളത്. മുട്ടുശാന്തിക്ക് പോയി കാശു കിട്ടിത്തുടങ്ങിയാൽ പത്താം ക്ലാസിൽ വച്ച് പഠനം നിർത്തുന്ന ആൺകുട്ടികളാണ് നമ്പൂതിരി സമുദായത്തിൽ അധികവും.**




**2020 ലെ സ്വസ്തി ഓണപ്പതിപ്പിന്റെ കവർ ചിത്രം ആര്യശ്രീ ആയിരുന്നു. ഐ എഫ് എസ് റാങ്കുകാരി. ഇന്നിപ്പോൾ നാലു വർഷം പിന്നിട്ടപ്പോൾ സ്വസ്തി ഓണപ്പതിപ്പിൽ അതേ ചേച്ചിയുടെ അനിയൻ അഖിൽ സിവിൽ സർവീസ് റാങ്കുമായി. പഠനത്തിന്റെ കാര്യത്തിൽ ചേച്ചിയുടെ അനിയൻ തന്നെയാണ് അഖിൽ. നിശ്ചയദാർഢ്യത്തിന്റെ കാര്യത്തിലും.**

പെർഫോമൻസ് മോശമായതു കൊണ്ടാണ് കിട്ടാത്തതെന്നും വീണ്ടും ശ്രമിച്ചാൽ കിട്ടുമെന്നും ഓരോ തവണയും തോന്നിയിരുന്നു. ആദിവസം കൊണ്ടുപോയി നശിപ്പിക്കുന്നതാണ് എന്ന തോന്നൽ. അച്ഛനും ചേച്ചിയുമെല്ലാം നല്ല സപ്പോർട്ടും തന്നിരുന്നു. ചേച്ചി ആര്യശ്രീ 2019 ബാച്ചിലെ ജേതാവാണ്. ഐ.എഫ്.എസ് റാങ്ക് ഹോൾഡർ.'

'അതേയോ, ആര്യശ്രീയുടെ അനിയനാണോ. അദ്ഭുതമായിരിക്കുന്നു. 2020 ലെ സ്വസ്തിയുടെ ഓണപ്പതിപ്പിന്റെ കവർ ചിത്രം ആര്യശ്രീ ആയിരുന്നു. അന്ന് ഇന്റർവ്യൂ ചെയത്തും ഞാനാണ്. അപ്പോൾ ചേച്ചിയുടെ അനിയൻ തന്നെ. കൺഗ്രാഡ്സ്. അപ്പോൾ തോൽവിയുടെ കടമ്പ മറികടക്കുന്നത് ഒന്നു കൂടി വിശദമാക്കണം. തോൽക്കുന്ന കുട്ടികൾക്ക് നല്ല മോഡലാണ് അഖിൽ. അവരെ മോട്ടിവേറ്റ് ചെയ്യാൻ ഈ അഭിമുഖത്തിന് കഴിയണം. ആ ഏരിയ ഒന്ന് വിശദമാക്കൂ.?'

'ചില ലോജിക്കുകകൾ പറയാം. മോക്ക് ടെസ്റ്റിൽ നല്ല മാർക്ക് കിട്ടുന്നു. അതിന് അർത്ഥം നമുക്ക് സ്കിൽ ഉണ്ടെന്നാണ്. എന്നാൽ റിയൽ പരീക്ഷയിൽ തോൽക്കുന്നു. അതിന് അർത്ഥം നമ്മൾ മോശക്കാരൻ എന്നല്ല. ആ ദിവസം നന്നായി എഴുതാനായില്ല എന്നു മാത്രമാണ്. അതിനാൽ വീണ്ടും ശ്രമിക്കാം. ജയിക്കുന്നവരുടെ വളരെ അടുത്ത് തന്നെയാണ് നമ്മളും. അതിനാൽ പറ്റും എന്ന തോന്നൽ ഉറപ്പിക്കുക. ഒന്നു കൂടി പറയാം. ഒന്നാം റാങ്കുകാരനും രണ്ടായിരാം റാങ്കുകാരനും തമ്മിൽ കഴിവിൽ വലിയ അന്തരമൊന്നുമില്ല. പരീക്ഷ എഴുതിയ ദിവസത്തെ പെർഫോമൻസ് വ്യത്യാസം മാത്രമാണ്. ഈ തോന്നൽ മനസിൽ ഉറപ്പിച്ചാൽ പിന്തിരിയാതെ മുന്നോട്ടു പോവാനാവും.'

'മാത്രമല്ല, ഒരു ഘട്ടം കഴിഞ്ഞാൽ നമ്മുടെ എല്ലാ ശ്രമവും അറിയാതെ തന്നെ പ്രിപ്പറേഷനിൽ ഫോക്കസ്ഡ് ആവും. രാവിലെ എണീറ്റാൽ പത്രം വായിക്കുന്നത് മാത്രമല്ല, ചെയ്യുന്നതെല്ലാം ഇതിനു വേണ്ടിയാവും. അച്ഛൻ സെക്രട്ടേറിയറ്റിൽ നിന്ന് റിട്ടയർ ചെയ്ത അഡിഷണൽ സെക്രട്ടറിയാണ്. അമ്മ ബാങ്ക് മാനേജറും. അതിനാൽ കുറച്ചു കാലത്തേക്ക് എനിക്ക് ജോലിയില്ലെങ്കിലും സാമ്പത്തിക പ്രയാസമൊന്നുമില്ല. ഒരുപാട് കൂട്ടുകാർ നിർത്തിപ്പോയപ്പോഴും തളരാത പിടിച്ചു നിന്നത് അച്ഛനമ്മമാരുടെ സപ്പോർട്ട് കൊണ്ടാണ്. എങ്കിലും ഒരു ഘട്ടത്തിൽ അച്ഛൻ ചോദിച്ചു. നിനക്ക് ശരിയാവില്ല എന്ന് തോന്നുന്നുണ്ടോയെന്ന്. ശരിയാവും എന്നായിരുന്നു എല്ലാ തവണയും എന്റെ തോന്നൽ.'

'അപ്പോൾ ആറാം വട്ടം നോക്കുന്നുണ്ടോ. റാങ്ക് ഉയർത്താൻ?'

'ഇല്ലെന്ന് പറയുന്നില്ല. ഇപ്പോഴത്തെ റാങ്ക് വച്ച് ഐ എ എസ് കിട്ടില്ല. ഐ ആർ എസ് പോലുള്ള സർവീസിലാവും പ്രവേശനം. എന്തായാലും മസ്സൂറിയിൽ പരിശീലനത്തിനു പോണം. മികച്ച നിലയിൽ പരിശീലനം പൂർത്തിയാക്കണം. ചിലപ്പോൾ ആ സമയത്തെ തോന്നലനുസരിച്ച് ഒരു വട്ടം കൂടി ശ്രമിച്ചെന്നിരിക്കും.'

## ആൻസർ ടു ദ പോയിന്റ്

● എത്ര പഠിക്കുമായിരുന്നു ഒരു ദിവസം.?
❑ഫിക്സഡ് ടൈം ഉണ്ടായിരുന്നില്ല
● എന്നാലും?
❑ചിലപ്പോൾ എട്ട് മറ്റു ചിലപ്പോൾ നാലുമണിക്കൂർ.
● ജനനം?
❑1995 ഏപ്രിൽ 22
● വിവാഹം
❑കഴിഞ്ഞിട്ടില്ല
● റോൾ മോഡൽ?
❑പലരുമുണ്ട്
● ചേച്ചി?
❑മോട്ടിവേഷനായി
● ഭാവിയിൽ?
❑നിയമബിരുദം എടുക്കണമെന്നുണ്ട്
● പ്രാക്ടീസ് ചെയ്യാനാണോ?
❑അല്ല, അറിയാൻ വേണ്ടി.
● അടുത്ത ലക്ഷ്യം?
❑ബെസ്റ്റ് ആയി പുറത്തു വരിക
● പരിശീലനത്തിൽ കായികവും ഉണ്ടാവില്ലേ?
❑ഐ പി എസുകാർക്ക് ഉള്ള തോതിൽ ഉണ്ടാവില്ല.
● നീന്തലും ഓട്ടവും ബഗ്ഗി ജമ്പിംഗും മറ്റും.?
❑നീന്തൽ അറിയില്ല.
● ഓപ്ഷണൽ വിഷയം?
❑ഫിലോസഫി




*ഐ എഫ് എസ് നേടിയ ചേച്ചി ആര്യശ്രീയുടെ ഫീച്ചർ സ്വസ്തിയിൽ വന്നതിന്റെ ആദ്യപേജ്*


**ഒന്നു കൂടി പറയാം. ഒന്നാം റാങ്കുകാരനും രണ്ടായിരാം റാങ്കുകാരനും തമ്മിൽ കഴിവിൽ വലിയ അന്തരമൊന്നുമില്ല. പരീക്ഷ എഴിതിയ ദിവസത്തെ പെർഫോമൻസ് വ്യത്യാസം മാത്രമാണ്. ഈ തോന്നൽ മനസിൽ ഉറപ്പിച്ചാൽ പിന്തിരിയാതെ മുന്നോട്ടു പോവാനാവും. മാത്രമല്ല, ഒരു ഘട്ടം കഴിഞ്ഞാൽ നമ്മുടെ എല്ലാ ശ്രമവും അറിയാതെ തന്നെ പ്രിപ്പറേഷനിൽ ഫോക്കസ്ഡ് ആവും. രാവിലെ എണീറ്റാൽ പത്രം വായിക്കുന്നത് മാത്രമല്ല, ചെയ്യുന്നതെല്ലാം ഇതിനു വേണ്ടിയാവും.**

'എനിക്ക് അദ്ഭുതം തോന്നുന്നത് ബ്രേക്ക് എടുത്ത് ഒന്നര വർഷത്തോളം ജോലിക്ക് കയറിയിട്ടും അതുപേക്ഷിച്ച് തിരിച്ചു വന്നു എന്നതിലാണ്. സാധാരണ നിലയിൽ ഒരു ജോലിയിൽ ചേർന്നാൽ പിന്നെ അതുമായി സമരസപ്പെട്ട് ഉഴപ്പുന്നതാണ് കാണാറുള്ളത്. മുട്ടുശാന്തിക്ക് പോയി കാശു കിട്ടിത്തുടങ്ങിയാൽ പത്താം ക്ളാസിൽ വച്ച് പഠനം നിർത്തുന്ന ആൺകുട്ടികളാണ് നമ്പൂതിരി സമുദായത്തിൽ അധികവും?'

'എനിക്കും തോന്നിയിരുന്നു ഈ ആശങ്ക. വർക്കുമായി മുന്നോട്ടു പോയാൽ അവിടെ നിൽക്കാൻ ടെൻഡൻസി ഉണ്ടാവുമെന്ന്. എന്നാൽ പ്രിപ്പയർ ചെയ്യുന്ന കൂട്ടുകാരുമായി നിരന്തര സമ്പർക്കമുണ്ടായിരുന്നതിനാൽ തിരിച്ചുവരാൻ എളുപ്പമായി. ഒറാക്കിളിൽ നിന്ന് ഒക്ടോബറിൽ ഇറങ്ങി. പ്രിലിംസ്, മെയിൻസ്. ഇന്റർവ്യൂ. നാലു മാസം ഇടവിട്ട ഈയൊരു സൈക്കിൾ പൂർത്തിയാവുമ്പോഴേക്കും ഒരു വർഷമാവും. അപ്പോഴേക്കും അടുത്ത പ്രിലിംസ്. ആ സൈക്കിളിൽ ആയിരുന്നു ഫുൾ ടൈം. ദിനചര്യ പോലും നമ്മളറിയാതെ ഒരു പരീക്ഷാർത്ഥിയുടേതായി മാറും'

വിളിക്കാം അഭിനന്ദിക്കാം അഖിലിനെ ●

അഖിൽ ടി., ശ്രീവത്സം, ഇന്ദിരാനഗർ റോഡ്, എൻ.എൻ 99
പേരൂർക്കട, തിരുവനന്തപുരം, പിൻ: 695005 മൊബൈൽ: 8281567237




*എം.എൻ. നമ്പൂതിരിപ്പാട് എന്ന മൂത്തിരിങ്ങോട് മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാട്.*

## മൂത്തിരിങ്ങോട് മനയിലുണ്ടായിരുന്നു ഒരു

# ഇലക്ട്രോണിക്സ് മാൻ

**രാജേഷ് ഒരുപുലാശ്ശേരി**



**1960–ൽ ഒരു നമ്പൂതിരിപ്പാട് കേരളത്തിലെ ഇലക്ട്രോണിക്സ് വിദ്യയുടെ പയനിയർ ആവുകയെന്നതാണ് വിസ്മയം ജനിപ്പിക്കുന്നത്. ഓത്തൂട്ടും വാരവും പിറന്നാളും അക്ഷരശ്ലോവുമൊക്കെയായി മറ്റു നമ്പൂതിരിമാർ കാലക്ഷേപം ചെയ്യുമ്പോഴാണ് ഈ ഇലക്ട്രോണിക്സ് വിപ്ളവം.**

മെട്രോമാനെ നമ്മളറിയും. ഇ ശ്രീധരൻ. എന്നാൽ ഒരു ഇലക്ട്രോണിക്സ് മാൻ ഉണ്ടായിരുന്നു. രണ്ടു പതിറ്റാണ്ടു മുമ്പ് 2000 വരെ നമുക്കൊപ്പം ഉണ്ടായിരുന്നിട്ടും അധികം പേർക്കും അറിയാത്ത വ്യക്തി. കേരളത്തിൽ ഇലക്ട്രോണിക്സ് പഠനശാഖയ്ക്ക് തുടക്കം കുറിച്ച ആൾ. എം.എൻ. നമ്പൂതിരിപ്പാട് എന്ന മൂത്തിരിങ്ങോട് മനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാട്.

തൃശ്ശൂരിൽ നെടുങ്ങാടി ബാങ്കിൽ ഉദ്യോഗസ്ഥനും പിന്നീട് ഡയറക്ടറുമായിരിക്കെയാണ് അദ്ദേഹത്തിന് ഇലക്ട്രോണിക്സിൽ താത്പര്യമുണർന്നത്. അങ്ങനെ തൃശ്ശൂരിലെ ചാർട്ടേഡ് എൻജിനീയറായിരുന്ന ത്യാഗരാജന്റെ സഹായത്തോടെ ബ്രിട്ടീഷ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റേ



*പാലക്കാട് ജില്ലയിലെ പട്ടാമ്പിക്കടുത്ത് മണ്ണേങ്ങോട് എന്ന ഗ്രാമത്തിലെ മൂത്തിരിങ്ങോട് മന*



ഇലക്ട്രോണിക് മാൻ

*ജന്മശതാബ്ദി വർഷത്തിൽ എം.എൻ. നമ്പൂതിരിപ്പാടിനെക്കുറിച്ച് വന്ന പത്രവാർത്ത*

**തൃശ്ശൂരിൽ നെടുങ്ങാടി ബാങ്കിൽ ഉദ്യോഗസ്ഥനും പിന്നീട് ഡയറക്ടറുമായിരിക്കെയാണ് ഇലക്ട്രോണിക്സിൽ താത്പര്യമുണർന്നത്. പിന്നീട് നിരവധി പേരെ പരിശീലിപ്പിച്ച് സംസ്ഥാനത്ത് ഇലക്ട്രോണിക്സ് വിദഗ്ധരെ രൂപപ്പെടുത്തി.**

- **❑തുടക്കം എറണാകുളം സെയ്ൻറ് ആൽബർട്ട്സ് കോളേജിൽ**
- **❑ആരംഭിച്ചത് ഗ്രാഡ് ഐ.ഇ.ടി.ഇ. എന്ന കോഴ്സ്**
- **❑തുടങ്ങിയത് അറുപത്തിനാല് വർഷം മുമ്പ് 1960–ൽ**
- **❑ഇലക്ട്രോണിക്സിലെ ആദ്യത്തെ ലക്ചററായി**
- **❑ഇലക്ട്രോണിക്സിൽ ആദ്യമായി കോഴ്സ് തുടങ്ങി.**
- **❑ഇലക്ട്രോണിക്സ് ഉപകരണങ്ങളിൽ പേറ്റന്റെടുത്തു**
- **❑ഇലക്ട്രോണിക് ക്യാമറ നന്നാക്കുന്നതിൽ അഗ്രഗണ്യൻ**
- **❑ടെൻസ് എന്ന ഇലക്ട്രോണിക് വേദനസംഹാരി രൂപപ്പെടുത്തി**
- **❑ആദ്യമായി ഇലക്ട്രോണികസ് ശ്രുതിപ്പെട്ടിയും ഉണ്ടാക്കി**
- **❑കേരളത്തിലെ ആദ്യഫോട്ടോഗ്രഫി മാസികയായ ക്യാമറയുടെ സാരഥി**

ഡിയോ എൻജിനീയറിങ് കോഴ്സ് പാസായി. അതോടെ ബാങ്കിംഗ് നിർത്തി ഇലക്ട്രോണിക്സിലേക്ക് മാറി.

എറണാകുളത്തെത്തി തേവര സേക്രഡ് ഹാർട്ട് കോളേജിൽ സിറ്റി ആൻഡ് ഗിൽഡ്സ് എന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരിശീലനം നൽകിയായിരുന്നു അധ്യയന രംഗത്ത് തുടക്കം കുറിച്ചത്. നഗരസഭകളിലും മറ്റും ടെക്നീഷ്യൻമാരാകാനുള്ള പരിശീലനമായിരുന്നു അത്. മൂന്നുവർഷം അവിടെ പ്രവർത്തിച്ചശേഷം കോളേജിലേക്ക് മാറി.

1960–ൽ എറണാകുളം സെയ്ൻറ് ആൽബർട്ട്സ് കോളേജിൽ ഗ്രാഡ് ഐ.ഇ.ടി.ഇ. എന്ന ഇലക്ട്രോണിക്സിൽ ബിരുദതുല്യമായ കോഴ്സിന് തുടക്കമിട്ടാണ് ഈ രംഗത്തേക്ക് മാറിയത്. പിന്നീട് നിരവധി പേരെ പരിശീലിപ്പിച്ച് സംസ്ഥാനത്ത് ഇലക്ട്രോണിക്സ് വിദഗ്ധരെ

**കേരളീയ ജൈമിനീയ സാമവേദത്തിന് ആദ്യത്തെ റഫറൻസ് ഭവത്രാതീയം എന്ന ഗ്രന്ഥമാണല്ലോ. കേരളത്തിലെ നമ്പൂതിരിമാരിൽ സാമവേദികൾ ഇരുപത്തിരണ്ട് കുടുംബങ്ങളിൽ അധികമില്ലെന്നാണ് പറയപ്പെടുന്നത്. അതിൽ ഒരു കുടുംബമാണ് മൂത്തിരിങ്ങോട്ടുമന. അവിടെ ഭവത്രാതൻഎന്ന പേര് പാരമ്പര്യമായി ഉള്ളതുകൊണ്ടും നിരവധി വേദ–ശാസ്ത്രപണ്ഡിതന്മാർ ഉണ്ടായിരുന്നതുകൊണ്ടും ഭവത്രാതീയം എന്ന ഗ്രന്ഥം മൂത്തിരിങ്ങോട്ടുമനയിലെ ഏതെങ്കിലും ഒരു ഭവത്രാതൻ എഴുതിയതായിരിക്കാം എന്നാണ് വിദ്വാന്മാരുടെ പൊതുവെയുള്ള അഭിപ്രായം.**

രൂപപ്പെടുത്തി. ഇരുപത്തിരണ്ട് വർഷത്തെ സേവനത്തിനു ശേഷം അദ്ദേഹം വകുപ്പുമേധാവിയായാണ് വിരമിച്ചത്. കൊച്ചി സർവകലാശാലയിലും മറ്റും ഇലക്ട്രോണിക്സ് കോഴ്സ് തുടങ്ങിയത് പിന്നീടായിരുന്നു.അന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാരായവർ ആകാശവാണിയിലും ദൂരദർശനിലുമുൾപ്പെടെ എൻജിനീയർമാരായി ഉന്നതനിലകളിലെത്തി.

അധ്യയനത്തിനു പുറമെ, ഇലക്ട്രോണിക്സ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഉപകരണങ്ങളുണ്ടാക്കി അതിന് പേറ്റന്റെടുത്തിട്ടുമുണ്ട്. 'ടെൻസ്' എന്ന ഇലക്ട്രോണിക് വേദനസംഹാരി ഉപകരണം ഗവേഷണത്തിലൂടെ രൂപപ്പെടുത്തിയാണ് പേറ്റന്റെടുത്തത്. അക്കാലത്ത് ഇങ്ങനെയെല്ലാം ചിന്തിക്കാൻ ശേഷിയുള്ളവർ ഇലക്ട്രോണിക്സ് രംഗത്ത് കുറവായിരുന്നു.

1960–ൽ ഒരു നമ്പൂതിരിപ്പാട് കേരളത്തിലെ ഇലക്ട്രോണിക്സ് വിദ്യയുടെ പയനിയർ ആവുകയെന്നതാണ് വിസ്മയം ജനിപ്പിക്കുന്നത്. ഓത്തൂട്ടും വാരവും പിറന്നാളും അക്ഷരശ്ളോകവുമൊക്കെയായി മറ്റു നമ്പൂതിരിമാർ കാലക്ഷേപം ചെയ്യുമ്പോഴാണ് ഈ ഇലക്ട്രോണിക്സ് വിപ്ളവം. ഇലക്ട്രോണിക് ക്യാമറ നന്നാക്കുന്നതിലും അഗ്രഗണ്യനായി മാറി. ക്യാമറയുടെ സാങ്കേതി കതയെക്കുറിച്ചുള്ള മാസികയുടെയും ഫോട്ടോഗ്രഫി ക്ലബ്ബിന്റെയും പിന്നണിയിൽ പ്രവർത്തിച്ചു.

ഇലക്ട്രോണിക്സ് മാത്രമായി ഒതുങ്ങിയില്ല പ്രവർത്തനമേഖല. ചിത്രകല, ശില്പനിർമാണം, വാദ്യം തുടങ്ങിയവയിലെല്ലാം കഴിവ് തെളിയിച്ചിരുന്നു. ഇലക്ട്രോണിക് ശ്രുതിപ്പെട്ടി ഉൾപ്പെടെ വേറെയും ഉപകരണങ്ങളുണ്ടാക്കി ആവശ്യക്കാർക്കു നൽകി. ഇലക്ട്രോണിക് ക്യാമറയും ഫ്ളാഷും നന്നാക്കാൻ അക്കാലത്ത് അദ്ദേഹം മാത്രമായിരുന്നു ഈ രംഗത്ത് ഉണ്ടായിരുന്നത്.

തിരുവനന്തപുരത്ത് നിന്നുപോലും സങ്കീർണമായ ക്യാമറകൾ കൊച്ചിയിൽ അദ്ദേഹത്തിനു മുന്നിലെത്തി. മിനർവ സ്റ്റുഡിയോ ഉടമ കെ.പി. കേശവനോടൊപ്പം ക്യാമറയെക്കുറിച്ചും ഫോട്ടോഗ്രഫിയെക്കുറിച്ചും കേരളത്തിലെ ആദ്യ മാസികയെന്നു കരുതുന്ന 'ക്യാമറ' എന്ന പ്രസിദ്ധീകരണം തുടങ്ങിയതും ഓർക്കേണ്ടതുണ്ട്.

കൊച്ചിൻ ക്യാമറ ക്ലബ്ബിലെ അമെച്വർ ഫോട്ടോഗ്രാഫർമാർക്ക് പരിശീലനത്തിന് കൃഷ്ണൻ നായർ സ്റ്റുഡിയോയുടെ ഡാർക്ക് റൂമും മറ്റും ഞായറാഴ്ചകളിൽ നമ്പൂതിരിപ്പാടിന് വിട്ടുനൽകിയത് അദ്ദേഹത്തിന്റെ പ്രാഗല്ഭ്യത്തിന് ലഭിച്ച സമ്മതിയായിരുന്നു.

പുതിയ ഒരു ഉപകരണം കണ്ടാൽ അതു അഴിച്ചുനോക്കി പ്രവർത്തനം മനസ്സിലാക്കുകയായിരുന്നു രീതി. അങ്ങിനെയാണ് റിമോട്ട് സംവിധാനവും മറ്റും മനസ്സിലാക്കിയതും അത് ചെയ്യാൻ അവസരം ഉണ്ടായതും. കൊച്ചിയിൽ ഒരു വിശിഷ്ടാതിഥി വന്നപ്പോൾ റിമോട്ട് കൺട്രോൾ സ്വിച്ചമർത്തി ഫലകം അനാച്ഛാദനം ചെയ്യാനുള്ള സംവിധാനം പോലീസിന് ഒരുക്കിനൽകി. അന്ന് സിറ്റി പോലീസ് കമ്മീഷണറായിരുന്ന ലോക്നാഥ് ബെഹ്റയുടെ ആവശ്യപ്രകാരമായിരുന്നു അത്. സ്റ്റേജിലേക്ക് അതിന്റെ വയറുകളൊന്നും ഉണ്ടാകരുതെന്നായിരുന്നു സുരക്ഷാനിർദേശം. കൈവശമുണ്ടായിരുന്ന ഒരു കോഡ്ലെസ് ടെലിഫോണിന്റെ ഭാഗം ഉപയോഗിച്ചാണ് റിമോട്ട് ഉണ്ടാക്കിയത്.

തൃശ്ശൂരിൽ പാറമേക്കാവ് ദേവസ്വത്തിനടുത്ത് രാമവർമ പാർക്കിൽ സ്ഥാപിച്ചിട്ടുള്ള രാമവർമ തമ്പുരാന്റെ പ്രതിമാ നിർമാണത്തിൽ അധ്യാപകനായ ഡി.ബി. റോയ് ചൗധുരിക്കൊപ്പം പങ്കാളിയായി. അതിനു കാരണമായത് കലാരംഗത്തെ കഴിവായിരുന്നു. മെട്രിക്കുലേഷൻ കഴിഞ്ഞ്



*തൃശ്ശൂരിൽ പാറമേക്കാവ് ദേവസ്വത്തിനടുത്ത് രാമവർമ പാർക്കിൽ സ്ഥാപിച്ചിട്ടുള്ള രാമവർമ തമ്പുരാന്റെ പ്രതിമാ നിർമാണത്തിൽ അധ്യാപകനായ ഡി.ബി. റോയ് ചൗധുരിക്കൊപ്പം എം.എൻ. നമ്പൂതിരിപ്പാടും പങ്കാളിയായി.*

**എം.എൻ. നമ്പൂതിരിപ്പാടിന്റെ സഹോദരൻമാരും പ്രശസ്തരാണ്. സാമൂഹിക പരിഷ്ക്കർത്താവായ മൂത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് ജ്യേഷ്ഠനാണ്. ഭവത്രാതൻ നമ്പൂതിരിപ്പാട് 1933–ൽ രചിച്ച അപ്ഫന്റെ മകൾ എന്ന നോവൽ അക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് പോലെ. ഋതുമതി പോലെ , അല്ലെങ്കിൽ മറക്കുടക്കുള്ളിലെ മഹാനരകം പോലെ സ്വീകരിക്കപ്പെട്ട ഒന്നായിരുന്നു അപ്ഫന്റെ മകൾ.**



*അപ്ഫന്റെ മകളുടെ സ്രഷ്ടാവ് മൂത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട്*

മദ്രാസിലെ സ്കൂൾ ഓഫ് ആർട്സ് ആൻഡ് ക്രാഫ്റ്റ്സിൽ സ്കെച്ചിങ് പെയ്ൻറിങ് കോഴ്സിന് ചേർന്നു. അന്നവിടെ പ്രിൻസിപ്പലായിരുന്നു ഡി.ബി. റോയ് ചൗധുരി. ചൗധുരിയുടെ താല്പര്യപ്രകാരം ശില്പനിർമാണത്തിൽ നമ്പൂതിരിപ്പാടിനെ കൂടെ കൂട്ടുകയായിരുന്നു.


അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ഉൾപ്പെടെയുള്ള അക്കാലത്തെ നാടകങ്ങളിൽ മേക്കപ്പിനും മുൻപന്തിയിലുണ്ടായിരുന്നു. വരകളിലൂടെ ദേഹത്ത് ത്രിമാന രൂപത്തിൽ മേക്കപ്പ് യഥാതഥമാക്കി. പ്രേംജിയുടെ പിശാചിന്റെ നൃത്തം എന്ന നാടകത്തിൽ നടന്റെ ദേഹം മുഴുവൻ കറുപ്പിച്ച് അതിൽ സിങ്ക് ക്രോമേറ്റ് ഉപയോഗിച്ച്, അസ്ഥികൂടം തിളക്കത്തോടെ വരച്ചുചേർത്തു. ദൂരെ നിന്നു കണ്ടാൽ ശരിക്കും അസ്ഥികൂടം തന്നെ. സാങ്കേതിക വിദ്യയും കലയും ഒത്തു ചേർന്നതായിരുന്നു ആ അസ്ഥികൂടം.

ഇരട്ടത്തായമ്പകയ്ക്ക് രൂപം നൽകുന്നതിലും അദ്ദേഹം ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്. തൃത്താല കുഞ്ഞിക്കൃഷ്ണപൊതുവാളും ആലിപ്പറമ്പ് ശിവരാമപ്പൊതുവാളും കൂടി ആദ്യത്തെ ഡബിൾ തായമ്പക പരീക്ഷണം നടത്തിയത് മൂത്തിരിങ്ങോട്ടുമനയിൽ വെച്ചായിരുന്നു. ഇത് കേട്ടറിഞ്ഞ വരിക്കാശ്ശേരി നാരായണൻ ഉണ്ണി നമ്പൂതിരിപ്പാടാണ് അവിടുത്തെ നിറമാലയ്ക്ക് ഇവരെക്കൊണ്ട് കൊട്ടിച്ച് ഡബിൾ തായമ്പകയ്ക്ക് പ്രചാരം വരുത്തിച്ചത്.

എം.എൻ. നമ്പൂതിരിപ്പാടിന്റെ സഹോദരൻമാരും പ്രശസ്തരാണ്. സാമൂഹിക പരിഷ്ക്കർത്താവായ മൂത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് ജ്യേഷ്ഠനാണ്. ഭവത്രാതൻ നമ്പൂതിരിപ്പാട് 1933–ൽ രചിച്ച അപ്ഫന്റെ മകൾ എന്ന നോവൽ അക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് പോലെ. ഋതുമതി പോലെ , അല്ലെങ്കിൽ മറക്കുടക്കുള്ളിലെ മഹാനരകം പോലെ സ്വീകരിക്കപ്പെട്ട ഒന്നായിരുന്നു അപ്ഫന്റെ മകൾ. അന്നത്തെ നമ്പൂതിരിയുടെ സാമൂഹ്യജീവിതത്തെ മാറ്റിക്കുറിക്കുന്നതിൽ വലിയ പങ്കു വഹിച്ച കൃതിയാണത്.

അനുജൻ എം.സി. നമ്പൂതിരിപ്പാട് എന്ന ചിത്രഭാനു നമ്പൂതിരിപ്പാടും ശാസ്ത്രകുതുകിയായിരുന്നു. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ തുടക്കക്കാരിലൊരാളായ അദ്ദേഹം, സാധാരണക്കാർക്ക് കൂടി മനസ്സിലാകുംവിധം ഒട്ടേറെ ശാസ്ത്രഗ്രന്ഥങ്ങളെഴുതി. സയൻസിന്റെ വികാസം എന്ന പുസ്തകത്തിന് പഴയ മദിരാശി ഗവമെന്റിന്റെ പുരസ്കാരം, ശാസ്ത്രം ചരിത്രത്തിൽ എന്ന നാലു വാള്യത്തിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം തുടങ്ങി ചെറുതും വലുമായി പല ബഹുമതികളും എം.സി.നമ്പൂതിരിപ്പാടിനെ തേടിയെത്തിയിട്ടുണ്ട്.

രാജേഷ് ഒരുപുലാശ്ശേരി പി. ഒ കിള്ളിപ്പാടം,
ഷൊർണ്ണൂർ 2, പിൻ 679 122 പാലക്കാട് ജില്ല
മൊബൈൽ : 9495502605, Email : onrajesh72@gmail.com



*എം.സി. നമ്പൂതിരിപ്പാട് എന്ന ചിത്രഭാനു നമ്പൂതിരിപ്പാട്*


**ഇരട്ടത്തായമ്പകയ്ക്ക് രൂപം നൽകുന്നതിൽ എം.എൻ. നമ്പൂതിരിപ്പാടും ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്. തൃത്താല കുഞ്ഞിക്കൃഷ്ണ പൊതുവാളും ആലിപ്പറമ്പ് ശിവരാമപ്പൊതുവാളും കൂടി ആദ്യത്തെ ഡബിൾ തായമ്പക പരീക്ഷണം നടത്തിയത് മൂത്തിരിങ്ങോട്ടു മനയിൽ വെച്ചായിരുന്നു.**

അനുസ്മരിക്കേണ്ട പ്രതിഭ

# ആ ചെമ്പൈ ഭാഗവതർ
## ഈ ഗണപതി നമ്പൂതിരിയുടേത്

**ഗണപതി നമ്പൂതിരിയെന്ന ഈ വലിയ ചിത്രകാരന്റേതാണ് ഗുരുവായൂർ മേൽപത്തൂർ ഓഡിറ്റോറിയത്തിൽ കാണുന്ന ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ചിത്രം. ഈ ചിത്രം ഗുരുവായൂരിൽ എത്തിയതിനു പിന്നിൽ ഒരു കഥയുണ്ട്.**

**ഉദയൻ നമ്പൂതിരിപ്പാട്**



ചിത്രകല പഠിക്കാൻ മോഹം മൂത്ത് കുട്ടിക്കാലത്ത് തൃപ്പൂണിത്തുറയിൽ ഒരു അദ്ധ്യാപകന്റെ അടുത്തു ചെന്നു. വലിയ ചെലവുവരും. എല്ലാമാസവും ഫീസു വേണമെന്നും അദ്ധ്യാപകൻ ആവശ്യപ്പെട്ടു. അന്നന്നത്തെ ഭക്ഷണത്തിനു പോലും കയ്യിൽ കാശില്ലായിരുന്ന ആ ഉണ്ണി നിരാശയോടെ മടങ്ങി. താൻ ഏതെങ്കിലും കാലത്ത് വലിയ ചിത്രകാരനാകുമ്പോൾ പഠിക്കാൻ വരുന്നവരിൽ നിന്നു ഫീസു വാങ്ങില്ലെന്നൊരു തീരുമാനവും എടുത്തു.

പിൽക്കാലത്ത് ആ ഉണ്ണി വലിയ ചിത്രകാരനായി. പാലക്കാടു ജില്ലയിലെ കലാഗ്രാമമായ പെരിങ്ങോട് സ്കൂളിലെ ചിത്രകലാ അദ്ധ്യാപകനായി. ആയിരക്കണക്കിന് ശിഷ്യരുണ്ടായി. ജീവിതാവസാനം വരെ ഒരു ശിഷ്യരിൽ നിന്നും ഫീസു വാങ്ങിയതുമില്ല. ഗണപതി നമ്പൂതിരിയെന്ന ആ വലിയ ചിത്രകാരന്റേതാണ് ഗുരുവായൂർ മേൽപത്തൂർ ഓഡിറ്റോറിയത്തിൽ കാണുന്ന ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ചിത്രം. ആ ചിത്രം ഗുരുവായൂരിൽ എത്തിയതിനു പിന്നിൽ ഒരു കഥയുണ്ട്.




*ഗുരുവായൂർ സംഗീതോത്സവ വേദിയിൽ വെക്കുന്ന ചെമ്പൈ ചിത്രം*

ഗുരുവായൂർ ഏകാദശിക്കാലത്ത് നടത്തിവരുന്ന സംഗീതവിരുന്നാണല്ലോ ചെമ്പൈ സംഗീതോത്സവം. പ്രസിദ്ധരും, പാടി തെളിയുന്നവരും, അരങ്ങേറ്റക്കാരും പങ്കെടുക്കുന്ന പരിപാടി. വേദിയിലെ ചെമ്പൈ ചിത്രത്തിന്നു മുമ്പിലിരുന്നാണ് എല്ലാവരും പാടാറുള്ളത്. ചെമ്പൈയുടെ ചൈതന്യത്തിനു മുമ്പിലിരുന്നു പാടുന്നത് വല്ലാത്തൊരു അനുഭൂതിയാണ്. അവിടെ പാടുമ്പോൾ ഗുരുവായൂരപ്പന്റെ അനുഗ്രഹം കിട്ടുന്നതായി കരുതുന്നവരുമുണ്ട്.

പ്രശസ്തിയുടെ ഉന്നതങ്ങളിൽ നില്ക്കുന്ന കാലത്ത് ചെമ്പൈക്ക് അപ്രതീക്ഷിതമായി ശബ്ദം നഷ്ടമായി. തനിക്കു ശബ്ദം തിരിച്ചു തന്നാൽ ഏകാദശി നാളുകളിൽ ഗുരുവായൂരിൽ വന്ന് കച്ചേരി നടത്താം എന്നു പ്രാർത്ഥിച്ചു. അദ്ഭുതമെന്നു പറയട്ടെ. ശബ്ദം തിരിച്ചു കിട്ടി. ഗുരുവായൂർ ഏകാദശി നാളിൽ മുടങ്ങാതെ കച്ചേരി നടത്താനും തുടങ്ങി.

ചെമ്പൈയുടെ മരണശേഷം ശിഷ്യന്മാരും ആസ്വാദകരും ചെമ്പൈയുടെ ഓർമ്മക്കായി ഏകാദശി കാലത്ത് സംഗീതോത്സവം നടത്താൻ തീരുമാനിക്കുകയും ദേവസ്വം തന്നെ അതേറ്റെടുക്കുകയും ചെയ്തു. ചെ

മ്പൈയുടെ അദൃശ്യസാന്നിദ്ധ്യം വേദിയിലുണ്ടാവാനായി ഒരു ഛായാചിത്രം വെക്കണം എന്നു സംഘാടകരായിരുന്ന പൂമുള്ളി രാമൻ നമ്പൂതിരിപ്പാടും, കൊങ്ങാറപ്പള്ളി പരമേശ്വരൻനമ്പൂതിരിയും തീരുമാനിച്ചു. ചിത്രം വരക്കാനായി ചെമ്പൈയുടെ സഹചാരിയായിരുന്ന ഗണപതി മാഷെ ഏല്പിക്കുകയും ചെയ്തു. ഭാഗവതരുടെ രീതികളും ഭാവങ്ങളും മുഴുവനും ഉൾകൊണ്ട മനോഹരമായ ചിത്രം മാഷ് വരച്ചു. ആ ചിത്രമാണ് ഇന്നും സംഗീതോത്സവ വേദിയിൽ വെക്കുന്ന ചെമ്പൈയുടെ ചിത്രം.



*ഗണപതി നമ്പൂതിരി*

ജന്മം കൊണ്ടു പെരിങ്ങോട്ടുകാരനല്ല. 1939 ൽ എറണാകുളത്തിനടുത്ത് പിറവത്ത് മേവള്ളൂർ ഗ്രാമത്തിലെ അമ്പലപ്പിള്ളി ഇല്ലത്തായിരുന്നു ജനനം. അച്ഛൻ ശ്രീകുമാരൻ നമ്പൂതിരി ചിത്രകാരനായിരുന്നു. പ്രാഥമികപാഠങ്ങൾ അദ്ദേഹം നല്കി. പിന്നെ തൃപ്പൂണിത്തറ ആർ എൽ വി കോളേജിലും തൃശൂർ ഫൈൻ ആർട്സ് കോളേജിലും പഠിച്ചു. കഷ്ടപ്പാടുകൾ നിറഞ്ഞ പഠന കാലത്ത് ബ്രഹ്മസ്വം മഠത്തിലെ സൗജന്യതാമസവും ഭക്ഷണവും അനുഗ്രഹമായി. അന്നു തുടങ്ങിയതാണ് മുടങ്ങാതെയുള്ള വടക്കുന്നാഥ ദർശനം. തൃശൂർ വിട്ടതിനു ശേഷവും അതു മുടങ്ങിയില്ല.

പഠന ശേഷം കാഴ്ചബംഗ്ളാവിലെയും കച്ചവട സ്ഥാപനങ്ങളുടേയും ബോർഡെഴുതിയും അടുത്തുള്ള ക്ഷേത്രങ്ങളിൽ ശാന്തിക്കാരെ സഹായിച്ചും നടന്നു. ദേശീയ തലത്തിൽ കരകൗശലനിർമ്മാണത്തിന് പുരസ്ക്കാരം നേടിയ ചൊവ്വൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടുമായുള്ള പരിചയമാണ് പൂമുള്ളി രാമൻ നമ്പൂതിരിപ്പാടിന്റെ അടുത്തെത്തിച്ചത്. അതാണ് വഴിത്തിരിവ്.

പൂമുള്ളിമന വകയായുള്ള പെരിങ്ങോട് സ്കൂളിൽ ചിത്രകലാ അദ്ധ്യാപകനായി നിയമനം. മനയിൽത്തന്നെ താമസം. സംഗീത കലാനിപുണനായിരുന്ന രാമൻ നമ്പൂതിരിപ്പാടുമായുള്ള സഹവാസം. മാത്രമല്ല നവരാത്രി കാലത്ത് എം എസ് സുബ്ബലക്ഷ്മിയടക്കമുള്ള പ്രശസ്ത സംഗീതപ്രതിഭകൾ മനയിൽ വന്നു പാടിയിരുന്നു. ചെമ്പൈ ഭാഗവതരുമായി ഇഴപിരിയാത്ത ബന്ധം അവിടെ നിന്നാണ് ആരംഭിച്ചത്. വലിയ കലാകാരന്മാരുമായുള്ള സമ്പർക്കത്തിനുള്ള അവസരം പെരിങ്ങോട്ടു തന്നെ പിടിച്ചു നിത്തി. പിന്നീട് ജീവിതകാലം മുഴുവൻ ശിഷ്യന്മാരുടെ പ്രിയപ്പെട്ട ഗുരുവായി നാട്ടുകാരുടെ ഗണപതി മാഷായി അവിടെതന്നെ കൂടുകയാണ് ഉണ്ടായത്.ചെമ്പൈയുടേതിനു പുറമെ അയ്യായിരത്തിലധികം പോർട്ട്റെറ്റുകൾ വരച്ചിട്ടുണ്ടാവും.

ഫോട്ടോഗ്രാഫി ഇന്നത്തെ പോലെ ഡിജിറ്റലൊന്നുമാവാത്ത കാലം. അച്ഛനോ, അമ്മയോ മുത്തശ്ശനോ, മുത്തശ്ശിയോ മരിക്കുമ്പോഴാകും അവരുടെ ഓർമ്മക്കായി ഒരു ഫോട്ടോ പോലും ഇല്ലെന്നു തോന്നുക. ഉടനെ ഗണപതി മാഷെ വിളിക്കുകയായി. ചിതലരിച്ച പഴയ ഫോട്ടോയിൽ നിന്ന് ജീവൻ തുടിക്കുന്ന ചിത്രമുണ്ടാക്കാൻ എണ്ണച്ചായവും ഇൻഡ്യൻ ഇങ്കും. മദ്ധ്യ കേരളത്തിലെ മിക്കവാറും ഇല്ലങ്ങളിൽ മാഷ് ജീവൻ നൽകിയ കാരണവന്മാരെ കാണാം.

**പൂമുള്ളി മന വകയായുള്ള പെരിങ്ങോട് സ്കൂളിൽ ചിത്രകലാ അദ്ധ്യാപകനായി നിയമനം. മനയിൽത്തന്നെ താമസം. സംഗീത കലാനിപുണനായിരുന്ന രാമൻ നമ്പൂതിരിപ്പാടുമായുള്ള സഹവാസം. മാത്രമല്ല നവരാത്രി കാലത്ത് എം എസ് സുബ്ബലക്ഷ്മിയടക്കമുള്ള പ്രശസ്ത സംഗീത പ്രതിഭകൾ മനയിൽ വന്നു പാടിയിരുന്നു. ചെമ്പൈ ഭാഗവതരുമായി ഇഴപിരിയാത്ത ബന്ധം അവിടെ നിന്നാണ് ആരംഭിച്ചത്. വലിയ കലാകാരന്മാരുമായുള്ള സമ്പർക്കത്തിനുള്ള അവസരം പെരിങ്ങോട്ടു തന്നെ പിടിച്ചു നിത്തി**

പ്രശസ്ത തച്ചുശാസ്ത്ര ജ്യോതിഷ പണ്ഡിതനും പഞ്ചാംഗം പ്രസ്സിന്റെ




*ഗണപതി നമ്പൂതിരി കുടുംബത്തോടൊപ്പം*

**❑കേരളത്തിനകത്തും പുറത്തുമായി ആയിരത്തോളം ശിഷ്യർ.**
**❑ശിഷ്യരുടെ ഉപഹാരമായ ഗൺപത് എന്ന ചിത്രകലാ പ്രസ്ഥാനം.**
**❑ആർട്ടിസ്റ്റ് നമ്പൂതിരിയടക്കം പങ്കെടുത്ത ഗൺപത് ക്യാമ്പ്**
**❑പ്രധാന ശിഷ്യരുടെ കൂട്ടായ്മയിൽ, ഗുരുസ്മരണീയം പ്രദർശനം**
**❑ലളിത കലാ അക്കാദമിയിയിൽ ഗുരു ദക്ഷിണയായി ചിത്ര പ്രദർശനം**
**❑1969 ൽ ലളിതകലാ അക്കാദമി പെയിന്റിങ്ങിനുള്ള പുരസ്കാരം**
**❑പ്രണാമം 2012 എന്ന പേരിൽ കലാലോകത്തിന്റെ ആദരം**
**❑വന്ദേഹം എന്ന ഹ്രസ്വ ചിത്രം യുട്യൂബിൽ**

സ്ഥാപകനുമായ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, വി.ടി ഭട്ടതിരിപ്പാട്, കെ.പി നമ്പൂതിരീസ് സ്ഥാപകൻ കൊളത്താപ്പള്ളി നമ്പൂതിരി എന്നിവരുടെ ഇപ്പോൾ പ്രചാരത്തിലുള്ള ചിത്രങ്ങൾ മാഷ് വരച്ചതാണ്. കേരള കലാമണ്ഡലത്തിലെ അപൂർവ്വ ചിത്രങ്ങളായ ആശാരി കോപ്പൻ നായർ, ചെണ്ട വിദഗ്ദ്ധൻ മൂത്തമന കേശവൻ നമ്പൂതിരി എന്നിവരുടെ ചിത്രങ്ങളും മാഷുടേതാണ്. ഒന്നും പണത്തിനു വേണ്ടിയായിരുന്നില്ല.

ധാരാളം ശില്പങ്ങളും ചെയ്തിട്ടുണ്ട്. മൂക്കുതല ക്ഷേത്രത്തിലെ ശങ്കരാചാര്യർ, മേല്പത്തൂർ ഭട്ടതിരി, പെരിങ്ങോട് ക്ഷേത്രത്തിലെ ഭക്തഹനുമാൻ, പെരിങ്ങോട്ടേ സ്ക്കൂളിലേയും കുന്ദംകുളം ബഥനി സ്ക്കൂളിലേയും ശില്പങ്ങൾ, കൂറ്റനാട് ബാർ ഹോട്ടലിലെ ശില്പം എന്നിങ്ങനെ ധാരാളം ശില്പങ്ങൾ. കാണിപ്പയ്യൂരിന്റെ യോഗക്ഷേമം പഞ്ചാംഗത്തിന്റെ മുഖചിത്രമായ ഓടക്കുഴൽ വിളിക്കുന്ന കൃഷ്ണൻ മാഷിന്റേതാണ്. പഞ്ചാംഗം പ്രസ്സ് അക്കാലത്ത് പുറത്തിറക്കിയിരുന്ന എല്ലാ പുസ്തകങ്ങളുടയും ഇല്ല്യുസ്ട്രേഷനും ചെയ്തു. പ്രശസ്തിക്കു വേണ്ടി ശിൽപികളും, ചിത്രകാരന്മാരും സ്ത്രീ നഗ്നതയെ ചിത്രീകരിക്കുന്ന പ്രവണത കാണാറുണ്ട്. എന്നാൽ മാഷ് നഗ്നത ആവിഷ്ക്കരിച്ചിരുന്നില്ല.

ആയിരകണക്കിനു ശിഷ്യന്മാരെ വളർത്തി. അവരിൽ പലരും ഇന്ന് കല കൊണ്ടു മാത്രം ജീവിക്കുന്നവരാണ്. ശിഷ്യർ തന്നേക്കാൾ വലിയവനാകണം എന്ന് ചിന്തിച്ചിരുന്ന ഗുരു. ശിഷ്യനെ ഒപ്പമിരുത്തി ഇതു താൻ വരക്കൂ എന്നു പറഞ്ഞു ആത്മവിശ്വാസം ഉണ്ടാക്കുന്നതായിരുന്നു പഠനരീതി. അതിലൂടെ ഉപാധികളില്ലാതെ വിദ്യ പകർന്നു കൊടുക്കാനുള്ള ശ്രമം. പുലർകാല വരകൾ തുടർച്ചയായി നവമാദ്ധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത് ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡ്സിൽ ഇടം നേടിയ പ്രശസ്ത ചിത്രകാരൻ അവണാവു നാരായണൻ പ്രഥമ ശിഷ്യനാണ്. ഗുരുവായൂരിലെ കൃഷ്ണനാട്ട വിഭാഗത്തിലെ ചുട്ടി വിദഗ്ദ്ധൻ ശില്പി ജനാർദനൻ, ചിത്രകാരൻ കരുവാട്






'വന്ദേഹം' ഒ
കാണുംമു

കൂറ്റനാട്► ആറുപതിറ്റാണ്ടിലെ ചിത്രകലാജീവിതം. സൃഷ്ടിച്ച ജീവസ്സുറ്റ ചിത്രങ്ങളും, പ്രതിമകളും.. 600-ലേറെ ശിഷ്യസമ്പത്ത്. ഗണപതിമാഷുടെ കലാജീവിതം പറയാൻ ശിഷ്യർ ഒരു ഹ്രസ്വചിത്രം തയ്യാറാക്കി. ഏറെ ആഗ്രഹിച്ച ഹ്രസ്വചിത്രം പുറത്തിറങ്ങാനിരിക്കെയാണ് മാഷ് അസുഖത്തെത്തുടർന്ന് കിടപ്പിലായത്. 'വന്ദേഹം' എന്ന ആ ഹ്രസ്വചിത്രം ഒരുനോക്കുകാണാൻ സാധിക്കാതെയാണ് ചിത്രകാരൻ മൺമറഞ്ഞത്.

ഗണപതിമാഷ് പെരിങ്ങോട് വന്നതും അദ്ദേഹത്തിന്റെ അധ്യാപന, ചിത്രകലാജീവിതവും കോർത്തിണക്കി ശിഷ്യൻമാരുടെ കൂട്ടായ്മയായ 'ഗണപത് ചിത്രകലാസംഘ'ത്തിന്റെ നേതൃത്വത്തിലാണ് 'വന്ദേഹം' ഒരുക്കിയത്. ശിഷ്യനായ ഗിരീശൻ ഭട്ടതിരിപ്പാടാണ് സംവിധാനം. ഹ്രസ്വ

*ഗണപതി നമ്പൂതിരിയുടെ നിര്യാണവാർത്തയോടൊപ്പം മാതൃഭൂമി നൽകിയ ക്ലിപ്പ്.*





*ഗണപതി നമ്പൂതിരി വരച്ച ചിത്രങ്ങൾ: ലാൽ ബഹദൂർ ശാസ്ത്രി, വിടി ഭട്ടതിരിപ്പാട്, ജവഹർലാൽ നെഹറു,*


athrubhumi
ാതൃഭൂമി
ുനോക്ക്
ബ മാഞ്ഞു



പെരിങ്ങോട് ഹൈസ്കൂളിൽ ഗണപതിമാഷ് നിർമിച്ച ഗാന്ധിപ്രതിമ

ചിത്രം എത്രയുംപെട്ടെന്ന് പുറ
ത്തിറക്കണമെന്ന് അന്ത്യോപചാ
രം അർപ്പിക്കാനെത്തിയ സ്പീക്കർ
എം.ബി. രാജേഷ് നിർദേശിച്ചു.

ഗിരീശൻ, ബസന്ത് പെരിങ്ങോട്, വേണു പാലൂർ എന്നിവർ പ്രധാനശിഷ്യന്മാരാണ്.

മാഷിന്റെ നിർമ്മാണ മികവ് അറിയണമെങ്കിൽ പെരിങ്ങോട് സ്കൂളിൽ പോകണം. കയറി ചെല്ലുമ്പോൾ തന്നെ വെളിച്ചമേ നയിച്ചാലും എന്ന അടിക്കുറിപ്പോടെ വലിയൊരു ഗാന്ധി പ്രതിമ. പൂന്തോട്ടത്തിൽ നിറയെ മഹദ് വ്യക്തികളുടേയും മൃഗങ്ങളുടേയും പക്ഷികളുടേയും പ്രതിമകൾ. ആർട്ട് ഗാലറിയിലാണെങ്കിൽ മാഷു വരച്ച ആയിരത്തിലധികം ചിത്രങ്ങൾ.

നമ്പൂതിരി ചിത്രകാരന്മാരായ ആർട്ടിസ്റ്റ് നമ്പൂതിരി, അക്കിത്തം നാരായണൻ , അയിരിൽ നാരായണൻ നമ്പൂതിരി എന്നിവരുമായി വളരെ നല്ല ബന്ധമായിരുന്നു. പ്രധാനശിഷ്യൻ കരുവാട് ഗീരീശൻ ഭട്ടതിരിപ്പാട് നാലു വർഷത്തോളം നീണ്ടു നിന്ന പരിശ്രമത്തിലൂടെ തയ്യാറാക്കിയ 'വന്ദേഹം ' എന്ന പേരിൽ ഒരു ഹ്യസ്വ ചിത്രം കാണാനോ ശിഷ്യനെ അനുഗ്രഹിക്കാനോ മാഷക്ക് പറ്റിയില്ല. അതു പുറത്തിറങ്ങുന്നതിനു മുമ്പ് 2022 ആഗസ്റ്റ് മാസം 27 ന് മൺമറഞ്ഞു. ഗുരുവിനുള്ള ദക്ഷിണയായി സമർപ്പിക്കപ്പെട്ട വന്ദേഹം എന്ന ചിത്രം ഇപ്പോൾ യുട്യൂബിൽ കാണാം. ഗുരു ശിഷ്യ ബന്ധത്തിന്റെ ആഴങ്ങളെ പറ്റി പറയുന്ന ആ ചിത്രം എല്ലാവരും കാണണം. കൂടാതെ ഗണപതി മാഷടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന പുന്നയൂർ ആർട്ട് ഗാലറിയും കഴിഞ്ഞ വർഷം തുടങ്ങിയിട്ടുണ്ട്. അവിടെ അദ്ദേഹത്തിന്റെ ജന്മദിനാഘോഷത്തിന്റെ ഭാഗമായി ആർട്ടിസ്റ്റ് മദനൻ വരച്ച വലിയൊരു ചിത്രവും പ്രദർശിപ്പിച്ചിട്ടുണ്ട്.

കോട്ടയം ബ്രഹ്മമംഗലത്ത് ചിറ്റേഴത്ത് പട്ടേരില്ലത്തെ സുഭദ്ര അന്തർജനമാണ് സഹധർമ്മിണി. രണ്ടു പെൺമക്കൾ, ലീല വാസുദേവൻ, രേഖ ശശി. ●


ഉദയൻ നമ്പൂതിരിപ്പാട്, മറവഞ്ചേരി കിഴക്കേടത്തു മന,
വയപ്പാറപടി, മഞ്ചേരി, പിൻ: 676121, മൊബൈൽ: 8281926325.

# വേഷപ്പകർച്ച

## ചെറുകഥ



ഉണ്ണികൃഷ്ണൻ കാടമ്പറ്റ



സമയം സന്ധ്യയാവാറായി. കുളിക്കാൻ പുറപ്പെട്ടതാണ്. അപ്പോഴാണ് അയൽക്കാരനും സുഹൃത്തുമായ വാസുദേവനും രണ്ടു പേരും പടികടന്നു വരുന്നത്. ഒരു മദ്ധ്യവയസ്കനും പെൺകുട്ടിയും.

'എന്താ വാസു വിരുന്നുകാരൊക്കെയുണ്ടല്ലോ '

'എനിക്കല്ല, തനിക്കാ'

ഞാൻ ഒന്ന് ശങ്കിച്ചു. എനിക്ക് ഈ സന്ധ്യാസമയത്ത് വിരുന്നുകാരോ? ഒരു സാദ്ധ്യതയും ഇല്ല. വൈകുന്നേരങ്ങളിൽ വെട്ടിവട്ടവും, അല്പം പരദൂഷണവുമായി ഞാനും വാസുവും കൂടാറുള്ളതാണ്.

'അതേ തനിക്കു തന്നെ.'

വാസു ഒന്നുകൂടി ഉറപ്പിച്ചു. നാട്ടിലെ പൊതുകാര്യ പ്രസക്തൻ കൂടിയാണ് വാസു.

നമ്പൂതിരിമാരാണ്. ആലുവയിൽ നിന്ന്. ഇവിടുത്തെ ഫാർമസി കോളേജിൽ കുട്ടിക്ക് ഒരു അഡ്മിഷൻ ആവശ്യവുമായി വന്നതാണ് അവർ. വാസു കോളേജിന്റെ ഭരണസമിതി അംഗം കൂടിയാണ്. കാര്യം കഴിഞ്ഞപ്പോൾ അഞ്ചര കഴിഞ്ഞു. ഈ കുഗ്രാമത്തിൽ താമസിക്കാൻ ഒരു ലോഡ്ജോ ഹോട്ടലോ ഒന്നും ഇല്ലാത്തതിനാൽ ഒരു രാത്രി ഞാൻ ആതിഥ്യം കൊടുക്കണം. അതാണ് ആവശ്യം.

വാസുവാണ് കൊണ്ടുവന്നിരിക്കുന്നത്. നോ പറയാൻ കഴിയില്ല. ഒരു സ്ക്രൂട്ടിനിയ്ക്ക് എനിക്ക് ചോയ്സ് ഇല്ല.

അവർ ഇതിനകം പൂമുഖത്തേക്കു കയറിക്കഴിഞ്ഞിരുന്നു.

അദ്ദേഹം ഇരുന്നു. ആ പെൺകുട്ടി അത്യധികം പരിഭ്രമിച്ചിട്ടുണ്ട്. വിഹ്വലമായ ഭാവം. ഞാൻ ആത്തേമാരെ വിളിച്ചു അവളെ അകത്തേക്ക് കൊണ്ടുപോകാൻ പറഞ്ഞു. എന്താണ് സംഭവമെന്നു മനസ്സിലാകാത്ത ആത്തേമാരും അല്പം പരിഭ്രമിച്ചിട്ടുണ്ട്.

ഇത്തരം അതിഥികൾ അടുത്തകാലത്തൊന്നും വന്നിട്ടില്ല. പണ്ട്, അച്ഛൻ പറഞ്ഞു കേട്ടതും, എന്റെ കുട്ടികാലത്തു അപൂർവം കണ്ടതും മാത്രമേ അനുഭവമുള്ളു. അതിനാൽ ചെറിയ ആസ്വസ്ഥത എനിക്കുമുണ്ട്. അണുകുടുംബ സംവിധാനത്തിൽ ഇത് ഒഴുക്കിനെതിരെ നീന്തുന്ന അനുഭവമാണ്. സന്ധ്യക്ക് വന്നുകേറിയ അതിഥിയാണ്. ഒരു രാത്രിക്ക് ആതിഥ്യം കൊടുക്കേണ്ടിവരും.

എന്റെ ആശങ്ക അറിയിക്കാതെ അദ്ദേഹത്തോട് ഇരിക്കാൻ പറഞ്ഞു.

'എന്താ പേര്?'

'ശങ്കരൻ.' അദ്ദേഹം ഇല്ലപ്പേരും പറഞ്ഞു

'കേട്ടിട്ടുണ്ട്, പക്ഷെ ആരെയും അറിയില്ല.'

'ഞാൻ അങ്ങയുടെ ഇല്ലവും, അമ്മാത്തും അറിയും. മാളക്കടുത്തു പൂപ്പത്തിയല്ലേ അമ്മാത്ത്.'

**ആളെ മനസ്സിലായി. ആകെ മാറിയിട്ടുണ്ട് ആ കുട്ടി. പുതിയ കാലത്തെ വസ്ത്രം, ശബ്ദത്തിൽ ഇംഗ്ലീഷിന്റെ സ്വരഭാരം. സാമാന്യം കനത്ത മേക്കപ്പ്. ഒറ്റ നോട്ടമേ നോക്കിയുള്ളൂ. അപ്പോഴേക്കും വണ്ടി പുറപ്പെടാനുള്ള സിഗ്നലായി, ഞങ്ങൾ കയറി. അവൾ കൈവീശി, ഒപ്പം ആ ചെറുപ്പക്കാരനും. ആ ചെറുപ്പക്കാരന്റെ കഴുത്തിൽ തൂങ്ങി നിന്ന യേശുദേവന്റെ രൂപമായിരുന്നു മനസ്സിൽ.**

ഇപ്പോൾ ഞാനാണ് ഞെട്ടിയത്.

'ഞങ്ങൾ പണ്ടവിടെ സ്ഥിരക്കാരാണ്, നാരായണൻ നമ്പൂരി ഉള്ള കാലത്ത്.'

അമ്മാമനെയാണ് അദ്ദേഹം ഉദ്ദേശിച്ചതെന്നു വ്യക്തം. അപരിചിതത്വം മെല്ലെമെല്ലെ മാറിത്തുടങ്ങി.

കഴിയുമെങ്കിൽ സന്ധ്യാവന്ദനവും തേവാരവും ഞാൻ മുടക്കാറില്ല. അദ്ദേഹത്തിന് മുണ്ടും തോർത്തും കൊടുത്തു ആതിഥ്യ മര്യാദയുടെ ആദ്യത്തെ ഘട്ടം കഴിച്ചു. ഞാൻ കുളിക്കാൻ പോയി. അപ്പോഴേക്കും അടുക്കളയിൽ നിന്ന് പതുക്കെപ്പതുക്കെ സംസാരവും വളരെ ഒതുങ്ങിയ ചിരിയും കേട്ടു തുടങ്ങി.

സാമ്പത്തികമായി അത്ര സുരക്ഷിതമല്ലാത്ത ഒരു ചുറ്റുപാടിലാണ് അവരുടെ ജീവിതമെന്നത് മനസ്സിലായി. അല്ലെങ്കിൽ അവർ സ്വന്തം നിലക്ക് ഇല്ലത്തേക്കു തിരിച്ചുപോകാൻ സംവിധാനം ഉണ്ടാക്കും.

ഒരു സ്വകാര്യ സ്ഥാപനത്തിലെ 'സെക്യൂരിറ്റി'ജോലിയിൽ നിന്ന് കിട്ടുന്ന തുച്ഛ വരുമാനവും അല്പം ശാന്തിയും മാത്രമാണ് അദ്ദേഹത്തിന്റെ ജീവിത മാർഗം. ഏതൊരച്ഛനെയും പോലെ മകളുടെ അഭിരുചിക്കനുസരിച്ചു പഠിപ്പിക്കാൻ കഴിയുമോ എന്ന ശ്രമത്തിലാണ് എന്റെ അതിഥ്യത്തിനു അദ്ദേഹത്തിന് യോഗമുണ്ടായത്.

വൈശാഖമാസമാണ്. ദാനധർമങ്ങൾക്കു വിശേഷമായ കാലം. ഞാനും അതിൽ സംതൃപ്തി കണ്ടെത്തി. ധാരാളം നാടൻ മാങ്ങ പഴുത്തു വീഴുന്നുണ്ട്. വൈശാഖദാനമായി മാങ്ങ വിശേഷമാണ്. അതും ഒരു ഉത്തമ ബ്രാഹ്മണൻ. ആത്തേമ്മാരുടെ മാങ്ങപുളിശ്ശേരി അദ്ദേഹത്തിന് നന്നേ ബോധിച്ചു. എനിക്ക് കൂട്ടി, കൂട്ടി മടുപ്പു കയറിയിരുന്നു എന്നാലും!

ഒരു രാത്രിയിലെ വിശ്രമവും ആത്തേമ്മാരുടെ 'കൗൺസലിംഗും'കൂടി ആയതോടെ ആ കുട്ടിയും വിഹ്വല ഭാവം മാറി പ്രസന്നവദനയായി. പേരും പഠിപ്പിന്റെ കാര്യങ്ങളും ചോദിച്ചപ്പോൾ ശരവേഗത്തിൽ ഉത്തരം വന്നു തുടങ്ങി.

'ശ്രുതി എസ് നമ്പൂതിരി, ബി. ഫാം. കഴിഞ്ഞു, എം.ഫാമിനു ചേരണം എന്നാണ് മോഹം'

'നന്നായി'-ഞാനും പ്രോത്സാഹിപ്പിച്ചു.

രാവിലെ പ്രാതൽ കഴിഞ്ഞു. അവർ യാത്ര പോകുമ്പോൾ ഒരു സംഖ്യയും ഞാൻ കുട്ടിക്ക് കൊടുത്തു വിട്ടു. കുട്ടി അത് പ്രതീക്ഷിച്ചില്ലായിരുന്നു എന്ന് തോന്നി. കണ്ണിൽ വെള്ളം പൊടിഞ്ഞു, ആത്തേമാരെ സ്നേഹപൂർവ്വം ആലിംഗനം ചെയ്തു സന്തോഷാശ്രുവോടെ യാത്രയായി.

കാലം പിന്നെയും കടന്നു. ഉയർന്ന മാർക്കോടെ ബിരുദം കഴിഞ്ഞ മകൻ ഉപരിപഠനത്തിനായി ബോംബെക്കു വണ്ടി കയറി. ആത്തേമ്മാരും ഞാനും. ഇല്ലത്ത് ഞങ്ങൾ രണ്ടാത്മാക്കളും നിശബ്ദതയും മാത്രമായി ചുരുങ്ങി. ഫോൺ വിളി പോലും അപൂർവമായ ദിനങ്ങൾ. ഇങ്ങനെയാരു ദിവസമാണ് പരിചിതമല്ലാത്ത ഒരു നമ്പറിൽ നിന്നു നിർത്താതെയുള്ള ഫോൺ.

'ഹലോ, ഞാൻ ശങ്കരനാണ്, ആലുവയിൽ നിന്നാണ്'

'ഏതു ശങ്കരൻ?' വായിൽ നിന്ന് അങ്ങനെ വന്നു പോയി.

'ഞാൻ അങ്ങയുടെ ഇല്ലത്തു രണ്ടു മൂന്ന് മാസം മുമ്പ് വന്നിരുന്നു..................'

'അയ്യയോ, ഓർക്കുന്നു, ഒരു നിമിഷം ഓർത്തില്ല, ക്ഷമിക്കൂ ശങ്കരാ, എങ്ങിനെയുണ്ട് മിടുക്കി കുട്ടി'

'നന്നായിരിക്കുന്നു'

'വിളിച്ചതിൽ വളരെ സന്തോഷം, എന്താണ് വിശേഷം'

'നാളെ, ഇല്ലത്തുണ്ടാവുമോ,ഒന്ന് കാണാൻ വരാനാ'

'ഉണ്ട്, യാത്രയൊക്കെ ഇപ്പോൾ ചുരുക്കം, വന്നോളൂ'

പിറ്റേന്ന് പത്തുമണിയോടെ അയാൾ എത്തി, കൂടെ സഹധർമിണിയും. ശങ്കരന്റെ സഹധർമിണിയെ കിട്ടിയതോടെ ആത്തേമ്മാർ മറ്റുള്ളതൊക്കെ മാറ്റിവെച്ചു വിശേഷം പറച്ചിലായി.

കാപ്പിയും, പലഹാരവും കഴിഞ്ഞു പൂമുഖത്തിരുന്നു കുശലം പറയുന്നതിനിടക്കാണ് ശങ്കരൻ വിഷയം പറഞ്ഞത്.

'കുട്ടിക്ക് ഇവിടെ അടുത്ത കോളേജിൽ പ്രവേശനം കിട്ടി'

'മിടുക്കത്തി, നന്നായി വരട്ടെ'

ഞാനും ആശംസകൾ നേർന്നു.

'ഒരു ചെറിയ അപേക്ഷയുണ്ട്'

'എന്താ ശങ്കരാ, പറഞ്ഞോളൂ'

'എനിക്ക് വലിയ സാമ്പത്തിക സ്ഥിതിയൊന്നും ഇല്ല, ഇത്ര അകലെ പഠിപ്പിക്കാൻ എന്നെക്കൊണ്ട് ആവില്ല, മാസം തോറും പത്തു-രണ്ടായിരം ഉറുപ്പിക വേണമത്രേ'

'പഠിക്കാനല്ലേ ശങ്കരാ, പഴയ കാലമൊന്നുമല്ല'

ശങ്കരന്റെ കണ്ണിൽ കണ്ണുനീരിന്റെ അംശം, തൊണ്ട ഇടറാനും തുടങ്ങി.

'അങ്ങ് ഒന്ന് സഹായിക്കണം'

'എന്താണ് ശങ്കരന് വേണ്ടത്, എത്രയാ വേണ്ടത്'

'അയ്യോ, കാശൊന്നും വേണ്ടാ'

'പിന്നെ'

'താമസിക്കാൻ ഒരിടം കൊടുക്കണം, ഒരു ചെറിയ മുറി, ചായ്പ്പായാലും മതി'

ഞാൻ ഒന്ന് വിഷമിച്ചു, പെൺകുട്ടിയാണ്, കാലം അത്ര പന്തിയുമല്ല, ദുഷ്പ്പേരുണ്ടാവാൻ അധിക സമയം വേണ്ടാ. ആകെ കൈമുതലായുള്ളത് ധാർമികതയും, തരക്കേടില്ലാത്ത പാരമ്പര്യവും ആണ്.

'ശങ്കരാ, ഞാൻ ആത്തേമ്മാരെ ഒന്ന് വിളിക്കാം, അവരും കൂടെ അറിയട്ടെ, എന്താ പറയുന്നത് എന്ന് കേൾക്കാം'

ആത്തേമ്മാരെ വിളിച്ചു കാര്യം അവതരിപ്പിച്ചു.

'ഇവിടെ അരും ഇല്ലല്ലോ, ആ കുട്ടി ഇവിടെ നിന്നോട്ടെ'

സമ്മതം പറഞ്ഞതോടെ എന്റെ ഭാരം അല്പം കുറഞ്ഞു.

പിന്നീട് രണ്ടു വർഷത്തോളം ശ്രുതി കുടുംബത്തിൽ ഒരംഗമായി. ആദ്യകാലത്തെ അപരിചിതത്വം വിട്ടതോടെ ഒരു കിലുക്കാംപെട്ടിയായി കൂടെക്കൂടി. ചെറിയ അവധി ദിനങ്ങൾ കിട്ടിയാലും ഇല്ലത്തേക്കു പോകാതെ പുതിയ പാചക പരീക്ഷണങ്ങളും അടുക്കളത്തോട്ടം സെറ്റിങ്ങും കൊച്ചു കൊച്ചു യാത്രകളും.

നിശബ്ദമായിരുന്ന ഇടനാഴികകളിൽ കാലൊച്ച വന്നു തുടങ്ങി, അടുക്കളയിൽ നിന്ന് പാചക പരീക്ഷണങ്ങളുടെ കോലാഹലം കേട്ടു തുടങ്ങി.

അച്ഛാ ഇതെങ്ങനെയുണ്ട്. ആകാംക്ഷയാവും ചിലപ്പോൾ. എരിവ് അധികം കൂട്ടണ്ട. കരുതലാവും ചിലപ്പോൾ. ഇത് പ്രോട്ടീൻ റിച്ച് ആണ്. അച്ഛന് വേണ്ടത് ഇങ്ങനെയുള്ളതാണ്. അവളുടെ ഫാർമസി പഠനത്തിലെ അറിവല്ല വിളമ്പുന്നത് മറിച്ച് താല്പര്യവും സ്നേഹവുമാണെന്ന് തിരിച്ചറിഞ്ഞു.

വല്ലപ്പോഴും കണ്ടു ഓഫ് ചെയ്തിരുന്ന ടി.വി. യിൽ നിന്ന് സീരിയലുകൾ 'കരയാൻ'തുടങ്ങി, അതിനു ബാക്കിയായി ചർച്ചകളും കേട്ടു തുടങ്ങി. അങ്ങിനെ ആകെ ഒരു ഉണർവ് വന്ന പോലെ.

രണ്ടു വർഷം വളരെ വേഗത്തിലാണ് ഓടിപ്പോയത്. ശ്രുതിയുടെ പഠിപ്പു കഴിഞ്ഞു. അക്ഷരാർത്ഥത്തിൽ കരഞ്ഞു കലങ്ങിയ കണ്ണുകളുമായി ശങ്കരനോടൊപ്പം തിരിച്ചു പോയത്. പിന്നെ വല്ലപ്പോഴും വിളിച്ചാലായി. കാലം ഓടുന്നതോടൊപ്പം ബന്ധങ്ങൾ ഫോൺ വിളികളിൽ മാത്രമായി ഒതുങ്ങി. പിന്നെ അതും നിലച്ചു. അതിൽ അത്ഭുതപ്പെടാനുമില്ല. എന്നെ ആ കുടുംബം ഏല്പിച്ച ചുമതല ചെയ്തു എന്നതിനപ്പുറം പ്രത്യേകമായി എനിക്കൊന്നും തോന്നേണ്ട കാര്യമില്ലല്ലൊ.

ഇതിനിടെ മകൻ ഉന്നത വിദ്യാഭ്യാസവും കഴിഞ്ഞു ഒരു പൂർണ 'പ്രൊഫഷണൽ'ആയി ബാംഗ്ലൂരിൽ ജോലിയും താമസവും ആയി. അവിടെ പോയി നിൽക്കുക എന്നത് താരതമ്യേന ദുഷ്കരമായ കാരണം ഞങ്ങൾ ഇവിടെത്തന്നെ തുടർന്നു. ആത്തേമ്മാര് ഇടയ്ക്കിടെ പോയി വരും. പോകാനും വരാനും ഞാനോ, മകനോ കൂടെ വേണമെന്നതിനാൽ ഇടയ്ക്കു എനിക്കും പോകേണ്ടി വരും.

കഴിഞ്ഞയാഴ്ച 'ഐലണ്ട് എക്സ്പ്രസിൽ'യാത്ര ചെയ്യാൻ വേണ്ടി ബാംഗ്ലൂർ മജെസ്റ്റിക് സ്റ്റേഷനിൽ നിൽക്കുമ്പോഴാണ് 'അച്ഛാ' എന്ന വിളിയോടെ ഒരു പെൺകുട്ടി കയ്യിൽ പിടിച്ചു വലിച്ചത്.

'ഇത് ഞാനാണ് അച്ഛാ, ശ്രുതി'

ഒന്ന് അന്ധാളിച്ചെങ്കിലും, പെട്ടെന്നു ആളെ മനസ്സിലായി. ആകെ മാറിയിട്ടുണ്ട് ആ കുട്ടി. പുതിയ കാലത്തെ വസ്ത്രം, ശബ്ദത്തിൽ ഇംഗ്ലീഷിന്റെ സ്വരഭാരം. സാമാന്യം കനത്ത മേക്കപ്പ്.

'ഞാൻ ഇപ്പോൾ ബാംഗ്ലൂരിലാണ്. ഒരു ഫാർമസി കമ്പനിയിൽ'

ഇന്ത്യയിലെ വലിയൊരു ഫാർമസൂട്ടിക്കൽ കമ്പനിയുടെ പേരും പറഞ്ഞു.

'അച്ഛാ, അമ്മ എവിടെ'

ശ്രീമതി, മകന്റെ കൂടെ ഒരു കപ്പ് കാപ്പിയും കുടിച്ചു തൊട്ടടുത്ത കോഫി ഷോപ്പിൽ ഉണ്ടായിരുന്നു. ശ്രുതിയുടെ ചോദ്യങ്ങൾ തീരുംമുമ്പ് തന്നെ ശ്രീമതിയും എത്തി. പിന്നെ അവിടെ അതിരു കടന്ന സ്നേഹപ്രകടനങ്ങളുടെ ഒരു സീൻ ആയിരുന്നു. അത് തികച്ചും ആത്മാർത്ഥമായിരുന്നതിനാൽ അരോചകമായി തോന്നിയില്ല. ഇതെല്ലാം കണ്ടു തൊട്ടടുത്തു തന്നെ ഒരു ചെറുപ്പക്കാരൻ മാറി നിൽപ്പുണ്ട്.

'അച്ഛനും, അമ്മയും ക്ഷമിക്കണം, എന്റെ വിവാഹം കഴിഞ്ഞു, ഇതാണ് ആള്'. അവൾ ആ ചെറുപ്പക്കാരനെ പരിചയപ്പെടുത്തി. ആ പരിചയപ്പെടുത്തലിൽത്തന്നെ കൂടുതൽ ഒന്നും ചോദിക്കരുതെന്ന വ്യംഗ്യമുണ്ട്.

മാറിനിന്ന അയാൾ അടുത്തെത്തി. സുമുഖൻ. തുറന്നിട്ട ബട്ടൻസിന്റെ വിടവിലൂടെ അവന്റെ കഴുത്തിലെ കറുത്ത ചരട് കാണാം. അതിൽ തൂങ്ങിക്കിടക്കുന്ന വെന്തിങ്ങയും യേശുദേവനും.

ഒറ്റ നോട്ടമേ നോക്കിയുള്ളൂ. അപ്പോഴേക്കും വണ്ടി പുറപ്പെടാനുള്ള സിഗ്നലായി, ഞങ്ങൾ കയറി. അവൾ കൈവീശി, ഒപ്പം ആ ചെറുപ്പക്കാരനും. അടക്കി നിർത്താനാവാത്ത സമ്മർദ്ദമെല്ലാം കൂടി തീവണ്ടി എഞ്ചിനിൽ നിന്ന് പുറത്തു വന്നു. വണ്ടി സാവധാനം നീങ്ങാൻ തുടങ്ങി. ആ ചെറുപ്പക്കാരന്റെ കഴുത്തിൽ തൂങ്ങി നിന്ന യേശുദേവന്റെ രൂപമായിരുന്നു മനസ്സിൽ. ●

ഉണ്ണികൃഷ്ണൻ കാടമ്പറ്റ.
പി.ഒ: ചളവറ, ഒറ്റപ്പാലം, പിൻ: 679505,
പാലക്കാട് ജില്ല, മൊബൈൽ: 9072700239.



അമ്പതാം വിവാഹ വാർഷികദിനം
(11.07.2024)

## ടി.വി വാസുദേവൻ & പി.ഉമ

തെക്കേടത്ത് ആമല്ലൂർ,
മാപ്രാണം, മാടായിക്കോണം
ഇരിങ്ങാലക്കുട, തൃശ്ശൂർ 680712,
ഫോൺ 9446020449 & 9048249224


www.chayamughi.in
chayamughi
16/06/2024 ന് വിവാഹിതരായ മാന്തിട്ട വിഷ്ണു നമ്പൂതിരിയുടേയും
അനിതയുടേയും മകൾ ഗൗരിക്കും കണ്ണികുളം ഡോ. കൃഷ്ണൻ നമ്പൂതിരി
യുടേയും ഗീതാദേവിയുടേയും മകൻ അരവിന്ദ് കൃഷ്ണനും ആശംസകൾ.
മൊബൈൽ : 87148 39298



*വഞ്ചേരി സരസ്വതി അന്തർജനം, ഷീല വെളുത്താട്ട്, ശ്രീദേവി പുത്തൂർ, സിനി കറുത്തേടം, കൈനിക്കര വടക്കേടത്ത് ജയന്തി തുടങ്ങിയവരെ മട്ടന്നൂർ ശ്രീകാന്ത് ഇടയ്ക്ക അഭ്യസിപ്പിക്കുന്നു*

## തിരൂരിലെ ഈ അന്തർജനങ്ങൾക്ക്

# ഇടയ്ക്കയും വഴങ്ങും

**ശ്രീജ പട്ടലൂർ**



മട്ടന്നൂർ ശങ്കരൻ കുട്ടിമാരാരുടെ മകൻ മട്ടന്നൂർ ശ്രീകാന്തിന്റെ ശിക്ഷണത്തിൽ ഇടയ്ക്കയിൽ അരങ്ങേറ്റം കുറിച്ചിരിക്കുകയാണ് ഏതാനും അന്തർജനങ്ങൾ. തിരൂരിലെ പവിത്രം കൈകൊട്ടിക്കളി സംഘത്തിലെ അംഗങ്ങളാണിവർ. എൺപതാവാറായ വഞ്ചേരി സരസ്വതി അന്തർജനമാണ് സംഘത്തിലെ കാരണവർ. പിന്നെ ഷീല വെളുത്താട്ട്, ശ്രീദേവി പുത്തൂർ, ആലത്തിയൂർ കറുത്തേടത്ത് മനയിലെ സിനി, കൈനിക്കര വടക്കേടത്ത് മനയിലെ ജയന്തി. തിരൂർ തുഞ്ചൻപറമ്പിലായിരുന്നു അരങ്ങേറ്റം.

എല്ലാവരും തിരൂരിനടുത്താണ്. ഇവർ പവിത്രം എന്ന പേരിൽ കൈകൊട്ടിക്കളി സംഘം നടത്തിവരുന്നുണ്ട്. വളാഞ്ചേരി ആശ്രാമം ഇല്ലത്ത് വേളിയോടനുബന്ധിച്ച് ഇവരുടെ കൈകൊട്ടിക്കളി ഉണ്ടായി. വെളുത്താട്ട് കൃഷ്ണേട്ടൻ ഈ കളി മുഴുവൻ കണ്ടു. പാട്ടിനൊപ്പം ഇടക്കകൂടി ഉണ്ടെങ്കിൽ ഒന്നുകൂടി ഗംഭീരമാവുമായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇടയ്ക്ക വായിക്കാനായി ഒരാളെ കൊണ്ടുവരുന്നത് സാമ്പത്തിക പ്രയാസമുള്ള കാര്യമായിരുന്നു. എങ്കിൽ നിങ്ങളിൽ ഒരാൾക്ക് ഇടയ്ക്ക പഠിച്ചു കൂടെ, എന്നായി കൃഷ്ണേട്ടൻ.

**വളാഞ്ചേരി ആശ്രാമം ഇല്ലത്ത് വേളിയോടനുബന്ധിച്ച് ഇവരുടെ കൈകൊട്ടിക്കളി ഉണ്ടായി. വെളുത്താട്ട് കൃഷ്ണേട്ടൻ ഈ കളി മുഴുവൻ കണ്ടു. പാട്ടിനൊപ്പം ഇടക്കകൂടി ഉണ്ടെങ്കിൽ ഒന്നുകൂടി ഗംഭീരമാവുമായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇടയ്ക്ക വായിക്കാനായി ഒരാളെ കൊണ്ടുവരുന്നത് സാമ്പത്തിക പ്രയാസമുള്ള കാര്യമായിരുന്നു. എങ്കിൽ നിങ്ങളിൽ ഒരാൾക്ക് ഇടയ്ക്ക പഠിച്ചു കൂടെ, എന്നായി കൃഷ്ണേട്ടൻ.**




**ഇന്ത്യയിലെ തന്നെ പ്രശസ്ത മൃദംഗ വിദ്വാനായ ഉമയാൾപുരം കെ ശിവരാമൻ ഇവരുടെ പരിപാടിയ്ക്ക് എല്ലാ ആശംസകളും അറിയിച്ചു കൊണ്ട് പറഞ്ഞത് ഇങ്ങനെ:**

'അഞ്ച് സ്ത്രീകൾ മട്ടന്നൂർ ശ്രീകാന്തിൽ നിന്ന് ഇടയ്ക്ക പഠിക്കുകയും അരങ്ങേറ്റം കുറിയ്ക്കുകയും ചെയ്തതിൽ വളരെ സന്തോഷം. ലിംഗഭേദമില്ലാതെ ഇത്തരത്തിൽ കലാപഠനം എന്നും മുന്നോട്ടു പോകട്ടെ. വേറിട്ട ഒരു വേദി തന്നെയായിരുന്നു ഇത് '

*ഷീല -വെളുത്താട്*
*യമുന -തെക്കുമ്പാട്*
*ദേവി -പുത്തൂർ*
*ആര്യശ്രീ -പാവേരി*
*സരസ്വതി -വഞ്ഞേരി*
*ദേവി -മുല്ലപ്പിള്ളി*
*ജയന്തി -വടക്കേടം*
*സിനി -കറുത്തേടം*

**മട്ടന്നൂർ ശങ്കരൻകുട്ടി മാരാരുടെ ആത്മസുഹൃത്തും ശിഷ്യനുമാണ് കൃഷ്ണേട്ടൻ. അദ്ദേഹം സുഹൃത്തായ മട്ടന്നൂരുമായി ചർച്ച ചെയ്യുകയും മട്ടന്നൂർ തന്റെ മൂത്ത മകനായ ശ്രീകാന്തിനെ പഠിപ്പിക്കാൻ ഏർപ്പാടാക്കുകയും ചെയ്തു. ശ്രീകാന്തിനെ ഗുരുവായി കിട്ടുമെന്ന് ഇവർ സ്വപ്നത്തിൽ പോലും കരുതിയിട്ടില്ല.**

അത് അവർ കാര്യമായിത്തന്നെ എടുത്തു. കൃഷ്ണേട്ടനോട് തന്നെ പറഞ്ഞു. മട്ടന്നൂർ ശങ്കരൻകുട്ടി മാരാരുടെ ആത്മസുഹൃത്തും ശിഷ്യനുമാണ് കൃഷ്ണേട്ടൻ. അദ്ദേഹം സുഹൃത്തായ മട്ടന്നൂരുമായി ചർച്ച ചെയ്യുകയും മട്ടന്നൂർ തന്റെ മൂത്ത മകനായ ശ്രീകാന്തിനെ പഠിപ്പിക്കാൻ ഏർപ്പാടാക്കുകയും ചെയ്തു. ശ്രീകാന്തിനെ ഗുരുവായി കിട്ടുമെന്ന് ഇവർ സ്വപ്നത്തിൽ പോലും കരുതിയിട്ടില്ല.

അങ്ങനെ വെളുത്താട്ട് ഇല്ലത്ത് വെച്ച് ശ്രീദേവി പുത്തൂർ, ശോഭാ കോടിയേരി, സിനി കറുത്തേടം എന്നിവർ ദക്ഷിണ വെച്ച് പഠനം തുടങ്ങി. സംഗീതത്തെക്കുറിച്ചോ രാഗം താളം ശ്രുതി എന്നിവയെക്കുറിച്ചോ അറിയാത്ത ഇവരെ പഠിപ്പിക്കുക ശ്രമകരമായിരുന്നു. കുട്ടികളാണെങ്കിൽ ഒന്ന് കണ്ണുരുട്ടുകയോ ചീത്ത പറയുകയോ ചെയ്യാം. പക്ഷേ തന്നെക്കാൾ മുതിർന്ന ശിഷ്യകളെ അഭ്യസിപ്പിക്കാൻ വളരെ ക്ഷമ ആവശ്യമായിരുന്നു. കൃഷ്ണേട്ടനും ഇവരോടൊപ്പം ചേർന്ന് താളവും ശ്രുതിയുമെല്ലാം പറഞ്ഞു കൊടുത്തു. പിന്നീട് ജയന്തി വടക്കേടവും വഞ്ഞേരി സരസ്വതി ടീച്ചറും, കൃഷ്ണേട്ടന്റെ ആത്തേമാരായ ഷീലയും ഒപ്പം ചേർന്നു.

രാവിലെ തുടങ്ങി വൈകുന്നേരം വരെ നീളുന്ന ക്ലാസ്. ഇതിനിടയിൽ ഊണും ചായയും എല്ലാം വെളുത്താട്ട് നിന്ന് തന്നെ. ആദ്യം മരമുട്ടിയിലാണ് കൊട്ടിപ്പഠിച്ചത് . ഒരു വിധം ശരിയായപ്പോൾ ഇടയ്ക്കയിലേക്ക് മാറി. ഇടയ്ക്ക ശരിയായി തോളിൽ തൂക്കാനും പിടിക്കാനുമെല്ലാം ആദ്യം വളരെ പ്രയാസമായിരുന്നു അഭ്യാസം കൊണ്ട് എല്ലാം നേടിയെടുത്തു. ഈ സമയത്താണ് കോവിഡ് പടർന്നത്. രണ്ടു വർഷത്തോളം പഠനം നിർത്തി. ഈ പ്രായത്തിലും ഇതെല്ലാം പഠിക്കേണ്ടതുണ്ടോ? ഇല്ലത്ത് അടങ്ങിയിരുന്നാൽ പോരെ? എന്ന് ചിലർ. വളരെ നല്ല ഒരു തീരുമാനം എന്ന് മറ്റൊരു കൂട്ടർ. എന്തായാലും ഒരു ചലഞ്ച് ആയി ഏറ്റെടുത്ത് പഠനം മുന്നോട്ടു പോവാൻ തന്നെയായിരുന്നു തീരുമാനം. കോവിഡ്കാലം കഴിഞ്ഞപ്പോൾ പരിശീലനം സരസ്വതി ടീച്ചറുടെ മ്യൂസിക് ക്ലാസ്സായ രാഗമാലികയിലേക്ക്



**മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ പറഞ്ഞത് ഇങ്ങനെ:**

‘അരങ്ങേറ്റത്തിന് ശേഷവും പഠനം തുടരണം, ഇത് ആർക്കുവേണമെങ്കിലും പഠിപ്പിച്ചു കൊടുക്കാനും ഞങ്ങൾ തയ്യാറാണ്. ’

*മട്ടന്നൂർ ശങ്കരൻ കുട്ടി മാരാർ അരങ്ങേറ്റത്തിന് നാന്ദി കുറിച്ച കൈപ്പുണ്യം*

മാറ്റി.

അരങ്ങേറ്റം തീരുമാനിച്ചതോടെ എല്ലാ ദിവസവും പ്രാക്ടീസ് ചെയ്തു. ഭാഷാപിതാവിന്റെ മണ്ണായ തുഞ്ചൻപറമ്പിൽ നല്ലൊരു വേദിയിൽ വെച്ച് തന്നെ അരങ്ങേറ്റം നടത്താനായി. സംഗീതത്തിന് അകമ്പടിയായിട്ടാണ് ഇടയ്ക്ക വാദനം. അരങ്ങേറ്റത്തിന് ഇവർക്ക് വേണ്ടി പാടിയത് ഉഷ പുത്തൂരും ശ്രീജ കല്ലൂരും യമുന തെക്കുമ്പാടുമാണ്. അരങ്ങേറ്റം  ഒരു പുതിയ അനുഭവമായിരുന്നു. ഒരു പൊതുവേദിയിലെ നിറഞ്ഞ സദസ്സിനെ ചങ്കിടിപ്പോടെയാണ് നേരിട്ടത്. കേരളസംഗീത അക്കാദമി ചെയർമാൻ  മട്ടന്നൂർ ശങ്കരൻകുട്ടി മാരാരാണ് ഉദ്ഘാടനം ചെയ്തത്.

വെളുത്താട്ട് കൃഷ്ണേട്ടൻ ഇവർക്ക് ഒരു ഇടയ്ക്ക സമ്മാനമായി നൽകി. അരങ്ങേറ്റത്തിന് ശേഷവും പരിശീലനം തുടരുന്നുണ്ട്. സ്റ്റേജ് പരിപാടികൾ ലഭിയ്ക്കുമ്പോൾ ഇവർക്കായി എല്ലാ സാഹായങ്ങളും ചെയ്തു കൊടുത്തു കൊണ്ട് മട്ടന്നൂർ ശ്രീകാന്ത് കൂടെ ഉണ്ട്.  ധാരാളം വേദികൾ കിട്ടിതുടങ്ങിയപ്പോൾ ഉഷ പുത്തൂരിനും ശ്രീജ കല്ലൂരിനും ഇവരോടൊപ്പം പല സ്ഥലങ്ങളിലും പോയി പാട്ടുപാടാൻ  ചില സമയങ്ങളിൽ അസൗകര്യമായിരുന്നു. ഇല്ലത്തു നിന്നും രാത്രി വിട്ടു നിൽക്കാൻ പറ്റാത്ത അവസ്ഥ. പാട്ടുപാടാനായി ഇപ്പോൾ ആര്യശ്രീ പാവേരിയും ദേവി മുല്ലപ്പള്ളിയും ഇവരോടൊപ്പം ഉണ്ട്. ടിവി ചാനലിലും പത്രത്തിലും യൂട്യൂബിലും എല്ലാം ഇവരുടെ പരിപാടികളെ കുറിച്ചുള്ള വാർത്തകൾ വന്നു.  ട്രൂപ്പിന് ഒരു പേരുമിട്ടു ‘പവിത്രനാദം.’

താനാളൂർ പഞ്ചായത്ത് കഴിഞ്ഞ മാർച്ച്  എട്ടിന്  വനിതാദിനത്തിൽ നടത്തിയ പരിപാടിയിൽ ഇവരെ ആദരിച്ചു ഇടയ്ക്കധ്വനിയോടെ  ആയിരുന്നു ആ പരിപാടിയുടെ ഉദ്ഘാടനം  വേദിക്ക് അനുസരിച്ച് ഇവർ പാട്ടിന്റെ സ്വഭാവവും മാറ്റാറുണ്ട്  അമ്പലങ്ങളിൽ ഭക്തിഗാനങ്ങൾ ആണെങ്കിൽ പൊതുവേദികളിൽ നാടൻ പാട്ടുകളും കേരള ഗാനങ്ങളും ആലപിക്കുന്നു. ഏതു പാട്ടിനൊപ്പവും ഇപ്പോൾ ഇവർക്ക് ഇടയ്ക്ക വായിയ്ക്കാനുള്ള പരിചയം ലഭിച്ചു കഴിഞ്ഞു.

**അരങ്ങേറ്റം  ഒരു പുതിയ അനുഭവമായിരുന്നു. ഒരു പൊതുവേദിയിലെ നിറഞ്ഞ സദസ്സിനെ ചങ്കിടിപ്പോടെയാണ് നേരിട്ടത്. കേരളസംഗീത അക്കാദമി ചെയർമാൻ  മട്ടന്നൂർ ശങ്കരൻകുട്ടി മാരാരാണ് ഉദ്ഘാടനം ചെയ്തത്.**

**അരങ്ങേറ്റത്തിന് ശേഷവും പരിശീലനം തുടരുന്നുണ്ട്. സ്റ്റേജ് പരിപാടികൾ ലഭിയ്ക്കുമ്പോൾ ഇവർക്കായി എല്ലാ സാഹായങ്ങളും ചെയ്തു കൊടുത്തു കൊണ്ട് മട്ടന്നൂർ ശ്രീകാന്ത് കൂടെ ഉണ്ട്.**

ശ്രീജ പട്ടലൂർ, ഉമ. യൂണിറ്റി വിമെൻസ് കോളേജ് റോഡ്, പി.ഒ
നറുകര, മഞ്ചേരി, മലപ്പുറം ജില്ല,പിൻ:676122 മൊബൈൽ:9946188670
സരസ്വതി നമ്പൂതിരി, വഞ്ചേരി മന, പി. ഒ തെക്കുമ്പാട്,
തിരൂർ 5, മലപ്പുറം ജില്ല, മൊബൈൽ:9961639338

**ശങ്കരാചാര്യർക്ക് ശേഷം നമ്പൂതിരിമാരുടെ ശ്രേയസ്സിനുവേണ്ടി ഇത്ര ഉഷ്ണിച്ച് അദ്ധ്വാനിച്ച ഒരു വ്യക്തി കുറൂർ ദാമോദരൻ ഉണ്ണിനമ്പൂതിരിപ്പാട് മാത്രമേ ഉണ്ടായിട്ടുള്ളു എന്ന് അച്ഛൻ വിലയിരുത്തിയിരുന്നു. ഉണ്ണിനമ്പൂതിരിപ്പാടിന് അച്ഛനേക്കാൾ 13 വയസ്സു കൂടും, ഇ.എം.എസിന് അച്ഛനേക്കാൾ 13 വയസ്സ് കുറയുകയും ചെയ്യും. ഇവരുടെ കാലഘട്ടത്തിൽ അരങ്ങേറിയ സാമൂഹ്യവിപ്ലവത്തിന് ഒരു ലക്ഷ്യമുണ്ടായിരുന്നു, ജന്മിത്വം കൊണ്ടു പ്രബലമായ ജാതിവ്യവസ്ഥയുടെ തട്ടുകൾ തകർത്ത് ആർക്കും കീഴായ്മയോ മേലായ്മയോ ഇല്ലാത്ത മനുഷ്യത്വത്തെ കേരളീയ ജനത സ്വാംശീകരിക്കാൻ.**

# പരശുരാമകേരളം സ്ഥാപിച്ചുകളയാം എന്ന വ്യാമോഹമൊന്നും ഇന്നത്തെ നമ്പൂതിരിക്കില്ല

പുതിയ നമ്പൂതിരിക്ക് വഴികാട്ടിയായത് കുറൂർ ദാമോദരൻ ഉണ്ണിനമ്പൂതിരിപ്പാടാണ്. തൃശൂർ യോഗക്ഷേമസഭ സംഘടിപ്പിച്ച കുറൂർ ഉണ്ണി നമ്പൂതിരിപ്പാട് അനുസ്മരണ വേദിയിൽ വി.ടി ഭട്ടതിരിപ്പാടിന്റെ മകൻ വി ടി വാസുദേവൻ നടത്തിയ പ്രഭാഷണം

**വി ടി വാസുദേവൻ**



ഞായറാഴ്ച ഉച്ച ഉറക്കം കുന്തം ആകുമ്പോഴും നമുക്ക് മുഷിയില്ല. കാരണം യോഗക്ഷേമം ആഗ്രഹിക്കുന്ന ഒരു കുടുംബസദസ്സ്. ആ കുടുംബസദസ്സിൽ അഡ്വ.ജയശങ്കറെ കേട്ട് കൊണ്ടിരിക്കുമ്പോൾ ഞാൻ ഓർക്കുന്നത് എന്റെ നാട്ടുമ്പുറത്തെ ഒരാളെയാണ്. താൻ കുളിക്കുന്നതിന് മുമ്പ് കടവും പരിസരവും വൃത്തിയാക്കുന്ന ഒരാൾ ഞങ്ങളുടെ നാട്ടുമ്പുറത്ത് ഉണ്ടായിരുന്നു. നൂറിലേറെ ആളുകൾ കുളിക്കുന്ന ഒരു അമ്പലകുളം. ആ കടവ് വൃത്തികേടായിട്ട് കിടക്കുമ്പോൾ മറ്റുള്ളവര് കുളിക്കാൻ വരുമ്പോൾ പറയും. ഓ ശങ്കുണ്ണി നായര് ഇന്ന് കുളിക്കാൻ വന്നിട്ടുണ്ടാവില്ല. പൊതുശുദ്ധീകരണം അത് പൗരബോധമാണ് എന്ന് ബോധ്യപ്പെടുത്താനോ പ്രതിഫലമാഗ്രഹിക്കാനോ അല്ല. നമ്മൾ ഒരു നന്ദി പറയുന്നതോ ഒന്ന് ചിരിക്കുന്നതോ പോലും അദ്ദേഹത്തിന് ഇഷ്ടമല്ല. അദ്ദേഹം അത് കണ്ടു എന്ന് നടിക്കില്ല. അതാണ് അദ്ദേഹത്തിന്റെ ജീവിതശീലം. സത്യത്തെയും, അസത്യത്തെയും അതിന്റെ സകല ഭാവങ്ങളിലും വേർതിരിച്ച് അറിയുന്ന ആളാണ് ജ്ഞാനി. സത്യം പറയേണ്ടി വരും പ്രതികൂല പരിതസ്ഥിതിയിലും. പ്രതികൂല സാഹചര്യത്തിലാണ് സത്യം വിളിച്ചു പറയേണ്ടത്. അപ്രിയമായതും പറയേണ്ടി വരും. ജയശങ്കറും മറ്റുള്ളവരും ഉള്ളത് കൊണ്ടാണ് ഒരു ബാലൻസിങ് ഈ സമൂഹത്തിൽ ഉണ്ടാകുന്നത് എന്ന് എനിക്ക് തോന്നുന്നു. അങ്ങനെ ഉള്ള ഒരാളെ തന്നെ ഈ സദസ്സിൽ അതിഥി ആയി കിട്ടി എന്നുള്ളതിൽ നമുക്ക് സന്തോഷമുണ്ട്. നമ്മൾ അദ്ദേഹത്തെ ഏത് സമയത്തും കേട്ട് കൊണ്ടിരിക്കുന്നുമുണ്ട്. "പാശ്ചാത്യപരിഷ്കാരപാരാവാര പരമ്പരാപരിരീതികളിൽ പര്യടനം ചെയ്യുന്ന പച്ചപരിഷ്കാരികളെ, നീചാംഭാഷാം നാഭ്യസൻ" പശ്ചിമൻ രാമൻ നമ്പൂതിരിയുടെ വാചകങ്ങളാണ്. എന്ന കൊടുംപഴമ ഭർത്സിച്ചപ്പോൾ കൂർപ്പിച്ച ശൈലിയിൽ കുറൂർ ഉണ്ണിനമ്പൂതിരിപ്പാട് പറഞ്ഞു. "ഉണ്ണിനമ്പൂതിരിമാർക്ക് ഉത്സാഹമില്ലാത്തതിനാൽ ആംഗലേയ വിദ്യാഭ്യാസ പദ്ധതിയെപറ്റിയൊന്നും തൽക്കാലം ആലോചിക്കുന്നില്ല. നവീന വിദ്യാഭ്യാസം നേടണമെന്നെ ഞാൻ പറഞ്ഞുള്ളു" വെറും ഊൺ സ്ഥാപനങ്ങളായല്ല വിദ്യാഭ്യാസ ഗവേഷണ വൈഭവകേന്ദ്രങ്ങളായി ബ്രഹ്മസംരംഭങ്ങൾ മാറണമെന്നായിരുന്നു നമ്പൂതിരിപ്പാടിന്റെ ആഗ്രഹം. ആ ലഘു ആചാരപരിഷ്കാരം മുതൽ ജന്മി കുടിയാൻ ബന്ധമായാലും ഭാഗകാര്യമായാലും ആധുനിക കൃഷിരീതി ആയാലും നമ്പൂതിരിപ്പാട് കാർഷിക പ്രതിഭയാകുന്ന സമീപനമാണ് സ്വീകരിച്ചത്. അദ്ദേഹം തൊട്ടതൊക്കെ സർഗ്ഗാത്മകമായിരുന്നു. ആ പ്രവർത്തനങ്ങൾ ഒരർത്ഥത്തിൽ വൈദികമേധാവിത്വത്തോടുള്ള സമരത്തുടക്കവുമായിരുന്നു. പുതിയകാലത്ത് ജീവിക്കുമ്പോൾ ആ പുതുമയ്ക്ക പിന്നിൽ പ്രവർത്തിച്ചവരെ അനുസ്മരിക്കുന്നത് ആവേശകരമാണ്, വിജ്ഞാനപ്രദവുമാണ്. ആ പുതുമകൾ ഒരിക്കലും മായുന്നില്ല. പോയ മധുവിധു കാലത്തിനേക്കാളും ഇന്ന്

പ്രിയമുണ്ടെനിക്കു നിന്നോടെടോ എന്ന വർത്തമാനകാല മൂല്യവികാരത്തിന്റെ മധുരമാണ് ഞാൻ അനുഭവിക്കുന്നത്. അസാധാരണനായ ഒരാളുടെ സാധാരണ മകനാണ് ഞാൻ. വേദമന്ത്രങ്ങളൊന്നും ഉരുക്കഴിക്കാതെ അച്ഛന്റെ




കുറൂർ ഉണ്ണി നമ്പൂതിരിപ്പാട്

വിരൽത്തുമ്പിൽ ലോകം കണ്ടു തുടങ്ങിയ മകൻ. തിളച്ചു മറിഞ്ഞ സാമൂഹ്യ വിപ്ലവങ്ങൾ നടന്ന ആ കാലത്തൊന്നും ഞാൻ ജനിച്ചിട്ടില്ല, എങ്കിലും ആ പ്രവർത്തനങ്ങളുടെ സൗഭാഗ്യമനുഭവിക്കുന്നവർ ഉള്ള ഈ വേദിയിൽ ഇങ്ങനെ സംസാരിക്കാനുള്ള അർഹത അതു മാത്രമേ ഉള്ളു, ഇങ്ങനെയൊരു തിരിഞ്ഞു നോട്ടത്തിനു മുതിർന്ന ജില്ലാകമ്മറ്റിയുടെ സാഹസം കൗതുകകരം തന്നെ. പൂർവ്വമഹിമകളെ വാഴ്ത്തിയും ദിവാസ്വപ്നം കണ്ടും ജീവിച്ചാൽ പോരാ ഉൽക്കർഷേച്ഛയും പൗരുഷവുമായ പ്രവൃത്തിയാണ് നിലനില്പിന്റെ മാർഗ്ഗമെന്ന് ഒരു നൂറ്റാണ്ടിന് മുമ്പ് യുവജനങ്ങളെ ഉദ്ബോധിപ്പിച്ച ദീർഘദർശിയാണ് കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്. പൗരുഷേന പ്രയത്നേന ദുർലഭം .......എന്ന് നവോത്ഥാന കേരളത്തിന് അദ്ദേഹം പകർന്ന സന്ദേശം കാലാതീതമാണ്. ഉണ്ണിനമ്പൂതിരിപ്പാടിൽ നിന്ന് പ്രചോദനം കൊണ്ട അച്ഛനും സഹപ്രവർത്തകരായ പിൻമുറക്കാരും കൂട്ടിച്ചേർത്തത് ചിന്തിക്കുന്ന വനിതകളും സമുദായത്തിന് ആവശ്യമായിരുന്നു എന്നായിരുന്നു.

അധിവേദനത്തിനെതിരായിരുന്നു കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്. സ്നേഹമസൃണവും ജ്ഞാനോജ്ജ്വലവുമായ ആ പെരുമാറ്റങ്ങളുടെ ഗുണഫലം അനുഭവിച്ചവരാണ് ഈ വേദിയിലും സദസ്സിലും ഇരിക്കുന്ന പലരും. ഓരോരുത്തരും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. പക്ഷേ രണ്ട് നൂറ്റാണ്ടിലൂടെ നാല് തലമുറ പിന്നിട്ട് നവതി എന്ന ഊർജ്ജസ്വലത പരിയാനംപറ്റ നാരായണൻ തുടങ്ങിയ മക്കൾക്കും

വി ടി ഭട്ടതിരിപ്പാട്
നവോത്ഥാന നായകൻ




പകർന്ന പരിയാനംപറ്റ വാസുദേവൻ നമ്പൂതിരിപ്പാട്. ഇവിടുന്ന് അഞ്ചാമത്തെ വരിയിലിരിക്കുന്നുണ്ടദ്ദേഹം. അച്ഛനെ പ്രകോപിപ്പിച്ച പാപ്പു ഓപ്പോൾ എന്ന പാർവ്വതി അന്തർജനത്തിന്റെ പ്രിയ പുത്രൻ. ആറാം വേളിയായിട്ടാണ് അച്ഛൻ പരിയാനംപറ്റ രാമൻ നമ്പൂതിരിപ്പാട് അമ്മയെ വിട്ടത്. ആറ് ഭാര്യമാരിലായി ജനിച്ച 13 മക്കളിൽക്കനിഷ്ഠൻ. ആഢ്യനെങ്കിലും ഓത്തനോ വൈദികനോ ആയില്ല. നമ്പൂതിരിമാരിൽ ഡ്രൈവർ ജോലി സ്വീകരിച്ച ആദ്യ തലമുറയുടെ പ്രതിനിധി നാരായണൻ രണ്ട് ദിവസം മുമ്പ് എന്നോട് പറഞ്ഞു. ഓപ്പോളും വണ്ടി ഓടിച്ചു വന്നു എന്ന്. പഴയ കമ്മ്യൂണിസ്റ്റ് കുടുംബത്തിലെ അംഗവും ഇപ്പോൾ കുട്ടനെല്ലൂരിൽ താമസിക്കുന്ന വാസുദേവൻ നമ്പൂതിരിപാടിനെപ്പോലെ ഒരാൾ കേരളീയ നമ്പൂതിരി സമൂഹത്തിൽ ഇനി ഉണ്ടാവില്ല. എന്റെ അച്ഛന്റെ ഓത്തുചൊല്ലലിന്റെ രണ്ടാംഘട്ടം മുതുകുറിശ്ശി കുഞ്ചുണ്ണിനമ്പൂതിരിപ്പാടിന്റെ കീഴിലായിരുന്നു. അമ്മയുടെ അമ്മാത്തു കുടിയാണ് ആ ഇല്ലം അനധ്യായ ദിവസങ്ങളിൽ സന്ധ്യാവന്ദനത്തിന് ശേഷം പെൺകിടാങ്ങളും ഉണ്ണികളും ഒത്ത് തേവാരക്കെട്ടിൽ കയ്യിൽ ഓട്ടുവളയും കാതിൽ തെച്ചിപ്പൂവൊടിഞ്ഞ മരക്കൊരടും ഭദ്രദീപത്തിന്റെ നാളം പ്രതിഫലിക്കുന്ന തുടുകവിളും ഉള്ള പാപ്പു ഓപ്പോളെ ആത്മകഥയുടെ ഗുരുകുലവാസത്തിൽ അച്ഛൻ വിവരിച്ചിട്ടുണ്ട്.

ശ്രീ പാർവ്വതീവിഗ്രഹത്തിനു മുമ്പിൽ ഇഷ്ടദേവതാ പ്രാർത്ഥനക്കിടയിലാണ് പാപ്പു ഓപ്പോൾ 12,13 വയസ്സായ താഴം രാമന് ആ കഥ പറഞ്ഞുകൊടുക്കുന്നത്. വിദ്വാനായ ഒരു വഴിപോക്കൻ വന്നു കയറി. വലിയവരാരും ഉണ്ടായിരുന്നില്ല. കുളപ്പുരയിൽ തേവാരമിരിക്കുന്ന വഴിപോക്കനോട് ഉണ്ണാറായിന്നു പറയൂ എന്ന് ആരോ ആവശ്യപ്പെട്ടു. പാപ്പുഓപ്പോളിന്റെ മുതുമുത്തപ്പൻ അന്ന് ഉണ്ണിയാണ്. ആ കുളപ്പുരയിലേക്ക് ഓടിച്ചെന്ന് അദ്ദേഹം ഉണ്ണാറായി എന്ന് പറയുകയല്ല ശ്ലോകം ഉണ്ടാക്കി ചൊല്ലുകയാണ് ഉണ്ടായത്.

*ദേവകാര്യമതീതാനി*
*സർവ്വാണിഭവതോ യദി*
*ഭോക്തുമാകമൃതാം ശീഘ്രം*
*ഭൂസുരേന്ദ്ര ശിഖാമണേ*

പതിനാല് വയസ്സേ ആയിട്ടുള്ളു. മുതുകുറിശ്ശി ഉണ്ണിനമ്പൂതിരിക്ക്. ഉള്ളൂർ സാഹിത്യ ചരിത്രത്തിൽ വിവരിച്ച മുതുകുറിശ്ശി ഉണ്ണി എന്ന ഭാസ്കരകവി പതിനാറാം വയസ്സിൽ അന്തരിച്ച പ്രതിഭാശാലി. ഋഗ്വേദം കമ്പോട് കമ്പ് പഠിച്ചിട്ടും അക്ഷരശൂന്യനാണെങ്കിലും അച്ഛന്റെ കാവ്യനിർമ്മാണവും ആ കൗതുകവും തിരിനീട്ടി. തേവാരപടയോരോന്നും അതിലംഘിച്ചുവെങ്കിലോ വന്നാലും വേഗം ഊണിനായി ബ്രാഹ്മണാൽക്കധി നായകാ..പാപ്പുഓപ്പോളിന്റെ പ്രശംസ അച്ഛനോർമ്മിച്ചിരുന്നു. തന്റെ മൂർദ്ധാവിൽ അഭിനന്ദിച്ചു തലോടിയ ചിത്രം 92 വയസ്സു കഴിഞ്ഞ വാസുദേവേട്ടനും ഓർമ്മിക്കുന്നുണ്ട്, ഗുരുകുലവാസത്തിൽ ആ ചിത്രം വായിക്കുമ്പോൾ തന്റെ അമ്മ തന്റെ മൂർദ്ധാവിൽ തലോടിയിട്ടുള്ള ചിത്രം. മുതുകുറിശ്ശിയിലെ ആ ഗൃഹസദസ്സിൽ മറ്റൊരിക്കൽ

ഒരു സൊറവട്ടം, ഒരു ഉണ്ണി പറയുകയാണ്, വലുതായാൽ തൃപ്പൂണിത്തറ കോലോത്ത് ഇരിപ്പുകാരനാവാനാണ് മോഹം. വേറൊരാൾ, എനിക്ക് കോലോത്തിരിപ്പ് ഇഷ്ടല്ല. തമ്പാട്ടിടെ കീഴിലാവും അവിടെ ചെന്നു കൂടിയാൽ. പാപ്പു ഓപ്പോൾ തേവാരത്തി നിടയിൽ ഈ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നു, ഓപ്പോൾക്ക് ശുണ്ഠി പിടിച്ചു. അതെയതെ, ഈ ചണ്ടിക ളെ കിട്ടാൻ കോലോത്തുന്നും വാരിയത്തുന്നും ഇപ്പോ ആള് വരുംന്നാ നാട്യം.നിനച്ചിരുന്നു കൊതിച്ചോളിൻ. അപ്പോ ഉണ്ണിയുടെ മറുപടി. ഓപ്പോളെ വേക്കാൻ വരുന്ന മൂസെന്നാ ചണ്ടി. ഇശ്യാമത്തെ വേളിക്ക് വരുന്ന ആ മൂസെന്നാ ചണ്ടി. ഓപ്പോൾ പറഞ്ഞു. അങ്ങനെ ആക്കി തീർത്തത് അപ്പന്മാർ തന്നാ, വലുതാവാൻ തു ടങ്ങ്യാ അവർ തെണ്ടാൻ തുടങ്ങും. സ്വതന്ത്ര മായ അഭിപ്രായമുള്ള ഓപ്പോളെ ജീവിതത്തി ന്റെ ഗതിവിഗതികളിൽ ആറാമത്തെ വേളിയായി പരിയാനംപറ്റ രാമൻ നമ്പൂതിരിപ്പാടിന് കൈമാ റുകയായിരുന്നു. സഹോദരിമാരെ കൊടുക്കാൻ, മകളെ കൊടുക്കാൻ, വാസുദേവൻ നമ്പൂതി രിപ്പാടിന്റെ അച്ഛൻ ഇത്രയും വേട്ടത്. ഏടത്തി യെ അച്ഛൻ വേളി കഴിക്കുന്നു, അനുജത്തിയെ മകനും,എ യുടെ മകളെ ബി, ബി യുടെ മകളെ എ, ഒഴികഥകൾ എന്നേ ഇന്ന് പറയൂ. എന്റെ മുത്തച്ഛൻ നാല് വേളി കഴിച്ചിട്ടുണ്ട്, വല്യച്ഛൻ മൂന്ന് വിവാഹവും. പണം ആവശ്യമാവുമ്പോൾ വേളി കഴിക്കയാണ് എന്ന് എന്റെ കുടുംബത്തി ലുള്ളവർ പോലും ഇത് വിശ്വസിക്കുമോ, മേഴ ത്തൂരിൽ ഞങ്ങളുടെ മകളുടെ വീട്ടിൽ ടൈൽ സ് വിരിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന ഒരു രാജസ്ഥാനി യുവാവ് അവിടെ തൊഴിലാളികൾ ക്ക് ആയിട്ട് കരുതിയിട്ടുള്ള ഭക്ഷണം അതിൽ പങ്ക് ചേർന്നില്ല. അന്വേഷിച്ചപ്പോഴാണ് അയാൾ പറഞ്ഞത്. ഞങ്ങൾ പൂജാരികളായ ബ്രാഹ്മണ സമുദായത്തിൽപ്പെട്ടവരാണ്. സ്വന്തം ഭക്ഷണമേ കഴിക്കൂ. മൂ ന്നാംക്ലാസിൽ പഠിപ്പ് നിർത്തിയ സഹോദരിയെ വിവാഹം കഴി പ്പിക്കാൻ പണം സ്വരൂപിക്കാ നാണ് കേരളത്തിൽ പണിക്ക് വേണ്ടി അദ്ദേഹം എത്തിയത്. അവിടെ ഗ്രാമത്തിൽ ഭൂമിയും വിദ്യാലയങ്ങളും മറ്റ് വിഭാഗ ക്കാരുടെ കയ്യിലാണ്. അവിടെ ബ്രാഹ്മണരെ പണിക്ക് കയറ്റില്ല. പഠിക്കാൻ സൗകര്യങ്ങളില്ല. യാചിച്ചു നടക്കുന്നവരി



പരിയാനംപറ്റ വാസുദേവൻ
നമ്പൂതിരിപ്പാട്.




പാപ്പു ഓപ്പോൾ
ആറാം വേളിയിലെ നായിക

ലും ബ്രാഹ്മണരാണ് കൂടുതലെന്ന് അയാൾ പറഞ്ഞു. അവശതയനുഭവിച്ചവരാണ് തങ്ങൾ എന്ന വിചാരമേ ഇന്ന് കേരളത്തിലും നമ്പൂതി രിസമുദായത്തിലും അത്ര കാണുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ഇവിടെ നടന്ന സാമൂഹ്യ പരിഷ്കരണം അത്രയും സ്വാഭാവികമായിരു ന്നു എന്നാണ്, നവീനവിദ്യാഭ്യാസത്തിലൂടെ സ്വാശ്രയ കുടുംബജീവിതത്തിലൂടെ മുന്നേറാൻ ഇത്രവേഗത്തിൽ ഇവിടുത്തെ ആണിനും പെ ണ്ണിനും സാധിച്ചത് അന്നത്തെ ആ പ്രവർത്തന ങ്ങളുടെ ഫലമാണ്.

ഇഷ്ടപ്പെട്ട ജോലിയും വിവാഹസ്വാതന്ത്ര്യ വും നേടിയെടുത്ത് പശ്ചിമഘട്ടങ്ങളിൽ കയ റിയും കടന്നും കടലുകൾക്കകലേ ചെന്നും ഉന്നതജീവിതം പുലർത്താൻ സാധിച്ച പുതിയ തലമുറ. ആണാളേക്കാൾ അധികം പെണ്ണാളും നമ്മുടെ സമുദായത്തിൽ ഇന്നും ഏറെയുണ്ട്. മണ്ണിന്റെയും വിണ്ണിന്റേയും അധിപസ്ഥാനത്ത് നിന്ന് ഭൂപരിഷ്കാരനിയമങ്ങൾ ഇറക്കിനിർ ത്തിയപ്പോഴും തളക്കാതെ സ്വാശ്രയപാതയിൽ ചുമട്ടു തൊഴിലാളിയാവാൻ പോലും പുതിയ നമ്പൂതിരിക്ക് വഴികാട്ടിയായത് കുറൂർ ദാമോ ദരൻ ഉണ്ണിനമ്പൂതിരിപ്പാടാണ്. ഉള്ള കാശ് മുഴുവൻ ഭൂമി വാങ്ങാൻ ചെലവാക്കി, ഇനിയെ ന്താ ചെയ്യാ രാമപ്പൻ എന്ന് ശിഷ്യൻ പൂമുള്ളി രാമൻനമ്പൂതിരിപ്പാടിനോട് ചെമ്പൈവൈദ്യ നാഥ ഭാഗവതർ ആവലാതിപ്പെടുന്നത് നേരിൽ ഞാൻ കേട്ടിട്ടുണ്ട്, ആഢ്യത്വത്തിന്റെ മട്ടുപ്പാ വിൽ നിന്നിറങ്ങി വന്ന് കൃഷിഭൂമിയിൽ വിത്തി റക്കാനും ആധുനികമായ വ്യവസായങ്ങൾ തുടങ്ങുന്നതിനും നേതൃത്വം നൽകാനും മുന്നേ നടന്നത് ഉണ്ണിനമ്പൂതിരിപ്പാടാണ്.


ഒരു നൂറ്റാണ്ടിന് മുമ്പ്, അഞ്ഞൂറ് തെങ്ങ് വെ ച്ചു. 5 കൊല്ലം കഴിഞ്ഞാൽ ഇളനീർ കിട്ടുമെന്ന് സമപ്രായക്കാരനായ വടക്കുംമ്പാട് അച്ഛനോട് പറഞ്ഞത് വടക്കുംമ്പാട് നാരായണൻ മാസ്റ്റർ ഓർമ്മിച്ചിരുന്നു. ചക്രം ചവിട്ടുന്നതിനു പകരം കോൾ നിലത്ത് യന്ത്രം വെച്ച് വെള്ളം വറ്റി ക്കാൻ തുടങ്ങിയത് നമ്പൂതിരിപ്പാടാണ് എന്ന് കേട്ടിട്ടുണ്ട്, നമ്പൂതിരിപ്പാട് 36 ാം വയസ്സിൽ അന്തരിച്ചപ്പോൾ നമ്പൂതിരിമാരിൽ പുരുഷനെ ന്ന് പറയാവുന്ന ഒരേ ഒരാൾ ഈ യുവാവാണ് കൊച്ചിയുടെ വീരപുത്രൻ എന്ന് കൊച്ചിരാജാ വിനെ കൊണ്ട് പ്രശംസിപ്പിച്ച അജാതശത്രു. ദേശമംഗലം മനയുമായി സ്നേഹബഹുമാന ങ്ങൾ നിലനിർത്തിയിരുന്നു. അപ്രകാരം അരി ക്കച്ചവടവും നൂൽക്കമ്പനിയും ഓട്ടുകമ്പനിയും ഗ്ലാസ് ഫാക്ടറിയും തുടങ്ങാൻ ധനികഗൃഹ ങ്ങൾ മുന്നോട്ട് വന്നു. യോഗക്ഷേമസഭ, പത്രം, മംഗളോദയം കമ്പനി, ബാങ്ക്, എടക്കുന്നിയി ല്ലം, പെരിങ്ങോട്ടുകരയിലും മറ്റുള്ള നമ്പൂതി

രിവിദ്യാലയങ്ങൾ, ബ്രഹ്മസമാജം വിദ്യാർത്ഥി സംഗമം,ലൈബ്രറി മുതൽ സീതാറാം കമ്പനി വരെ തൃശൂരിന്റെ സാമൂഹിക സാംസ്കാരിക മാറ്റങ്ങളിൽ അദ്ദേഹത്തിന്റെ വിരൽപ്പാടുണ്ടായിരുന്നു, ഒരിക്കൽ അച്ഛന്റെ വലിയ താവളം തൃശൂർ ആണ്. ഞാൻ കുട്ടിയായിരിക്കുമ്പോൾ അച്ഛന്റെ കൂടെ തൃശ്ശൂർ വന്നപ്പോ പഥൻസ് ഹോട്ടലിലേക്ക് ഉണ്ണാൻ പോയി, അപ്പോ അവിടെ താഴെ കൗണ്ടറിനടുത്ത് വൃദ്ധനായ പത്മനാഭൻ എമ്പ്രാന്തിരി ഒരു കസേരയിൽ കിടന്നിരുന്നു. അച്ഛനെ കണ്ടപ്പോൾ ആ എമ്പ്രാന്തിരി എഴുന്നേറ്റു, എന്നിട്ട് കൗണ്ടറിൽ ഏല്പിച്ചു. വി.ടി.യിൽ നിന്ന് പണം വാങ്ങണ്ട എന്ന്, അന്ന് ആ ഹോട്ടൽ തുടങ്ങുവാൻ 50 ഉറുപ്പിക അച്ഛൻ കൊടുത്തിരുന്നു പോലും. സമുദായത്തിന്റെ അത്യുന്നതിക്കായി തൃശ്ശൂരിൽ ദേശമംഗലം നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ മംഗളോദയം അച്ചുകൂടം ആരംഭിച്ചതോടെ സമുദായം ആവേശഭരിതമായി. നമ്പൂതിരിപ്പാടിന്റെ ഉത്സാഹത്തിൽ തുടങ്ങിയ ആ കമ്പനിയിലൂടെയാണ് യോഗക്ഷേമം, പാശുപതം കുറൂർ ഉണ്ണി നമ്പൂതിരിപ്പാടിന്റെ സ്മാരകമായി ആരംഭിച്ച 'ഉണ്ണിനമ്പൂതിരി' തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ പുറത്ത് വന്നത്. സാമുദായികവും സാഹിതിയവുമായ ഈ ഉണർവ്വിന്റെ നിമിത്തം കുറൂർ ഉണ്ണി നമ്പൂതിരിപ്പാടാണ്.



ഇ എം എസ്: നമ്പൂതിരിപ്പാട്
വിപ്ളവത്തിലെ സാരഥി

ഗദ്യപദ്യോപയ രചനയിൽ രണ്ടും ഒരുപോലെ അതിൽ അസാധാരണ വാസനാശാലിയായ സാഹിത്യകാരനും അതേസമയം ഉജ്ജ്വലനായ വാഗ്മിയുമായിരുന്നു. വാഗ്മിത്വത്തിൽ വാഗ്ഭടാനന്ദനെ തോൽപ്പിക്കുന്ന വാഗ്മിത ഒരുപക്ഷേ അതിനേക്കാൾ നമ്പൂതിരിപ്പാടിനുണ്ടായിരുന്നു. പക്ഷേ പ്രസിദ്ധി കിട്ടിയില്ല. വൈദികന്റേയും ദിവാന്റേയും മാത്രമല്ല, ബാലഗംഗാധരതിലകൻ, ഗോഖലെ തുടങ്ങിയ ദേശീയ നേതാക്കളുടേയും മുമ്പിൽ അഭിലാഷങ്ങളും അഭിപ്രായങ്ങളും താർക്കികപ്രതിഭയുടെ കരുത്തോടെ അവതരിപ്പിച്ചു. ഉണ്ണിനമ്പൂതിരിപ്പാടിനെ ന്യായം പഠിപ്പിച്ച വടക്കേപ്പാട്ട് വാസുദേവൻ നമ്പൂതിരിക്ക് ശിഷ്യനെ ദിനകരം പഠിപ്പിച്ച് മതിയായില്ല എന്ന് സങ്കടപ്പെട്ടിരുന്നു ആ പ്രതിഭ കണ്ടിട്ട്. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിപ്പാട് ഉണ്ണിനമ്പൂതിരിപ്പാടിന്റെ സതീർത്ഥ്യനായിരുന്നു. സൂറത്തുകാരനായ



മംഗളോദയം:പുരോഗമന
ആശങ്ങളുടെ അച്ചുകൂടം

പരശുരാമൻ കടലിൽ മഴുവെറിഞ്ഞ് വീണ്ടെടുത്തു എന്ന ഐതിഹ്യപ്രഭാവത്തിൽ ആ മഴുവെടുത്ത് പതാകയിൽ പ്രതിഷ്ഠിച്ച യോഗക്ഷേമസഭയുടെ യോഗങ്ങൾ തുടങ്ങുന്നത് പരശുരാമപ്രാർത്ഥനയിലൂടെയായിരുന്നു. പുല്ലും ചമതയുമുപയോഗിച്ച് പരശുരാമകേരളം സ്ഥാപിച്ചുകളയാമെന്ന വ്യാമോഹമൊന്നും ഇന്നത്തെ നമ്പൂതിരിക്കില്ല. ദേവസ്വസമിതികളിൽ അംഗത്വം, അധികാരം നീട്ടുന്ന പദവികൾ, ഇതിലൊക്കെ സഭാനേതാക്കൾക്ക് കമ്പമുണ്ടാവാം,. അഞ്ചോ പത്തോ നൂറ്റാണ്ടുകൾക്ക് മുന്നിലത്തെയും ഇന്നത്തെയും ആചാരങ്ങൾ ഒന്നല്ല. ഏതൊരാചാരവും ബഹിഷ്കരിക്കേണ്ടിവരുമെന്ന് കുറൂരിൽ നിന്ന് തുടങ്ങിയ നേതാക്കൾ ചൂണ്ടിക്കാട്ടിയത് സ്വപ്രവർത്തനങ്ങളുടെ സത്ഫലങ്ങൾ കാണാൻ നിക്കാതെ കുതിച്ചസ്തമിച്ച ആ ശുഭ്രനക്ഷത്രം ചൊരിഞ്ഞ പ്രകാശത്തിലൂടെയാണ് നവോത്ഥാനകേരളം കഴിഞ്ഞ നൂറ്റാണ്ടിൽ  എഴുന്നേറ്റ് നടന്നത്. സാമൂഹ്യപരിഷ്കർത്താക്കളെ കുറിച്ച് ജയശങ്കർ പറഞ്ഞു.

ചട്ടമ്പിസ്വാമികൾ 1858 മുതൽ 1924 വരെ, നാരായണഗുരു 1856 മുതൽക്ക് 1928 വരെ, അയ്യങ്കാളി 1868 മുതൽ 1941 വരെ കെ.പി.കറുപ്പൻ 1858 മുതൽ 1936 വരെ തുടങ്ങിയ പരിഷ്കർത്താക്കൾക്ക് സമകാലീനനായിരുന്നു നമ്പൂതിരിപ്പാട്. 1883 മുതൽക്ക്  1919 വരെ. പക്ഷേ മറ്റുള്ളവർക്ക് അവരുടെ സമുദായത്തിൽ നിന്ന് എതിർപ്പ് നേരിടേണ്ടിവന്നിട്ടില്ല. അതിനാൽ അവരെ കൊണ്ടാടാൻ ആളുണ്ടായിരുന്നു. ബംഗാളിൽ കേശവചന്ദ്രസെന്നും ഈശ്വരചന്ദ്ര വിദ്യാ സാഗറും മഹാരാഷ്ട്രയിൽ വിഷ്ണുശാസ്ത്രീയരും ഗോവിന്ദറാണഡെയും നിർവ്വഹിച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ തന്നെയാണ് ഉണ്ണിനമ്പൂതിരിപ്പാടും ശ്രമിച്ചത്. പക്ഷേ നമ്പൂതിരിപ്പാടിനെയും പിൻമുറക്കാരെയും ഓർമ്മിച്ച് അടയാളപ്പെടുത്താൻ യോഗക്ഷേമം തുടങ്ങിയ സംഘടനകളോ ആ സത്ഫലങ്ങൾ അനുഭവിച്ചവർ പോലുമോ മുന്നോട്ട് വന്നില്ല കുറേക്കാലം എന്നും നാമോർമിക്കേണ്ടതുണ്ട്. നമ്പൂതിരിമാരുടെ ശ്രേയസ്സിനുവേണ്ടി ഇത്ര ഉഴ്ണിച്ച് അദ്ധ്വാനിച്ച ഒരു വ്യക്തി ശ്രീശങ്കരാചാര്യർക്ക് ശേഷം കുറൂർ ദാമോദരൻ ഉണ്ണിനമ്പൂതിരിപ്പാട് മാത്രമേ ഉണ്ടായിട്ടുള്ളു.

അക്കാലത്ത് സമുദായത്തെ ബാധിച്ച മാലിന്യങ്ങളെ നേരത്തെ പറഞ്ഞ ശങ്കുണ്ണിവാരരെ പോലെ ആ മാലിന്യങ്ങളെ നിശിതമായി നിരൂപണം ചെയ്ത നേതാവ് അദ്ദേഹം മാത്രമായിരുന്നു  എന്ന് അച്ഛൻ കുറൂരിനെ വിലയിരുത്തിയിരുന്നു. ഉണ്ണിനമ്പൂതിരിപ്പാടിന് അച്ഛനേക്കാൾ 13 വയസ്സു കൂടും, ഇ.എം.എസിന് അച്ഛനേക്കാൾ

13 വയസ്സ് കുറയുകയും ചെയ്യും. ഈ മൂവരുടെ കാലവ്യത്യാസം പോലും പലരും വിസ്മരിച്ചിരിക്കുന്നു. ഇവരുടെ കാലഘട്ടത്തിൽ അരങ്ങേറിയ സാമൂഹ്യവിപ്ലവത്തിന് ഒരു




ലക്ഷ്യമുണ്ടായിരുന്നു, ജന്മിത്വം കൊണ്ടും വൈദികത്വം കൊണ്ടും പ്രബലമായ ജാതിവ്യവസ്ഥയുടെ തട്ടുകൾ തകർത്ത് ആർക്കും കീഴായ്മയോ മേലായ്മയോ ഇല്ലാത്ത മനുഷ്യത്വത്തിന് കേരളീയ ജനതയെ സ്വാംശീകരിക്കൽ. സ്ത്രീയുടെ ചെവിട്ടിൽ സ്വകാര്യം പറയാൻ അവളെ സ്നേഹിക്കുന്ന പുരുഷനാണ് എത്തേണ്ടത്. സ്നേഹശീലയാണ് സ്ത്രീ. എന്നാൽ സ്നേഹിക്കപ്പെടുക എന്ന സൗഭാഗ്യം സ്ത്രീ അറിഞ്ഞില്ല. ആ ദൗത്യം ഏറ്റെടുത്തത് അച്ഛൻ, എം.ആർ.ബി, പ്രേംജി, മുത്തിരിങ്ങോട് തുടങ്ങി ഏറെ പേരുള്ള പിന്മുറക്കാരാണ്. മനുഷ്യ പ്രകൃതിയെ നിർദ്ദയം മർദ്ദിക്കുന്ന ആചാരങ്ങൾ എത്രതന്നെ പുരാതനവും പരിപാവനവുമായാലും അത് ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ അബലകളായ അന്തർജനങ്ങൾ പൊട്ടിച്ചെറിഞ്ഞ് പുറത്ത് ചാടി സ്വാതന്ത്ര്യം നേടാതിരിക്കില്ലെന്ന് അച്ഛൻ ആവർത്തിച്ചു കൊണ്ടിരുന്നു. പാർവ്വതി നെന്മിനി മംഗലം, ആര്യാപള്ളം, ............തുടങ്ങി അന്തർജനസമാജങ്ങളിൽ നിന്നുയർന്നുവന്ന പടനായിക മാരെ ഇന്ന് ഇവിടുത്തെ വനിതാദിനത്തിൽ അനുസ്മരിച്ചു കണ്ടപ്പോൾ ഞാൻ വളരെ സന്തുഷ്ടനായി. സമുദായ നവീകരണത്തിന്റെ വരും കാലകൊയ്ത്തിന് കഴിഞ്ഞ നൂറ്റാണ്ടിൽ ഞാറിട്ടത് ഉണ്ണി നമ്പൂതിരിപ്പാടും പിൻമുറക്കാരുമാണ്.

എം ആർ ബി ആദ്യ വിധവാ വിവാഹത്തിലെ നായകൻ

മുത്തിരിങ്ങോട് അപ്ഫന്റെ മകളുടെ കർത്താവ്

കവി ആറ്റൂരും ചിന്തകൻ എം.ഗോവിന്ദനും ഇന്ന് നമ്മുടെ കൂടെയില്ല. ആറ്റൂർ, മടങ്ങർളി കൃഷ്ണൻ നമ്പൂതിരിയുടെ മകൻ. മാഞ്ചയത്ത് ഗോവിന്ദനോ, കോതയത്ത് നമ്പൂതിരിയുടെ മകനും, എം.ഗോവിന്ദൻ ജനിച്ചു വളർന്നത്



നിളാതീരത്ത് തവനൂർ പൂരട എന്ന കുഗ്രാമത്തിലാണ്. ഇന്ദുലേഖയും കുറിയേടത്ത് താത്രിയും നമ്പൂതിരിമാരെ അപമാനിക്കാൻ കെട്ടിച്ചമച്ചതെന്ന് വ്യാഖ്യാനിക്കുന്നവർ ഗോവിന്ദന്റെ ചില അനുഭവ കഥകൾ കൂടി കേൾക്കണം. ഗോവിന്ദന് അച്ഛന്റെ ഇല്ലത്ത് പോയി പാർക്കുവാൻ ഇഷ്ടമല്ല. അവിടെ താൻ അന്യനാണ്. പക്ഷേ അവിടെ ചെല്ലുമ്പോൾ അപ്പവും പഴവും തനിക്ക് വേണ്ടി കരുതി വെക്കുന്ന ഒരു അച്ഛൻ പെങ്ങളുണ്ട്. ചിരിച്ചുകൊണ്ട് എതിരേൽക്കുന്ന ഉണ്ണിയമ്മ കുട്ടിക്കാവ്. അവരുടെ വാത്സല്യത്തെ ഗോവിന്ദൻ ഓർക്കുന്നു. കുട്ടിക്കാവിന്റെ വേളി കഴിഞ്ഞ് ആത്തേമാരായി മറ്റൊരില്ലത്തേക്ക് പോയി, പക്ഷേ അവൾ വിധവയായി. അനാഥയും ദരിദ്രയുമായി. അവർ വീടിനടുത്തുള്ള ഒരു ഇല്ലത്ത് എത്തി ഗോവിന്ദന്റെ അമ്മയെ കണ്ടു. എനിക്ക് നല്ലൊരു പുതപ്പ് അയച്ചു തരാൻ ഗോവിന്ദനോട് പറയണം എന്നാവശ്യപ്പെട്ടു. നിന്നെ ബുദ്ധിമുട്ടിക്കണ്ട എന്ന് കരുതി ഞാനത് എഴുതിയില്ല. പഴയ രണ്ട് മുണ്ട് എടുത്തു കൊടുത്തു. എന്ന് അമ്മ പിന്നീട് പറഞ്ഞു. ഉണ്ണിയമ്മ കുട്ടിക്കാവ് തനിക്ക് വീടാകടമാണ് എന്ന് ഗോവിന്ദൻ പ്രസംഗിച്ചിരുന്നു. ഒരു കഥ കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഗോവിന്ദൻ എഴുതിയ കഥയാണ്. എന്നോട് പറഞ്ഞ കഥയാണ്. എരുമനശ്ശേരി കോതയത്തെ കുട്ടിക്കാവിന്റെ കഥയുടെ കഥ ആരെയും ഞെട്ടിക്കുന്നതാണ്,. ചൊല്ലുവിളിക്ക് ആരുമില്ലാതെ അവൾ ഗർഭം ധരിച്ചു എന്ന കുറ്റം ചുമത്തി ദ്രോഹിക്കാനൊരുമ്പെട്ടപ്പോൾ ആ പാവപ്പെട്ട സ്ത്രീ രക്ഷപ്പെടാൻ നെട്ടോട്ടമായി. ആദ്യമെത്തിയത് ഗോവിന്ദന്റെ മാഞ്ചയത്തെ വീട്ടിൽ. അവിടെ രക്ഷയില്ലെന്ന് കണ്ടപ്പോൾ അമ്പേറ്റ മാൻപേടയുടെ പിന്നിൽ നായാട്ടുകാരെ പോലെ ആളുകൾ പിന്തുടരുന്നുണ്ടായിരുന്നു. ഗതിമുട്ടിയ പെൺകിടാവ് അങ്ങേ പറമ്പിലെ കിണറ്റിൽ ചാടികഴിഞ്ഞിരുന്നു. വേട്ടക്കാർക്ക് അതൊരു സൗകര്യമായി. ആ പറമ്പിൽ കൂട്ടിയിട്ടിരുന്ന തേങ്ങയെടുത്ത് കിണറ്റിൽ വീണ പെൺകിടാവിന്റെ നേർക്ക് എറിഞ്ഞു. മുങ്ങിച്ചാവാനുള്ള വെള്ളമുണ്ടായിരുന്നില്ല കിണറ്റിൽ. ഏതാണ്ട് അവളുടെ അരക്കൊപ്പമേ വെള്ളമുണ്ടായിരുന്നുള്ളു, ഓരോ തേങ്ങയേറ് കൊള്ളുമ്പോഴും ചുമല് കാട്ടി ഇവിടെ എറിഞ്ഞു കൊള്ളുക എന്ന് അവർ നിലവിളിച്ചിരുന്നുവത്രെ. ആ നിർദയർക്ക് ഒരിറ്റ് കരുണയുണ്ടായില്ല. തെറ്റ് ചെയ്താലും ഇല്ലെങ്കിലും ആ പെൺകിടാവ് മരണവേദനയിലും തന്റേടം കൈവിട്ടില്ല. അതിനിഷ്ഠൂരവും പൈശ്ചാചികവുമായ ഈ കൊല ആർക്കും അന്ന് പ്രശ്നമായിരുന്നില്ല.

ഞാൻ പറഞ്ഞതിന്റെ ചുരുക്കം ഇത്രയേ ഉള്ളു. വലുത് വലുത് ചെറുത് ചെറുതിനെ വെട്ടിവിഴുങ്ങുക. ഈ ന്യായമാണ് നമ്മെ ഇപ്പോ പിന്തുടരുന്നത്. ഏകാധിപത്യമായി മാറുന്ന ജനാധിപത്യം, മനുഷ്യവേദനയുടെ കണ്ണീരും ചോരയും പുരണ്ട കഥകൾക്ക് എന്നാണ് അറുതി ഉണ്ടാവുക എന്ന് ചോദിച്ചുകൊണ്ടിരിക്കാം നമുക്ക്; ഓരോ പിറന്നാളിലും ഓരോ ചാത്തമൂട്ടലിലും,

നന്ദി ●

## അഭിജിത്തും ശ്രുതിയും

പാലക്കാട് പുത്തൂർ ചവർക്കാട് ഇല്ലത്ത് ശ്രീ. സി കെ.ശങ്കറിന്റെയും ശ്രീമതി. ഗീതയുടെയും പുത്രൻ അഭിജിത്തും മലപ്പുറം ജില്ല അമരമ്പലം തേവർക്കാട് മന ശ്രീ. സന്തോഷ് കുമാറിന്റെയും ശ്രീമതി ശ്രീജാദേവിയുടെയും പുത്രി ശ്രുതിയും 2024 ഏപ്രിൽ ഒന്നാം തീയതി പാലക്കാട് ശ്രീപാർവതി കല്യാണമണ്ഡപത്തിൽ വച്ചു വിവാഹിതരായി. യുവജനസഭാ സംസ്ഥാന കമ്മിറ്റി അംഗം ആണ് അഭിജിത്ത്.

CK Sankar, Chavarkkad illam,
51 B-3rd Lane, Pooja Nagar,
Puthur, Palakkad 678001,
Mob: 9400126753





## സാവിത്രിയും ജിതിനും

വെള്ളാരപ്പിള്ളി ഉപസഭാ പ്രസിഡന്റ് പാലേലി മോഹനന്റെയും ഭദ്രയുടേയും മകൾ സാവിത്രിയും ഇരിങ്ങാലക്കുട വെള്ളാങ്ങല്ലൂർ ഇളകുറിശ്ശി മനയിൽ പരമേശ്വരന്റെയും ജ്യോതിയുടേയും മകൻ ജിതിനും 26.4.24 ന് വെള്ളാങ്ങല്ലൂരിൽ വിവാഹിതരായി
മൊബൈൽ 83049 09076

## സ്വസ്തി എക്സ്ക്ലൂസീവ്

## കേരളം മെഡിക്കൽ ടെക്നോളജി ഹബ്ബാവാനുള്ള അണിയറയിൽ

# അമേരിക്കയിലെ അന്തർജനം

**അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി, ബർക്കിലി യൂണിവേഴ്സിറ്റി, യൂട്ടാ ആർട്ടിഫിഷ്യൽ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്, ടെക്സാസ് മെഡിക്കൽ സെൻറർ, മെത്തഡിസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തുടങ്ങിയ ലോകോത്തര സ്ഥാപനങ്ങളിൽ ഗവേഷണവും കരിയറും. ആരോഗ്യരംഗത്ത് നൂതനങ്ങളായ പല കണ്ടുപിടിത്തങ്ങളുടെയും സുപ്രധാന ഗവേഷണങ്ങളിൽ നേതൃത്വവും മാർഗ്ഗദർശിയും, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാൾ- കരിക്കുലം വീറ്റയിൽ ഇങ്ങനെ എഴുതാൻ പറ്റുന്ന ഒരേയൊരു മലയാളി ഡോക്ടറെ ഇന്നുള്ളു:**

**ഫിസിഷൻ, സയന്റിസ്റ്റ്, എൻറർപ്രണർ, ഒക്കെയായ ഉഷ തെക്കേടത്ത്**



*യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, സാൻഫ്രാൻസിസ്കോ (യു.സി.എസ്.എഫ്.) - സ്റ്റാൻഫോർഡ് പീഡിയാട്രിക് ഡിവൈസ് കൺസോർഷ്യം ടീം*



*മുൻ ആരോഗ്യമന്ത്രി ശൈലജ ടീച്ചർക്കൊപ്പം*

**വിനോദ് മങ്ങത്തായ**



തന്റെ ചിന്തകളെയും കരിയറിനെയും പറ്റി ഉഷ തെക്കേടത്ത് ഇൻറർവ്യൂ നൽകുന്ന ആദ്യ മലയാള പ്രസിദ്ധീകരണമാണ് സ്വസ്തി. ഫിസിഷ്യൻ എന്നതിനപ്പുറം റിസർച്ചിൽ എത്താനുണ്ടായ കാരണങ്ങളെപ്പറ്റി അവർ മനസ്സു തുറക്കുന്നു.

ഗവേഷണം എന്താണെന്നറിയാത്ത കാലത്തും അതിനുള്ള താൽപ്പര്യം ഉണ്ടായിരുന്നു. കോഴിക്കാട് മെഡിക്കൽ കോളേജിൽ നിന്ന് 1989 ൽ എം ബി ബി എസ് കഴിഞ്ഞു. എറണാകുളത്തും തിരുവനന്തപുരത്തുമായി പ്രാക്ടീസ് ചെയ്തു. ഇന്നത്തെ ചികിത്സാരീതിയിൽ ധാരാളം പരിമിതികളുണ്ടെന്ന് മനസ്സിലായി. ഇവ മറികടക്കാൻ എന്തെങ്കിലും ചെയ്യണമെന്നായി. അപ്പോഴാണ് കുടുംബസമേതം യു എസ്സിലെ സാൾട്ട് ലേക്കിൽ എത്തിയത് 25 വർഷങ്ങൾക്കു മുമ്പ്. ഗവേഷണമോഹം കൂടെത്തന്നെ ഉണ്ട്. സാൾട്ട് ലേക്ക് സിറ്റിയിലെ യൂനിവേഴ്സിറ്റി ഓഫ് യൂട്ടായും ഇവിടത്തെ യൂട്ടാ ആർട്ടിഫിഷ്യൽ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടും ലോക പ്രശസ്തമാണ്. അങ്ങനെ ഇവിടെ നിന്ന് തുടങ്ങിയതാണ് ഗവേഷണം.




*യു സി എസ് എഫ് പീഡിയാട്രിക് ഡിവൈസ് കൺസോർഷ്യം സ്ഥാപ കൻ മൈക്കിൾ ഹാരിസൺ, കൊ ളാബറേറ്റർ ഡോ. തിമോത്തി ചൗ എന്നിവർക്കൊപ്പം*

*ഹ്യൂസ്റ്റൺ ഗുരുവായൂരപ്പക്ഷേത്രത്തിനു മുന്നിൽ*

**കിഴക്കിനിയേടത്ത് മന പരേ തരായ ശങ്കരൻ നമ്പൂതിരിയു ടെയും കൊച്ചി രാജകുടുംബ മായ എളങ്കുന്നപ്പുഴ നടക്കൽ കോവിലകത്ത് കോമളാംഗി തമ്പാന്റെയും മകളാണ് ഡോ. ഉഷ തെക്കേടത്ത്. കൊച്ചിൻ സർവ്വകലാശാലാ വൈസ് ചാൻ സലറായിരുന്ന ഡോ. രാമചന്ദ്രൻ തെക്കേടത്തിന്റെ സഹധർമ്മിണി**

*ചിന്മയാ മിഷൻ സ്പിരിചൽ ചീഫായിരുന്ന സ്വാമി ധ്യാനാനന്ദയുടെ കൂടെ*



? ഫീൽഡിലെ പ്രഗൽഭരുടെ കൂടെ ഡോക്ടർ പ്രവർത്തിച്ചിട്ടുണ്ടാവുമല്ലോ. ഏറെ സ്വാധീനിച്ച ചിലരെ കുറിച്ച് പറയാമോ?


: ധാരാളം പേരുണ്ട്. പ്രശസ്തരായ പലരേയും അറിയാനും കൂടെ വർക്ക് ചെയ്യാനും കഴിഞ്ഞു. ഫാദർ ഓഫ് ആർട്ടിഫിഷ്യൽ ഓർഗൻസ് – കൃത്രിമ അവയവങ്ങളുടെ പിതാവ് – എന്ന് അറിയപ്പെടുന്ന ഡോക്ടർ വില്യം കോൾഫ്. ഇന്ന് കോമൺ ആയ ഡയാലിസിസ് ആദ്യമായി നടത്തുന്നത് ഇദ്ദേഹമാണ്. സാധാരണ ലഭ്യമായ വസ്തുക്കൾ, അലക്കുയന്ത്രങ്ങൾ ഉൾപ്പെടെ, ഉപയോഗിച്ച് ഡയാലിസിസ് മെഷീൻ രൂപകൽപ്പന ചെയ്യുകയായിരുന്നു ഡോക്ടർ. ഹിറ്റ്ലറുടെ നാസി കോൺസൻട്രേഷൻ ക്യാമ്പുകളിൽ നിന്നും ആയിരക്കണക്കിന് ആളുകളെ രക്ഷിച്ച ആൾ കൂടിയാണ് ഡോക്ടർ വില്യം കോൾഫ് എന്ന് കേട്ടിട്ടുണ്ട്.

യുദ്ധാനന്തരം ഡോക്ടർ ജർമ്മനിയിൽ നിന്നും യു എസ്സിൽ എത്തി. യൂനി വേഴ്സിറ്റി ഓഫ് യൂട്ടായിൽ ജോയിൻ ചെയ്തു. 1982ൽ ലോകത്തിൽ ആദ്യമാ യി ഒരു രോഗിയിൽ (ഡോക്ടർ ബാർണി ക്ലർക്ക്) ഉപയോഗിച്ച പെർമനന്റ് ആർ ട്ടിഫിഷ്യൽ ഹാർട്ട് (ജാർവിക് ഹാർട്ട്) ഡെവലപ്പ് ചെയ്തത് ഡോക്ടർ വില്യം കോൾഫിന്റെ നേതൃത്വത്തിൽ ആണ്.

അതുപോലെ യൂട്ടായിൽ പ്രഫസറും വെറ്റിനറി സർജനുമായ ഡൊനാൾ ഡ് ഓൾസൺ. മനുഷ്യർക്കൊപ്പം സഹാനുഭൂതിയോടെ, മൃഗങ്ങളെ പരിഗണി ക്കുന്ന ദൈവതുല്യൻ. രക്തക്കുഴലുകൾ കൂട്ടിത്തുന്നുന്നതിലൊക്കെ അദ്ദേഹ ത്തിന്റെ ശ്രദ്ധയും കൈവേഗതയും അസാമാന്യമാണ്.

ഞാൻ വർക്ക് ചെയ്തിരുന്ന ത്രോംബോഡൈൻ എന്ന മെഡിക്കൽ കമ്പനി യിൽ ഗ്രൂപ്പ് ഹെഡ് ആയ ഉത്തർപ്രദേശുകാരൻ ഡോക്ടർ സെയ്ത് ഫാസൽ മുഹമ്മദ് മറ്റൊരത്ഭുതമാണ്. ദിവസത്തിൽ 24 മണിക്കൂറിലധികമാണ് ഇദ്ദേഹത്തിന്റെ വർക്ക്.

പീഡിയാട്രിക്സിൽ ലോകപ്രശസ്തനായ – ഫാദർ ഓഫ് ഫീറ്റൽ സർജറി – ഡോക്ടർ മൈക്കിൾ ഹാരിസന്റെ കൂടെയാണ് ഞാൻ വർഷങ്ങളാ യി പ്രവർത്തിക്കുന്നത്. യു.സി.എസ്.എഫ്. സ്റ്റാൻഫോർഡ് പീഡിയാട്രിക് ഡിവൈസ് കൺസോർഷ്യം ഫൗണ്ടറാണ് ഡോക്ടർ ഹാരിസൺ.എൺപതു വയസ്സിന്റെ ചെറുപ്പമാണ് ഈ ഡോക്ടർക്ക്.നല്ലൊരു മെൻററും ഇന്നൊവേറ്ററും. അസാധ്യത്തെ സാധ്യമാക്കുക എന്നതാണ് അദ്ദേഹത്തിന്റെ രീതി.



*ഡോക്ടർ രാമചന്ദ്രൻ തെക്കേടത്ത്, രജത്, ശരത്, ഡോക്ടർ ഉഷ*

എടുത്തു പറയേണ്ട ചില പേരുകൾ ഇന്ത്യയിലുമുണ്ട്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച ഡോക്ടർ എം എസ് വല്യത്താൻ. ഇന്ത്യയിൽ അർത്ഥപൂർണമായ വൈദ്യഗവേഷണത്തിന് തുടക്കം കുറിക്കുന്നത് ശ്രീചിത്ര യാണ്. അവിടെ ഡയറക്ടറും പിന്നീട് ആരോഗ്യ സർവ്വക ലാശാലയുടെ വൈസ് ചാൻസലറുമായിരുന്ന ഡോക്ടർ കെ. മോഹൻദാസ്, കോഴിക്കോട് മെഡിക്കൽ കോളേജിൽ എന്റെ അധ്യാപകൻ കൂടിയായിരുന്ന പീഡിയാട്രിക് സർ ജൻ ഡോക്ടർ കാർത്തികേയവർമ്മ. സാറിന്റെ അഗാധമായ അറിവും കാഴ്ചപ്പാടുകളും ശുഭാപ്തി വിശ്വാസവും എല്ലാ വർക്കും പ്രചോദനമാണ്.

ഈ മഹത് വ്യക്തികളുടെ കൂടെ പ്രവർത്തിച്ചതിലൂടെ നേടിയ അറിവും ഊർജ്ജവും എന്നെ രൂപപ്പെടുത്തുകയായിരുന്നു.

? ഡോക്ടർ യു.എസ്സിൽ ഇപ്പോൾ നേതൃത്വം നൽകുന്ന പ്രൊജക്റ്റിനെക്കുറിച്ച്?

: യു സി എസ് എഫും സ്റ്റാൻഫോർഡും കൂട്ടായി നടത്തുന്ന പീഡിയാട്രിക് ഡി വൈസ് കൺസോർഷ്യത്തിന്റെ ഡയറക്ടർ ആയി പ്രവർത്തിക്കുന്നു. എഫ്. ഡി.എ ഓർഫൻ പ്രോഡക്ടുകളുടെ ഓഫീസാണ് ഇതിന് ഫണ്ടിംഗ് നൽകുന്നത്. അതോ ടൊപ്പം യു സി എസ് എഫിലെ സർജിക്കൽ ഇന്നവേഷൻ പ്രോഗ്രാമിന്റെ ഡയറ ക്ടറുമാണ്.

**ഡോ. കാർത്തികേയ വർമ്മ, അന്നത്തെ ചീഫ് സെക്രട്ടറി കെ.എം. എബ്രഹാം, ഹെൽത്ത് സെക്രട്ടറി രാജീവ് സദാനന്ദൻ, ആരോഗ്യ സർവ്വകലാശാലാ മുൻ വൈസ് ചാൻസലർ ഡോ. കെ.മോഹൻദാസ്, അന്നത്തെ കുസാറ്റ് വൈസ് ചാൻസലർ ഡോ. ജെ.ലത, കുസാറ്റ് മുൻ വൈസ് ചാൻസലർ ഡോ. രാമചന്ദ്രൻ തെക്കേടത്ത് തുട ങ്ങിയവർ കെ.എം.സി.ടി.യുടെ ആദ്യ മീറ്റിംഗിൽ സംബന്ധിച്ചു.**

? ഓർഫൻ പ്രോഡക്റ്റ്സ് എന്നത് വ്യക്തത വരുത്താമോ?

:മെഡിക്കൽ കമ്പനികൾ കാര്യമായി ഏറ്റെടുക്കാത്ത ഏർപ്പാടുകളാണിവ. നാഥനി ല്ലാത്ത, അഥവാ ആരും മേൽക്കയ്യെടുത്ത് നടത്താത്ത ഗവേഷണങ്ങളും, അതി നോടു ചേർന്നുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണവും 'ഓർഫൻ' വിഭാഗത്തിലാണ്.

? പീഡിയാട്രിക് രംഗത്തെ മരുന്നുകളുടെയും ഉപകരണങ്ങളുടേയും ഗവേഷണ ങ്ങൾ ഓർഫൻ ഗ്രൂപ്പിൽ പെടുമോ?

: കുറെയൊക്കെ എന്നാണ് സങ്കടകരമായ ഉത്തരം. മെഡിക്കൽ ഗവേഷണത്തിൽ 21 വയസ്സ് വരെയുള്ളവർ പീഡിയാട്രിക് എന്ന ഗണത്തിലാണ്. പഠനങ്ങൾക്ക് വർ ഷങ്ങൾ വേണ്ടിവരുമല്ലോ. പരീക്ഷണങ്ങൾ കഴിയുന്നതിന് മുമ്പ് തന്നെ കുട്ടികൾ വലിയവരായിട്ടുണ്ടാവും.നവജാതശിശുവിനുള്ള ഡിവൈസും മുതിർന്ന കുട്ടിക്കു വേണ്ട ഡിവൈസും മാറ്റി മാറ്റി ഡിസൈൻ ചെയ്ത് രൂപപ്പെടുത്തണം. റിസൾട്ടുകൾ ഉണ്ടായാൽ തന്നെ അത് അതോറിറ്റി അപ്രൂവൽ കിട്ടാൻ സമയമെടുക്കും.

പരീക്ഷണങ്ങൾ കുട്ടികളുടെ കാര്യത്തിലാവുമ്പോൾ വലിയ റിസ്ക്ക് ഉണ്ടെ ന്നർത്ഥം. ബിസിനസ് വേണ്ടത്ര ലാഭകരവും ആവില്ല. ഇതൊക്കെ കൊണ്ട് തന്നെ



*കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ ആദ്യ മീറ്റിംഗ് തിരുവനന്തപുരത്തു വച്ച്*




*യു.സി.എസ്.എഫ്. പീഡിയാട്രിക് ഇന്നവേഷൻ സിമ്പോസിയം*

ആരോഗ്യരംഗത്തെ ഭീമൻ കമ്പനികൾക്ക് കുട്ടികളോടത്ര പ്രിയമില്ല.

? ഒകെ മാം. അനാഥമായിരുന്ന ഗവേഷണങ്ങൾക്ക് ഏതു കമ്പനിയാണ് പിന്നെ നാഥനായത്?

: റഗുലേറ്ററി ബോഡി ആയ എഫ് ഡി എ തന്നെ ഫണ്ടുമായി ഇറങ്ങി. കോൺഗ്രസിന്റെ അനുമതിയോടെ 2009 ൽ ഒരു കൺസോർഷ്യം യു എസ്സിൽ നിലവിൽ വന്നു. അന്നു മുതൽ ഇന്നു വരെ ഈ പ്രോഗ്രാമിൽ അംഗമായ ഇൻസ്റ്റിറ്റ്യൂട്ടാണ് യു.സി.എസ്.എഫ്. പീഡിയാട്രിക് ഡിവൈസ് കൺസോർഷ്യം.

? ഹെൽത്ത് സയൻസിലെ റിസർച്ചിൽ ചില പരീക്ഷണങ്ങൾ ബഹിരാകാശത്തും നടക്കുന്നു എന്ന് വായിച്ചു. ഒന്ന് വ്യക്തമാക്കാമോ?

: ഭൂമിയിൽ വർഷങ്ങൾ കൊണ്ട് ചില രോഗാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ ബഹിരാകാശത്ത് ആഴ്ചകൾ കൊണ്ട് സംഭവിക്കും. ചികിത്സാ പരീക്ഷണങ്ങൾ സ്പേസ് സ്റ്റേഷനിലെത്തിക്കുന്ന എലികളിലും നടത്താം.

ഹ്യൂസ്റ്റണിലെ മെത്തേഡിസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നാനോ മെഡിസിൻ ഡിപ്പാർട്ട്മെന്റ് ഉണ്ട്. നാസയുടെയും സെന്റർ ഫോർ അഡ്വാൻസ്മെൻറ് ഓഫ് സയൻസ് ഇൻ സ്പെയിസ്ന്റെയും ഫണ്ടോടെ ഞങ്ങൾ ഒരു സ്പേസ് നാനോ മെഡിസിൻ സെന്റർ തുടങ്ങി. നാനോ മെഡിസിൻ ഡ്രഗ് ഡെലിവറി, ക്രോണോ തെറാപ്പി, സ്റ്റെം സെൽ റിസർച്ച് എന്നിവയുമായി ബന്ധപ്പെട്ട പരീക്ഷണ സാമഗ്രികൾ സ്പേസ്-എക്സ് മിഷൻ വഴി ഇൻറർനാഷനൽ സ്പേസ് സ്റ്റേഷനിൽ എത്തിച്ച് അവിടത്തെ ഗുരുത്വാകർഷണം ഇല്ലാത്ത പരിതസ്ഥിതിയിൽ പരീക്ഷണങ്ങൾ നടത്തി. കൃത്രിമമായി ഉണ്ടാക്കുന്ന സ്വാഭാവികത എന്നു പറയാം.

**ലോകത്തെ മെഡിക്കൽ ഗവേഷണങ്ങളിൽ എൺപത് ശതമാനവും യു.എസ്സിലാണ്. ഇവിടെ പണ്ടു മുതലേ റിസർച്ചും ഇൻഡസ്ട്രിയും ഒന്നിച്ചാണ്. കണ്ടെത്തലുകൾ ആവശ്യമായ അപ്രൂവലുകളോടെ വൈകാതെ ജനങ്ങളിലെത്തുന്നു. എൻജിനീയറിംഗ് കോളേജുകളിൽ ഇൻക്യുബേഷൻ സെന്ററുകളുമായി ഇന്ന് കേരളവും മാറ്റത്തിന്റെ പാതയിലാണ്.**

മസിൽ അട്രോഫി രോഗത്തെക്കുറിച്ചുള്ള പഠനം, വിവിധ ചികിത്സകൾക്ക് വേണ്ട നാനോ ഡിവൈസുകളുടെ നിർമ്മാണം, കൃത്രിമശ്വാസകോശത്തെ രൂപപ്പെടുത്തൽ, ടെലി മെഡിസിൻ സാധ്യതകൾ ഉപയോഗിച്ചുള്ള ഡെലിവറി ഡിവൈസുകളുടെ ഡെവലപ്പ്മെന്റ് തുടങ്ങി പല ഇന്നോവേറ്റീവ് പദ്ധതികളുടെയും ഭാഗമായി. നോവാർട്ടിസ് കമ്പനിയുമായി ചേർന്ന് മരുന്നും ഡിവൈസും ഉൾപ്പെട്ട ഒരു കോമ്പിനേഷൻ പ്രൊഡക്ട് ഡിവലപ്പ് ചെയ്യാനും ഞങ്ങൾക്ക് കഴിഞ്ഞു.

? ധാരാളം മെഡിക്കൽ റിസർച്ചുകൾ ഡോക്ടർ നടത്തിയിട്ടുണ്ട്, അഥവാ നടക്കുന്നുണ്ട്. പ്രധാനമെന്ന് തോന്നിയ ചില വർക്കുകളും അതിന്റെ റിസൾട്ടും സൂചിപ്പിക്കാമോ?

: പുതുതായി ഡെവലപ്പ് ചെയ്യുന്ന ചില കാർഡിയോ വാസ്കുലാർ ഡിവൈസുകൾക്ക് - കത്തീറ്ററുകൾ, സ്റ്റെന്റുകൾ, വാസ്കുലാർ ഗ്രാഫ്റ്റുകൾ -സൈഡ് എഫക്ടുകളായി ത്രോമ്പോസിസും ഇൻഫെക്ഷനും ഉണ്ടാകാം. ഇവ പഠിക്കാനുള്ള മോഡലുകളും വാലുവേഷൻ സിസ്റ്റവും രൂപപ്പെടുത്തി.



*വി ടി വാസുദേവൻ മാസ്റ്ററുടെ വീട്ടിൽ*

കാർഡിയാക് രോഗികൾക്ക് ആസ്പിരിനും മറ്റും ഒരേ ഡോസിലാണ് പലപ്പോഴും കൊടുക്കാറ്. എന്നാൽ അവയുടെ പ്രവർത്തനം എല്ലാവരിലും ഒരുപോലെ ആയിരിക്കണമെന്നില്ല. അതു മനസ്സിലാക്കാൻ സാധിക്കുന്ന ഉപകരണങ്ങൾ ഇല്ല എന്നതായിരുന്നു പ്രശ്നം. ഇതിനായി വികസിപ്പിച്ചെടുത്ത ഒരു പോയിന്റ് ഓഫ് കെയർ ഡിവൈസ് ആണ് 'അഗ്രിഡൈൻ'. പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത് എന്റെ ഭർത്താവ് ഡോക്ടർ



*ഹൂസ്റ്റൺ മെത്തോഡിസ്റ്റ്*
*നാനോ മെഡിസിൻ സ്പേസ്*
*റിസർച്ച് ടീമിന്റെ കൂടെ*

രാമചന്ദ്രൻ. ഈ ഉപകരണത്തിൽ ആവശ്യമായ പല ടെസ്റ്റുകളും ഡെവലപ്പ് ചെയ്യൽ, അതിന്റെ ക്ലിനിക്കൽ ട്രയലുകൾക്ക് നേതൃത്വം വഹിക്കൽ എന്നിവ എന്റെ ചുമതല. ഇപ്പോൾ എഫ്ഡിഎയുടെ അനുമതിയോടുകൂടി അഗ്രിഡൈൻ മാർക്കറ്റിൽ ലഭ്യം.

മുറിവുകൾ ഉണങ്ങുന്നതിനും കോശങ്ങളുടെ വളർച്ചയ്ക്കും സഹായകരമായ ക്യാപ്സ് എന്ന ഉപകരണം വികസിപ്പിച്ചത് എന്റെ നേതൃത്വത്തിലുള്ള ടീം ആണ്. ഉണങ്ങാൻ വിഷമം ഉള്ള അൾസറുകളുടെയും, കൂടിച്ചേരാൻ ബുദ്ധിമുട്ടുള്ള ഫ്രാക്ച്ചറുകളുടെയും ചികിത്സയ്ക്ക് സഹായിക്കാൻ രോഗിയുടെ തന്നെ രക്തത്തിൽ ഉള്ള പ്ലേറ്റ്ലെറ്റുകളും അവയിലുള്ള ഗ്രോത്ത് ഫാക്ടറുകളും എളുപ്പത്തിൽ വേർതിരിച്ചെടുക്കാനുള്ള ഒരു ടെക്നോളജി ആണിത് .

വലിയ ഉപകരണങ്ങളോ വിദ്യുച്ഛക്തിയോ ഒന്നും ഇതിന് ആവശ്യമില്ല. ആശുപത്രികളിൽ മാത്രമല്ല യുദ്ധരംഗത്തും ദുരന്തമേഖലയിലും ഇവ ഉപയോഗിക്കാം.

?. ഡോക്ടർ ട്രാൻസ്ലേഷനൽ മെഡിസിനിലും പ്രവർത്തിച്ചിട്ടുണ്ടല്ലോ ഒന്ന് വിശദമാക്കാമോ?

:ലാബ് ഗവേഷണങ്ങളിലൂടെ കണ്ടെത്തുന്ന ബെസ്റ്റ് പ്രാക്ടീസുകളും മെഡിസിനുകളും (ബെഞ്ച് ടു ബെഡ് സൈഡ് ) രോഗിക്ക് ഏറ്റവും യോജിച്ച രീതിയിൽ എത്തിക്കുകയാണ് ട്രാൻസ്ലേഷനൽ മെഡിക്കൽ സയൻസ്. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് ബയോഡിവൈസ് ഇന്നവേഷൻ പാത് വെ. ഇതിന്റെ പോപ്പുലാരിറ്റി കാരണം യുഎസിലെ പല യൂണിവേഴ്സിറ്റികളിലും നിന്നുള്ള സർജറി റെസിഡൻസ് ധാരാളം ഇവിടെ വരാറുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിനുശേഷം ആറ് ഏഴ് വർഷത്തെ സർജിക്കൽ ട്രെയിനിങ്ങിനിടയിലാണ് ഇതിൽ താല്പര്യമുള്ളവർ ഒന്ന് രണ്ടു വർഷം റിസർച്ചിനായി മാറ്റിവയ്ക്കുന്നത്. പോപ്പുലർ ആയ മറ്റൊരു പ്രോഗ്രാമാണ് യു സി എസ് എഫ് ഉം ബർക്കിലി യൂണിവേഴ്സിറ്റിയും ചേർന്ന് നടത്തുന്ന എംടിഎം (മാസ്റ്റർ ഓഫ് ട്രാൻസിലേഷണൽ മെഡിസിൻ) ഡിഗ്രി. എൻജിനീയറിങ്, മെഡിക്കൽ, മേഖലകൾക്കൊപ്പം ഇൻഡസ്ട്രിയിൽ നിന്നുമുള്ളവരും ഇതിൽ അഡ്മിഷൻ എടുക്കുന്നു. ധാരാളം ഇൻറർനാഷണൽ സ്റ്റുഡൻസും ഉണ്ട്. ഞാൻ ഈ പ്രോഗ്രാമിൽ ഒരു മെൻററായും അഡ്മിഷൻസ് കമ്മിറ്റി അംഗമായും പ്രവർത്തിക്കുന്നു.

? പ്രമേഹ ചികിത്സയിൽ വലിയ മാറ്റങ്ങൾ വരുന്നു എന്ന് കേൾക്കുന്നു ഒന്ന് പറയാമോ?

: പ്രമേഹം ഇന്ന് ഒരു ഗ്ലോബൽ ക്രൈസിസ് തന്നെയാണ്. കുട്ടികളിലും മുതിർന്നവരിലും പ്രമേഹ രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ടൈപ്പ് വണ്ണിനും ടുവിനും കാരണങ്ങളും രോഗലക്ഷണങ്ങളും ചികിത്സാരീതിയും എല്ലാം വ്യത്യസ്തം. രോഗത്തെ ചികിത്സിച്ച് ഭേദമാക്കുക എന്നതിനേക്കാൾ മാനേജ് ചെയ്യുകയാണ് പതിവ്. കുട്ടികളിൽ ഈ മാനേജ്മെൻറ് എളുപ്പമല്ല. ഇൻസുലിൻ ഉല്പാദിക്കാനുള്ള പാൻക്രിയാറ്റിക് ഐലറ്റ്( islet) സെല്ലുകളും അതുപോലെ പ്രവർത്തിക്കാൻ പറ്റുന്ന സ്റ്റെം സെല്ലുകളും ട്രാൻസ്പ്ലാൻറ് ചെയ്യുക എന്നത് ഈ രംഗത്തെ പുതിയ രീതിയാണ്. ഇതിന് പറ്റിയ ബയോ ആർട്ടിഫിഷ്യൽ നാനോ ഗ്ലാൻഡുകൾ ഞങ്ങളുടെ ടീം ഡെവലപ്പ് ചെയ്തു. വലിയ പ്രതീക്ഷ നൽകുന്ന ഫലങ്ങളാണ് ഹ്യൂസ്റ്റൺ മെത്തഡിസ്റ്റിൽ വച്ച് നടത്തിയ ഈ പ്രോജക്ടിനു ലഭിച്ചത്.

? ഉഷാ മാം, ഗവേഷണത്തിരക്കുകളിൽ കേരളത്തിനെന്തെങ്കിലുമുണ്ടോ?

: തീർച്ചയായും.സീ, ലോകമേ തറവാട് എന്നതല്ലേ നമ്മുടെ കൺസെപ്റ്റ്. ശാസ്ത്രം രാജ്യാതിർത്തികൾ കടന്ന് മനുഷ്യരെ ഒന്നിപ്പിക്കുന്ന ഭാഷയും വികാരവുമാണ്. ഞങ്ങൾ രണ്ടു പേരും കാലങ്ങളായി പ്രവർത്തിക്കുന്നത് ഹെൽത്ത് കെയർ ഇന്നവേഷൻ ഫീൽഡിലാണല്ലോ. ഞങ്ങളുടെ എക്സ്പീരിയൻസും, ഞങ്ങൾ കണ്ടിട്ടുള്ള ലോകത്തെ ബെസ്റ്റ് പ്രാക്ടീസുകളും എങ്ങിനെ കേരളത്തിനു വേണ്ടി ഉപയോഗിക്കാം എന്ന ആലോചനയിൽ നിന്നാണ് കേരളാ മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെ എം ടി സി) ഉണ്ടാവുന്നത്.

? ആരോഗ്യ കേരളത്തിന്റെ പെരുമയാവുമോ കെ എം ടി സി ?

തീർച്ചയായും. എന്റെ ഭർത്താവ് ഡോക്ടർ രാമചന്ദ്രൻ തെക്കേടത്തിന്റെ നേതൃത്വത്തിൽ ഞാനും മുൻ ചീഫ് സെക്രട്ടറി ഡോ.കെ എം എബ്രഹാം, കൊച്ചി ഇൻഫോ പാർക്ക്, സ്മാർട്ട്സിറ്റി ആദ്യ സി.ഇ. ഒ. ജിജോ ജോസഫ് എന്നിവരും ചേർന്ന് മൂന്ന് വർഷങ്ങളെടുത്താണ് പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയത് .കേരളാ മുഖ്യമന്ത്രി പിണറായി വിജയനും അന്നത്തെ ആരോഗ്യമന്ത്രി ശൈലജ ടീച്ചറും വളരെ സപ്പോർട്ടീവ് ആയിരുന്നു.

അടുത്ത പത്തു വർഷങ്ങൾക്കുള്ളിൽ കേരളത്തെ



*യൂണിവേഴ്സിറ്റി ഓഫ് യൂട്ടാ*
*ഡയാലിസിസ് റിസർച്ച് ടീം*

മെഡിക്കൽ ടെക്നോളജിയിലും ഡിവൈസുകളിലും വേൾഡ് ലീഡർ ആക്കുകയാണ് കൺസോർഷ്യത്തിന്റെ ലക്ഷ്യം. മേക്ക് ഇൻ ഇന്ത്യയും മേക്ക് ഇൻ കേരളയും ഈ വിഷന്റെ ഭാഗം. അതിനു വേണ്ട ഇക്കോസിസ്റ്റവും റിസോഴ്സും ഇവിടെ ഉണ്ടാക്കാനാകും. മറ്റു സംസ്ഥാനങ്ങൾക്ക് പകർത്താൻ പറ്റുന്ന തരത്തിൽ ഒരു വിജയമോഡൽ ആയി കെ എം ടി സിയെ വളർത്തിയെടുക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. കേന്ദ്ര ഗവൺമെന്റും താൽപ്പര്യം കാണിക്കുകയുണ്ടായി.

? വിഷയവുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു കുഞ്ഞു ചോദ്യം. പുതിയ ലോകത്ത് മലയാളവും മലയാളിയും നിലനിൽക്കുമോ?

: നമുക്ക് ആവശ്യമെങ്കിൽ നിലനിൽക്കും. അതാണ് ഉത്തരം. യു എസ്സിൽ എത്തിയപ്പോഴും മാതൃഭാഷയും സാഹിത്യവും വിടരുതെന്ന് ഞങ്ങൾ ഉറപ്പിച്ചിരുന്നു. ചിന്മയാ മിഷന്റെ ബാലവിഹാറിൽ പ്രവർത്തിക്കാനും ഒരു മലയാളി കൂട്ടായ്മ ഉണ്ടാക്കാനും എനിക്ക് കഴിഞ്ഞു. മക്കൾ രജതും ശരതും പഠിക്കുന്ന സ്കൂളിൽ ഐബി (ഇന്റർനാഷനൽ ബാക്യുലറേറ്റ്) കരിക്കുലമാണ്. സ്വിറ്റ്സർലൻഡ് കേന്ദ്രമായ, ആദ്യകാലങ്ങളിൽ ഡിപ്ലോമാറ്റുകളുടെ കുട്ടികളുടെ പഠന തുടർച്ചയ്ക്ക് വേണ്ടി രൂപപ്പെടുത്തിയ, പഠനരീതിയാണിത്. ഹൈസ്കൂളിൽ എത്തുമ്പോൾ ഐബിയിൽ ഇംഗ്ലീഷിനൊപ്പം ഒരു വേൾഡ് ലാംഗ്വേജ് കൂടി പഠിക്കണം. ഫ്രഞ്ച്,ജർമൻ, സ്പാനിഷ് ഭാഷകൾ പഠിക്കാനുള്ള അവസരം സ്കൂളിൽ ഉണ്ട്. അതേസമയം മറ്റുപല ഭാഷകളും സ്വന്തം ഉത്തരവാദിത്വത്തിൽ ഗഹനമായി പഠിക്കാനും പരീക്ഷയെഴുതി പാസ്സാകാനുമുള്ള സൗകര്യവും നൽകും. എന്നാൽ പിന്നെ ഞങ്ങളുടെ കുട്ടികൾ മലയാളം പഠിച്ചാലോ എന്ന് ആലോചിച്ചു. രജത്ത് സമ്മതം മൂളി. 70 ഓളം ഭാഷകൾ ഐബിയുടെ ലാംഗ്വേജ് ലിസ്റ്റിൽ ഉണ്ടെങ്കിലും മലയാളം അതിലില്ലായിരുന്നു. സ്കൂളിന്റെ കൂടി സഹായത്തോടെ ഐബിയുടെ അനുമതിക്കായി ശ്രമിച്ചു. പലരുടെയും സപ്പോർട്ട് ലറ്ററുകളോടു കൂടി അപേക്ഷ സമർപ്പിച്ചു. സിലബസും ഉണ്ടാക്കി നൽകേണ്ടി വന്നു. ഐബിയുടെ വേൾഡ് ലാംഗ്വേജ് ലിസ്റ്റിൽ ആദ്യമായി മലയാളം ഉൾപ്പെടുത്താൻ സാധിച്ചു എന്നത് അഭിമാനകരമായി തോന്നുന്നു.

? ഡോക്ടർ ഇനിയും വലിയ നേട്ടങ്ങളിലെത്താൻ സ്വസ്തിയുടെ ആശംസകൾ. അവസാനമായി ഒരു ചോദ്യം. കൊച്ചിൻ യുനിവേഴ്സിറ്റി ഹെഡായിരുന്ന ഡോക്ടർ രാമചന്ദ്രൻ തെക്കേടത്തിന്റെ സഹധർമ്മിണിയാണല്ലോ മാഡം. Life as wife of a Vice chancellor?

വൈസ് ചാൻസലർ യുനിവേഴ്സിറ്റിയുടെ 'വൈസ്' ആയ തലവനാണ്. സർവ്വകലാശാല പരിധിയിൽ കാലുകുത്തുമ്പോൾ ചാർജ് അസ്യൂം ചെയ്യുന്നു എന്നാണ് സങ്കൽപ്പം. വൈസ് ചാൻസലറുടെ സിഗ്നേച്ചറിന് ആഗോള സ്വീകാര്യതയാണ്.രാജ്യാതിർത്തികൾക്കപ്പുറത്തും അംഗീകാരം. ഒപ്പിന്റെ പകർപ്പ് വിദേശ എംബസികൾക്കും അയക്കാറുണ്ട്. യൂണിവേഴ്സിറ്റികൾ വിജ്ഞാനത്തിന്റെ ഉറവിടങ്ങളാണല്ലോ. ബ്രിംഗിംഗ് അൺനോൺ ടു നോൺ എന്ന ദൈവികമായ കർമ്മത്തിന് സാരഥ്യം വഹിക്കേണ്ടത് വൈസ് ചാൻസലറുടെ കടമയാണ് എന്നാണ് അദ്ദേഹം പറയാറ്. കുസാറ്റിന് സുസ്ഥിരമായ നേതൃത്വം. 24 X 7 സാന്നിധ്യം. ധാരാളം സ്വദേശ- വിദേശ പ്രൊജക്ടുകൾ. ഇന്നവേഷനും എന്റർപ്രൈനർഷിപ്പും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താൻ വേണ്ടിയുള്ള സംരംഭങ്ങൾ. തിരക്കുകൾ എനിക്കു മനസ്സിലാവുമായിരുന്നു. ഇതിനിടയിൽ അദ്ദേഹത്തിന്റെ ഫസ്റ്റ് ഫാമിലി കൊച്ചിൻ യൂണിവേഴ്സിറ്റിയായി മാറിയത് തികച്ചും സ്വാഭാവികം. ഏതായാലും ഞങ്ങളുടെ കുടുംബജീവിതത്തിനും കരിയറിനുമിടയിൽ ഒരു വിൻ - വിൻ സിറ്റുവേഷൻ ഉണ്ടാക്കാനായി.

വൈസ് ചാൻസലറുടെ അതിഥികളായി നിരവധി വിശിഷ്ട വ്യക്തികൾ അക്കാലം അവിടെ വന്നിട്ടുണ്ട്. ഇന്ത്യയുടെ മുൻ രാഷ്ട്രപതി വിഖ്യാത ശാസ്ത്രജ്ഞൻ ഡോക്ടർ എ പി ജെ അബ്ദുൾ കലാം, ബ്രിട്ടനിലെ ചാൾസ് രാജാവ്, നോബൽ പ്രൈസ് നേടിയ ശാസ്ത്രജ്ഞർ, വിവിധ രാജ്യങ്ങളിലെ അംബാസഡർമാർ, കമ്പനി മേധാവിമാർ, രാഷ്ട്രീയ പ്രമുഖർ, ഇവർക്കൊപ്പം കലാ സാംസ്കാരികരംഗത്തെ പ്രതിഭകളും കുസാറ്റിലെത്തി. പലരുമായും ദീർഘകാല സൗഹൃദം ഉണ്ടാക്കാൻ എനിക്കും കഴിഞ്ഞു എന്നത് ഏറെ സന്തോഷകരമാണ്. സ്വസ്തിയുടെ അഭിനന്ദനങ്ങൾ ഹൃദയപൂർവ്വം സ്വീകരിക്കുന്നു. വായനക്കാർക്ക് തിരുവോണാശംസകൾ. ●

**ഡോക്ടർ ഉഷ തെക്കേടത്ത്,**
കാലിഫോർണിയ, യു എസ് എ
1801-792-7150 (മെസേജുകൾ മാത്രം.)

## ഡെന്മാർക്കിലെ ഗവേഷണത്തിന്

# അർജുൻ കുറൂരിന് 1.8 കോടി


നമുക്കിടയിലെ പ്രതിഭ

**നൊബേൽ ജേതാവ് മേരി ക്യൂറിയുടെ പേരിലുള്ള 1.8 കോടി രൂപയുടെ ഫെലോഷിപ്പ്. അതുപയോഗിച്ച് അതി പ്രശസ്തമായ ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെന്മാർക്കിൽ ഗവേഷണത്തിന് അവസരം. അതും നൊബേൽ സമ്മാനം കിട്ടിയ മറ്റൊരു ശാസ്ത്രശാഖയിൽ. തൃശൂർ കൈപ്പറമ്പ് സ്വദേശി കുറൂർ മനയ്ക്കൽ അർജുൻ ഈ ഗവേഷണത്തിന്റെ ഭാഗമായി മേയ് ഒന്നു മുതൽ ഡെന്മാർക്കിലാണ്.**



അർജുൻ കുറൂർ

**പി. കൃഷ്ണൻ നമ്പൂതിരി**



നൊബേൽ സമ്മാനജേതാവായ മേരി ക്യൂറിയുടെ പേരിലുള്ള ഫെലോഷിപ്പോടുകൂടി ലോകപ്രശസ്തമായ ഒരു യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തുവാൻ അവസരം ലഭിച്ച സന്തോഷത്തിലാണ് അർജുൻ കുറൂർ. ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെൻമാർക്കിലാണ് ഗവേഷണം. ഡി ടി യുവിലെ സിലിക്കൺ ഫോട്ടോണിക്സ് ഫോർ ഒപ്റ്റിക്കൽ കമ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ഇന്റർനെറ്റ് വേഗത വർദ്ധിപ്പിക്കാനുതകുന്ന 'ഫ്രീക്വൻസി കോമ്പ് ' എന്ന വിഷയത്തിലാണ് ഗവേഷണം. മൂന്ന് വർഷത്തെ ഗവേഷണകാലത്ത് ഏതാണ്ട് 1.8 കോടി രൂപയോളം ഫെലോഷിപ്പായി ലഭിക്കും.

പ്രഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്തവരെ 'പഠിക്കാൻ അത്ര പോരാ'ത്തവർ എന്നാണ് സമൂഹം വിലയിരുത്തുന്നത്. ഇതിൽ നിന്ന് രക്ഷനേടാനായി കുട്ടികളുടെ ഇഷ്ടം നോക്കാതെ രക്ഷിതാക്കൾ ലക്ഷങ്ങൾ ഡൊണേഷൻ നൽകി പ്രഫഷണൽ കോ

ഴ്സിന് വിടും. ഇവിടെയാണ് അർജുൻ വ്യത്യസ്തമാകുന്നത്. എഞ്ചിനീയറിങ്ങിനും എംബിബിഎസ്സിനും ശ്രമിക്കാതെ നേരെ ശുദ്ധ സയൻസിലേക്ക് തിരിഞ്ഞു. ടെക്കിയായില്ല.

നാട്ടിൻപുറത്തെ സ്കൂളുകളിലായിരുന്നു പഠനം. താൽപര്യം സയൻസ് വിഷയങ്ങളോട് മാത്രമായിരുന്നതിനാൽ പത്തിലും പ്ലസ്ടുവിലും ഫുൾ എ പ്ലസ് നേടുക എന്ന ശരാശരി പഠിപ്പിസ്റ്റുകളുടെ നിലവാരത്തിലേക്കൊന്നും എത്തിയിരുന്നില്ല. എങ്കിലും പ്രവേശന പരീക്ഷ എഴുതി കൊച്ചിയിലെ ശാസ്ത്ര സാങ്കേതിക സർവകലാശാലയായ കുസാറ്റിൽ സെലക്ഷൻ നേടി. പ്രകാശത്തെ കുറിച്ച് പഠിക്കുന്ന ഫോട്ടോണിക്സിൽ. അഞ്ച് വർഷത്തെ ഇന്റഗ്രേറ്റഡ് എം എസ് സി.

അനന്തമായ പഠന സാധ്യതകളിൽ തനിക്കിണങ്ങിയ വിഷയം ഏതെന്ന് തിരിച്ചറിയൽ എളുപ്പമല്ല. റോൾമോഡലിന്റേയോ മഹാൻമാരുടേയോ പാതകളാകും പലരും പിൻതുടരുക. ഇത് എല്ലായ്പ്പോഴും വിജയിക്കണമെന്നില്ല. തേടുന്ന വള്ളി കാലിൽ ചുറ്റുന്നത് തിരയലിന്റെ സൂക്ഷ്മതക്കൊപ്പം ഭാഗ്യവും കൂടിച്ചേരുമ്പോഴാണ്. അതാണ് അർജുന്റെ കാര്യത്തിൽ സംഭവിച്ചത്.

'കുസാറ്റിലെ പഠനത്തിന്റെ ഭാഗമായി ഇൻഡോറിലെ രാജാരാമണ്ണ സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നൊളജിയിൽ (ആർആർ കാറ്റ്) ഇന്റേൺഷിപ്പ് ചെയ്യാൻ അവസരമുണ്ടായി. അപ്പോഴാണ് ഫോട്ടോണിക്സിന്റെ ഒരു ശാഖയായ 'ഒപ്റ്റിക്കൽ ഫൈബർ ' എന്ന വിഷയത്തോട് താൽപര്യം തോന്നിത്തുടങ്ങിയത്. ആ തിരിച്ചറിവാണ് ഇവിടെ എത്തിച്ചത്. വിഷയം ഇഷ്ടമുള്ളതാകുമ്പോൾ പഠനം ആസ്വാദ്യകരമാകും. എത്ര ബുദ്ധിമുട്ടുള്ള കാര്യങ്ങളും എളുപ്പത്തിൽ പഠിക്കാം.' അർജുൻ പറയുന്നു.

സയൻസിലെ അത്ര ധാരാളമല്ലാത്ത ഒരു ബ്രാഞ്ചായതിനാൽ അപൂർവ്വം സ്ഥാപനങ്ങളിലേ ഫോട്ടോണിക്സ് ഉള്ളൂ. അതിനാൽ എം എസ് സിക്ക് ശേഷമുള്ള തുടർപഠനം അത്ര എളുപ്പമായിരുന്നില്ല. പഠനതാൽപര്യം നിലനിർത്തിക്കൊണ്ട് തന്നെ തൊഴിലിനായി അന്വേഷണം തുടങ്ങി.

ഒരു സ്റ്റാർട്ടപ്പായിരുന്നു ആദ്യം ഒത്തുവന്നത്. ബാങ്ക്ളൂരിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസിൽ. തീവണ്ടിയുടെ ബ്രേക്ക് നിയന്ത്രണത്തിൽ ഒപ്റ്റിക്കൽ ഫൈബർ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു അത്. അതിനിടെ ചെന്നൈ ഐഐടിയിൽ റിസർച്ച് അസിസ്റ്റന്റായി കരാർ നിയമനം ലഭിച്ചു. വൈകാതെ അങ്ങോട്ട് മാറി.

വേണമെങ്കിൽ റിസർച്ച് അസിസ്റ്റന്റിന്റെ പണിയുമായി ഒതുങ്ങിക്കൂടാം. എന്നാൽ ജോലിക്കൊപ്പം അതേ സ്ഥാപനത്തിൽ എംഎസ് ചെയ്യാനുള്ള അവസരംകൂടി നേടി. അതാണ് വഴിത്തിരിവായത്. ഒരേ സമയം ജോലിയും പഠനവും, ശ്രമകരമാണത്. എങ്കിലും ആ ദൗത്യം പൂർത്തിയാക്കി. രണ്ട് വർഷത്തെ റിസർച്ച് അസിസ്റ്റന്റ്ഷിപ്പ് കഴിഞ്ഞപ്പോഴേക്കും ഐ ഐടിയിൽ നിന്ന് മാസ്റ്റേഴ്സും നേടാനായി.

ഐ ഐ ടി യിലെ മാസ്റ്റേഴ്സിന്റെ പിൻബലവും ചില സയൻസ് ജേണലുകളിലെ പബ്ലിക്കേഷനുകളും നിരന്തരമായ ശ്രമവും. എല്ലാം ഒത്ത് ചേർന്നപ്പോൾ ഡെൻമാർക്കിൽ ഗവേഷണത്തിനുള്ള വഴി തെളിയുകയായിരുന്നു. വലിയൊരു തുക ഫെലോഷിപ്പ് ലഭിക്കുന്ന ഒരു പരിപാടി എന്ന നിലയിലാണ് പലരും ഇതിനെ കാണുന്നത്. എന്നാൽ തുകയേക്കാൾ പ്രാധാന്യമുണ്ട് ഗവേഷണവിഷയത്തിന്.

ഇന്റർനെറ്റ് എന്നാൽ ടിവിയിൽ ലഭിക്കുന്ന ഏഷ്യാനെറ്റ് ചാനൽ പോലെ കമ്പ്യൂട്ടറിൽ ലഭിക്കുന്ന ഒരു ചാനൽ എന്ന് തമാശ പറഞ്ഞിരുന്ന കാലം അത്ര പഴക്കമുള്ളതല്ല. പക്ഷേ ഇന്ന് സാധാരണക്കാർ പോലും ഇന്റർനെറ്റ് സേവനങ്ങളുടെ ഉപഭോക്താക്കളാണ്. സ്മാർട്ട് ഫോണിന്റെ വ്യാപനമാണ് ഈ സംവിധാനത്തെ സാധാരണക്കാരിലേക്ക് എത്തിച്ചത്.

**അർജുൻ കുറൂരിന് 1.8 കോടിയുടെ ഫെലോഷിപ്പ്**




പാലക്കാട് ● ഫ്രീക്വൻസി കോമ്പ് എന്ന നൂതന സാങ്കേതിക വിദ്യയിലൂടെ ഇന്റർനെറ്റ് വേഗം വർധിപ്പിക്കുന്ന ഗവേഷണത്തിന് തൃശൂർ കൈപ്പറമ്പ് സ്വദേശി അർജുൻ കുറൂരിന് 1.8 കോടി രൂപയുടെ മേരി ക്യൂറി ഫെലോഷിപ്. ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെൻമാർക്കിലെ സിലിക്കൺ ഫോട്ടോണിക്സ് ഫോർ ഒപ്റ്റിക്കൽ കമ്യൂണിക്കേഷൻ വിഭാഗത്തിൽ 3 വർഷത്തെ ഗവേഷണത്തിനാണ് അവസരം. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫോട്ടോണിക്സ് വിഭാഗത്തിൽ നിന്ന് ഇന്റഗ്രേറ്റഡ് എംഎസ്സിക്കു ശേഷം ഐഐടി മദ്രാസിൽ നിന്നു മാസ്റ്റർ ഓഫ് സയൻസ് ബൈ റിസർച് ബിരുദവും നേടിയിരുന്നു. റിട്ട. കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥൻ കെ.എം.സുകുമാരന്റെയും സുധ കുറൂരിന്റെയും മകനാണ്.

*അർജുൻ കുറൂരിനെപ്പറ്റി മലയാള മനോരമയിൽ വന്ന വാർത്ത*

**'പഠിക്കാനായി സർക്കാർ ഫീസ് മാത്രമേ ഇതുവരെ നൽകേണ്ടി വന്നിട്ടുള്ളൂ. ഡൊണേഷൻ വേണ്ടി വന്നിട്ടില്ല. പഠനത്തോടൊപ്പം ജോലി ചെയ്ത് ചെറിയ വരുമാനം നേടാനായിട്ടുമുണ്ട്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് വലിയ സാമ്പത്തിക ബാദ്ധ്യത വരാതെ പ്രശസ്തമായ സ്ഥാപനത്തിൽ പഠിക്കാനുള്ള അവസരങ്ങൾ സ്വദേശത്തും വിദേശത്തും ധാരാളമുണ്ട്. വിദേശത്ത് പഠനം ഒരു കാശും മുടക്കാതെയും ചെയ്യാനാവും. പഠനസമയത്തെ ഓറിയന്റേഷൻ പ്രധാനമാണ്. കഠിനാദ്ധ്വാനവും.' അർജുൻ അഭിപ്രായപ്പെടുന്നു.**

ഫോണിന്റെ ഹാൻഡ് സെറ്റിലേക്ക് സിഗ്നലുകൾ എത്തുന്നത് മൊബൈൽ ടവറിൽ നിന്ന് വയർലെസ് ആയിട്ടാണെന്ന് ഏവർക്കും അറിയാം. എന്നാൽ നമ്മൾ അയക്കുന്ന സന്ദേശങ്ങൾ മൊബൈൽ ടവറും കടന്ന് ലക്ഷ്യത്തിലെത്തുന്നത് ഏത് വഴിയിലൂടെയാണെന്ന് പലരും ചിന്തിച്ചു കാണില്ല. ഈ വഴിയിലാണ് ഫൈബർ ഒപ്റ്റിക്സും ഫോട്ടോണിക്സുമെല്ലാം തല ഉയർത്തി നിൽക്കുന്നത്. നേർരേഖയിൽ സഞ്ചരിക്കുന്ന പ്രകാശ തരംഗങ്ങളെ വളയ്ക്കുവാനും തിരിക്കുവാനും കഴിയുന്ന സാങ്കേതിക വിദ്യയാണ് ഫൈബർ ഒപ്റ്റിക്സ്. പ്രകാശ രശ്മികൾക്ക് കടന്ന് പോകാവുന്ന നേർത്ത കുഴലുകളാണ് ഫൈബർ ഒപ്റ്റിക് കേബിളുകൾ. ഈ കുഴലുകളെ വളക്കുമ്പോൾ അതിനകത്ത് കൂടി സഞ്ചരിക്കുന്ന പ്രകാശ രശ്മികളും വളഞ്ഞ് സഞ്ചരിക്കും എന്നതാണ് ഈ കേബിളുകളുടെ പ്രത്യേകത.



Technical University of Denmark

Arjun Kurur
Sreenikethanam, Kurur Mana
Kaiparambu PO, Thrissur, Kerala
THRISSUR-680546
Kerala, INDIEN

arjun94ks@gmail.com

27 March 2024
52096/pwin

**Letter of Employment**

DTU hereby confirms that you are employed as Marie Curie PhD student with effect from 1 May 2024. This is a temporary position which will cease without further notice on 30 April 2027.

The employment and the enrolment will cease without further notice upon expiration of the employment period or interruption of the PhD study.

It is a prerequisite for the employment, that you are enrolled as a PhD student and thus continuously meet the requirements for the PhD programme stated in the PhD Order no. 1039 of 27 August 2013.

As specified in H2020 AGA – Annotated Model Grant Agreement, you are obligated to work exclusively on your PhD research project under the Grant Agreement.

The employment is covered by the agreement for academic employees by the state (hereinafter 'the Collective Agreement', special attention is drawn to Annex 5) and the job structure for scientific and academic staff at universities.

You have stated that you are a non EU/EEA/Swiss national.* It is therefore a condition of your employment at DTU that you always have a valid basis for staying and working in Denmark and a valid residence and work permit. If DTU has not been involved in your application for a residence and work permit, please send a scanned copy of the permit to wr@dtu.dk or a copy to DTU Corporate HR, Work and residence permit team, Anker Engelunds Vej 1, building 101A, 2800 Kgs. Lyngby, Denmark, and it will be filed with your HR case.

**Place of employment and PhD school**
Your place of employment until further will be DTU Electro, Department of Electrical and Photonics Engineering.

*ഡെന്മാർക്ക് ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഓഫർ ലെറ്റർ*

വിദൂരങ്ങളിൽ കഴിയുന്ന ഉറ്റവരുടെയും ഉടയവരുടെയും വിവരങ്ങളും വിശേഷങ്ങളും ദിവസങ്ങൾക്കും ആഴ്ചകൾക്കും ശേഷം എഴുത്തുകളിലൂടെ വായിച്ചറിയുന്ന കാലം ഇന്ന് ചരിത്രമാണ്. പ്രിയപ്പെട്ടവരുടെ ശബ്ദങ്ങളും ദൃശ്യങ്ങളും ലൈവായി നമ്മളിൽ എത്തുന്നു. ഇത് സാദ്ധ്യമാക്കുന്ന ഡാറ്റാ പ്രവാഹത്തിന്റെ പാത ഫൈബർ ഒപ്റ്റിക് കേബിളുകളാണ്.

സൂര്യപ്രകാശം ഘടക വർണ്ണങ്ങളായി വേർപിരിയുമ്പോൾ അത് പല നിറങ്ങളുള്ള മഴവില്ലായി തീരാറുണ്ടല്ലോ.ഈ വർണ്ണങ്ങളെ സംയോജിപ്പിച്ചാൽ അത് ഒരു വർണ്ണമായി തിരികെയും വരും. പ്രകാശ തരംഗങ്ങളുടെ ഫ്രീക്വൻസിയിലുള്ള വ്യത്യാസമാണ് ഈ മാറ്റം വരുത്തുന്നത്. ഇത് പോലെ പല ചാനലുകളിലൂടെ വരുന്ന ഒപ്റ്റിക്കൽ സിഗ്നലുകളെ സംയോജിപ്പിച്ച് ഒന്നാക്കുവാനും ഒന്നിനെ വിഭജിച്ച് പലതാക്കുവാനും കഴിയുമത്രേ. ഇതിനുതകുന്ന സാങ്കേതിക വിദ്യ രണ്ടായിരത്തിന്റെ തുടക്കത്തിൽ വികസിപ്പിച്ചിട്ടുണ്ട്. നിരവധി പല്ലുകളെ ഒരു ഫ്രെയിമിൽ ഘടിപ്പിച്ച് തലചീകാൻ ഉപയോഗിക്കുന്ന ചീർപ്പ് ഉണ്ടാക്കുന്നില്ലേ. അതുപോലെയാണ് ഈ വിദ്യ എന്ന് പറയാം. ഫ്രീക്വൻസി കോമ്പ് എന്നാണ് ഇതിനെ വിളിക്കുന്നത്. ഫൈബർ നെറ്റ് വർക്കിലെ ട്രാഫിക് ജാം പൂർണമായും ഒഴിവാക്കുവാൻ ഈ സംവിധാനത്തിന് കഴിയും.

രണ്ടായിരത്തി അഞ്ചിൽ ഈ കണ്ടുപിടുത്തത്തിന് നോബൽ സമ്മാനം ലഭിച്ചിട്ടുണ്ടെങ്കിലും ഒപ്റ്റിക്കൽ ഫൈബർ ചാനലുകളുടെ ശേഷി പതിന്മടങ്ങ് വർദ്ധിപ്പിക്കുന്ന ഈ വിദ്യ ഇതുവരെ പരീക്ഷണശാല വിട്ട് പുറത്ത് വന്നിട്ടില്ല. ഇതിനെ ഒരു ഉൽപന്നമാക്കി വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന തരത്തിലേക്ക് വികസിപ്പിക്കുക എന്നതാണ് അർജുനിന്റെ ഗവേഷണ ലക്ഷ്യം.

യൂറോപ്യൻ യൂണിയനിലെ രാജ്യങ്ങളാണ് ഈ ഗവേഷണം ഏറ്റെടുത്ത് നടത്തുന്നത്. അർജുനിന് പുറമേ പതിമൂന്നോളം ഗവേഷകരും ഈ ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായി പല ഉപ വിഭാഗങ്ങളിലായി ഗവേഷണം നടത്തുന്നുണ്ട്.

എടുക്കുമ്പോൾ ഒന്നും കുലയ്ക്കുമ്പോൾ പത്തും തൊടുക്കുമ്പോൾ നൂറും കൊള്ളുമ്പോൾ ആയിരവുമാകുന്ന അസ്ത്രം കൈക്കലാക്കിയ ഇതിഹാസ പുരുഷനാണ് വില്ലാളിവീരൻ അർജുനൻ. ഇന്റർനെറ്റിന്റെ വേഗത

**വിദേശങ്ങളിൽ പഠനവും ഗവേഷണവുമെല്ലാം വലിയ പണക്കാർക്കേ സാദ്ധ്യമാകൂ എന്നതാണ് പലരുടേയും ധാരണ. എന്നാൽ സ്ഥിരോൽ സാഹവും ഇച്ഛാശക്തിയുമുണ്ടെങ്കിൽ പണച്ചെലവില്ലാതെ സാധാരണക്കാർക്കും നേടാമെന്ന് സാക്ഷ്യപ്പെടുത്തുകയാണ് അർജുൻ കുറൂർ.**

# പരിധിയും പരിമിതിയുമില്ലാത്ത വേഗതയിലേക്ക്

മൊബൈലിന്റെ ഹാൻഡ്സെറ്റ് മുതൽ തൊട്ടടുത്ത ടവർ വരെ മാത്രമാണ് വയർലെസ് ആയി ഡാറ്റ സിഗ്നലുകൾ സഞ്ചരിക്കുന്നത്. ടവർ മുതൽ മറ്റ് ടവറുകളിലേക്കും നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും ഒരു രാജ്യത്ത് നിന്ന് മറ്റ് രാജ്യങ്ങളിലേക്കുമുള്ള ഡാറ്റകളുടെ സഞ്ചാരം മുഴുവൻ പ്രകാശ തരംഗങ്ങൾ ആയി (കാണാൻ കഴിയുന്ന വെളിച്ചം എന്ന് അർത്ഥമാക്കുന്നില്ല) ഒപ്റ്റിക്കൽ ഫൈബർ കേബിളുകളിലൂടെയാണ്.

കണ്ണ്, ചെവി എന്നീ ഇന്ദ്രിയങ്ങളുടെ ഫീലിങ്ങുകളാണ് ഇന്ന് ഡിജിറ്റൽ ഫോമിലേക്ക് മാറ്റി വിദൂരങ്ങളിലേക്ക് അയക്കാൻ കഴിയുന്നത്. ദൂരദേശത്തിരുന്ന് തൊട്ടറിയുവാനും, രുചിച്ചറിയുവാനും, മണത്തറിയുവാനും കഴിയുന്ന കാലം അത്ര വിദൂരമല്ല. അഞ്ച് ഇന്ദ്രിയങ്ങളുടേയും അനുഭൂതികൾ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് എത്തിക്കാനാവുമെന്ന പ്രതീക്ഷയിലാണ് നിർമ്മിത ബുദ്ധിയുടെ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഗവേഷകർ. അതെല്ലാം സാദ്ധ്യമാകാൻ ഇന്റർനെറ്റിന് ചിന്തയെ തോൽപിക്കുന്ന വേഗത വേണം.

ഇപ്പോൾ ഉപയോഗത്തിലുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഇന്നത്തെ ആവശ്യങ്ങൾക്ക് പര്യാപ്തമാണെങ്കിലും അതിവേഗം വളരുന്ന ആവശ്യങ്ങൾക്ക് ഈ ശേഷി തികയാതെ വരും. കെബി, എംബി, ജിബി എന്നിങ്ങനെയുള്ള ഡാറ്റയുടെ അളവുകോലുകൾ ഏവർക്കും സുപരിചിതമാണ്. ഈ ശ്രേണിയിലെ അടുത്തയാളായ ടിബി വൈകാതെ കളത്തിലിറങ്ങും.

ഇവർ തമ്മിൽ ഒരക്ഷരത്തിന്റെ വ്യത്യാസമേ ഉള്ളൂവെങ്കിലും വലിപ്പത്തിൽ ആയിരം മടങ്ങിന്റെ അന്തരമുണ്ട്. റോഡിലെ ട്രാഫിക് മൂലം ബ്ലോക്ക് ആവുന്ന പോലെ ഡാറ്റാ പ്രവാഹത്തിന്റെ ആധിക്യം മൂലം ഇൻറർനെറ്റ് സേവനങ്ങളുടെ വേഗത കുറയുവാനുള്ള സാധ്യതയുണ്ട്. സിംഗിൾ ലൈൻ റോഡുകളെ ഡബിൾ ലൈനായും ഡബിളിനെ നാലുവരിയും ആറുവരിയും പാതകളാക്കി വികസിപ്പിച്ച് യാത്രാ വേഗം വർദ്ധിപ്പിക്കാൻ കഴിയും.

എന്നാൽ ടെക്നോളജിയിലെ അതിവേഗമാറ്റം ഡാറ്റയുടെ അളവിൽ ആയിരം മടങ്ങുകളുടെ വ്യത്യാസമാണ് വരുത്തുന്നത്. ഇത്രയും ഭീമാകാരമായ ഡാറ്റകളെ ലക്ഷ്യത്തിലെത്തിക്കാൻ നിലവിലെ സിംഗിൾ ചാനൽ കേബിളുകളെ ആയിരം ചാനലുകളായും ആയിരങ്ങളെ ലക്ഷങ്ങളായും ഉയർത്തേണ്ടി വരാം. ഇതിന്റെ ബുദ്ധിമുട്ട് ഊഹിക്കാവുന്നതേ ഉള്ളൂ. ഡാറ്റയുടെ ആധിക്യം കൊണ്ട് കേബിളുകളിൽ വരുന്ന ട്രാഫിക് ജാമും ഇന്റർനെറ്റ് സേവനങ്ങൾക്ക് വേഗതക്കുറവും സമീപ ഭാവിയിൽത്തന്നെ അനുഭവപ്പെട്ടു തുടങ്ങും.

ഫ്രീക്വൻസി കോമ്പ് എന്ന സാങ്കേതിക വിദ്യകൊണ്ട് ഈ പ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം കാണാനാകും. കണ്ടുപിടിച്ച് പത്തിരുപത് വർഷം പിന്നിട്ടെങ്കിലും ഈ വിദ്യ ഇന്നും പരീക്ഷണശാലകളിൽ ഒതുങ്ങിയിരിപ്പാണ്. ഇൻറർനെറ്റിന്റെ വേഗത, പരിധിയും പരിമിതിയുമില്ലാത്ത ഉയരങ്ങളിലേക്ക് എത്തിക്കുന്ന ഈ സാങ്കേതികവിദ്യയെ ഒരു ഉൽപ്പന്നമാക്കി വികസിപ്പിക്കുകയാണ് അർജുനന്റെ ഗവേഷണം ലക്ഷ്യമിടുന്നത് ●



*അച്ഛൻ കെ.എം സുകുമാരനും അമ്മ സുധയ്ക്കുമൊപ്പം അർജുൻ കുറൂർ*

വർദ്ധിപ്പിക്കുവാനായി ഫൈബർ നെറ്റ് വർക്കിന്റെ ശേഷിയെ ഒന്നിൽ നിന്ന് ആയിരങ്ങളാക്കുവാനും ആയിരങ്ങളെ ലക്ഷങ്ങളാക്കുവാനും സാധിക്കുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുവാൻ അർജുനിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

പഠനത്തിന്റെ ഇടവേളകളിൽ നാട്ടിലെത്തുമ്പോൾ ക്രിയക്കും ശ്രമത്തിനും പോകാൻ മടി കാണിക്കാത്ത തനി നാടൻ നമ്പൂതിരിയാണ് അർജ്ജുൻ. തൃശൂർ ഏജീസ് ഓഫീസിൽ നിന്ന് വിരമിച്ച കൈപ്പറമ്പ് കുറൂർ മനക്കൽ കെ എം സുകുമാരന്റേയും സുധയുടേയും മകനാണ്. കാനഡയിലുള്ള ഡോ. അമൃത കുറൂർ സഹോദരിയും. ●


അർജുൻ കുറൂർ, ശ്രീനികേതനം, കുറൂർ മന,
പി ഒ കൈപ്പറമ്പ്, തൃശൂർ, മൊബൈൽ: 9400324751
പി. കൃഷ്ണൻ നമ്പൂതിരി, പാനാട്ട് ഇല്ലം. പി.ഒ വിളയിൽ,
വഴി: കുഴിമണ്ണ, മലപ്പുറം ജില്ല മൊബൈൽ: 9048486430

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"




സ്വീകരണം നൽകി

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിപ്പാടിന് സ്വീകരണം നൽകി

മള്ളിയൂർ ക്ഷേത്ര ദർശനത്തിനെത്തിയ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിക്ക് ഭാഗവതാചാര്യൻ മള്ളിയൂർ പരമേശ്വരൻ നമ്പൂതിരി ഉപഹാരം നൽകുന്നു

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിക്ക് സ്വീകരണം നൽകി

കോട്ടയം: മള്ളിയൂർ ശ്രീമഹാഗണപതി ക്ഷേത്രത്തിൽ ദർശനത്തിനെത്തിയ കേരളാ ക്ഷേത്രസംരക്ഷണ സമിതിയുടെ നിയുക്ത സംസ്ഥാന പ്രസിഡണ്ടും താന്ത്രികാചാര്യനുമായ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയെ ക്ഷേത്രം ട്രസ്റ്റിമാരായ മള്ളിയൂർ പരമേശ്വരൻ നമ്പൂതിരിപ്പാടും, ദിവാകരൻ നമ്പൂതിരിപ്പാടും ചേർന്ന് സ്വീകരിച്ചു. തുടർന്ന് നടന്ന ചടങ്ങിൽ പരമേശ്വരൻ നമ്പൂതിരിപ്പാട് ക്ഷേത്രത്തിന്റെ ഉപഹാരം കൃഷ്ണൻ നമ്പൂതിരിക്ക് നൽകി. ബഹു: സുപ്രീം കോടതി ജഡ്ജി സി.ടി. രവികുമാർ അടക്കം നിരവധി പ്രമുഖർ ഇന്ന് ക്ഷേത്ര ദർശനെത്തിയിരുന്നു.

*രാമചന്ദ്രപുര ശ്രീ ശങ്കരാചാര്യ മഠം (ഗോകർണ്ണം) സന്ദർശിച്ച കേരള ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന അദ്ധ്യക്ഷൻ മുല്ല പ്പള്ളി കൃഷ്ണൻ നമ്പൂതിരിയെ ജഗദ്ഗുരു ശ്രീമദ് രാഘവേശ്വര സരസ്വതി സ്വാമികൾ പൊന്നാട അണിയിച്ച് സ്വീകരിക്കുന്നു*

# മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി

## കേരള ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന പ്രസിഡന്റ്

കേരള ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന പ്രസിഡന്റ് ആയി പ്രശസ്ത തന്ത്ര ശാസ്ത്ര പണ്ഡിതനും യോഗക്ഷേമസഭ മുൻ സംസ്ഥാന വൈസ് പ്രസിഡന്റുമായ ബ്രഹ്മശ്രീ: മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടു. കേരള ധർമ്മാചാര്യ സഭ സംസ്ഥാന ജനറൽ സെക്രട്ടറി, ആലുവ തന്ത്രവിദ്യാപീഠം വർക്കിംഗ് പ്രസിഡണ്ട്, കോഴിക്കോട് വൈദിക വിജ്ഞാന കേന്ദ്രം ഡയറക്ടർ ബോർഡ് അംഗം എന്നീ ചുമതലകൾ വഹിക്കുന്നു. നിരവധി മേൽശാന്തിമാരും മഹാക്ഷേത്രങ്ങളിലെ തന്ത്രിമാരും അടക്കം നൂറിൽപരം ശിഷ്യന്മാരുണ്ട്.

അഖില ഭാരത അയ്യപ്പ ധർമ്മ പ്രചാര സഭയിൽ നിന്നും തന്ത്ര ശാസ്ത്ര വിശാരദ് പുരസ്കാരം, സഹവർത്തിത്വം ട്രസ്റ്റിന്റെ ആചാര്യ ശ്രേഷ്ഠ പുരസ്കാരം, തിരുവനന്തപുരം മീഡിയ സിറ്റിയുടെ താന്ത്രിക ശ്രേഷ്ഠപുരസ്കാരം, അഖിലകേരള തന്ത്രി മണ്ഡലത്തിന്റെ വാഴയിൽ മഠം വിഷ്ണു നമ്പൂതിരി സ്മാരക പുരസ്കാരം, കാസർഗോഡ് വേദ വിദ്യാ പ്രതിഷ്ഠാനിൽ നിന്നും പൈതൃക താന്ത്രിക പുരസ്കാരം, പാലക്കാട് തെങ്ങും പാടം ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്നും അയ്യപ്പകീർത്തി പുരസ്കാരം, മാവേലിക്കര ശ്രീ ശങ്കര വിദ്യപീഠത്തിന്റെ താന്ത്രിക ചൂഡാമണി എന്നിവയടക്കം നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. വിളിക്കാം, അഭിനന്ദിക്കാം... 9447478251



അക്ഷരാർത്ഥത്തിൽ 'അന്തർജന'മാവേണ്ട ആളാണ് വിമല ഡി.ബി നമ്പൂതിരിപ്പാട്. മൊബിലിറ്റി ഇല്ലാത്തതിനാൽ ഇല്ലത്തിനകത്ത് തന്നെ ഇരുന്നു പോവേണ്ട ആൾ. എന്നാൽ വീൽ ചെയറും മനസ്സിന്റെ കരുത്തും അവരെ ഈ എഴുപത്തഞ്ചിലും 'അന്തർജന'മല്ലാതാക്കുന്നു. ജീവിതത്തിലെ നെഗറ്റീവുകളെ പോസിറ്റീവ് ആക്കി മാറ്റുന്ന അവരെപ്പറ്റി അനിയത്തി ഗീത വാസുദേവൻ.

# ഭാവഗായകൻ തേടി വന്നു എന്റെ കുഞ്ഞേടത്തിയെ

**ഗീതാ വാസുദേവൻ**



കുഞ്ഞേടത്തിയെപ്പറ്റിയാണിത്. നെഗറ്റീവുകളെയെല്ലാം പോസിറ്റീവ് ആക്കിയ കുഞ്ഞേടത്തിയെപ്പറ്റി. സ്കൂളിൽ ചേർന്നിട്ടില്ല. എന്നാലോ, സ്കൂളിൽ പോയവരേക്കാൾ അറിവ്. രണ്ടുകാലിൽ നിവർന്ന് നടന്നിട്ടില്ല. എന്നാൽ മനസ്സുകൊണ്ട് നടന്ന ദൂരത്തിന് കണക്കില്ല. എഴുതുന്നത് ഡയറിക്കുറിപ്പുകൾ ആണെങ്കിലും കഥാകാരികളെ തോല്പിക്കുന്ന എഴുത്തുകാരി. വെറുതെയല്ല, ഗായകൻ ജയചന്ദ്രൻ കുഞ്ഞേടത്തിയെ കാണാൻ വന്നത്.

ജനനത്തിൽ മുതൽ അപൂർവതയുണ്ട്. അന്നൊക്കെ ആശുപത്രിയിൽ പ്രസവിക്കുന്നത് അപൂർവമാണ്. അമ്മാത്തായ തോട്ടറ പുതുവായയിലെ കുളക്കടവിലാണ് പിറന്നു വീണത്. 1949 ഒക്ടോബർ 2 ന്. അമ്മ ദേവകി അന്തർജ്ജനം. അച്ഛൻ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും. ഇല്ലത്തെ രണ്ടാമത്തെ കുട്ടിയാണ് വിമലയെന്ന എന്റെ കുഞ്ഞേടത്തി.

കുട്ടിക്കാലത്ത് തളർവാതം പിടിപെട്ട് ഒരു കാലിന്റെ സ്വാധീനം നഷ്ടപ്പെട്ടു. പത്ത് വയസ്സായപ്പോഴേക്കും ചികിത്സകളിലൂടെ കഷ്ടിച്ച് പിടിച്ചു നിൽക്കാമെന്നായി. എന്നാൽ പ്രായം കൂടുന്തോറും ശാരീരിക ബുദ്ധിമുട്ടുകൾ പെരുകി. ഒട്ടും നടക്കാൻ പറ്റാതെ ഇരുന്നു നീങ്ങുന്ന അവസ്ഥയിലായി.

എഴുന്നേറ്റ് നടക്കാൻ സാധിച്ചില്ലെങ്കിലും ദുഃഖമില്ല. 73 ാം വയസ്സിലും സന്തോഷവതി. കൊച്ചു കൊച്ചു സന്തോഷങ്ങൾ. ലുലു മാളിൽ പോയത്. ഫ്ളാറ്റിൽ താമസിച്ചത്. ബെംഗളൂരു നഗരത്തിന്റെ വർണ്ണപ്പകിട്ട് ആസ്വദിച്ചത്. പരപ്പനങ്ങാടി കടപ്പുറത്ത് പോയത്. സർക്കസ് കണ്ടത്. നിരങ്ങുന്നതിന് പകരം വീൽ ചെയറിൽ ചലിക്കാനായത്. അതിലൊന്നാണ് പ്രമുഖഗായകൻ പി. ജയചന്ദ്രൻ കുഞ്ഞേടത്തിയെ കാണാനെത്തിയത്.

**അമ്മാത്തായ തോട്ടറ പുതുവായയിലെ കുളക്കടവിലാണ് പിറന്നു വീണത്. 1949 ഒക്ടോബർ 2 ന്. എഴുന്നേറ്റ് നടക്കാൻ സാധിച്ചില്ലെങ്കിലും ദുഃഖമില്ല. സഞ്ചാരം വീൽ ചെയറിലാണെങ്കിലും സന്തോഷവതി. കൊച്ചു കൊച്ചു സന്തോഷങ്ങൾ. ലുലു മാളിൽ പോയത്. ഫ്ളാറ്റിൽ താമസിച്ചത്. ബെംഗളൂരു നഗരത്തിന്റെ വർണ്ണപ്പകിട്ട് ആസ്വദിച്ചത്. നിരങ്ങുന്നതിന് പകരം വീൽ ചെയറിൽ ചലിക്കാനായത്. അതിലൊന്നാണ് പ്രമുഖഗായകൻ പി. ജയചന്ദ്രൻ കുഞ്ഞേടത്തിയെ കാണാനെത്തിയത്.**

2017 ഒക്ടോബറിലാണ്. അനിയൻ നാരായണന്റെ മകൾ നിഖിലയുടെ തൃശൂരിലെ ഫ്ളാറ്റിൽ കുഞ്ഞേട്ത്തി താമസിക്കാനെത്തി. നിഖിലയും ഭർത്താവ് വിഷ്ണുവും താമസിക്കുന്നത് പൂങ്കുന്നത്തെ അനാർക്ക് എന്ന ഫ്ളാറ്റിലാണ്. ഒരാഴ്ചത്തെ താമസത്തിനു ശേഷം തിരികെ പോവാൻ ഒരുങ്ങുകയായിരുന്നു.

അപ്പോഴാണ് ജയചന്ദ്രന്റെ കാർ കണ്ടത്. ജയചന്ദ്രന് പൂങ്കുന്നത്ത് ഒരു ഫ്ളാറ്റ് ഉണ്ട്. കുഞ്ഞേട്ത്തിക്ക് അദ്ദേഹത്തിനോടുള്ള ആരാധന കണ്ടുംകേട്ടും വളർന്ന നിഖിലക്ക് ജയചന്ദ്രനെ കാണിച്ചു കൊടുക്കണമെന്ന് മോഹമുണ്ടായിരുന്നു. ഫ്ളാറ്റിന്റെ പുറത്തുവന്ന് നിൽക്കുകയായിരുന്ന ജയചന്ദ്രനെ അപ്രതീക്ഷിതമായി കണ്ടതും എവിടുന്നോ കിട്ടിയ ധൈര്യം വെച്ച് അദ്ദേഹത്തിന്റെ അടുത്തേക്ക് നടന്നു.

തന്റെ വല്ല്യച്ഛമ്മ ജയചന്ദ്രന്റെ ആരാധികയാണെന്നും പുറത്തിറങ്ങി നടക്കാൻ പറ്റാത്ത ആളാണെന്നും മറ്റും വിശദമായിത്തന്നെ പറഞ്ഞു.

ജയചന്ദ്രന് വളരെ സന്തോഷമായി.

'ഞാൻ നാളെ വരാംട്ടോ ' എന്ന് മറുപടി.

'അയ്യോ ഞങ്ങൾ ഇന്ന് തിരിച്ചു ഇല്ലത്തേക്ക് പോവ്വാണല്ലൊ.' നിഖില പറഞ്ഞു. ആ നിമിഷത്തിൽ തന്നെ ജയചന്ദ്രൻ ഫ്ളാറ്റിൽ നിന്നിറങ്ങി. നേരെ നിഖിലയുടെ ഫ്ളാറ്റിലേക്ക്. ഒട്ടും പ്രതീക്ഷിക്കാതെ ഒരു സൂചന പോലും കൊടുക്കാതെ കുഞ്ഞേടത്തിയുടെ മുന്നിൽ. വിശ്വസിക്കാനേ കഴിഞ്ഞില്ല. സ്വയം മറന്നുപോയ നിമിഷങ്ങൾ.



*ലുലു മാളിലെ ഷോപ്പിംഗ് വിസ്മയത്തിനു മുന്നിൽ വീൽ ചെയറിലെത്തിയപ്പോൾ*

ദൈവമേ ഇതാരാ എന്റെ മുമ്പിൽ വന്ന് നിൽക്കുന്നത്... ഇത് സത്യമാണോ... എന്താ ഒന്നു മിണ്ടാ, എന്താ ഒന്ന് ചോദിക്കാ... തൊണ്ടയിൽ നിന്ന് ശബ്ദം പുറത്തു വരുന്നില്ല. ചോർന്നുപോയ മനഃശക്തി വീണ്ടെടുത്തു ഒരു വിധത്തിൽ കുഞ്ഞേടത്തി പറഞ്ഞൊപ്പിച്ചു.

'ഞാൻ സുഖമില്ലാത്ത ഒരാളാണ്.'

'അതുകൊണ്ടല്ലേ വന്നത് ' അദ്ദേഹം പറഞ്ഞു.

ദൈവമേ! ഭാവഗായകൻ ജയചന്ദ്രന്റെ അതേ സ്വരം തന്നെ.... അതേ ഭാവം തന്നെ.... ചിരിച്ചുകൊണ്ട് മുമ്പിലിരുന്ന് സംസാരിക്കുന്നു. ഫോട്ടോ എടുക്കട്ടെ എന്ന് ചോദിച്ചതും പെട്ടെന്ന് കസേരയെടുത്ത് അടുത്തു വന്നിരുന്നു കുട്ടികളോട് ഫോട്ടോ എടുത്തോളൂ എന്ന് പറഞ്ഞു.

'എന്റെ ഒരു അനിയനാണ്  കാണാൻ വന്നിരിക്കുന്നത് എന്ന് ഞാൻ വിശ്വസിച്ചോട്ടെ ? ' കുഞ്ഞേടത്തി.

'തീർച്ചയായും ' അദ്ദേഹത്തിന്റെ മറുപടി.

'എത്ര വയസ്സായി? 'എന്ന മറുചോദ്യം.

68 എന്ന മറുപടി കേട്ടതും ഉടനെ ജയചന്ദ്രൻ പറഞ്ഞു.

'എന്റെ അനീത്ത്യാണ്..ട്ടോ..'

ഒരുവട്ടമല്ല പലവട്ടം. ഒരു മധുരസ്വരം കുഞ്ഞേടത്തിയുടെ കാതിൽ പതിച്ചു കൊണ്ടിരുന്നു. ഇതിലും വലിയൊരു ഭാഗ്യം ഇനി വരാനില്ല. അത് അവിടെയും നിന്നില്ല. പിന്നീട് ഒരു നാൾ കണ്ടപ്പോൾ നിഖിലയോട് ജയചന്ദ്രൻ ചോദിച്ചു. വല്യമ്മയ്ക്ക് സന്തോഷമായില്ലേ. ജയചന്ദ്രൻ തന്നെ ഓർത്തതും വീണ്ടും അന്വേഷിച്ചതും കുഞ്ഞേട്ത്തിക്ക് വിസ്മയമായി. മഞ്ഞലയിൽ മുങ്ങിത്തോർത്തിയ പോലെ.

യാദൃശ്ചികമായിട്ടായിരുന്നു അറുപതുകളിൽ അച്ഛൻ റേഡിയോ മേടിച്ചത്. ഒരു അത്ഭുതപ്പെട്ടിയായിരുന്നു അത്. പാട്ടു കേൾക്കാം, വാർത്തകൾ അറിയാം. അക്കാലത്ത് എല്ലാ വീടുകളിലുമൊന്നും ഇല്ലാത്ത വിസ്മയം. സ്കൂളിൽ പോയിട്ടില്ലാത്ത കുട്ടിക്കാലത്ത് റേഡിയോ ആയിരുന്നു കൂട്ടുകാ

**കുഞ്ഞേടത്തി ഇല്ലത്ത് നിരങ്ങി നിരങ്ങിയാണ് നീങ്ങുന്നത്. കട്ടിലിൽ പിടിച്ചു കയറി ഇരിക്കാൻ ബുദ്ധിമുട്ടില്ല. ഉമ്മറപ്പടി തടസ്സമായതിനാൽ അകത്ത് വീൽചെയർ ഉപയോഗിക്കാൻ സാധിക്കില്ല. നാരായണന്റെ കുട്ടി നിഖിലയാണ് കുഞ്ഞേടത്തിയുടെ പ്രധാന സഹായി. ഇല്ലത്തെത്തിയാൽ വല്യച്ഛമ്മയെ പരപ്പനങ്ങാടി കടൽപ്പുറമൊക്കെ കാണിക്കാൻ കൊണ്ടുപോകും. യാത്രകൾ ഇഷ്ടമാണ്. ബന്ധുക്കളുടെ ഉത്സാഹത്തിൽ അവരുടെ അടുത്തെല്ലാം പോയി താമസിക്കാറുണ്ട്. തിരിച്ചെത്തിയാൽ അവിടുത്തെ വിശേഷങ്ങൾ ഓർമ്മിച്ചു പറയാറുണ്ട്. പോയ ദിവസവും സന്ദർഭവും ഒരിക്കലും മറക്കാറില്ല.**

രി. മുറിയുടെ നാല് ചുവരുകൾക്കുള്ളിലെ ഏകാന്തതയിൽ നിന്ന് മറ്റൊരു ലോകത്തേക്ക് കൈപിടിച്ച് നടത്തിയത് ആ അത്ഭുതപ്പെട്ടിയാണ്. ജയചന്ദ്രന്റെ പാട്ടുകളെല്ലാം ഹൃദിസ്ഥമാക്കിയത് അങ്ങനെയാണ്. അങ്ങനെ ജയചന്ദ്രന്റെ ഫാനായി. ചലച്ചിത്ര ഗാനങ്ങൾ ആലാപനവേഗത്തിൽ തന്നെ എഴുതി മനപ്പാഠമാക്കിയിരുന്നു. എല്ലാ പാട്ടുകളുമറിയാം, ജയചന്ദ്രന്റെ ആത്മകഥയും വായിച്ചിട്ടുണ്ട്.

പരാശ്രയമില്ലാതെ മറ്റുള്ള കുട്ടികളെപ്പോലെ ഓടി നടന്നു കാണണമെന്ന ഒറ്റചിന്ത മാത്രമേ അച്ഛന് ഉണ്ടായിരുന്നുള്ളൂ, അതിനാൽ ഗുരുനാഥൻ വീട്ടിൽ വന്നു നൽകിയ അക്ഷരാഭ്യാസത്തിൽ മാത്രം പ്രാഥമിക വിദ്യാഭ്യാസം ഒതുങ്ങി. സഹോദരങ്ങളുടെയും കൂട്ടുകാരുടെയും കൂടെയുള്ള വിദ്യാലയയാത്ര അപ്രാപ്യമാണെന്ന ബോധം സങ്കടമുണ്ടാക്കി. സ്കൂൾ വിശേഷങ്ങൾ പറയുന്ന കേട്ട് സ്കൂളിൽ പോകാനുള്ള വാശിയായി. പുതിയ ബാഗ്, കുട അതൊക്കെ അന്നത്തെ സ്വപ്നങ്ങൾ ആണല്ലോ. അവസാനം അച്ഛൻ എല്ലാം വാങ്ങികൊടുത്തു. ഒരാഴ്ച സ്കൂളിൽ കൊണ്ടുപോയി. എന്നാൽ പ്രായോഗികമായിരുന്നില്ല ആ ദിനചര്യ. അങ്ങനെ സ്കൂൾ വേണ്ടെന്നു വച്ചു.

മൂത്ത സഹോദരി പത്മിനിയെ വിവാഹം കഴിച്ചയച്ചപ്പോൾ മുതലാണ് കുടുംബ കാര്യങ്ങളിൽ ശ്രദ്ധാലുവായത്. അച്ഛൻ പുലർച്ചെ നാലുമണിക്ക് എഴുന്നേറ്റ് അമ്പലത്തിൽ പോകുമ്പോഴേക്കും കുഞ്ഞേട്ത്തിയുടെ ഉറക്കം കഴിയും. റേഡിയോയുമെടുത്ത് അടുക്കളയിൽ. പറ്റുന്ന രീതിയിൽ സഹായിക്കും. കുറച്ചു സാവകാശമാണെന്നു മാത്രം. ആട്ടുകല്ലിൽ അരിയാട്ടൽ, അടിച്ചുവാരൽ, ചെറിയ തോതിൽ പാചകം. ഇവയെല്ലാം ചെയ്തിരുന്നു. ഒഴിവു ദിവസങ്ങളിൽ എല്ലാവരും കൂടിയുള്ള ശീട്ടുകളിയിലും പങ്കാളിയായിരുന്നു.

50 വയസ്സ് കഴിഞ്ഞപ്പോഴാണ് ദേഹം മുഴുവനും ഒരുതരം മിന്നൽ വേദന തുടങ്ങിയത്. അനങ്ങാൻ പോലും പറ്റാത്ത അവസ്ഥയിൽ പത്ത് മാസത്തോളം. തുടർച്ചയായുള്ള ചികിത്സയിൽ വേദന കുറഞ്ഞെങ്കിലും നിൽക്കാനും നടക്കാനുമുള്ള ശക്തി പൂർണ്ണമായും നഷ്ടപ്പെട്ടു. പിന്നീട് കൈകൾ കുത്തി നിരങ്ങിയാണ് എല്ലാ സ്ഥലങ്ങളിലേക്കും എത്തുന്നത്.

കാലിനു മാത്രമല്ല കണ്ണിനുമുണ്ടായിരുന്നു പ്രയാസം. ഒന്നിലും ഉറച്ചു നിൽക്കാത്ത ദൃഷ്ടി വൈകല്യം. കുട്ടിക്കാലത്ത് നീളം കൂടിയ പല വാക്കുകളും വായിക്കാൻ പ്രയാസപ്പെട്ടിരുന്നു. എന്നാൽ വലിയ അക്ഷരങ്ങൾ വായിക്കാം. അക്കാലത്ത് ഇറങ്ങിയിരുന്ന അമ്പിളിമാമൻ മാസികയിലൂടെയാണ് വായന ആരംഭിക്കുന്നത്. അതിൽ വലിയ അക്ഷരങ്ങളായിരുന്നു.

ഡയറിയെഴുത്ത് ഇപ്പോഴുമുണ്ട്. സിനിമ, കവിത, സാഹിത്യം, സംഗീതം, രാഷ്ട്രീയം, ചരിത്ര സംഭവങ്ങൾ, ആചാരങ്ങൾ തുടങ്ങി എല്ലാറ്റിനെ കുറിച്ചും മനസ്സിലാക്കി സ്വന്തം അഭിപ്രായം എഴുതും. അതിനെ കുറിച്ചുള്ള പേപ്പർ കട്ടിംഗ്, ലേഖനങ്ങൾ, ഇവയെല്ലാം ശേഖരിച്ച് ഒട്ടിച്ചുവച്ച് സൂക്ഷിക്കും. പ്രധാനപ്പെട്ട വാർത്തകളുടെ ശേഖരവും ഉണ്ട്. സിനിമാ നോട്ടീസുകളും പാട്ട് പുസ്തകങ്ങളും ഇപ്പോഴും നിധി പോലെ സൂക്ഷിക്കുന്നുണ്ട്.

ചരിത്ര ഗവേഷണ വിദ്യാർത്ഥികൾക്ക് ഉതകുന്ന ധാരാളം വായനാ സാമഗ്രികൾ ശേഖരത്തിലുണ്ട്.1948ൽ സഖ്യ കക്ഷികൾ ഇറ്റലി ആക്രമിക്കുന്നത്. ഭൂമിക്കപ്പുറത്തെ പുതിയ ഭൂമികൾ. സാഹിത്യകാരന്മാരെ കുറിച്ചുള്ള വിവരണങ്ങൾ. നാടക സിനിമ ലോകത്തിലേക്ക് ഒരു എത്തിനോട്ടം. കൊറോണയിൽ ലോകാരോഗ്യ സംഘടന... ചക്രക്കസേരയുടെ ലോകത്തിരുന്ന് ഇങ്ങനെ പലതുമുണ്ട് ഡയറിക്കുറിപ്പിൽ.

പഴയ കാലത്ത് യാത്രകൾ ക്ലേശകരമായിരുന്നെങ്കിലും കുടുംബസമേതം പലപ്പോഴായി ചെയ്ത വിനോദയാത്രകൾ ഏറ്റവും വലിയ പുറം കാഴ്ചകളിലേക്ക് എത്തിച്ചു. സിനിമ, സർക്കസ്, എക്സിബിഷൻ ഇവയെല്ലാം അവയിൽ ചിലതായിരുന്നു. കാലം മാറിയപ്പോൾ സൗകര്യങ്ങൾ കൂടി. ബാംഗ്ലൂർക്കും എറണാകുളത്തേക്കുമൊക്കെ ബന്ധുക്കളുടെ കൂടെ

## അച്ഛനുമമ്മയുമില്ലാതെ

1961 മാർച്ചിലാണ്. നാടും വീടും വിട്ട് തികച്ചും അപരിചിതമായവരുടെ കൂടെ. അപരിചിതമായ ആ ലോകത്തെ ജീവിതത്തിന് മൂന്ന് വർഷത്തെ നീളമുണ്ടായിരുന്നു. അന്ന് 12 വയസ്സായിരുന്നു. ജോലിത്തിരക്ക് കാരണം അച്ഛനു കൂടെ വന്നു നിൽക്കാൻ കഴിഞ്ഞില്ല. അനിയത്തിക്ക് രണ്ടു വയസ്സ് മാത്രമായിരുന്നതിനാൽ അമ്മയ്ക്കും മദിരാശിയിൽ വന്ന് താമസിക്കാൻ കഴിഞ്ഞില്ല.

എനിക്ക് സഹായത്തിനായി ഗംഗാധരൻ, മാധവി എന്നീ രണ്ട് പേരെ നിയോഗിച്ചു. കാര്യങ്ങൾ അന്വേഷിക്കാൻ അച്ഛന്റെ സുഹൃത്തുക്കളെ ഏൽപ്പിക്കുകയും ചെയ്തു. മദിരാശി റെയിൽവേ സ്റ്റേഷനടുത്തുള്ള ജനറൽ ആശുപത്രിയിലാണ്



*ചക്രക്കസേരയിലെ സന്തോഷം*

## പന്ത്രണ്ടാം വയസ്സിൽ മൂന്നു വർഷം മദിരാശിയിൽ

ചികിത്സ. ഓപ്പറേഷന് പോവുകയാണെന്നറിഞ്ഞപ്പോൾ ബോധം കെടുത്തും, കത്തിക്കൊണ്ട് കീറിമുറിക്കും എന്നെല്ലാം പറഞ്ഞ് അടുത്തുള്ളവർ പേടിപ്പിച്ചിരുന്നു. പേടിയും സങ്കടവും എല്ലാം കൂടെ ഒരാഴ്ച പനിപിടിച്ച് കിടപ്പിലായി.

റെയിൽവെ സ്റ്റേഷനിലേക്കുള്ള കുതിരവണ്ടി യാത്രയും തീവണ്ടിയിലെ രാത്രി സഞ്ചാരവും ആദ്യ അനുഭവമായിരുന്നു. പിറ്റേ ദിവസം മദിരാശിയിലെത്തി. താമസിക്കാനുള്ള വീട് ശരിയായിട്ടില്ലാത്തതിനാൽ ലോഡ്ജിലായിരുന്നു ആദ്യ രണ്ടാഴ്ച താമസം. വീട് കിട്ടി അങ്ങോട്ട് മാറിയതിനു ശേഷം അച്ഛൻ ഇല്ലത്തേക്ക് തിരിച്ചു പോയി. അച്ഛന്റെ കൂടെ തിരിച്ചു പോരാൻ ഞാൻ വാശി പിടിച്ചു കരഞ്ഞു.

ഓപ്പറേഷനു മുൻപ് ചില വ്യായാമമുറകൾ ചെയ്യണമെന്നുള്ളത് കൊണ്ട് മദിരാശിയിൽ തന്നെ നിൽക്കണമെന്ന് പറഞ്ഞു അച്ഛൻ സമാധാനിപ്പിച്ചു. മദിരാശിയിലെ തിരക്കു കുറഞ്ഞ ഗ്രാമവീഥിയിലെ ഒരു മണിക്കൂർ യാത്ര ഇപ്പോഴും മനസ്സിൽ മായാതെ കിടക്കുന്നുണ്ട്. ഒരു വർഷം കഴിഞ്ഞാണ് ഓപ്പറേഷൻ ഉണ്ടായത്.

നാട്ടിൽ നിന്നും ആരെങ്കിലും മദിരാശിയിൽ വന്നുപോയാലും എഴുത്തുകൾ വന്നാലും സങ്കടപ്പെട്ടിരിക്കും. ആ എഴുത്തുകൾ നിധി പോലെ സൂക്ഷിച്ചിരുന്നു. നാട്ടിൽ നിന്നും അപ്ഫന്മാർ കാണാൻ വരുമ്പോൾ സന്തോഷം കൊണ്ട് തുള്ളിച്ചാടുമായിരുന്നു, അവർ യാത്ര പറഞ്ഞു പോകുമ്പോൾ സങ്കടം കൊണ്ട് കരയും.

രണ്ടു കാലിലും രണ്ട് പ്രാവശ്യമായാണ് ഓപ്പറേഷൻ ഉണ്ടായത്. അക്കാലത്ത് മദിരാശിയിൽ വച്ച് കമല സർക്കസിലെ ചില മലയാളി കലാകാരികളെ പരിചയപ്പെട്ടിരുന്നു. അതിൽ കൊച്ചു കലാകാരിയായ ലക്ഷ്മി എന്ന കുട്ടി അഭ്യാസപ്രകടനങ്ങൾക്കിടയിൽ മരണത്തിനു കീഴടങ്ങി. ഇത് വല്ലാതെ വിഷമിപ്പിച്ചു. അന്നത്തെ പ്രധാനമന്ത്രിയിൽ നിന്നും സമ്മാനം വാങ്ങിച്ച ഫോട്ടോയൊക്കെ കാണിച്ചു തന്നിരുന്നു ആ കുട്ടി.

ആശുപത്രിയിലെ മറ്റൊരു കൂട്ടുകാരിയായ ശാരദ ശസ്ത്രക്രിയക്ക് ശേഷം പെട്ടെന്ന് മരണത്തിലേക്ക് പോയത് ജീവിതത്തിലെ സങ്കടകരമായ വല്ലാത്ത ഒരു അനുഭവമായിരുന്നു. മരിച്ചുപോകുമോ എന്നൊരു ഭയം ആ കുട്ടിയെ വല്ലാതെ അലട്ടിയിരുന്നു. ആ സമയങ്ങളിൽ സ്വന്തക്കാരാരും അടുത്തില്ലല്ലോ എന്ന ഒരു വിഷമം എനിക്കും വല്ലാതെ അനുഭവപ്പെട്ടിരുന്നു. ●

*സ്കൂളിൽ പോയിട്ടില്ലാത്ത കുഞ്ഞേട്ത്തിയുടെ ഒരു കുറിപ്പ്*



*അച്ഛൻ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, അമ്മ ദേവകി അന്തർജനം*


യാത്ര തരമായിത്തുടങ്ങി, ഒരു വീൽചെയറും കൂടി ആയപ്പോൾ യാത്രകൾ എളുപ്പമായി.

റേഡിയോയിലൂടെ തുടങ്ങി ടേപ്പ് റെക്കോർഡറിലൂടെ വളർന്ന് ടി.വിയിൽ എത്തി നിൽക്കുമ്പോഴാണ് സ്മാർട്ട് ഫോണിന്റെ കൂട്ടുകാരിയായത്. ന്യൂ ജനറേഷൻ കുട്ടികളാണ് വല്യച്ഛമ്മയോട് സ്മാർട്ട്ഫോണിന്റെ സാധ്യതകളെ കുറിച്ച് പറഞ്ഞത്. പഴയ പാട്ടുകൾ, സിനിമകൾ, യാത്രാവിവരണം, ചർച്ചകൾ അങ്ങിനെ എല്ലാം ഒറ്റ ഉപകരണത്തിലൂടെ. അത്യാവശം സന്ദേശങ്ങൾ അയക്കാനും ആവശ്യമുള്ളവ യൂട്യൂബ് വഴി കണ്ടെത്താനും സാധിക്കുന്നുണ്ട്.

മൂന്നു സഹോദരിമാരും രണ്ട് സഹോദരന്മാരും. മന്നാനംപ്പറ്റ മനയ്ക്കൽ പരേതനായ നാരായണൻ നമ്പൂതിരിയുടെ പത്നി പദ്മിനിയാണ് മൂത്തസഹോദരി. താഴെ നാരായണൻ. ഇപ്പോൾ താമസം നാരായണന്റെയും പത്നി കിള്ളിമംഗലം മന കുമാരിയുടെയും കൂടെ. വെടിയൂർ മന ജയന്തൻ നമ്പൂതിരിപ്പാടിന്റെ പത്നി ചന്ദ്രിക, കിള്ളിമംഗലത്തു മന വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പത്നി ഗീത എന്നിവർ അനിയത്തിമാർ. മറ്റൊരു അനിയൻ ഉണ്ണികൃഷ്ണനും പത്നി തലമുണ്ട മൂത്തേടത്ത് മിനിയും അടുത്തുതന്നെയാണ് താമസം ●

വിമല ഡി.ബി നമ്പൂതിരിപ്പാട്, ചിറമംഗലത്ത് മന, പി.ഒ.ചിറമംഗലം
ഫോൺ: 9946067997, മലപ്പുറം ജില്ല.
ഗീതാ വാസുദേവൻ, കിള്ളി മംഗലത്ത് മന, പി.ഒ. കിള്ളിമംഗലം
ഫോൺ: 7736236998, തൃശൂർ ജില്ല

**1948ൽ സഖ്യ കക്ഷികൾ ഇറ്റലി ആക്രമിക്കുന്നത്. ഭൂമിക്കപ്പുറത്തെ പുതിയ ഭൂമികൾ. സാഹിത്യകാരന്മാരെ കുറിച്ചുള്ള വിവരണങ്ങൾ. നാടക – സിനിമ ലോകത്തിലേക്ക് ഒരു എത്തിനോട്ടം. കൊറോണയിൽ ലോകാരോഗ്യ സംഘടന... ചക്രക്കസേരയുടെ ലോകത്തിരുന്ന് ഇങ്ങനെ പലതുമുണ്ട് ഡയറിക്കുറിപ്പിൽ.**



# നാഗഞ്ചേരി


## കോടീശ്വരനായി ജനിച്ച് ദരിദ്രനായി മരിച്ച നമ്പൂതിരി

പതിനെട്ടു ദേശങ്ങളുടെ അധികാരിയും നാടുവാഴിയുമായിരുന്നു നാഗഞ്ചേരി മനക്കാർ. ഈ നാടുവാഴി പരമ്പരയിലെ അവസാനത്തെ നാടുവാഴിയായിരുന്നു വാസുദേവൻ നമ്പൂതിരി. ഇപ്പോൾ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് നിൽക്കുന്ന സ്ഥലത്തിന്റെ ജന്മി.

അറുപതുകളിൽ ഭൂപരിഷ്കരണ നിയമം വരുന്ന സമയം വരെ 37,000 ഏക്കർ ഭൂമി നാഗഞ്ചേരി മനയ്ക്ക് സ്വന്തമായിരുന്നു. അല്ലപ്രയിലെ മൂന്നുസെന്റ് സ്ഥലത്താണ് വാസുദേവൻ നമ്പൂതിരി അവസാനകാലത്ത് കഴിഞ്ഞിരുന്നത്.


പെരുമ്പാവൂർ ഇരിങ്ങോൾ കാവ്, കൊമ്പനാട് ശ്രീധർമ്മശാസ്താക്ഷേത്രം, ഐമുറി ശിവക്ഷേത്രം, ആലുവ വിടാക്കുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രം, തൊടുപുഴ കരിമണ്ണൂർ നരസിംഹസ്വാമിക്ഷേത്രം, പന്നിയൂർ വരാഹസ്വാമിക്ഷേത്രം, തിരുവനന്തപുരം വഴുതക്കാട് മഹാഗണപതിക്ഷേത്രം തുടങ്ങി നിരവധിയായ ക്ഷേത്രങ്ങളുടെ ഉടമകളായിരുന്നു നാടുവാഴികൾ. കന്യാകുമാരി, തോവാള, അഗസ്തീശ്വരം എന്നിവിടങ്ങളിലായി അയ്യായിരത്തോളം ഏക്കർ ഭൂമി, കൂടാതെ കൊച്ചിയിലും, തിരുവിതാംകൂറിലുമായി ഏക്കർ കണക്കിനു ഭൂമിയും. ഏതാനും വർഷം മുമ്പുവരെ സർക്കാരിൽനിന്ന് 62 രൂപ ജന്മിക്കരം ലഭിച്ചിരുന്നു. ഇതു വാങ്ങാൻ അതിന്റെ മൂന്നിരട്ടി തുക മുടക്കി തിരുവനന്തപുരം വരെ പോകേണ്ട അവസ്ഥയിൽ അത് അദ്ദേഹം നിരാകരിച്ചു.

1980ൽ തുച്ഛമായ തുകയ്ക്ക് നാഗഞ്ചേരി മന പെരുമ്പാവൂർ നഗരസഭയ്ക്ക് കൈമാറി. മന വിറ്റുകിട്ടിയ പണം കൊണ്ട് രണ്ടു പെണ്മക്കളെ വിവാഹം കഴിപ്പിച്ചു. വാർദ്ധക്യസഹജമായ അസുഖം മൂലം 107–ആം വയസ്സിൽ 2019 ജൂലൈ 26–ന് പെരുമ്പാവൂർ അല്ലപ്രയിൽ മകന്റെ വീട്ടിൽ വച്ച് മരണമടഞ്ഞു. പരേതയായ സാവിത്രി അന്തർജനം ഭാര്യ. പത്മജ, വനജ, നീലകണ്ഠൻ, ഗണപതി എന്നിവർ മക്കളാണ്. ●



# യുഗം

**പി.എൻ. വിജയൻ**



പി.എൻ. വിജയൻ,
പുളിക്കത്തൊടി മന,
കരിക്കാട്,
പി.ഒ:തൃക്കലങ്ങോട്,
മഞ്ചേരി,
പിൻ: 676123,
മൊബൈൽ:
9496304123

നാഗഞ്ചേരിയിൽ വാസുദേവവിഭവ ശ്രീയാർന്നവൻ യാത്രയായ്
ശ്രീനാരായണശേഷശായി മരുവും കേദാരമേ കേഴുക !
തീനാളങ്ങൾ കരിച്ചതില്ല കരിയായ്ത്തീർന്നോരു പാവത്തിനെ -
ദ്ദാനം വാങ്ങിയടങ്ങി വാന,മതുപോലീ ഭൂമിയും വഹ്നിയും.

മുത്തും രത്നവു,മായിരംപറ നിലം, തോട്ടങ്ങളും ചേർത്തവൻ
സ്വത്തും സ്വർണ്ണവുമൊക്കെയും തിരുനടയ്ക്കർപ്പിച്ചവൻ ഭൂസുരൻ
കാത്തും കൊണ്ടു കിടന്ന നേരമരികിൽക്കണ്ടീലൊരാളേയുമേ
പത്തും വന്നു പിറന്ന ധർമ്മമഹിമേ! നീയെന്തുണർന്നീലയോ?

സത്രങ്ങൾക്കു സുസേവനം പ്രതിദിനം പാലിച്ച നെഞ്ചാകിലും
ക്ഷേത്രാചാര വിശേഷമാം മുറജപം ശീലിച്ച ചങ്കാകിലും
ക്ഷേത്രം പത്തു നടത്തിയുള്ള കരതാർ പൊങ്ങാതെയായപ്പൊഴും
പാത്രം നീട്ടി നടന്നിടാതെ പതനത്തോടേറ്റുമുട്ടീ ദ്വിജൻ.

എട്ടില്ലങ്ങൾ ഭരിച്ചുവാണ ധനവാൻ സ്വത്തൊക്കെയും നഷ്ടമായ്
കെട്ടില്ലാത്തൊരു ഷീറ്റുമേഞ്ഞ പുരയിൽച്ചുറ്റിത്തിരിഞ്ഞീടലായ്
പട്ടും കൂറയുമൊത്തതില്ല വഴിപോൽ കാണിക്കയും വിട്ടുപോയ്
ഒട്ടും വയ്യ ശരീരവും മനവുമേയെന്നായി കഷ്ടത്തിലായ്.

മൂന്നേ സെന്റു കൊതിച്ചു ഭൂമി, മരണം വന്നെത്തിടും നാളിലും
നന്നേ താണു വണങ്ങി നിന്നു ഭരണം കൈയ്യാളുവോർ മുമ്പിലും
ഒന്നും തന്നെ കൊടുത്തിടാത്ത, സകലം കയ്യേറ്റ ധിക്കാരമേ!
നന്നായ് വാഴുക ചക്രമോടു കൊടി പാറീടുന്ന വെൺഹർമ്യമേ!

ശ്രീവാണാ മനയേഴുനൂറു വരിഷം രാജിച്ചു പക്ഷേ, പെരു-
മ്പാവൂരിന്റെ മഹാസഭയ്ക്കു പിറകേ തീറായി നീറാകവേ
ആവുംമട്ടതു പെൺകൊടയ്ക്കു വഴിയായ് ; നമ്പൂരിയോ രോഗിയായ്
മേവീടുന്നതു മൂന്നുസെന്റു പുരയിൽ, ത്രാസങ്ങു തൊട്ടൂ നിലം.

നാഗഞ്ചേരിയുഗം കഴിഞ്ഞു, മുഴുവൻ സാമ്രാജ്യവും ചാരമായ്
ഭാഗം കിട്ടിയ ഭൂമിയും വിപുലമാം സമ്പാദ്യവും നേദ്യമായ് ;
യോഗം പോലെ വരുന്നതാർക്കു തടയാനാവും മഹാശാപമോ?
ത്യാഗം തൻ ധനമായവന്റെ വിധിയോ ദാരിദ്ര്യവും ദീനവും ?●






പീശപ്പിള്ളി രാജീവൻ, റഫീക് അഹമ്മദ്

രാധ പരുത്തിപ്ര, പ്രിയ എന്നിവർ

# ഈ സിനിമ മുഴുവനും നമ്പൂരാരുടേതാണ്

**പാലേലി മോഹൻ**




കൊറോണക്കാലത്ത് നമ്പൂരാരായ ഒരു സംഘം ഒത്തുകൂടി. അറുപതുകടന്നവരും, കടക്കാറായവരും. അത് ഒരു ഹ്രസ്വ ചലചിത്രമായി. നമുക്കിടയിൽ നടന്ന കഥകൾ, സംഭവങ്ങൾ, അബദ്ധങ്ങൾ എന്നു വേണ്ട പിടിവാശി കൊണ്ടുണ്ടായ പിഴവുകൾ, നമുക്ക് സ്വന്തമായ ഫലിതങ്ങൾ. ഇതെല്ലാം ചർച്ച ചെയ്തു. കുഞ്ചൂം, നീലാണ്ടേട്ടനും, നാരായണഫനും അഭിനയിക്കാൻ തുടങ്ങി. ക്യാമറയിൽ നോക്കരുത്, ഒന്ന് ഉറക്കെപ്പറയണം, ഇത്തരം നിഷ്ക്കർഷകൾ പഠിച്ചു.

അഭിനയം വിട്ട് ജീവിക്കാൻ തുടങ്ങി. പർലി വുഡ് ബോളിവുഡ് പോലെ വളരുവാൻ തുടങ്ങി. സ്വതസിദ്ധമായ നാട്യരസങ്ങൾ പുറത്ത് വന്നു. ഇല്ലങ്ങളും, കുളക്കടവും, ഇടവഴിയും, അമ്പലങ്ങളും അരങ്ങുകളാക്കി. അബ്രാഹ്മണരെ പൂണൂലണിയിച്ച് കുടുക്കു നീർവീഴത്തി ഉണ്ണാനിരുത്തി എന്നു വേണ്ട എല്ലതും പഠിപ്പിച്ചു. ഒന്നിനുപിറകെ തെരുതുരെ, തെരുതരെ എന്ന് കഥകൾ പുറത്തിറങ്ങി. നാടൊക്കെ അതെല്ലാം ഏറ്റുപിടിച്ചു. ചർച്ചയായി.

മൂവിക്യാമറക്ക് വലിയ തുക വേണം. അതു വയ്യ. നിലവാരമുള്ള മൊബൈലിൽ നിർമ്മിച്ചതാണ് പർലിവുഡ് ചലച്ചിത്രങ്ങൾ. തിരക്കഥയൊന്നും ഇല്ല. വായിൽ തോന്നിയതെല്ലാം പറയാൻ അവസരമായി. അതൊക്കെ നിലവാരം വിടാതെ ചേർത്തുവച്ചു. ക്യാമറ എഡിറ്റിംഗ് എന്നിവയെക്കുറിച്ച് ഒരു വശവും ഇല്ലാത്തവർ അതിന്റെ രസതന്ത്രം അറിഞ്ഞു വശായി. ഓരോ ദിനങ്ങൾ നീങ്ങുമ്പോഴും അതിന്റെ പിഴവുകൾ തീർത്തു. നമ്പൂരി ഭാഷയും, കുന്നംകുളം വാമൊഴിയും തൃശൂർ ശൈലിയും വള്ളുവനാട്ടുകാരന്റെ മൂളലും. അതൊരു തുടക്കമായി. അമ്പതിനടുത്ത് ചലചിത്രങ്ങൾ പുറത്തിറക്കി.

അടുക്കളയിൽ നിന്ന് ആത്തേമ്മാരുകളും അഭിനയരംഗത്ത് വന്നു. വെളിച്ചപ്പാടും, ഓയ്ക്കനും, തഹസീൽദാരും കെട്ടിയാടി. അത് എല്ലായിടവും പരന്നു. ഏയ് തരക്കേടൊന്നും ഇല്ല എന്ന അഭിപ്രായവും വീണു.



മന്ത്രവാദം, പൂജ, ചാത്തത്തിന് ക്ഷണിക്കൽ, അങ്ങിനെ നാലുകെട്ടിന്റെ അകത്തെ നിത്യസംഭവങ്ങൾ എല്ലാം കഥകളായി. അന്യഭാഷക്കാർ നാട്ടിലെത്തിയതും വിഷയമായി. ഇതിനൊന്നും ഒരു നയാ പൈസ ചെലവു വന്നിട്ടില്ല. അതാണിതിന്റെ വിജയം.

എവിടെ വച്ചാണോ വേദി പടുത്തത് ആ ഗൃഹനാഥൻ വെച്ചു വിളമ്പും. മെഴുക്കുപുരട്ടിയും ചുക്കു വെള്ളവും, കടുമാങ്ങയും പുളിങ്കറിയും വിഭവത്തിന്റെ പട്ടികയിൽ. മോരു നിർബ്ബന്ധം. ഇത്രമാത്രം മതീലോ നമുക്ക്. ഒന്നാന്തരം കൂട്ടുകെട്ട് ഒരു പകൽ കൊണ്ട് എല്ലാം തീർന്നു. യൂറ്റ്യൂബ് വഴി വിലക്കി വിളമ്പി. വേളി, പെൺകൊട, ഉത്സവപ്പറമ്പ്, കഥകളി അരങ്ങ് ഇവിടെയെല്ലാം നടന്മാരെ തിരിച്ചറിയാൻ തുടങ്ങി. തനിക്കിതൊക്കെ ഉണ്ടല്ലേ ഇങ്ങനെ ബഹുമതികൾ അനവധി ചാർത്തിക്കിട്ടി. സിനിമയിൽ തിരുമേനിക്ക് അവസരം കിട്ടുവാൻ സാദ്ധ്യതയുണ്ടെന്ന് കഴകക്കാരി ഷാരസ്യാർ പറഞ്ഞു. ഇത്രയും കൊണ്ട് പലരുടേയും ആറാട്ട് മുങ്ങി നിവർന്നു.

*സംവിധായകൻ അനിൽ പരുത്തിപ്ര*

പി ഡി നമ്പൂതിരി, സിനിമാ താരം ബാബു നമ്പൂതിരി, ഏഴിക്കോട് ഹരി, മഹാകവി റഫീക്ക് അഹമ്മദ് പത്രപ്രവർത്തകനായ ഈ ലേഖകൻ എന്നിവരെല്ലാം ഇതിന്റെ ഭാഗമാണ്. മുട്ടുശാന്തിക്ക് ആളെ കയ്യിൽ നിന്ന് കാശു കൊടുത്ത് നിർത്തി വരുന്നവരും കുറവല്ല. വലിയ മഹാന്മാർ അതും മമ്മൂട്ടിയെ പോലുള്ളവർ തുറന്ന അഭിപ്രായപ്രകടനം നടത്തിയത് പർലിവുഡിന് കിട്ടിയ സുവർണ്ണ ബഹുമതി തന്നെ.

എഡിറ്റിംഗ് കനത്ത പ്രയാസമാണ്. അതിനു കാരണം. സ്ക്രിപ്റ്റില്ലാതെയുള്ള ചിത്രീകരണമാണ്. എങ്കിലും അതൊക്കെ മറന്ന് അടുത്തതിന് പത്മമിടും. രസാവഹമാണ് എല്ലാം. ഏതായാലും യൂറ്റ്യൂബിൽ ഒഴുകി എത്തുന്ന മലയാള ചലചിത്രം കാണുന്ന പോലെ പല പർലിവുഡ് ചിത്രങ്ങളും ഇടം പിടിച്ചു.

**പാലക്കാടിനടുത്ത പറളിയിൽ നിന്നും ഉടലെടുത്ത നമ്പൂരാരുടെ സിനിമ പർലിവുഡായി. ബോംബെ സിനിമ ബോളിവുഡും മലയാളം സിനിമ മോളിവുഡും ആവുന്ന പോലെ. കഴിവുള്ളവരെ കണ്ടെത്തി പുതുമുഖങ്ങളെ ചേർത്തു മുന്നേറുകയാണ് പർളിവുഡ്. തിയേറ്ററുകളിലല്ല റിലീസ്. യു ട്യൂബിലാണ്. കോട്ടക്കൽ പി.ഡി നമ്പൂതിരി, സിനിമാ താരവും അധ്യാപകനുമായ ബാബു നമ്പൂതിരി, കലാമണ്ഡലത്തിൽ കഥകളി പഠിച്ച ഏഴിക്കോട് ഹരികുമാർ, ഗാനരചയിതാവ് റഫീക് അഹമ്മദ്, കഥകളി നടൻ പീശപ്പിള്ളി രാജീവൻ തുടങ്ങി നിരവധി പേർ പർലിവുഡിലെ പ്രസിദ്ധരാണ്.**

കലാമണ്ഡലത്തിൽ കഥകളി പഠനം പൂർത്തിയാക്കി രംഗങ്ങൾ പിടിച്ചെടുക്കുന്നതിനിടെ സർക്കാർ സർവ്വീസിൽ കയറിയ ഏഴിക്കോട് ഹരികുമാർ മണ്ണറിയുന്ന കർഷകനാണ്. തിരക്ക് മൂലം അരങ്ങ് വിട്ട് അടുത്ത അരങ്ങത്തേക്ക് പായുന്ന കഥകളിയിലെ ഓൾറൗണ്ടർ പീശപ്പിള്ളി രാജീവ്. അദ്ദേഹം ഈ സംഘത്തിലെ മികച്ച നടനാണ്. റബ്ബർ കൃഷിയും, അതിന്റെ വെട്ടുകാരനായും നാൾ നീക്കുന്ന വെൺമരത്തൂരെ ഹരിയും പങ്കാളിയാണ്. അമ്മാമനും അകാലത്തിൽ വിട പറഞ്ഞ വലിയ നടനുമായിരുന്ന പാലേലി മധുവിന്റെ മരുമകനായ ഹരിയും ഗ്ലാമർ താരമാണ്. നല്ല സാദ്ധ്യതകൾ അയാൾക്കുണ്ടെന്ന് ബാബു നമ്പൂതിരി പറയുന്നു.



*ക്രിക്കറ്റത്തിൽ നിന്ന്*

അതുപോലെ പരുത്തിപ്ര തുപ്പേട്ടൻ എന്ന അഭിനേതാവിന്റെ മകൻ അനിൽ സുബ്രഹ്മണ്യൻ ഇതിലെ ക്യാമറയും എഡിറ്റിംഗും നിർവ്വഹി ക്കുന്നു. കഥകളി പഠിക്കാൻ അക്കാദമി വിദ്യാഭ്യാസത്തിന് സുല്ല് പറഞ്ഞ് തന്റേടാട്ടം നടത്തുന്ന നന്ദന തെക്കുംപാട് സാദ്ധ്യതകൾ തേടുന്ന താരം തന്നെ.

ചിത്രീകരിക്കുന്നതിനിടെ ഒരു ദിവസം മൂന്നുനാലു പേർ അധികം. ഭക്ഷണം വച്ചത് തികയില്ല. ഏഴിക്കോട്ട് ഷീല എന്ന വീട്ടമ്മ അകത്തുള്ള വർക്ക് വേണ്ടി വച്ച ചോറ് വിളമ്പി. മെഴുക്കുപുരട്ടിയും കടുമാങ്ങയും ഒരു പുളിങ്കറിയും തീർത്ത പാലേലി ഭദ്രയും രംഗത്തും ഭക്ഷണം തീർക്കുന്ന സംഗീത കുഴിക്കാടും പർലിവുഡിന്റെ ക്യാമറക്കു പിന്നിലുണ്ട്.

സിനിമയിൽ നിർമ്മാതാവ്, സംവിധായകൻ അഭിനേതാവ് എന്നിവർ ക്കെല്ലാം ചില ദു:ശ്ശാഠ്യങ്ങൾ സുവിദിതമാണല്ലോ. എന്നാൽ ഈ കുടുംബ ത്തിൽ അതിന് തരിമ്പും സ്ഥാനമില്ല. മുത്തശ്ശിമാർ മുതൽ കുഞ്ഞുകുട്ടികൾ വരെ ഇതിൽ അഭിനയിക്കുന്നു. ഇത്രയും കൈമുതൽ ഇവർക്കോ എന്ന് പറഞ്ഞ് നമിക്കുന്നവരും കുറവല്ല. പരുത്തിപ്ര രാധ സകലരേയും അത്ഭുത പ്പെടുത്തി. ജീവിക്കയാണ് ആ ടീച്ചറമ്മ.

**സിനിമയിൽ നിർമ്മാതാവ്, സംവിധായകൻ അഭിനേതാവ് എന്നിവർക്കെല്ലാം ചില ദു:ശ്ശാഠ്യ ങ്ങൾ സുവിദിതമാണല്ലോ. എന്നാൽ ഈ കുടുംബത്തിൽ അതിന് തരിമ്പും സ്ഥാനമില്ല. മുത്തശ്ശിമാർ മുതൽ കു ഞ്ഞുകുട്ടികൾ വരെ ഇതിൽ അഭിനയിക്കുന്നു. ഇത്രയും കൈമുതൽ ഇവർക്കോ എന്ന് പറഞ്ഞ് നമിക്കുന്നവരും കുറ വല്ല. പരുത്തിപ്ര രാധ സകല രേയും അത്ഭുതപ്പെടുത്തി. ജീവിക്കായാണ് ആ ടീച്ചറമ്മ.**

ഡോ. ശശികോൽപ്പുറം, മധു പന്തൽ, കുന്നം പറമ്പ് ശങ്കരൻ, കൊരട്ടി ക്കര നാരായണൻ, കൊരട്ടിക്കര ഹരി, മാമണ്ണ് സജു, ഉദ്ഗാദ്, മൂത്തേടം കുട്ടൻ, മുല്ലപ്പിള്ളി വിഷ്ണു, കുഴിക്കാട് പ്രദീപ്, ഏഴിക്കോട് ഉമാദേവി ഓപ്പോൾ, പ്രിയ, നിരഞ്ജന പഴേടം, ശ്രീനന്ദ വെണ്മരത്തൂർ, മായ അഷ്ട മൂർത്തി, സിന്ധു മനോജ്, ആഷ അനിൽ, ഋത്വിക എടമന, ദീപ എടമന, അനവദ്യ ഏഴിക്കോട്, ഉമ പ്ലാവേലി, ആദിത്യൻ എടമന, ശങ്കർ ഏഴിക്കോട്, വിനു, പ്രേംജു പയ്യൂർ വിനു, രാമൻ മാമണ്ണ്, എടമന മനോജ്, അങ്ങനെയ ങ്ങനെ അഭിനേതാക്കളുടെ നീണ്ട നിര. കടലേഴും കടന്ന് ഈ പ്രഹസനം വെന്നിക്കൊടി പാറിക്കയാണ്. നാലായിരത്തിലധികം ആസ്വാദകർ ഇതിനു ണ്ട്. വിഷയം തികഞ്ഞ നമ്പൂരിത്തമായേക്കാം എന്നാലും ഇത് സകലരും കാണും. മനസ്സിലാക്കും. ●

പാലേലി മോഹൻ, ചൊവ്വര 683571, ആലുവ, 8304909076



## പുസ്തക പരിചയം

പുരുഷോത്തമൻ എടക്കാട് എഴുതിയ രണ്ടു പുസ്തകങ്ങൾ. സ്വന്തം നാടിന്റെ സ്പന്ദനം ഉൾക്കൊള്ളുന്ന നോവലുകൾ. എല്ലാത്തിലും പൊതുവായി ഉള്ളത് മറ്റെവിടെ നിന്നും കിട്ടാത്ത വൈയക്തിക അനുഭൂതികളാണ്. ദുർഘടമായ കർക്കടക ദു രിതങ്ങളിൽ നിന്ന് കരകേറാനുള്ള എല്ലാ സാധ്യതകളുടേയും പിടികിട്ടാത്ത ഉത്തരമാണ് കലിയൻ. മുഖ്യകഥാപാത്രം കലിയനാണ്. എന്നാൽ ഈ കലിയൻ നമ്മുടെ സങ്കല്പങ്ങ ളിലെ കലിയനല്ല. കലിയൻ പ്രസിദ്ധീകരിച്ചത് ഒലി അരീക്കോട്. വില 150 രൂപ


ഫ്യൂഡൽ കാലഘട്ടത്തിലെ മനുഷ്യരുടെ ധാർമ്മിക നിലപാടുകൾ അവയിലെ യാഥാസ്ഥികത, അവയുമായുള്ള കലഹം, അതുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾ, തങ്ങളുടെ നിലപാടുകൾ മാത്രമാണ് ശരിയെന്ന ശാഠ്യം ഉണ്ടാക്കുന്ന ആത്യന്തികമായ നിസ്സഹായത എന്നിവയെല്ലാം വായനക്കാർക്ക് ലഭിക്കും തേതിയിൽ. തേതി പ്രസിദ്ധീകരിച്ചത് ലൈവ് ബുക്സ് എറണാകുളം. വില 180 രൂപ.

മലപ്പുറം ജില്ലയിലെ വിളയിൽ പറപ്പൂർ പൂക്കോട്ട് ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയു ടെയും കാരശ്ശേരി തിരുവാലൂർ ഇല്ലത്ത് ദേവകി അന്തർജ്ജനത്തിന്റെയും മകൻ. ഭാര്യ: സരസ്വതി. മക്കൾ: അനൂപ്. പി (ചാപ്പനങ്ങാടി ഹൈസ്കൂളിൽ ജോലി ചെയ്യുന്നു), അഡ്വ. വിനോദ് മഞ്ചേരി. മരുമക്കൾ: ജിതിഷ, രാഖി. പേരക്കുട്ടികൾ: കാശ്യപ്, ഹിരൺമയി, ഹൃ ഷികേശ്. ഫോൺ: 9446972105. ●

പരിഷ്കരണങ്ങൾ തുടങ്ങി ഒരു നൂറ്റാണ്ടിലേറെയായിട്ടും നമ്പൂതിരിമാർ പഴയ കാലത്തും സ്ഥലത്തും തന്നെയാണ് ഇന്നും നിൽക്കുന്നത്. സമുദായസംഘടനയായ യോഗക്ഷേമ സഭയിൽ ചർച്ചയാവാനായി **കെ.എം. എസ്. ഭട്ടതിരിപ്പാട്** തയ്യാറാക്കിയ കുറിപ്പ്

# നമ്പൂതിരിമാരെ ഊർജ്ജസ്വലമാക്കാൻ ഒരു ബ്ലൂപ്രിന്റ് വേണം

**കെ എം എസ് ഭട്ടതിരിപ്പാട്**




കേരളത്തിലെ ബ്രാഹ്മണാഗമനത്തെപ്പറ്റി ഒരേകാഭിപ്രായം സ്വരൂപിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അധിനിവേശകാലത്തെപ്പറ്റിയും അവരെത്തിയ വഴികളെയും കാരണങ്ങളെയും പറ്റിയും സംശയാതീതമായി പറയാൻ തെളിവുകളൊന്നും എവിടെയും വെച്ചിട്ടില്ല. അല്ലെങ്കിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല. ഒന്നു വഴിവിട്ടു ചിന്തിച്ചാൽ ഇങ്ങനെ സംഗ്രഹിക്കാമെന്നു തോന്നുന്നു.

ബി.സി. നാല് അഞ്ച് നൂറ്റാണ്ടു മുതൽ എ.ഡി. ഏഴാം നൂറ്റാണ്ടു വരെ കേരളത്തിന്റെ വടക്കുനിന്നും കിഴക്കുനിന്നും ( പാലക്കാടു വഴി ) തെക്കുനിന്നും കുടിയേറ്റം നടന്നിട്ടുണ്ട്. പ്രധാനമായും ഇന്നത്തെ ഗുജറാത്ത്, പഞ്ചാബ്, ഹരിയാന പ്രദേശങ്ങളിൽ നിന്നു കടൽ വഴിയായി ഗോകർണ്ണം, മംഗലാപുരം വഴി തെക്കോട്ടുവന്നു അധിവസിച്ചവർ. ആന്ധ്രയിൽ നിന്നു പാലക്കാട് വഴി വന്നു കുടിയേറിയവർ. ആന്ധ്ര, തമിഴ്നാടു വഴി തിരുവനന്തപുരത്തു നിന്നു വടക്കോട്ടുവന്നു കുടിയേറിയവരും കുറവല്ല. അവരായിരിക്കണം അവസാന ലാപ്പിലെത്തിയവർ.

**വടക്ക് തുളുനാട്ടിൽനിന്നു വന്നവരും പാലക്കാട് വഴി തമിഴ് നാട്ടിൽനിന്നു വന്നവരും പ്രായേണ സ്വഗൃഹങ്ങൾക്ക് മന, ഇല്ലം ഇങ്ങനെയാണ് വിളിക്കുന്നത്. പോറ്റിമാർ ഭവനങ്ങളെ മഠമെന്നും. നമ്പൂതിരിമാർ പൊതുവെ കൂട്ടുകുടുംബമായി താമസിച്ചിരുന്നുവെങ്കിലും പലരും വിഭജിച്ചു പല ഇല്ലങ്ങളായി വളർന്നു അങ്ങനെയാവും ഒരേ പേരിൽ പല ഭവനങ്ങളും വന്നത്.**

ആദ്യകാലത്ത് കേരളത്തിലെത്തിയ ബ്രാഹ്മണർ ക്രമേണ സാർവ്വത്രികമായി നമ്പൂതിരിമാരെന്നറിയപ്പെട്ടു. പിന്നീട് തുളുനാട്ടിൽ നിന്നു വന്നവരിൽ പലരും നമ്പൂതിരിമാരായെങ്കിലും ചിലർ എമ്പ്രാന്തിരിമാരായി തുടർന്നു. തെക്കുനിന്നുവന്നവർ ചിലർ നമ്പൂതിരിമാരായി അറിയപ്പെട്ടുവെങ്കിലും പലരും പോറ്റിമാരായി തുടർന്നു.

മുല്ലപ്പള്ളി ഭട്ടതിരിയുടെ സഹായത്തോടെ കോഴിക്കോട് സാമൂതിരി നടപ്പിലാക്കിയ നമ്പൂതിരി വംശോന്മൂലന സാധ്യതയുള്ള ഒരു കർക്കശനിയമം നമ്പൂതിരി വംശത്തെ അധോഗതിയിലേക്കു തിരിച്ചു വിട്ടു. കുടുംബത്തിൽ മൂത്തപുത്രൻ മാത്രമെ സ്വജനവിവാഹം ചെയ്യാവുയെന്നു 1428 ൽ ഇറക്കിയ ആ നിയമത്തിൽ അനുശാസിച്ചു. പിന്നീടെന്തു സംഭവിച്ചുവെന്നു പറയേണ്ടതില്ല. തുടർന്നുവന്ന ഏതാണ്ടു 20 തലമുറകളിൽ പുരുഷ പ്രജകളില്ലാതെ നിരവധി കുടുംബങ്ങൾ അന്യംനിന്നു. ഇന്നു നിലവിൽ അവശേഷിക്കുന്ന ഇല്ലങ്ങളിൽ വേറെ ഏറെ ഇല്ലങ്ങൾ പല കാലങ്ങളിലായി ലയിച്ചിട്ടുണ്ടാവും. ഉദാഹരണത്തിനു ദേശമംഗലത്തില്ലത്തിന്റെ ഇനീഷ്യൽ എ. കെ. ടി. കെ. എം എന്നത് വേറെ 4 ഇല്ലങ്ങൾ ലയിച്ചതു കൊണ്ടാണ്. ഫലം ഭയാനകമായിരുന്നു. കഴിഞ്ഞ ആറു നൂറ്റാണ്ടുകൾ കൊണ്ട് ഏതാണ്ട് കേരളത്തിലെ ജനസംഖ്യയിൽ പത്ത് ശതമാനമെങ്കിലും വരേണ്ടതിനു പകരം 0.2 ശതമാനത്തിൽ താഴെയാണിന്ന്. 200 ലധികം ബ്രാഹ്മണരുള്ള പഞ്ചായത്തുകൾ കേരളത്തിൽ വളരെ വിരളമാണ്. കൂട്ടുകുടുംബങ്ങളായി നിലനിന്നിരുന്ന ഇല്ലങ്ങളിൽ കുട്ടികളുടെ എണ്ണം 30 ശതമാനത്തിൽ നിന്നു 10 ശതമാനമായി. ബാലമരണനിരക്ക് പിന്നേയും എണ്ണം ചുരുക്കി. എല്ലാ ഗ്രാമങ്ങളിലും വർഷം തോറും അന്യം നിൽക്കുന്ന ഇല്ലങ്ങൾ കൂടി.




*വി ടി ഒരു തുറന്ന പുസ്തകം നമ്പൂതിരിമാർ വായിക്കേണ്ട ഒരു പുസ്തകം*



**അന്തർജനങ്ങളല്ല ബഹിർജനങ്ങൾ**

*മൂവാറ്റുപുഴ നഗരത്തിൽ യോഗക്ഷേമ സഭ നടത്തിയ ഘോഷ യാത്രയിൽ നിന്ന് (ഫയൽ ഫോട്ടോ)*

ഈ നിയമത്തിന്റെ മറെറാരു ദൂഷിതവശം ചിന്തിക്കുന്നവരിൽ ഇന്നും കുറ്റബോധം വളർത്തുന്നതാണ്. മിക്ക ഇല്ലങ്ങളിലും മൂത്തവൻ മൂന്നും നാലും വേളികഴിച്ചിട്ടുണ്ടാവും. പെൺകിടാവിന്റെ മൂന്നിരട്ടി പ്രായമുള്ളവരുടെ മൂന്നാമത്തേയും നാലാമത്തേയും പത്നിയായി പോകേണ്ടി വരിക, ചെറുപ്പത്തിലെ വിധവയാവുക, തുടർന്നു വൈധവ്യം നൽകുന്ന സാമുദായിക വിലക്കുകളും ബഹിഷ്കരണവും മരണം വരെ ഏൽക്കേണ്ടി വരിക. വിവരിക്കാനാവാത്ത അടുക്കള നരകം.!

ഇതിനെല്ലാം പുറമെ ഗ്രാമങ്ങൾ തമ്മിലുള്ള അന്തച്ഛിദ്രങ്ങളും, സാമൂതിരി മാതിരിയുള്ള രാജാക്കന്മാരുടെ വേട്ടയാടലും കൂടിയായപ്പോൾ ക്ഷയത്തിന്റെ നെല്ലിപ്പടിയെത്തി. ശേഷിച്ച സമുദായത്തെ ഹൈദർ ടിപ്പുമാരുടെ (1766/1792) കാൽ നൂറ്റാണ്ടു നീണ്ട നിഷ്ഠൂരമായ കിരാത ഭരണം ഛിന്നഭിന്നമാക്കി, പ്രത്യേകിച്ചു മലബാർ കൊച്ചി മേഖലയിൽ.

ഈ ആഘാതം നമ്പൂതിരിമാരുടെ സ്വത്വബോധത്തിനും സാമുദായിക ഐക്യത്തിനും ഏറ്റ കൂറ്റൻ പ്രഹരമായിരുന്നു. ആത്മഹത്യക്കു തുല്യമായ ശിക്ഷ. മേൽപ്പറഞ്ഞ മഹാമാരകനിയമം കഴിഞ്ഞ 3 തലമുറകളായി ലോപിച്ചില്ലാതായെങ്കിലും ബ്രാഹ്മണരുടെ ഇടയിൽ ജനനനിരക്ക് വളരെ കുറവായതുകൊണ്ട് തലമുറക്കു മുമ്പുള്ള ജനസംഖ്യാനുപാതത്തിൽ ഏറെയാവാൻ ഈ സമുദായത്തിനായിട്ടില്ല.

ഈ ചുറ്റുപാടിലെത്താനുണ്ടായ കാരണങ്ങൾ ചികഞ്ഞാൽ നാമെത്തുക താഴെ കൊടുത്ത വരികളിലാവും. നമ്പൂതിരിമാർക്ക് പ്രബലനായ ഒരു സാമുദായിക നേതാവില്ലായ്ക, ആത്മീയാചാര്യന്മാരുടെ അഭാവം, ഉള്ളവർ തന്നെ ഭൗതിക കാര്യങ്ങളിൽ ഇടപെടായ്ക. നമ്പൂതിരിമാരുടെ ദീർഘ വീക്ഷണമില്ലായ്ക, സ്വത്തും അധികാരവും അനുസരിക്കാൻ ആൾക്കാരുമുണ്ടെങ്കിൽ വളരുന്ന അഹംകാരവും അലംഭാവവും,

ഇങ്ങനെ നിരവധി കാരണങ്ങൾ കൊണ്ട് നമ്പൂതിരിമാർ സമൂഹത്തിന്റെ താളവും മിടിപ്പും ആവശ്യവുമറിയാതെ പോയി. സ്വത്തു മുഴുവൻ ഒരാളുടെ മൂത്ത മകന്റ കാൽക്കീഴിലായതോടെ മറ്റു സഹോദരങ്ങളും ബന്ധുക്കളും അകന്നു കുടുംബ ബന്ധങ്ങൾ ശിഥിലമായി. സ്വത്തു വിഭജിച്ചു പോകാതിരിയ്ക്കാനാവുമോ ഒരാളുടെ വേളിയിലൊതുക്കിയത്. ഇതിലും വലിയ മൂഢവും വിവരമില്ലായ്മയും ആത്മഹത്യാപരവുമായ ഒരു നിയമം ഉണ്ടാവാനില്ല. ഊണിനു മുട്ടില്ലാത്തതു കൊണ്ടു നമ്പൂതിരിമാരിൽ സിംഹഭാഗത്തെ, അലസരും ജീവിതയാഥാർത്ഥ്യങ്ങളറിയാത്ത ഒരു തരം സുഖിയന്മാരുമായി മാറ്റി. വാരവും പൂരവുമൊക്കെത്തന്നെയാണു യഥാർത്ഥ ജീവിതം എന്നവർ ധരിച്ചു വശായിട്ടുണ്ടാവും.

വിവാഹവും ഉത്തരവാദിത്വവുമുണ്ടെങ്കിലെ കുടുംബമായി ബന്ധവും കടപ്പാടുമുണ്ടാവുകയുമുള്ളു. മൂത്ത കാരണവരൊഴികെ മറ്റു അംഗങ്ങളെല്ലാം ലക്കും ലഗാനുമില്ലാതെ കടലിൽ ഒഴുകി നടക്കുന്ന വഞ്ചി

**പാണ്ഡിത്യവും വേദപ്രാമാണ്യവുമല്ലാതെ ഭൗതികകാര്യങ്ങളിലും സാമുദായിക സാമൂഹ്യ വിഷയങ്ങളിലും അകലം പാലിച്ചു ഒരു തരം എലീറ്റ് ഗെറ്റോ ജീവിതം നയിച്ചു വന്നത്, സാധാരണക്കാരുമായി ഇടപഴകാനുള്ള വൈമുഖ്യവും തുടർന്നുള്ള സാമൂഹികഒറ്റപ്പെടലും, അയിത്തം ശുദ്ധം മുതലായ വേലിക്കെട്ടുകൾക്കകത്തെ അധിവാസം, അന്ധമായ യാഥാസ്ഥിതിക അടിമത്തം. ചുരുക്കത്തിൽ കാലത്തിന്റെ ചുവരെഴുത്തുകൾ കാണാതേയും ശ്രദ്ധിക്കാതെയും ഒരു തരം മൂഢസ്വർഗത്തിലെ ഇരിപ്പ്.**



*ഇ എം എസ് നമ്പൂതിരിപ്പാട് നടത്തിയ ഒരു ജനസമ്പർക്കയാത്രയിലെ അപൂർവദൃശ്യം. ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന സമുദായാംഗങ്ങളാണ് സംഘടനയുടെ കരുത്ത്*

പോലെ ദിശാബോധമില്ലാതെ കാലം നീക്കി. തന്റെ ഇല്ലം ഒരു ഇടത്താവളം മാത്രമാക്കി. സൗകര്യത്തിനു സംബന്ധവും തരപ്പെടുത്തി. 15 ാം-നൂറ്റാണ്ടിൽ സാമൂതിരിമാരാണ് ചില തിട്ടൂരങ്ങളിലൂടെ സ്മൃതി വിലക്കിയിട്ടുള്ള കുലധർമ്മേതര വിവാഹ ബന്ധങ്ങൾ നമ്പൂതിരിമാർ പിന്തുടരണമെന്ന ശാസന നടപ്പിലാക്കിയതെന്നു കേട്ടിട്ടുണ്ട്. നമ്പൂതിരിമാരുടെ വളർച്ച തടയാനും മരുമക്കത്തായ കുടുംബങ്ങളിൽ വംശവർദ്ധനയും ലക്ഷ്യമിട്ടാവാം ഇത്. ഏതായാലും ഈ പതിവ് സാമൂതിരിയുടെ സ്വാധീനമേഖലയിൽ മാത്രമെ വ്യാപകമായി കാണുന്നുള്ളു. മുമ്പു സൂചിപ്പിച്ച പോലെ ഇതിന്റെ പ്രത്യാഘാതവും വളരെ വലുതായിരുന്നു.

നമ്പൂതിരിമാരുടെ ഇടയിൽ ഒരുമയും സ്വരച്ചേർച്ചയും നഷ്ടപ്പെടാൻ വേറെയും കാരണങ്ങളുണ്ട്. ദുരഭിമാനവും പാണ്ഡിത്യവും അധികാരവും സമ്പത്തും കുത്തക മനസ്ഥിതിയും തൻ പ്രമാണിത്തവും നമ്പൂതിരി സമുദായത്തെത്തന്നെ പല കാരണങ്ങളുടെ മറവിൽ പലതായി വിഭജിച്ചു ദുർബലപ്പെടുത്തി. ചിലർക്ക് മാത്രം യാഗ/ വേദാധികാരം. വേറെ ചിലർക്ക് ഭട്ടവൃത്തി. വൈദികൻ / ഓയ്കൻ സ്ഥാനങ്ങൾ വേറൊരു വിഭാഗത്തിന്. ഒരേ പന്തിയിൽ ഉണ്ണാനോ ഒരേ കടവിൽ കുളിക്കാനോ പോലും പറ്റാത്തവർ. അങ്ങനെയങ്ങനെ...... അതിനും പുറമെ ഗ്രാമങ്ങൾ തമ്മിൽ കൂറുമത്സരം. ഉദാഹരണം പന്നിയൂർ - ശുകപുരം; ഇരിങ്ങാലക്കുടയും - തൃക്കണാമതിലകവും തമ്മിൽ. ഇങ്ങനെ പ്രത്യക്ഷമായും പരോക്ഷമായും കാരണങ്ങൾ വേറെയുമുണ്ട്.

തന്റെ സ്ഥാനമഹിമയിലും സമ്പത്തിലും മേനി പൂണ്ട് ചുറ്റും നോക്കുവാനും താഴെ നിൽക്കുന്നവനെ അടുപ്പിക്കാനും മറന്നു ഒരു തരം ഉന്മാദരോഗത്തിനടിമയായി മഹത്വാകാംക്ഷയിൽ അഭിരമിച്ച നമ്പൂതിരി സമുദായത്തെ മെയ്ൻസ്ട്രീം സാമൂഹ്യ-രാഷ്ട്രീയ രംഗത്തുനിന്നകറ്റി നിർത്തി.

ആത്മഹത്യക്കു തുല്യമായ ഈ ശിക്ഷ പിന്നീടിതുവരെ ഉണ്ടായ ഇരുപതിലേറെ തലമുറകളിലൂടെ കടന്നു വന്നപ്പോൾ നമ്പൂതിരി ജനസംഖ്യ പത്തിലൊന്നായി ചുരുങ്ങിയെന്നാണ് അനുമാനിക്കുന്നത്. സാധാരണഗതിയിൽ 20 ഇരട്ടിയാവേണ്ടതായിരുന്നു. ഈ ഭീമമായ കമ്മി നിർണയാതീതമായ നഷ്ടം സമുദായത്തിനു നൽകി. അധികാരശ്രേണിയിൽ നിന്നും ഭരണകാര്യങ്ങളിൽ നിന്നും നമ്പൂതിരി അപ്രത്യക്ഷനായി. പഞ്ചായത്തുതലത്തിനു മേലെ അത്യപൂർവമായേ അവരെ കാണൂ. അതും 0.001 ശതമാനത്തിലേറെയുണ്ടാവില്ല. ഐ.എ.എസ്/ ഐ.പി.എസ് തലത്തിൽ അതിലും അപൂർവം. എംഎൽഎ / എം. പി. / മന്ത്രി ഇല്ല തന്നെ. ഇനിയും മേന്മ പറഞ്ഞു, നെടുകെയും കുറുകെയും വിഭജിക്കപ്പെട്ടു തമ്മിലടിച്ചു കഴിയണോ?

നമ്പൂതിരിമാരുടെ കൊടികുത്തിയ അരാജകത്വത്തിലേക്ക് യോഗക്ഷേമസഭയുടെ കടന്നുവരവ് അനിവാര്യമായിരുന്നു. 1908 ൽ സഭ രൂപീകരിക്കപ്പെട്ടു. സമുദായത്തിലെ ദുരാചാരത്തിന്റെ കാഠിന്യം തുറന്നുകാട്ടാൻ കുറിയേടത്തു താത്രിയുടെ തേർവാഴ്ച ഉപകരിച്ചു. ഒരു ദശകത്തോളം നീണ്ടുനിന്ന അവരുടെ പ്രവർത്തനം സമുദായത്തിലെ അനീതിയുടെയും അഴുക്കിന്റെയും ആഴം കാട്ടിത്തന്നു.1905 ൽ നടന്ന ദീർഘമായ സ്മാർത്തവിചാരവും തുടർന്നു കുറ്റക്കാരുടെ ശിക്ഷയും സമുദായത്തെ ഞെട്ടിച്ചു. സഭയുടെ ഉദയത്തിനതും ഒരു കാരണമായി.

ക്രമേണ സഭ സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർ

**ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ എവിടെയൊ വെച്ചു നമ്പൂതിരിക്കു സ്വത്വബോധവും ദീർഘവീക്ഷണവും നഷ്ടപ്പെട്ടതായി കാണാം. കാലത്തിന്റെ മുന്നിൽ നടന്നിരുന്ന ഒരു സമുദായം,കാലം തന്നെ തന്റെ കാൽകീഴിലാണെന്ന് കരുതിയിരിക്കാം. ആചാരാനുഷ്ഠാനങ്ങൾ അനാചാരങ്ങളായി. ഭാവിയെ പ്പറ്റി സമൂഹത്തെപ്പറ്റി മാറുന്ന കാലത്തെപ്പറ്റി ചിന്തിക്കാതെ സ്വാർത്ഥലാഭത്തിനും അസ്മിതാ പൂർത്തിക്കുമായി തന്റെ അധികാരാവകാശങ്ങൾ ദുർവ്യയം ചെയ്തു തുടങ്ങിയപ്പോൾ ആരും നിയന്ത്രിക്കാനില്ലാതായി. സ്വത്വബോധം നഷ്ടപ്പെട്ട ഒരു സമുദായം, അതെത്ര ബൗദ്ധിക പാരമ്പര്യം അവകാശപ്പെട്ടാലും ക്രമേണ തുഴ നഷ്ടപ്പെട്ട തോണിക്കാരൻ നടുക്കടലിൽ പെട്ടപോലെയാണ്.**



*വി ടി ഭട്ടതിരിപ്പാട് നമ്പൂതിരിയെ മനുഷ്യനാക്കാൻ യത്നിച്ച പോരാളി*

ത്തിത്തുടങ്ങി. രൂഢമൂലമായ അനാചാരങ്ങൾ പിഴുതെടുക്കുക അതീവ ദുഷ്കരമായിരുന്നെന്നു അന്നത്തെ പ്രവർത്തകർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇ എം എസ് നമ്പൂതിരിപ്പാട് ആദ്യകാലത്ത് യോഗക്ഷേമസഭയിൽ സജീവമായിരുന്നു. പിന്നീട് 1930 കളുടെ ഒടുവിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിലവിൽ വന്നപ്പോൾ ഇ എം എസും കുറെ നമ്പൂതിരിമാരും പാർട്ടി കെട്ടിപ്പടുക്കുന്നതിൽ വ്യാപൃതരായി. ക്രമേണ ഒരു നല്ല വിഭാഗം നമ്പൂതിരിമാർ ഈ എം എസ്സിനെ മുൻനിർത്തി, കമ്യൂണിസ്റ്റ് പാർട്ടിയിൽ കർമ്മോത്സുകരായി. അങ്ങനെ തങ്ങളുടെ സാമൂഹ്യമായ നിഷ്ക്രിയത്വം ഒഴിവാക്കാനും, ചാഞ്ചാടുന്ന മനസ്സിനെ ഒരിടത്തു തളയ്ക്കാനുമായി.

കമ്മ്യൂണിസ്റ്റ് പാർട്ടി ആശയങ്ങളോടുള്ള അറിവുകൊണ്ടോ ആസക്തികൊണ്ടോ ഒന്നുമായിരുന്നില്ല. എല്ലാം കൊണ്ടും തങ്ങൾ ഉന്നത ശ്രേണിയിലാണെന്നു കരുതിയതുകൊണ്ടു താഴെതട്ടിലുള്ളവരോടു തോന്നുന്ന സഹതാപവും അവരോടു തന്റെ പൂർവികർ ചെയ്തിരിക്കാനിടയുള്ള അപരാധങ്ങൾക്കെതിരെയുള്ള പ്രായശ്ചിത്തമായും അതിനുതകുന്ന ഒരുപാധിയായും പാർട്ടിയെ ഒരു മത പരിവേഷത്തോടെ ആശ്ലേഷിച്ചു. അങ്ങനെ സമൂഹത്തിന്റ അപചയങ്ങളെ ഉന്മൂലനം ചെയ്യാമെന്നു കരുതിയവരും അക്കൂട്ടത്തിലുണ്ട്.

യോഗക്ഷേമസഭ പോലെ പരിഷ്കരണ വേദികളും ഇ എം. എസ്, വി.ടി. തുടങ്ങിയ മുൻ നിര ബിംബങ്ങളും അയസ്കാന്തം പോലെ ശുദ്ധമനസ്കരായ നമ്പൂതിരിമാരെ കൂട്ടത്തോടെ ആകർഷിച്ചു. പതിനെട്ടു പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്പിലെ, പ്രത്യേകിച്ചു ഇംഗ്ലണ്ടിലെ, വ്യവസായ വിപ്ലവത്തിന്റെ അനന്തരഫലങ്ങൾ സമൂഹത്തിൽ സൃഷ്ടിച്ചതിന്റെ പ്രത്യാഘാതമായിട്ടാണ് പുതിയ പരിഷ്കരണങ്ങൾ ചിലർ ആവിഷ്കരിച്ചത്. സാമ്പത്തികാസമത്വവും അങ്ങനെ ഉടലെടുത്ത സാമൂഹിക ശ്രേണികളും അവിടങ്ങളിൽ ജീവിതവ്യവസ്ഥയിൽ വലിയ അന്തരം സൃഷ്ടിച്ചത് ചോദ്യം ചെയ്യപ്പെട്ടു.

ഇന്നു പരിഷ്കരണങ്ങൾ തുടങ്ങി ഒരു നൂറ്റാണ്ടിലേറെയായിരിക്കുന്നു. പക്ഷെ നമ്പൂതിരി തന്റെ സ്വത്വബോധവും തന്റെ ഇടവും കണ്ടെത്തിയെന്നു പറയാറായിട്ടില്ല. ഒന്നുറപ്പിച്ചു പറയാം. ഒരുമയും സഹകരണവും അന്യംനിന്നു പോയ ഒരു സമുദായത്തെ സർവ്വനാശത്തിൽ നിന്നു രക്ഷിച്ചെടുത്തത് യോഗക്ഷേമസഭയുടെ നിരന്തരമായ പ്രവർത്തനങ്ങളാണ്.

യോഗക്ഷേമ സഭ പോലുള്ള സാമുദായിക സംഘടനങ്ങൾക്ക് ഇനിയും ഏറെ ഏറെ ചെയ്യാനുണ്ട്. ബോധവൽക്കരിക്കാനും, നേതൃത്വം കൊടുക്കാനും അവർക്കേ കഴിയൂ. പരസ്പരം കലഹിക്കാതെ, ഭാവിയെ ഊർജ്ജസ്വലമാക്കാൻ അവർ ഒരു ബ്ലൂ പ്രിന്റ് തയാറാക്കേണ്ട സമയം അതിക്രമിച്ചു. നിലനില്പിനു വേണ്ടി ഇത്രയും എല്ലാവരും സഹകരിക്കേണ്ടതുമാണ്. ഈ വഴിയ്ക്കൊരു ചർച്ച സ്വസ്തിയിലൂടെ തുടങ്ങാമെന്ന് കരുതിയാണ് ഈ കുറിപ്പ് ●

**ഇന്നു പരിഷ്കരണങ്ങൾ തുടങ്ങി ഒരു നൂറ്റാണ്ടിലേറെയായിക്കുന്നു. പക്ഷെ നമ്പൂതിരി തന്റെ സ്വത്വബോധവും തന്റെ ഇടവും കണ്ടെത്തിയെന്നു പറയാറായിട്ടില്ല. ഒന്നുറപ്പിച്ചു പറയാം. ഒരുമയും സഹകരണവും അന്യംനിന്നു പോയ ഒരു സമുദായത്തെ സർവ്വനാശത്തിൽ നിന്നു രക്ഷിച്ചെടുത്തത് യോഗക്ഷേമസഭയുടെ നിരന്തരമായ പ്രവർത്തനങ്ങളാണ്.**

കെ.എം.എസ് ഭട്ടതിരിപ്പാട് ഗുരുപവൻ, കോട്ടപ്പടി. കോട്ടക്കൽ. 676503.
മലപ്പുറം ജില്ല, Phone:9744999300,

# സപ്തതി ആശംസകൾ




മുത്തശ്ശനു എഴുപതു വയസ്സായീത്രെ!
ഇനീം ഒത്തിരിക്കാലം ഞങ്ങളെയൊക്കെ
സ്നേഹിച്ചും ലാളിച്ചും കൊഞ്ചിച്ചും
സന്തോഷായിരിക്കണേ, ഈശ്വരാ!
മുത്തശ്ശന് ഒരായിരം ഉമ്മകൾ!

**മുത്തശ്ശന്റെ ചക്കര, ശിവം**

---

പൊത്തോപ്പുറം കേശവൻ ജയന്തൻ (9810453289)
സരസിജം (പൊത്തോപ്പുറം), വെളിയന്നൂർ പോസ്റ്റ്, ഉഴവൂർ വഴി, കോട്ടയം ജില്ല.
കർക്കിടകത്തിൽ കാർത്തിക നാളിൽ ജനനം. 2024 ജൂലൈ 30ന് സപ്തതി.
**ആശംസകളോടെ: ശ്രീജിത്ത്/രുചി/ശിവം, ശ്രീകാന്ത്/അർച്ചന.**



400 വർഷത്തോളം പഴക്കമുള്ള വെദിരമന ഇല്ലം

# തോറ്റ് നേടിയ വലി



*വെദിരമന വിഷ്ണു നമ്പൂതിരി*

**പത്താംക്ളാസ് തോറ്റ ഒരു നമ്പൂതിരിക്ക് എന്താവാൻ പറ്റും. തൊട്ടടുത്ത അമ്പലത്തിലെ ശാന്തിക്കാരൻ. എന്നാൽ ജാതകത്തിൽ സംരംഭകത്വയോഗമുണ്ടെങ്കിൽ ( അങ്ങനെയൊരു യോഗം വരാഹമിഹിരൻ ഹോരാശാസ്ത്രത്തിലൊന്നും പറഞ്ഞിട്ടില്ല.) ആർക്കും തടുക്കാനാവില്ല. അയാൾ കോടീശ്വരനായ സംരംഭകനാവും. ഉത്തരമലബാറിലെ പ്രസിദ്ധമായ കേശവതീരം ആയുർവേദ പ്രസ്ഥാനത്തിന്റെ അമരക്കാരൻ വെദിരമന വിഷ്ണുനമ്പൂതിരി പത്താം ക്ളാസ് തോറ്റ ആളാണ്. മുട്ടുശാന്തിക്ക് പോയിട്ടുമില്ല.**

**താമരക്കുളം ദിവാകരൻ നമ്പൂതിരി**




ശാന്തിപ്പണി അല്ലാത്തതെല്ലാം ചെയ്തിട്ടുണ്ട്. ടൈലറിംഗ്, ആശാരിപ്പണി, തേനീച്ച വളർത്തൽ, അങ്ങനെയങ്ങനെ. ഒടുവിൽ ക്ളച്ച് പിടിച്ചത് ആയുർവേദത്തിൽ. പത്തിരുനൂറു കോടി രൂപയുടെ അസെറ്റിന് അധിപൻ.

നാലാം ക്ലാസ് വരെ പുറച്ചേരി എൽപി സ്കൂളിൽ. പിന്നെ ഒരു വർഷം പാലക്കാട് കണ്ണാടി സ്കൂളിൽ. അവിടെയാണ് ചിറ്റയുടെ ഇല്ലം. വീണ്ടും കണ്ണൂരിലേക്ക്. ആറും ഏഴും ക്ലാസുകൾ പിലാത്തറ യുപിയിൽ. ഹൈസ്കൂൾ കുഞ്ഞിമംഗലത്ത്. പത്താം ക്ളാസ് ആയപ്പോഴേക്കും നാല് സ്കൂളുകൾ. എസ് എസ് എൽ സി വൃത്തിയായി തോറ്റു. അച്ഛനും മുത്തപ്ഫനും കൂടി പുസ്തകങ്ങളെല്ലാം കെട്ടാക്കി വിഷ്ണുവിനെയും പായ്ക്ക് ചെയ്തു. പാലക്കാട് കണ്ണാടിയിലേക്ക്. 8 മാസത്തിനുശേഷം അഴിക്കാത്ത പുസ്തകക്കെട്ടുമായി ഇല്ലത്തേക്ക് തന്നെ.

അക്കാലത്ത് മണ്ടൂരിൽ വാരാണസി ഇല്ലത്തെ നാരായണൻ നമ്പൂതിരി ഒരു തയ്യൽക്കട നടത്തിയിയിരുന്നു അവിടെ ഒപ്പംകൂടി ടൈലറായി. ഷർട്ടും ബ്ലൌസുമെല്ലാം അടിച്ചു തുടങ്ങി. പിലാത്തറ ക്രിസ്ത്യൻ പള്ളിയുടെ ഉടമസ്ഥതയിൽ ബ്രദർ വർഗീസ് നടത്തിയിരുന്ന നിർമ്മലാ ടൈലറിംഗ് ഇൻസ്റ്റിട്യൂട്ടായി അടുത്ത കളരി. എന്നാൽ, തയ്യൽപ്പണികൊണ്ട് കാര്യമായ വളർച്ച ഉണ്ടാവില്ലെന്ന് തോന്നി.

അപ്പോഴാണ് ഓട്ടോഡ്രൈവറായി വേഷപ്പകർച്ച നടത്തിയത്.



# കേശവതീരത്തെ ഇല്ലപ്പെരുമ

വെദിരമന വിഷ്ണു നമ്പൂതിരി
കേശവതീരം ആയുർവ്വേദ ഗ്രാമം
പുറച്ചേരി, ഏഴിലോട്, പയ്യന്നൂർ
ഫോൺ: 9495014766

*പിലാത്തറയിലെ കേശവതീരം ആശുപത്രിയിലെ നടുമുറ്റം*

യ ജയം



*കണ്ണൂർ പിലാത്തറയിലെ കേശവതീരം ആശുപത്രി*

**തുടരൻ പരാജയങ്ങൾ. ഇല്ലത്തുള്ളവരുടെ ശകാരവും കുറ്റപ്പെടുത്തലും കൂടി വന്നു. അപ്പോൾ അധികസമയവും ഇല്ലത്തിനു പുറത്തായി ജീവിതം. പിലാത്തറ പള്ളിക്കാരുമായി നല്ല ചങ്ങാത്തം. അവിടെ പൂർണ സ്വാതന്ത്ര്യം. അവരുടെ ടൈലറിംഗ് ഇൻസ്റ്റിട്യൂട്ടിനടുത്തു തന്നെ ഒരു കാർപ്പന്ററി യൂനിറ്റും ഉണ്ടായിരുന്നു. ചക്രവാൾ, പ്ലേനർ തുടങ്ങി അക്കാലത്ത് നാട്ടിലില്ലാത്ത മെഷീനറികളോടു കൂടി. അവിടെ കാർപ്പന്ററി പഠിപ്പിക്കലും ഫർണിച്ചർ നിർമ്മാണവുമുണ്ടായിരുന്നു.**

അന്ന് ഓട്ടോറിക്ഷകൾ വിരളം. ഒരു പഴയ ഓട്ടോ വാങ്ങി. മിനിമം ചാർജ് രണ്ടു രൂപ. പെട്രോൾ ചെലവും റിപ്പയറും കാരണം ലാഭമില്ലാതായി. പിന്നെ എൽ ഐ സി ഏജന്റായി പകർന്നാട്ടം. വായിലെ നാവ് മാത്രം മതി. മുടക്കു മുതൽ വേണ്ട. 4 വർഷം അങ്ങനെ പോയി. വ്യക്തി ബന്ധങ്ങൾ നല്ല പോലെ ബിസിനസിൽ ഉപയോഗിച്ചു. എന്നാൽ പോളിസി കാര്യങ്ങൾ സംസാരിച്ച ചിലർ തന്നെ കണ്ടപ്പോൾ മാറിപ്പോകുന്നു എന്നു മനസ്സിലാക്കി. അപ്പോൾ തന്നെ നിർത്തി ഏജന്റു പണി.

തുടരൻ പരാജയങ്ങൾ. ഇല്ലത്തുള്ളവരുടെ ശകാരവും കുറ്റപ്പെടുത്തലും. അധികവും ഇല്ലത്തിനു പുറത്തായി. പിലാത്തറ പള്ളിക്കാരുമായി നല്ല ചങ്ങാത്തം. അവിടെ പൂർണ സ്വാതന്ത്ര്യം. അവിടെ ഒരു കാർപ്പന്ററി യൂനിറ്റുണ്ടായിരുന്നു. ചക്രവാൾ, പ്ലേനർ തുടങ്ങി അക്കാലത്ത് നാട്ടിലില്ലാത്ത മെഷീനറികളോടു കൂടി. അവിടെ കാർപ്പന്ററി പഠിപ്പിക്കലും ഫർണിച്ചർ നിർമ്മാണവുമുണ്ടായിരുന്നു. ഭ്രമം അതിലായി.

എന്തെങ്കിലും ഒന്നിനോട് കമ്പം തോന്നിയാൽ ഏതറ്റം വരേയും പോകും. പിന്നെ മറ്റൊന്നും ആലോചിച്ചില്ല. ഇല്ലത്തു തന്നെ ഒരു ഷെഡുണ്ടാക്കി. പ്ലേനർ, കട്ടർ, ഹെവി കട്ടർ എന്നീ മെഷീനറികൾ വാങ്ങി. മേശ, ഡെസ്ക്, കസേര തുടങ്ങിയവ ഉണ്ടാക്കാൻ പഠിച്ചു. കൂട്ടത്തിൽ ഇല്ലത്തേക്ക് കട്ടിൽ, ബഞ്ച്, സ്റ്റൂൾ, തൊട്ടിൽ എന്നിവയും. ഇല്ലത്തെ എല്ലാവർക്കും നല്ല കാൽപ്പെട്ടികളും. ക്വട്ടേഷൻ എടുത്ത് പുറച്ചേരി സ്കൂളിലും സ്വന്തമായി ഉണ്ടാക്കിക്കൊടുത്തു ബഞ്ചും ഡെസ്കുകളും.

പള്ളിയിലെ ബ്രദർ വർഗീസ് തേനീച്ച വളർത്തിയിരുന്നു. അതു കണ്ട

## ഗോകർണ്ണത്ത് നിന്ന് പയ്യന്നൂരിലേക്ക്

എട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മൻ പെരിഞ്ചല്ലൂർ ഗ്രാമത്തിലെ നമ്പൂതിരിമാരുമായി വിരോധത്തിലായി. അവരെ ഒരു പാഠം പഠിപ്പിക്കുന്നതിനായി ഗോകർണത്തിനടുത്തുള്ള ഇടകുഞ്ജം, വിളക്കൂർ, ഗുണമന്തം എന്നിവിടങ്ങളിൽ നിന്ന് 237 ബ്രാഹ്മണ കുടുംബങ്ങളെ കൊണ്ടുവന്നു. ഇവർ സാഗര ബ്രാഹ്മണർ എന്നറിയപ്പെടുന്നു.ചെറുതാഴത്ത് ശ്രീരാഘവപുരം ക്ഷേത്രമുണ്ടാക്കി സാഗര ബ്രാഹ്മണർക്ക് ദാനം ചെയ്തു. അതോടൊപ്പം ഇടകുഞ്ജത്തെ 93 ഇല്ലക്കാർക്ക് ശ്രീകൃഷ്ണപുരം ക്ഷേത്രവും ഗുണമന്തത്തെ 62 ഇല്ലക്കാർക്ക് ശ്രീഹരിപുരം ക്ഷേത്രവും (ഉദയപുരം) വിളക്കൂരിലെ 82 ഇല്ലക്കാർക്ക് ശ്രീഭദ്രപുരം ക്ഷേത്രവും (അറത്തിൽ ) ദാനം ചെയ്തു. ശ്രീഹരിപുരം ക്ഷേത്രത്തിന്റെ ഊരായ്മക്കാരാണ് അംഗിരസ ഗോത്രക്കാരും, ഗുണമന്തത്തിൽ നിന്ന് വന്നവരുമായ വെദിരമന ഇല്ലക്കാർ. പയ്യന്നൂർ കോളേജിനടുത്തുള്ള എടാട്ട് ഉമാമഹേശ്വര ക്ഷേത്രത്തിലെ തന്ത്രിമാർ കൂടിയാണ് വെദിര മന. ●



*നാരായണൻ നമ്പൂതിരി, ഭാര്യ അതിയോട്ട് വെള്ളിയോട്ട് ശോഭ അന്തർജനം, ഗോവിന്ദൻ നമ്പൂതിരി, ഭാര്യ മാക്കര ഇല്ലത്ത് സാവിത്രി അന്തർജനം, കൃഷ്ണൻ നമ്പൂതിരി, കുന്നരു ആറ്റുപുറം ദ്രൌപതി അന്തർജനം, ഈശ്വരൻ നമ്പൂതിരി, തിരുവല്ല എരുമായിക്കോട് സുഭദ്ര അന്തർജനം, മാധവൻ നമ്പൂതിരി, മഠത്തിൽ പെരികമന ഉമ അന്തർജനം,വിഷ്ണുനമ്പൂതിരി (എം ഡി കേശവ തീരം) മാധവപ്പള്ളി ലത അന്തർജനം*

പ്പോൾ അതിലും കമ്പമേറി.ഖാദി ബോർഡിൽ നിന്നും ഒരു ലോൺ സംഘടിപ്പിക്കാൻ അപ്ലിക്കേഷൻ കൊടുത്തു. വന്നു നോക്കിയ അധികൃതർ ഞെട്ടിപ്പോയി. അത്ര വലിയ സെറ്റപ്പ്. ഉടൻ ലോണും പാസായി. സ്വന്തമായി നൂറ്റിമുപ്പതോളം കൂടുകൾ. ധാരാളം തേൻ. ആവശ്യക്കാർ ധാരാളം. വിദേശത്തേക്ക് കൊണ്ടുപോകാൻ പോലും ആവശ്യക്കാരെത്തി. കുപ്പികളിലാക്കി കടകളിൽ മാർക്കറ്റ് ചെയ്യാനും തുടങ്ങി. അവിടെയും നിന്നില്ല. തേനീച്ച വളർത്തൽ സൊസൈറ്റികൾക്കായി കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലേക്കായി ലോഡു കണക്കിന് തേനീച്ചക്കൂടുകൾ ഉണ്ടാക്കി കയറ്റി അയച്ചു. ഒരു സഹായിയേയും തരപ്പെടുത്തി. വർക്ക് ലോഡ് കൊണ്ടു പലപ്പോഴും കിടക്കുക ഷെഡിനോടു ചേർന്ന റൂമിൽ. രാത്രി പലപ്പോഴും 2 മണി വരെ പണി.

ഇല്ലത്തിന്റെ ചട്ടങ്ങളിൽ ഒതുങ്ങി നിൽക്കാത്ത പ്രകൃതം, സ്വതന്ത്ര



*കേശവ തീരം എം.ഡി. വിഷ്ണുനമ്പൂതിരിയുടെ മകൾ ഡോ അശ്വതി, ഭർത്താവ് അനൂപ് ഗോവിന്ദ്, പേരക്കുട്ടി അദ്വിക് ഗോവിന്ദ്,വിഷ്ണു നമ്പൂതിരി, സഹധർമിണി ലത അന്തർജനം, മകൻ ഡോ. കേശവൻ വെദിര മന, മരുമകൾ ഡോ. തുളസി, പേരക്കുട്ടി നിവേദ് വിഷ്ണു*



## സൽകർമങ്ങളുടെ സദ്ബന്ധു

നാഗാർജുനയുടെ ആരംഭം മുതൽ തന്നെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കഠിനപ്രയത്നം ചെയ്തിട്ടുള്ള ഒരാളാണ് വിഷ്ണു. മാത്രമല്ല പയ്യന്നൂരിൽ നല്ല രീതിയിൽ ഒരു ഷോപ് തുടങ്ങുകയുമുണ്ടായി.പിന്നീട് സ്വന്തമായി കേശവതീരം എന്ന പേരിൽ ആശ്രമാന്തരീക്ഷത്തിൽ ഒരു ഹോസ്പിറ്റൽ തുടങ്ങി. അവിടെ ഏറ്റവും മികച്ച ചികിത്സയാണ് കൊടുക്കുന്നത്. അവിടേക്ക് ദൂരെ ദിക്കിൽ നിന്നും വിദേശത്തു നിന്നുമായി ധാരാളം പേർ വരുന്നുണ്ട്. പല വിധത്തിലുള്ള രോഗങ്ങൾക്കും മികച്ച ചികിത്സ നൽകുന്ന വിദഗ്ധ ഡോക്ടർമാരും അവിടെയുണ്ട്.  നാഗാർജുനയുടെ ആദ്യകാലം മുതലുള്ള സുഹൃത്താണെന്നു മാത്രമല്ല, നാഗാർജുന ഔഷധങ്ങളാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ഇന്നും ആ ഭാഗത്തുള്ള എന്താവശ്യങ്ങൾക്കും ഞങ്ങൾ വിളിച്ചു പറയുന്നത് വിഷ്ണുവിനോടാണ്. ധാരാളം സൽകർമങ്ങൾ ചെയ്യുന്ന ആൾ കൂടിയാണ് വിഷ്ണു ●

*നാഗാർജുന എം.ഡി*
*ദേവദാസ് നമ്പൂതിരിപ്പാട്*


സാഫല്യത്തിലേക്ക്
ഇനിയെന്തു ദൂരം!

*കവി വിഷ്ണുനാരായണൻ നമ്പൂതിരി കേശവതീരം സന്ദർശിച്ച ശേഷം മാതൃഭൂമിയിൽ എഴുതിയത്.*

**കേശവതീരം എന്ന് പേരിട്ട ഈ ആയുർവേദഗ്രാമം ഇന്ന് കേവലം ചികിത്സാലയം മാത്രമല്ല കണ്ണൂർ ജില്ലയിലെ സാംസ്കാരിക സംഭവങ്ങൾക്ക് വേദി കൂടി ആയിരിക്കുന്നു**



മായ ചിന്താഗതി, സ്വന്തം തൊഴിൽ അന്വേഷണം പുറം ലോകത്തുള്ളവരുമായുള്ള ചങ്ങാത്തം. തോന്നുന്നത് ചെയ്യുന്നവൻ.ഇങ്ങനെ വിട്ടാൽ പറ്റില്ല. ഒരു വേളി കഴിപ്പിച്ചാൽ കുറച്ചു മാറ്റമുണ്ടാകുമെന്ന് ഇല്ലത്തുള്ളവർക്ക് തോന്നി. അങ്ങിനെ കരിവള്ളൂർ മാധവപ്പള്ളി ഇല്ലത്തെ ഗോവിന്ദൻ നമ്പൂതിരിയുടേയും സുവർണ്ണിനി അന്തർജനത്തിന്റേയും മകൾ ലതയെ പോയി കണ്ടു. ഇഷ്ടമായി. ഒന്ന് നേരിൽ സംസാരിക്കണമെന്നുണ്ടായിരുന്നു. അതു നടന്നില്ല. ലതയുടെ സഹോദരൻ ഇല്ലം കാണാനെത്തി. പ്രശസ്തമായ തറവാട്, എട്ടുകെട്ട്, നല്ല ചുറ്റുപാട്. പക്ഷെ പയ്യനെവിടെ. അയാൾ ആശാരിപ്പണിയിൽ. കാർപ്പെന്ററി ഷെഡിൽ തൊഴിലാളി വേഷത്തിൽ. വേളിക്ക് അത് തടസ്സമായില്ല. 1986 ജനുവരി17 ന് ലത ജീവിത സഖിയായി.



*കേശവതീരത്തെ ആശ്രമതുല്യമായ അതിഥിമന്ദിരം. ദേശീയ പാത വഴി മൂകാംബികയിലേക്കും മറ്റും പോകുന്നവർക്ക് ഇവിടെ താമസിക്കാനും സൗകര്യമുണ്ട്.*




*വിവിധ പത്രങ്ങളിൽ കേശവതീരത്തെക്കുറിച്ച് വന്നവാർത്തകൾ*



വീണ്ടും തിരിച്ചടികൾ. കാർപ്പെന്ററി യൂനിറ്റ് അടച്ചുപൂട്ടി. അജ്ഞാത രോഗത്താൽ തേനീച്ചകളെല്ലാം ചത്തൊടുങ്ങി. കഷ്ടകാലം ഒന്നിച്ചാണല്ലോ വരിക. ഖാദി യൂനിറ്റിന്റെ ലോൺ അടവ് തെറ്റി. എവിടെ നിന്നൊക്കെയോ സംഘടിപ്പിച്ച കാശുമായി ലോൺ അടച്ചു തീർക്കാൻ ബാങ്കിൽ പോയ വിഷ്ണു, എല്ലാവർക്കും ലഡ്ഡു കൊടുത്താണ് മടങ്ങിയത്. ലോൺ കിട്ടുമ്പോൾ മധുരം കൊടുക്കുന്ന പതിവുണ്ട്. എന്നാൽ പലിശയും പിഴപ്പലിശയുമടക്കം ലോൺ ക്ലോസ് ചെയ്യുമ്പോൾ മധുരം നൽകിയ ആദ്യത്തെ ആളായി.

ആ കാലത്താണ് നമ്പൂതിരിമാർ മാത്രം ഡയറക്റ്റർമാരായി നാഗാർജുന ഹെർബൽ പ്രൊഡക്റ്റ്സ് പ്രവർത്തനം തുടങ്ങിയത്. കേരളം മുഴുവൻ റീറ്റെയിൽ മാർക്കറ്റിംഗ് ശൃംഘല വേണം. പത്രങ്ങളിൽ കൂടിയും ടീവിയിൽ കൂടിയും പ്രശസ്തനായ വിഷ്ണുവിനെ തേടി നാഗാർജുനയുടെ മാർക്കറ്റിംഗ് പ്രതിനിധി പെരുമനം ശങ്കരൻ വന്നു. കണ്ണൂരും കാസർഗോഡും പലരേയും കണ്ടു സംസാരിച്ചു. 5 ഏജൻസികളെങ്കിലും തുടങ്ങാമെന്ന് പ്രതീക്ഷിച്ചിടത്ത് 50 ഓളം ഏജൻസികൾ.

ഒരു ദിവസം പെരുമനം ചോദിച്ചു. വിഷ്ണുവിന് പയ്യന്നൂരിൽ ഒരു ഏജൻസി തുടങ്ങിക്കൂടേ? അതൊരു വഴിത്തിരിവായി. അതേപ്പറ്റിയായി ചിന്ത. അതൊരാവേശമായി. ഒരു ലോണിനായി അടുത്ത ശ്രമം. എസ് ബി ഐ യിലും എസ്ബിടിയിലും പോയി. ഓരോ കാര്യങ്ങൾ പറഞ്ഞ് നീട്ടിക്കൊണ്ടുപോയി. ഒരു ദിവസം പയ്യന്നൂർ സിൻഡിക്കേറ്റ് ബാങ്ക് ശാഖയിൽ പോയി. 'മേ ഐ ഹെൽപ്പ് യു' എന്ന ബോർഡ് കണ്ടു. വിഷ്ണു പറഞ്ഞു ' ഞാൻ ഈ ബോർഡ് വായിച്ചു. അങ്ങ് എന്നെ ഒന്ന് സഹായിക്കുമോ എന്നറിയാൻ വന്നതാണ് ' കാര്യങ്ങൾ എല്ലാം വിശദീകരിച്ചു. 25000 വായ്

## താടിയിൽ തേനീച്ച വളർത്തിയത് വാർത്തയായി

തേനീച്ചകളുടെ തോഴനെന്ന് കേരളമെങ്ങും അറിയപ്പെട്ട വിഷ്ണുനമ്പൂതിരി തേനിന്റെ ഔഷധ ഗുണങ്ങളേയും തേനീച്ച വളർത്തലിനെ ഉപജീവനമാക്കി മാറ്റാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പരിശീലകനായി മാറി. തന്റെ ശരീരത്തിലും തലയിലും താടിയിലും തേനീച്ചകൾക്ക് കൂടൊരുക്കിയും പ്രദർശനങ്ങൾ നടത്തിയും ശ്രദ്ധേയനായി. ഒരു ബ്രാഹ്മണൻ തേനീച്ചകളുമായി നടക്കുന്നതിനെപ്പറ്റി സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും പരിഹാസങ്ങൾക്ക് വിഷ്ണു നമ്പൂതിരി മറുപടി കൊടുത്തത് സ്വന്തം പ്രവൃത്തികളിലൂടെയായിരുന്നു.

തന്റെ സ്വപ്നമായ ആയുർവേദ ആശുപത്രിക്കു വേണ്ടി അത്യദ്ധ്വാനം ചെയ്ത് തേനീച്ചകൾ തേൻ സംഭരിക്കുന്നതു പോലെ സ്വരൂപിച്ചു വെച്ച 7 ലക്ഷത്തോളം രൂപ, ഒരു സുഹൃത്തിനെ ആപൽഘട്ടത്തിൽ സഹായിച്ച് പൂർണമായും നഷ്ടപ്പെട്ടു. പയ്യന്നൂരിലെ പണി നടന്നു കൊണ്ടിരുന്ന ഒരു കെട്ടിടത്തിലെ ഏഴാം നിലയിലെ പെരുംകടന്നൽകൂട് അതിസാഹസികമായി നശിപ്പിച്ചതിന് ലഭിച്ച 5000 രൂപയും ഇതിൽപെടും. മറ്റാരെങ്കിലുമായിരുന്നെങ്കിൽ ആത്മഹത്യ ചെയ്തേക്കാവുന്ന ഈ സംഭവവും തളർത്തിയില്ല. വീണ്ടും ഒന്നിൽ നിന്ന് തുടങ്ങി. ●


ആയുർവേദ ഗ്രാമത്തിൽ മീനാക്ഷിക്ക് ഇനി എല്ലാവരുമുണ്ട്

കേശവതീരം ഗ്രാമത്തിൽ കാവ്യ സ്വാന്തനവുമായി കവി വിനയചന്ദ്രൻ

*വിവിധ പത്രങ്ങളിൽ കേശവതീരത്തെക്കുറിച്ച് വന്നവാർത്തകൾ*



*അച്ഛൻ കേശവൻ നമ്പൂതിരിയും അമ്മ ദ്രൗപദി അന്തർജനവും*



പയും സമ്മതിച്ചു.

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. പയ്യന്നൂർ പഴയ ബസ് സ്റ്റാൻഡിനടുത്ത് ഒരു കടമുറി വാടകക്കെടുത്തു. ഇന്നു കാണുന്ന എല്ലാ സൗഭാഗ്യങ്ങൾക്കും തുടക്കം കുറിച്ച സംരംഭം. 25000 രൂപയുടെ ലോണിന്നായി സ്റ്റേറ്റ് ബാങ്കിലും എസ്ബിടിയിലും സിൻഡിക്കേറ്റ് ബാങ്കിലുമൊക്കെ കയറിയിറങ്ങിയ ആൾക്ക് ഇന്ന് ലക്ഷങ്ങളും കോടികളും കൊടുക്കാൻ ബാങ്കുകൾ മത്സരിക്കുന്നു.

തന്ത്രവേദമന്ത്രങ്ങളിലും സംസ്കൃതം, ആയുർവേദം, ജ്യോതിഷം എന്നിവയിലും പുകഴ്പെറ്റവരാണ് പയ്യന്നൂരിലെ സാഗര ബ്രാഹ്മണർ. ആ പാരമ്പര്യം കാത്തുസൂക്ഷിച്ച വേദപണ്ഡിതനും സംസ്കൃതപണ്ഡിതനുമായിരുന്നു അച്ഛൻ വെദിരമന കേശവൻ നമ്പൂതിരി. ആയുർവേദത്തെ നെഞ്ചേറ്റിയ വിഷ്ണു നമ്പൂതിരി അച്ഛന്റെ പേരിലാണ് കേശവതീരം ആശുപത്രി ആരംഭിച്ചത്. ഒരു എൻറർപ്രണർ എങ്ങനെയിരിക്കണമെന്ന് ജീവിതം കൊണ്ട് പഠിപ്പിച്ച ആൾ. കഠിനാധ്വാനവും, ആത്മവിശ്വാസവും, പ്രായോഗിക സമീപനവും, സാഹസികതയും, ദീർഘ വീക്ഷണവും. അതാണ് വിജയരഹസ്യം. ചിന്തയിലും പ്രവൃത്തിയിലുമെല്ലാം, ഒരേലക്ഷ്യം തന്റെ സ്വപ്നപദ്ധതിയിൽ.


1998 ലാണ് ഇല്ലത്തോട് ചേർന്ന് കേശവതീരം ആയുർവേദ ആശുപത്രി ആരംഭിച്ചത്. വൈദ്യവിഭൂഷണം ചന്ദ്രശേഖരൻ വൈദ്യർ, ഡോ സി.കെ നമ്പ്യാർ തുടങ്ങി പ്രമുഖരെ നിയോഗിച്ചാണ് ആരംഭം. ഭാര്യ ലത അന്തർജനം അസ്സലൊരു പി ആർ ഒ യായി. രോഗികളെ സന്ദർശിച്ചും കുശലമാരാഞ്ഞും സഹായങ്ങൾ ചെയ്തും നിർദ്ദേശങ്ങൾ നൽകി

*തേനീച്ചകളുടെ തോഴൻ: വിഷ്ണു നമ്പൂതിരിയുമായി നടത്തിയ അഭിമുഖം കാണാൻ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.*



*ഡൽഹി പൂരം വേദിയിൽ കേന്ദ്ര മന്ത്രി മീനാക്ഷി ലേഖി യിൽ നിന്നും ആയുർവേദ മേഖലയിൽ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം വെദിരമന വിഷ്ണു നമ്പൂതിരി സ്വീകരിക്കുന്നു*

*ജീവിത വഴിയിൽ: വിഷ്ണു നമ്പൂതിരിയുമായി നടത്തിയ അഭിമുഖം കാണാൻ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.*



*കേശവതീരത്തെ ആയുർവേദ ആശുപത്രിയുടെ തറക്കല്ലിടൽ ടി ഗോവിന്ദൻ എം. പി നിർവഹിക്കുന്നു. എം. കെ രാഘവൻ എം വി ദേവൻ എന്നിവർ സമീപം. ആശുപത്രി ഉദ്ഘാടനം ശ്രീധരീയം നേത്രരോഗവിഭാഗം തലവൻ ഡോ എൻ പി പി നമ്പൂതിരി, ഒന്നാം ബ്ളോക്ക് ഉദ്ഘാടനം സ്ഥലം എം.എൽ.എ പി.കെ ശ്രീമതി നിർവഹിക്കുന്നു.*

യും എന്തിനേറെ, കാന്റീനിൽ സഹായിച്ചു പോലും അവർ സഹധർമ്മശ്ചര്യതാം എന്ന വാക്ക് പാലിച്ചു.

കൃത്യമായ ധാരണകളോടെയാണ് മക്കളായ കേശവനെയും അശ്വതിയേയും ആയുർവേദ പഠനത്തിനായി അയച്ചത്. എം.ഡി പഠത്തിനു ശേഷമാണ് മകൻ മെഡിക്കൽ ഡയറക്ടറായി ചാർജെടുക്കുന്നത്. അസ്ഥി – സന്ധി & വാത രോഗവിഭാഗത്തിന്റെ തലവൻ കൂടിയാണ് ഡോ കേശവൻ.

പൈൽസ്, ഫിസ്റ്റുല, ഫിഷർ കോഴ്സിൽ പി.ജിക്ക് സ്പെഷ്യലൈസ് ചെയ്ത മകൾ അശ്വതിയാണ് ഈ വിഭാഗത്തിന്റെ മേധാവി.സ്ത്രീ രോഗ വിഭാഗം & ജനറൽ മെഡിസിൻ, യോഗസെന്റർ, ഔഷധനിർമ്മാണം എന്നിവയുടെ ചുമതല ബി.എ.എം.എസിനു ശേഷം എം ഡി ചെയ്ത മരുമകൾ ഡോ തുളസിയ്ക്കാണ്.

ചുമതലകൾ പുതുതലമുറയ്ക്ക് വീതിച്ചു നൽകി ഓവറോൾ മാനേജ്മെന്റുമായി എം ഡി വിഷ്ണു നമ്പൂതിരി തലപ്പത്തുണ്ട്. രാവിലെ 5 മണി മുതൽ രാത്രി പത്തര വരെ എം ഡിക്കു വിശ്രമമില്ല. ●


വെദിരമന വിഷ്ണു നമ്പൂതിരി
കേശവതീരം
ആയുർവ്വേദ ഗ്രാമം
പുറച്ചേരി, ഏഴിലോട്, പയ്യന്നൂർ
ഫോൺ: 9495014766


## കേശവതീരത്തെ

- കലാസാംസ്കാരിക മേഖലകളെ ഉത്തേജിപ്പിക്കാൻ ആയുർവേദ ഗ്രാമത്തിലും സമീപവാസികൾക്കുമായി സംഗീത ചിത്രകലാ വാദ്യ പരിശീലനക്ലാസുകൾ .
- ആരോഗ്യമേഖലക്ക് തന്നെ മാതൃകയായി വയോജന ക്യാമ്പുകൾ, നേത്ര ചികിത്സാ ക്യാമ്പുകൾ, അസ്ഥി സാന്ദ്രതാ നിർണ്ണയ ക്യാമ്പുകൾ .
- ഉറ്റവർ ഉപേക്ഷിച്ച അശരണരായ ദരിദ്ര രോഗികൾക്ക് സാമ്പത്തിക ചികിൽസ സഹായം .

## നാനൂറ് വർഷത്തെ പഴക്കമുള്ള

400വർഷത്തോളം പഴക്കമുണ്ട് വെദിരമന ഇല്ലത്തിന്. ഈശ്വരൻ നമ്പൂതിരിയും അദ്ദേഹത്തിന്റെ അനിയൻ കൃഷ്ണൻ നമ്പൂതിരിയുമായിരുന്നു കാരണവന്മാർ. പൊതുപ്രവർത്തനവും കോൺഗ്രസ് രാഷ്ട്രീയവുമായിരുന്നു കൃഷ്ണൻ നമ്പൂതിരിയുടെ മേഖല. വേളി കഴിച്ചിരുന്നില്ല. ഇല്ലത്തെ കുട്ടികൾക്കായി ഒരു ഏകാധ്യാപക വിദ്യാലയം തുടങ്ങി. അതാണ് പിന്നീട് സ്ഥലവും ബിൽഡിംഗും ഉണ്ടാക്കി ഗവൺമെന്റിലേക്ക് വിട്ടു നൽകിയത്. ഇന്നത്തെ പുറച്ചേരി ഗവ. സ്കൂൾ.



വിഷഹാരികളായിരുന്നു ഈ ഇല്ലക്കാർ. അടുത്ത തലമുറക്ക് കൈമാറാത്തതിനാൽ പല ഒറ്റമൂലികളും അന്യംനിന്നു. ഈശ്വരൻ നമ്പൂതിരിക്ക് അഞ്ചു മക്കൾ. നാല് പെൺമ





*രണ്ടാം ബ്ളോക്ക് ഉദ്ഘാടനം ദേവസ്വം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കുന്നു. കേശവതീരത്തെ ഔഷധോദ്യാനവും കാഴ്ചകളും. ദേശീയ പാത വഴി മൂകാംബിക യിലേക്കും മറ്റും പോകുന്നവർക്ക് താമസിക്കാൻ ഇവിടെ അതിഥിമന്ദിരവുമുണ്ട്.*



## പുണ്യകർമ്മങ്ങൾ

- ❑ രാഷ്ട്രീയ ജാതിമതഭാഷാ അതിർവരമ്പുകളില്ലാതെ കഴിവു തെളിയിച്ച മഹത് വ്യക്തികളെ ആദരിക്കൽ.
- ❑ കേശവ തീരത്തെ ദിവ്യാംഗന്മാരുടെ വാർഷിക ത്രിദിന ക്യാമ്പിന് താമസ ഭക്ഷണ കലാ കായിക വേദിയാക്കുന്നു.
- ❑ കരിമ്പാറ കുന്നിനെ ഔഷധ ചെടികളുടേയും ഫലതണൽ വൃക്ഷലതാദികളുടെയും വിളനിലമാക്കി
- ❑ സ്വന്തം നഴ്സറിയിൽ നിന്നു ചെടികൾ രോഗികൾക്കും മറ്റുള്ളവർക്കും സമ്മാനമായി / സൗജന്യ വിതരണം ചെയ്യുന്നു.

# വെദിരമന

ക്കളും ഒരാണും. സരസ്വതി അന്തർജനം (ചങ്ങനാശ്ശേരി എടമന) ഗൌരി അന്തർജനം (പെരിയോട് വെള്ളിയോട്) സുഭദ്ര അന്തർജനം (കുന്നരു മാങ്കുളം) ദേവകി അന്തർജനം (പട്ടലൂർ) കേശവൻനമ്പൂതിരി (ഭാര്യ പള്ളിത്തറ വയൽ കുടൽവള്ളി ഇല്ലത്തെ ദ്രൌപദി അന്തർജനം). ഈ കേശവൻനമ്പൂതിരിയുടെ മകനാണ് കേശവതീരം ആരംഭിച്ച വിഷ്ണു നമ്പൂതിരി.

ഉമാമഹേശ്വരക്ഷേത്രത്തിലെ തന്ത്രം കേശവൻനമ്പൂതിരി വരെ കൊണ്ടു നടന്നു. പിന്നീട് ചെറുതാഴത്ത് ഭട്ടതിരിയെ ഏൽപ്പിച്ചു. തറവാട്ടിലെ ഗണപതി ഹോമം, പൂജ, അന്തി നമസ്കാരം വിശേഷാൽ പൂജകൾ എല്ലാം നടത്തിയിരുന്നത് കേശവൻനമ്പൂതിരി തന്നെയായിരുന്നു. ഹരിദ്വാർ അയ്യപ്പ ക്ഷേത്രത്തിൽ കലശത്തിന് തന്ത്രിയുടെ കൂടെ സഹായിയായും ഉണ്ടായിരുന്നു. താന്ത്രിക കർമ്മങ്ങൾക്കു പുറമേ അത്യാവശ്യം സംസ്കൃതവും ആയുർവേദവും കൈകാര്യം ചെയ്തിരുന്ന കേശവൻനമ്പൂതിരി, ദീർഘകാലം യോഗക്ഷേമസഭ അറത്തിൽ ഉപസഭ പ്രസിഡണ്ടായിരുന്നു. ഇദ്ദേഹത്തിന് എട്ട് മക്കൾ.

സാവിത്രി അന്തർജനം: ഭർത്താവ് കോറോം കൊറ്റം വള്ളി പരമേശ്വരൻ നമ്പൂതിരി. കോ ഓപ്പറേറ്റീവ് ഡിപ്പാർട്മെന്റിൽ റിട്ട അഡീഷണൽ രജിസ്ട്രാർ. ഇവർക്കു 5 പെൺകുട്ടികൾ.

ഈശ്വരൻ നമ്പൂതിരി: ഭാര്യ തിരുവല്ല പെരുമായിക്കോട് സുഭദ്ര അന്തർജനം. 2 ആൺകുട്ടികൾ. ചങ്ങനാശ്ശേരി കോളേജിൽ നിന്നും ഇക്കണോമിക്സ് പി.ജി. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും മുൻ ഇരിക്കൂർ എം.എൽ.എ കെ.സി.ജോസഫും സഹപാഠികൾ.

കൃഷ്ണൻ നമ്പൂതിരി: ഭാര്യ കുന്നരു ആറ്റുപുറം ദ്രൌപദി അന്തർജനം 2 ആൺകുട്ടികൾ. കെ എസ് ആർ ടി സി യിലായിരുന്നു ജോലി.

മാധവൻ നമ്പൂതിരി: ഭാര്യ മാത്തിൽ പെരികമന ഉമ അന്തർജനം. ഒരു മകൻ. 25 വർഷത്തോളം ഏഴിലോട്, ദേശീയപാതയോരത്ത് സ്റ്റേഷനറി കൂൾഡ്രിംക്സ് കച്ചവടം.

വിഷ്ണുനമ്പൂതിരി: ഭാര്യ മാധവപ്പള്ളി ലത അന്തർജനം. കേശവ തീരം എം.ഡി.

ഗോവിന്ദൻ നമ്പൂതിരി : ഭാര്യ മാക്കര ഇല്ലത്ത് സാവിത്രി അന്തർജനം. 2 ആൺകുട്ടികൾ.

ദേവകി അന്തർജനം: ഭർത്താവ് ബാംഗളൂർ എഛ്.എ.എല്ലിൽ ജോലിയായിരുന്ന കേശു നമ്പൂതിരി. 2 പെൺകുട്ടികൾ.

നാരായണൻ നമ്പൂതിരി : ഭാര്യ അതിയടത്ത് വെള്ളിയോട്ട് ശോഭ അന്തർജനം. ഖാദിയിൽ ജോലി ചെയ്ത് റിട്ടയർ ചെയ്തു. ഒരു മകൻ.

എല്ലാവരും ഒന്നിച്ചായിരുന്നു താമസം. അമ്മ ദ്രൗപദി അന്തർജനമായിരുന്നു കുടുംബനാഥ. 99 ൽ അച്ഛൻ കേശവൻനമ്പൂതിരി മരിക്കുന്നതിന്നു മുൻപു തന്നെ ഓരോ മക്കളായി സ്വന്തം വീട് വെച്ച് മാറാൻ തുടങ്ങിയിരുന്നു. അടുത്തടുത്തായി ഒരേ കോമ്പൌണ്ടിൽ തന്നെ. അപൂർവമായ സൌഭാഗ്യം.●

## അപൂർവമായ ഒരനുഭവം



കിടങ്ങൂർ കുമ്മണ്ണൂരിലെ കല്ലമ്പള്ളിൽ നാരായണൻ നമ്പൂതിരി, സുമ/ കളം കേശവൻ നമ്പൂതിരി, ശ്രീദേവി /കെ എസ് സുബ്രഹ്മണ്യൻ നമ്പൂതിരി,ആര്യകുമാരി എന്നീ ദമ്പതിമാർ ചേർന്ന് ആ ദിവസത്തിന്റെ ഓർമ്മക്കായി കേക്ക് മുറിക്കുന്നു

# അമ്പത് വർഷത്തിന് ശേഷം ഇവർ ഭാരത്ബന്ദിനെ തോല്പിച്ചു

**മാന്തിട്ട വിഷ്ണു**



ഭാരത ബന്ദ് പ്രഖ്യാപിക്കപ്പെട്ട ദിവസമായിരുന്നു 1974 മെയ് 3. കിടങ്ങൂർ കുമ്മണ്ണൂരിലെ കല്ലമ്പള്ളിൽ ഇല്ലക്കാർക്ക് ഒരു ഇടിത്തീയായിരുന്നു ആ വാർത്ത. കാരണം അന്ന് ഇല്ലത്തുവെച്ച് ഗംഭീരമായ പരിപാടികളാണ് ഗൃഹനാഥൻ സുബ്രഹ്മണ്യൻ നമ്പൂതിരി പ്ലാൻ ചെയ്തിരുന്നത്.

എന്നാൽ അപ്രതീക്ഷിതമായുണ്ടായ ഭാരത ബന്ദ് എല്ലാം കുളമാക്കി. രണ്ടാമത്തെ മകൻ നാരായണന്റെയും മൂന്നാമത്തെ മകൻ സുബ്രഹ്മണ്യന്റെയും വേളി. മകൾ ശ്രീദേവിയുടെ പെങ്കൊട. മൂത്തമകൻ കൃഷ്ണന്റെ മകൾ സ്മിതയുടെ ചോറൂണ്. അങ്ങനെ ഒറ്റ ദിവസം നാല് ആഘോഷം.

ബന്ദ് വാർത്തയറിഞ്ഞപ്പോഴും വിവാഹം മാറ്റിവെയ്ക്കാൻ മനസ്സു വന്നില്ല. നിശ്ചയിച്ച ദിവസം വിവാഹം മുടങ്ങുന്നത് നല്ലതല്ലെന്നായിരുന്നു സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ അഭിപ്രായം. അതിനാൽ, ആഘോഷം കുറഞ്ഞാലും ചടങ്ങ് ഒഴിവാക്കേണ്ടെന്ന് വച്ചു.

അങ്ങനെ അടുത്ത ഇല്ലക്കാരുടെ സഹകരണത്തോടെ രണ്ട് വേളിയും പെങ്കൊടയും ചോറൂണും നടന്നു. വേളിക്കാരുടെ അമ്മാമൻ കൂടിയായ മാമണ്ണ ഇട്ടിരവി നമ്പൂതിരിയുടെ കാർമ്മികത്ത്വത്തിൽ. നമ്പൂതിരി ഭാഷയിൽ പറഞ്ഞാൽ- വളരെ ചുരുക്കത്തിൽ, വെടിപ്പായി.

വധുവിന്റെ പക്ഷക്കാരായി രണ്ട് ഇല്ലങ്ങളിലുള്ളവരുമെത്തി. കോ

**'വിവാഹദിവസം ബന്ദ് ആയതിനാൽ കുറച്ചുപേർക്കുള്ള പ്രാതൽ വട്ടമേ നീലകണ്ഠൻ നമ്പൂതിരി തയ്യാറാക്കിയിരുന്നുള്ളു. പക്ഷെ കണക്കുകൾ തെറ്റിച്ച് അടുത്തുള്ള എല്ലാ ഇല്ലക്കാരും ഉത്സാഹപൂർവ്വം രാവിലെത്തന്നെ എത്തിയപ്പോൾ നീലകണ്ഠൻ നമ്പൂതിരി ഒന്നു പരിഭ്രമിച്ചു. പ്രാതലിനു വിളമ്പാൻ ഇഢ്ലി തികയാതെ വന്നു. ചുരുക്കത്തിൽ ഇല്ലത്തുള്ളവർക്ക് അന്ന് പ്രാതൽ തരായീല്ല്യാ. ഉച്ചഭക്ഷണത്തിന് പക്ഷേ എല്ലാ വിഭവങ്ങളും ധാരാളമായിത്തന്നെ വിളമ്പാൻ കഴിഞ്ഞു...'**
**രസകരമായ പല ഓർമ്മകളും കുടുംബാംഗങ്ങൾ പങ്കുവെച്ചു.**



**അന്നും ഇന്നും:** *കെ എസ് നാരായണൻ നമ്പൂതിരിയും സുമയും കളം കേശവൻ നമ്പൂതിരിയും ശ്രീദേവിയും കെ എസ് സുബ്രഹ്മണ്യൻ നമ്പൂതിരിയും ആര്യകുമാരിയും*

ഴിക്കോട്ടെ താമരശ്ശേരിയിൽ നിന്ന് മകളെ വിവാഹം കഴിക്കാനുള്ള വരന്റെ ഇല്ലത്തുള്ളവരുമെത്തി. അത്യാവശ്യക്കാരെല്ലാം തലേന്നെത്തി. താമസസൗകര്യം ചുറ്റുവട്ടത്തിൽ ഏർപ്പാടാക്കുകയും ചെയ്തു.

സുൽത്താൻ ബത്തേരിയിൽ നിന്ന് കോട്ടയത്തേയ്ക്കുള്ള കെ എസ് ആർ ടി സി ബസ്സിലാണ് താമരശ്ശേരി കളത്തിൽ ഇല്ലത്തുനിന്ന് വരന്റെ പക്ഷത്തുള്ളവർ എത്തിയത്. 250 കി മി യാത്ര. പാലക്കാടു നിന്ന് മടങ്ങർളി ഇല്ലക്കാരും സർക്കാർ ബസ്സിൽ തന്നെ. ദീർഘദൂരയാത്രയ്ക്ക് അന്നൊക്കെ സർക്കാർ ബസ്സാണ് ആശ്രയം.

കല്ലമ്പള്ളിൽ ഇല്ലക്കാർ സാമവേദികളാണ്. അതിനാൽ വേളിചടങ്ങുകൾ വേഗം അവസാനിച്ചു. കളത്തിൽ ഇല്ലക്കാർ യജുർവ്വേദികളായതിനാൽ പെങ്കൊട ചടങ്ങുകൾ തീരാൻ നല്ല സമയം വേണ്ടിവന്നു. അടുത്തടുത്ത മുറികളിൽ വെച്ചായിരുന്നു വിവാഹ ചടങ്ങുകളും ചോറൂണും.

മുടങ്ങിപ്പോയ അന്നത്തെ ആഘോഷം അമ്പത് വർഷങ്ങൾക്ക് ശേഷം ഇത്തവണ മെയ് മൂന്നിന് ഭംഗിയായി നടത്താൻ യുവതലമുറക്കായിരുന്നു മോഹം. ബന്ദുമൂലം ചുരുക്കത്തിൽ നടത്തിയ അച്ഛനമ്മമാരുടെ വിവാഹത്തെ അമ്പതാം വിവാഹവാർഷികത്തിലൂടെ കൊണ്ടാടാൻ. ഒപ്പം  ഓപ്പോളുടെ ചോറൂണും. കുടമാളൂർ റെയിൻ ഫോറസ്റ്റ് റിസോർട്ട് ആയിരുന്നു ന്യൂജെൻ ആഘോഷത്തിന്റെ വേദി.

അന്ന് നാലുകുടുംബങ്ങളിൽ നിന്നുള്ളവരും അടുത്തുള്ള ഇല്ലക്കാരും ചേർന്ന് ഏകദേശം 150 പേരാണ് ചടങ്ങുകളിലും സദ്യയിലും പങ്കെടുത്തത്. വിവാഹത്തിന് ദേഹണ്ണം ചുമതല പേരുകേട്ടൊരു പാചക വിദഗ്ദ്ധനായിരുന്നു. മലമേൽ നീലകണ്ഠൻ നമ്പൂതിരിക്ക്. പഴയിടം മോഹനൻ നമ്പൂതിരി ഇദ്ദേഹത്തിന്റെ ശിഷ്യനാണ്. യുവജനോത്സവ പാചകശാലകളിൽ എത്തിച്ചേരുന്നത്  മോഹനൻ നമ്പൂതിരി നീലകണ്ഠൻ നമ്പൂതിരി വഴിയാണ്.

കല്ലമ്പള്ളിൽ ഇല്ലം സന്തതിപരമ്പരകളില്ലാതെ വന്നപ്പോൾ ചെമ്പിളാവിലുള്ള മലമേൽ ഇല്ലത്തുനിന്ന് ഒരു ഉണ്ണിനമ്പൂതിരിയെ ദത്തെടുക്കുകയാണ് ഉണ്ടായത്. ചോറൂണുകാരിയുടെ മുത്തശ്ശനെ, വരൻമാരുടെ അച്ഛൻ സുബ്രമണ്യൻ നമ്പൂതിരിയെ. അദ്ദേഹം വേളി കഴിച്ചത് മുട്ടത്തുകാട്ടിൽ  മാമണ്ണ മകൾ ഉണിക്കാളി അന്തർജ്ജനത്തെ. സതീദേവി, കൃഷ്ണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, സുബ്രഹ്മണ്യൻ നമ്പൂതിരി, ശ്രീദേവി,  ദാമോദരൻ നമ്പൂതിരി എന്നിവർ മക്കൾ.

അച്ഛനമ്മമാരുടെ ഫോട്ടൊക്ക് മുന്നിൽ സുബ്രഹ്മണ്യൻ നമ്പൂതി





*അന്നത്തെ ചോറൂണുകാരി സ്മിത (മുകളിൽ) അച്ഛൻ കൃഷ്ണൻ നമ്പൂതിരി അമ്പത് വർഷത്തിനു ശേഷം വീണ്ടും സ്മിതയെ ഊട്ടുന്നു (താഴെ)*

**1974 ലെ രണ്ട് അപ്ഫന്മാരുടേയും അച്ഛൻ പെങ്ങളുടേയും വിവാഹ സദ്യയാണ് സ്മിതയ്ക്ക് ചോറൂണിന് ആസ്വദിക്കാൻ കഴിഞ്ഞതെങ്കിൽ അമ്പതുവർഷങ്ങൾക്കിപ്പുറം മുത്തശ്ശന്റേയും മുത്തശ്ശിയുടേയും കൂടെ അമ്മയ്ക്ക് ചോറുകൊടുക്കാനുള്ള ഒരു ഭാഗ്യമാണ് സ്മിതയുടെ മകൾ അനുവിന്ദയ്ക്ക് ലഭിച്ചത്.**



**എങ്ങനെയുണ്ട് ?**
**ഞങ്ങളുടെ ഐഡിയ !!**
*കളത്തിൽ കേശവൻ നമ്പൂതിരിയുടെ മകൻ സജന്റെ പത്നി ആര്യ യുടെ മനസ്സിലാണ് അമ്പതാം വാർഷികം കൂട്ടായ്മയായി ആഘോ ഷിക്കാമെന്ന ആശയം ഉദിച്ചത്. പ്രോഗ്രാം കോർഡിനേറ്ററും ആര്യ തന്നെ. ക്ലാർനറ്റിൽ ഡാറ്റ എഞ്ചിനീയറാണ്.*

രിയുടെ മൂത്തമകൻ കൃഷ്ണൻ നമ്പൂതിരി ഭദ്രദീപം കൊളുത്തി. മക്ക ളായ സതിദേവി, ദാമോദരൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരിയുടെ സഹധർമ്മിണി സാവിത്രി, ദാമോദരൻ നമ്പൂതിരിയുടെ പത്നി പ്രസന്ന എന്നിവരും പങ്കുചേർന്നു. തുടർന്ന് കേയ്ക്ക് മുറിച്ച് ത്രിമധുരം (മൂന്നു വിവാഹങ്ങളുടെ മധുരം) പങ്കിടൽ. സ്മിതയുടെ ചോറൂണും വേദിയിൽ ആവർത്തിച്ചു. 'വയസ്സ് എല്ലാവരും അറിഞ്ഞതിൽ സ്മിതയ്ക്ക് നല്ല പരിഭ വമുണ്ട് ' ആറ്റുപുറം രാജന്റെ കമന്റ് വേദിയിൽ ചിരി പടർത്തി.

'ചടങ്ങുകൾക്കുശേഷം' കലാപരിപാടികൾ. കുട്ടികളുടേയും അന്തർജ്ജ നങ്ങളുടേയും പാട്ടും നൃത്തവും കവിത ചൊല്ലലും കീർത്തനങ്ങളും. ഒപ്പം കൈകൊട്ടിക്കളിയും. 1974ലെ ഒറിജിനൽ അനുഭവങ്ങളും ചിലർ പങ്കുവെച്ചു.

'വേളികഴിഞ്ഞ് പിറ്റേദിവസം കുടിവെപ്പിനായി താമരശ്ശേരിയിലേയ് ക്കുള്ള യാത്രയും ഒരനുഭവം തന്നെയായിരുന്നു. സർക്കാർ ബസ്സിൽ കുറേ നേരം നിന്നുകൊണ്ടുള്ള യാത്ര. അമ്പതുവർഷത്തിനപ്പുറം തിരിഞ്ഞു നോ ക്കുമ്പോൾ എല്ലാം രസകരമായി തോന്നുന്നു'. താമരശ്ശേരി കളത്തിൽ കേ ശവൻ നമ്പൂതിരി അനുസ്മരിച്ചു.

എന്തിനായിരുന്നു ആ ബന്ദ്? ആർക്കും ഓർത്തെടുക്കാൻ കഴിഞ്ഞില്ല. വൈകുന്നേരം അഞ്ചു മണിയോടെ മംഗളം ചൊല്ലി പരിപാടികൾക്ക് തിര ശ്ശീലയിട്ടു ●

മാന്തിട്ട വിഷ്ണു, മാന്തിട്ട മന, വെങ്കിടങ്ങ്, തൃശ്ശൂർ ജില്ല, 8714839298
കെ എസ് കൃഷ്ണൻ നമ്പൂതിരി, കല്ലമ്പള്ളിൽ ഇല്ലം, കുമ്മണ്ണൂർ, പി ഒ കിടങ്ങൂർ, കോട്ടയം ജില്ല, പിൻ: 686572, മൊബൈൽ: 9400666525

# സ്വപ്നഭാരതം



എ.പി. നമ്പൂതിരി, വിജയമന്ദിരം,
കയനി പി.ഒ, മട്ടന്നൂർ വഴി,
കണ്ണൂർ ജില്ല- 670702.
ഫോൺ: 04902 477103/ 8547881361

**എ.പി. നമ്പൂതിരി**

ഭാരതം ശതാബ്ദങ്ങൾക്കപ്പുറം സംസ്കാരത്തിൻ
ഭാസുരപ്രഭാപൂരം ലോകമാകവേ തൂകി
ശാസ്ത്രമേന്മയും വേദഘോഷവും ഇതിഹാസ-
ചാരുതകൊണ്ടും മേന്മേൽ എങ്ങുമേ പ്രശസ്തമായ്
കൈസ്തവർ, അറബികൾ, പോർത്തുഗീസുകാർ ഫ്രഞ്ചു-
നാട്ടുകാർ ചൈനക്കാരും ഈ നാട്ടിൽ പ്രജകളായ്
ഭൂമിയിൽസ്വർഗ്ഗം കണ്ടീനാട്ടിലെത്തിയ മറു-
നാട്ടിലെ സുൽത്താന്മാരും ഈനാട്ടിൽ കുടികൊണ്ടു
യുദ്ധമന്യോന്യം ചെയ്തു തോറ്റവരല്ലോ നമ്മൾ
ശത്രുഭാവത്താൽ സർവ്വം കൈമോശം വന്നോരല്ലോ
ആതിഥ്യം സംസ്ക്കാരമായ് കണ്ടവർ നമ്മൾ എല്ലാ
നാട്ടുകാരേയും സ്നേഹം നൽകിയും കൂടെ കൂട്ടി
വാണിഭമുറപ്പിക്കാൻ പട്ടാളം വന്നു കോട്ട-
കാക്കുവാൻ വെച്ചു നീളെ തോക്കുകൾ പീരങ്കികൾ
ലാഭചിന്തയാൽ നാട്ടിലെത്തിയ വൈദേശികർ
പാവങ്ങൾ നമ്മെ വീഴ്ത്തി നെഞ്ചിൽ നർത്തനമാടി
വേദന സഹിച്ചു നാമേറെ നാളുകൾ, ചെയ്തു
പോയോരു തെറ്റിൻ പ്രായശ്ചിത്തമെന്നല്ലോ കണ്ടു
പാരതന്ത്ര്യത്തിൽ ക്രൂരമർദ്ദനം സഹിച്ചപ്പോൾ
ഗാന്ധിമാർഗ്ഗത്തിൽ നേടി ഭാരതവിമോചനം
സത്യവുമഹിംസയും മാർഗ്ഗമായ് സ്വാതന്ത്ര്യത്തിൻ
സ്വർഗ്ഗതുല്യമാം ലോകം സ്വപ്നം കണ്ടിരിക്കവേ
ഭാരതമാതാവിൻ തൂനെറ്റിയിലണിയുന്ന
കാശ്മീരതിലകമോ രക്തപങ്കിലമായി...
കത്തിയും കഠാരയും ക്രൂരഹത്യയും ചാവേർ-
യുദ്ധവും കൊണ്ടീനാട്ടിൽ സ്വൈരവുമില്ലാതായി
ഭിന്നജാതികൾ, മത വർഗ്ഗങ്ങൾ, രാഷ്ട്രീയക്കാർ
ഭിന്ന ദേശക്കാരെല്ലാം തമ്മിൽ തല്ലുകയല്ലോ
ധീരരാം പൂർവ്വികന്മാർ രക്തസാക്ഷിത്വം നൽകി
നേടിയ സ്വാതന്ത്ര്യം നാം എന്നും കാത്തിരിക്കണം
സ്ഥാനമോഹങ്ങൾകൊണ്ടും ക്രൂരചിന്തകൾ കൊണ്ടും
മാതാവിൻ മാനം കാക്കാൻ എന്തിനീയലംഭാവം
ഉന്നത നേതാക്കന്മാർ ഏറെയുണ്ടല്ലോ കഷ്ടം
ഭിന്നതയല്ലോ ചുറ്റും കാണുന്നു വൈരാഗ്യത്താൽ
ഒത്തൊരുമിക്കിൽ ജന്മഭൂമി സ്വർഗ്ഗമായ്ത്തീരും
അല്ലായ്കിൽ നരകമായ് മാറുമീ മഹാരാജ്യം ●




## ചാത്തത്തിന് ആളെക്കിട്ടാനില്ലേ?

# ഇവിടെയുണ്ട് സുശ്രാദ്ധമസ്തു

ഷൊർണ്ണൂർ മുനിസിപ്പൽ പ്രദേശത്തെ നമ്പൂതിരി കുടുംബങ്ങളുടെ കൂട്ടായ്മ മുൻകൈയെടുത്ത് രൂപം കൊടുത്ത നമ്പൂതിരി സമുദായാംഗങ്ങളുടെ സംഘടനയാണ് തത്ത്വമസി ചരിറ്റബിൾ ട്രസ്റ്റ്. സമുദായത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിന് ആവശ്യമായ ഷോഡശ ക്രിയകൾ നടത്തുന്നതിനും പ്രാമുഖ്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്. ഇതിനുപുറമെ സമുദായാംഗങ്ങളുടെ ഉന്നതിക്കായിട്ടുള്ള മറ്റു വിവിധ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നു. ട്രസ്റ്റിന്റെ കീഴിലുള്ള തത്ത്വമസി ഹാളിൽ എല്ലാ ഷോഡശ ക്രിയകളും നടത്തികൊടുക്കപ്പെടുന്നു. കൂടാതെ മറ്റു ആവശ്യങ്ങൾക്കും ഹാൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**9447836213, 9847940605, 9447281905**

## തത്ത്വമസി ചാരിറ്റബിൾ ട്രസ്റ്റ്

**(രജി. നമ്പർ: 69/2008) അന്തിമഹാകാളൻ കാവിനു സമീപം**
**കുളപ്പുള്ളി, ഷൊർണ്ണൂർ–2 പാലക്കാട് ജില്ല**



**ജാതകർമ്മം മുതൽ സപിണ്ഡി വരെ**
**ഏതു ക്രിയകൾക്കും**
**ഏതു വേദക്കാർക്കും**
**ഏതു ജില്ലക്കാർക്കും**
**ഏകജാലക സംവിധാനം**



*മെയ് 4, 5 തീയതികളിലായി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ യോഗക്ഷേമസഭ കുട്ടികൾക്കായി നടത്തിയ സർവജ്ഞം ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ*

## സർവജ്ഞം ക്യാമ്പിലെ ചില പുതുമകൾ

# കുട്ടികൾ നടത്തി; പത്രസമ്മേളനം



**ഉഷ ചീരക്കുഴി**


മോക്ക് പാർലമെന്റ്, മൂട്ട്കോർട്ട് തുടങ്ങി ചിലതുണ്ട്. പാർലമെന്റിന്റെയും കോടതിയുടെയും എല്ലാം നടപടികൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന മോഡലുകൾ. ഏതാണ്ട് അതുപോലൊന്ന് നടത്തി നമ്മുടെ കുട്ടികൾ. ഒരു മോക്ക് പത്രസമ്മേളനം. കുട്ടികൾ ഡയസിലിരുന്നു, വലിയ രാഷ്ട്രീയ നേതാക്കളെപ്പോലെ. വേറെ ചില കുട്ടികൾ ചോദ്യങ്ങൾ ചോദിച്ചു, പത്രക്കാരെപ്പോലെ. അതൊരു വേറിട്ട അനുഭവമായിരുന്നു പലർക്കും.

യോഗക്ഷേമസഭയുടെ 'സർവ്വജ്ഞം' പദ്ധതിയുടെ ഭാഗമായിരുന്നു ഈ പത്രസമ്മേളനം. 2024 മെയ് 4, 5 തീയതികളിലായി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ കുട്ടികൾക്കായി നടത്തിയ ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പിലായിരുന്നു ഇത്. ഇതുപോലെ പല പുതുമകളും ചേർന്നതായിരുന്നു ക്യാമ്പ്.

യോഗക്ഷേമസഭ സംസ്ഥാന നേതൃത്വം തുടങ്ങിയ പദ്ധതിയാണ് 'സർവ്വജ്ഞം'. നമ്പൂതിരി സമുദായത്തിൽ പഠനത്തിലും മറ്റ് തലങ്ങളിലും സമർത്ഥരായ കുട്ടികൾ ഉണ്ടായിട്ടും, സിവിൽ സർവീസ് പോലുള്ള ഉന്നത പദവികളിൽ എത്തിച്ചേരുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ് എന്ന തിരിച്ചറിവാണ് സർവ്വജ്ഞം പദ്ധതി തുടങ്ങാൻ സഭയെ പ്രേരിപ്പിച്ചത്.

സംസ്ഥാന ജനറൽ സെക്രട്ടറി കൃഷ്ണൻ പോറ്റിയുടെ ആശയത്തെ സെ

**നമ്പൂതിരി സമുദായത്തിൽ പഠനത്തിലും മറ്റ് തലങ്ങളിലും സമർത്ഥരായ കുട്ടികൾ ഉണ്ടായിട്ടും, സിവിൽ സർവീസ് പോലുള്ള ഉന്നത പദവികളിൽ എത്തിച്ചേരുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ് എന്ന തിരിച്ചറിവാണ് സർവ്വജ്ഞം പദ്ധതി തുടങ്ങാൻ സഭയെ പ്രേരിപ്പിച്ചത്.**



*കൃഷ്ണൻ പോറ്റി*

# സർവ്വജ്ഞം പദ്ധതി

യോഗക്ഷേമസഭയുടെ ഒരു നൂതന വിദ്യാഭ്യാസ പദ്ധതിയാണ് സർവ്വജ്ഞം. മികച്ച രീതിയിലുള്ള ഫൗണ്ടേഷൻ ക്ലാസുകളാണ് ഇതിന്റെ പ്രത്യേകത. സിവിൽ സർവ്വീസിന് വേണ്ടിയുള്ള ശീലങ്ങളും ആശയങ്ങളും കുട്ടികളിൽ വളർത്തുകയാണ് ലക്ഷ്യം. പ്രത്യേക സിലബസ് പ്രകാരം എല്ലാ ഞായറാഴ്ചയും ഓൺലൈൻ ക്ലാസുകൾ. സോഫ്റ്റ് സ്കിൽ വളർത്തുന്നതിനായി രണ്ടു ക്യാമ്പുകളും നടത്തി. കൂടാതെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുമായി സംവദിക്കുന്നതിനുള്ള അവസരങ്ങളും നൽകി. ഇതിലൂടെ പുതിയ തലമുറക്ക് ഉയർന്ന നിലയിൽ എത്തിച്ചേരുവാൻ സാധിക്കും.

2023 ഏപ്രിൽ 26ന് 400 കുട്ടികൾ രജിസ്റ്റർ ചെയ്തുവെങ്കിലും 310 കുട്ടികളാണ് ക്ലാസിലെത്തിയത്. രണ്ടാമത്തെ വർഷം 180 കുട്ടികളായി ചുരുങ്ങി. ഇതൊരു കുറവായിട്ടല്ല വൻ വിജയമായിത്തന്നെ കാണുന്നു. കൊഴിഞ്ഞുപോക്കുകൾ ഉണ്ടായാലും ആത്മാർത്ഥമായി പഠനരംഗത്ത് നിൽക്കുന്ന 25 കുട്ടികളെയെങ്കിലും 10 വർഷത്തിനിപ്പുറമുള്ള സിവിൽ സർവ്വീസ് പരീക്ഷകളിൽ എത്തിക്കാം എന്ന വിശ്വാസം സംഘാടകർക്കുണ്ട്. ഈ വർഷത്തെ പുതിയ ബാച്ചിൽ 75 കുട്ടികൾ ചേർന്നു. കുറച്ചുകൂടി കുറഞ്ഞാലും എത്തുന്നവർ ആത്മാർത്ഥതയുള്ളവരാകും എന്നതിൽ സംശയം വേണ്ട.

കൊടുപ്പുന്ന കൃഷ്ണൻ പോറ്റി
ശ്രീലകം, പി ഒ കൊടുപ്പുന്ന
ആലപ്പുഴ 689595
മൊബൈൽ: 944349222
sreelakamkoduppunna@gmail.com

**ഇരുനൂറിലേറെ കുട്ടികളുണ്ട് ഇപ്പോൾ. 8, 9, 10 , പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സിവിൽ സർവീസ് പോലുള്ള ഉന്നത പരീക്ഷകൾ എഴുതാനുള്ള ഫൗണ്ടേഷൻ കോഴ്സ് കൊടുക്കുകയാണ് ചെയ്യുന്നത്. വർഷത്തിലൊരിക്കൽ ജില്ലകൾ തോറും രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്. കുട്ടികൾക്ക് എല്ലാ ഞായറാഴ്ചകളിലും രാത്രി 2 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകൾ. വർഷത്തിൽ ഒന്നോ രണ്ടോ ഓഫ്ലൈൻ ക്ലാസുകൾ. ഓരോ സെഷന്റെയും അവസാനത്തിൽ പരീക്ഷകളും. ഇങ്ങനെയാണ് പ്രോഗ്രാം.**

ക്രട്ടറിയേറ്റിൽ നിന്ന് അണ്ടർ സെക്രട്ടറിയായി വിരമിച്ച ഹർഷൻ ഇങ്ങനെയൊരു പദ്ധതിയാക്കി മാറ്റി. ഇരുനൂറിലേറെ കുട്ടികളുണ്ട് ഇപ്പോൾ. ഐടി കോളേജ് തലങ്ങളിൽ ഉദ്യോഗസ്ഥരായ ഏതാനും ചെറുപ്പക്കാരും ഇതിനു പിന്നിലുണ്ട്. 8, 9, 10 , പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സിവിൽ സർവീസ് പോലുള്ള ഉന്നത പരീക്ഷകൾ എഴുതാനുള്ള ഫൗണ്ടേഷൻ കോഴ്സ് കൊടുക്കുകയാണ് ചെയ്യുന്നത്.

വർഷത്തിലൊരിക്കൽ ജില്ലകൾ തോറും രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്. കുട്ടികൾക്ക് എല്ലാ ഞായറാഴ്ചകളിലും രാത്രി 2 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകൾ. വർഷത്തിൽ ഒന്നോ രണ്ടോ ഓഫ്ലൈൻ ക്ലാസുകൾ. ഓരോ സെഷന്റെയും അവസാനത്തിൽ പരീക്ഷകളും. ഇങ്ങനെയാണ് പ്രോഗ്രാം.ഇതിന്റെ അടിസ്ഥാനത്തിലുള്ള ഓഫ് ലൈൻ ക്ലാസാണ് 2024 മെയ് 4, 5 തീയതികളിലായി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടന്നത്.

സർവ്വജ്ഞം അതോറിറ്റി മെമ്പർ ഡോക്ടർ വിഷ്ണു മാധവൻ നമ്പൂതിരി സ്വാഗതം ആശംസിച്ചു. യോഗക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി കൃഷ്ണൻ പോറ്റി ക്യാമ്പ് ഉദ്ഘാടനം ചെയ്തു കോഴിക്കോട് ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി ആദ്ധ്യക്ഷ്യം വഹിച്ചു. സർവ്വജ്ഞം സംസ്ഥാന കോർഡിനേറ്റർ എം. ഹർഷൻ മുഖ്യപ്രഭാഷണം നടത്തി.

ആദ്യ സെഷൻ നയിച്ചത് കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസിന്റെ കൊച്ചി റേഞ്ചിൽ സൂപ്രണ്ട് ദീപേഷ് ആണ്. രചനാപാടവത്തെ കുറിച്ചായിരുന്നു ആദ്യ സെഷൻ. സിവിൽ സർവീസ് പരീക്ഷയുടെ ഘടന, പരീക്ഷകൾ എഴുതേണ്ട രീതി, ഏതെല്ലാം തരത്തിൽ ചോദ്യങ്ങൾ വരാം, വിവരണാത്മക ഉത്തരങ്ങൾ എങ്ങനെ എഴുതണം , പരീക്ഷയ്ക്ക് എങ്ങനെ തയ്യാറെടുക്കണം, പൊതുവിജ്ഞാനം നേടേണ്ട രീതി, സിലബസ്, സിവിൽ സർവീസ് പരീക്ഷയിൽ നല്ല കൈയ്യക്ഷരത്തിന്റെ പ്രസക്തി എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് എല്ലാം വിശദമായി അദ്ദേഹം കുട്ടികൾക്ക് വിവരിച്ചു കൊടുത്തു. ഇന്ത്യയുടെ പൗരൻ എന്ന നിലയിൽ ഞാനെന്തു നിർവഹിച്ചു എന്ന വിഷയത്തിൽ കുട്ടികൾ ഉപന്യാസം എഴുതി. സിവിൽ സർവീസ് പരീക്ഷാ സംബന്ധമായ എല്ലാ സംശയങ്ങളും നിവാരണം ചെയ്തു കൊടുത്തു.

രണ്ടാമത്തെ സെഷൻ നയിച്ചത് കോഴിക്കോട് പൊലീസ് നാർക്കോട്ടിക് സെൽ അസി. കമ്മീഷണർ ടി. പി ജേക്കബ് ആയിരുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം, മൊബൈൽ ഫോണിന്റെ ദുരുപയോഗം, അന്ധമായ പ്രണയം – ഈ മൂന്ന് ലഹരികളും ആണ് പ്രധാനമായും യുവതലമുറയെ വഴിതെറ്റിക്കുന്നത് എന്ന് പോലീസ് കേസ് അനുഭവങ്ങളിലൂടെ ഉദാഹരണസഹിതം വിവരിച്ചു. മാതാപിതാക്കൾക്കും കുട്ടികൾക്കും ഇടയിലുള്ള സ്നേഹബന്ധത്തിന്റേയും



*കോഴിക്കോട്ട് സർവജ്ഞം ദ്വിദിന നേതൃത്വ പരി ശീലനക്യാമ്പിന്റെ ഭാഗമായി കുട്ടികൾ നടത്തിയ പത്രസമ്മേളനം*

ആശയവിനിമയത്തിന്റെയും കുറവാണ് ഒരു പരിധിവരെ ഈ മൂല്യത്തകർച്ചയ്ക്ക് കാരണമെന്നും അദ്ദേഹം പറഞ്ഞു.

സൈബർ ഫോറൻസിക് കൺസൽട്ടന്റായി പ്രവർത്തിക്കുന്ന വിനോദ് ഭട്ടതിരിപ്പാട് മൊബൈൽ ഫോണിന്റെ സുരക്ഷിതമല്ലാത്ത ഉപയോഗത്തെ കുറിച്ച് ക്ലാസ്സ് എടുത്തു. മൊബൈൽ എന്ന കെണിയെ കുറിച്ച്, മൊബൈൽ ആപ്പുകളിലൂടെ എങ്ങിനെയെല്ലാം ചതിക്കപ്പെടാം, നമ്മുടെ രേഖകൾ എങ്ങിനെയെല്ലാം ഹാക്ക് ചെയ്യപ്പെടാം, ഈ കെണികളിൽ പെടാതെ എങ്ങനെ സുരക്ഷിതമായി ഫോൺ ഉപയോഗിക്കാം എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം വിവരിച്ചു. അത് കേട്ടപ്പോൾ ഫോണിനെക്കുറിച്ച് എല്ലാം അറിയാമെന്ന് ധരിച്ചിരുന്നവർ പോലും സ്തബ്ധരായി.

കുട്ടികൾക്കുള്ള ഐസ് ബ്രേക്കിംഗ് സെഷൻ നയിച്ചത് യുവജന സഭ തൃശ്ശൂർ ജില്ലാ സെക്രട്ടറി ശ്രീകൃഷ്ണൻ പന്തൽ ആയിരുന്നു. നിരീക്ഷണ പാടവം എങ്ങനെ വളർത്തിയെടുക്കാം, കാര്യങ്ങളെ സമീപിക്കുന്ന മനോഭാവത്തിൽ എങ്ങിനെയെല്ലാം മാറ്റം വരുത്താൻ കഴിയും, ചെയ്യുന്ന കാര്യങ്ങളിൽ എങ്ങനെ ശ്രദ്ധ നിലനിർത്താം, വിട്ടുവീഴ്ചാമനോഭാവം, ഒത്തൊരുമ, കൃത്യനിഷ്ഠത എന്നിവയെല്ലാം വിദ്യാർത്ഥിയുടെ ജീവിതത്തെയും പഠനത്തെയും എങ്ങിനെയെല്ലാം സ്വാധീനിക്കുന്നു എന്നെല്ലാം വളരെ രസകരമായി കളികളിലൂടെ ബോധ്യപ്പെടുത്തി. ബുദ്ധിയല്ല കഠിനാധ്വാനം ചെയ്യാനുള്ള മനസ്സാണ് സിവിൽ സർവീസ് കിട്ടാൻ വേണ്ടത് എന്ന തിരിച്ചറിവും കുട്ടികൾക്കുണ്ടായി. ഡോക്ടർ യമുന നടത്തിയ യോഗ സെഷൻ കുട്ടികൾക്ക് ശരീരത്തിനും മനസ്സിനും പുതിയ ഊർജ്ജം പകരുന്നതായിരുന്നു

രണ്ടാം ദിവസത്തെ ആദ്യ സെഷൻ വിശകലന ശേഷിയെ കുറിച്ചായിരുന്നു. തിരുവല്ല മാർത്തോമ്മാ കോളേജിൽ മാത്തമാറ്റിക്സ് പ്രൊഫസർ ആയ മനേഷ് ആണ് കൈകാര്യം ചെയ്തത്.

ഇവിടെ വരുമ്പോൾ നിങ്ങളുടെ പാഷൻ എന്തായിരുന്നു? ഇപ്പോൾ നിങ്ങളുടെ പാഷൻ എന്ത്? ഇതിന് എന്തെങ്കിലും മാറ്റം വന്നുവോ? എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ ശരിയും തെറ്റും വേർ തിരിച്ചറിയാനുള്ള കഴിവ് ഭാവിയെക്കുറിച്ച് എങ്ങിനെ ഉചിതമായ തീരുമാനമെടുക്കാം എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് എല്ലാം കുട്ടികളുടെ മനസ്സിൽ തങ്ങി നിൽക്കുന്ന രീതിയിലായിരുന്നു മനേഷിന്റെ ക്ലാസ്സ്.ക്യാമ്പിന്റെ അവസാനം, പങ്കെടുത്ത കുട്ടികൾക്കെല്ലാം സർട്ടിഫിക്കറ്റ് വിതരണം ചെയ്തു .

സാധാരണ കുട്ടികൾക്കുള്ള ക്യാമ്പുകളിൽ നിന്ന് വിഭിന്നമായി മികച്ച രീതിയിൽ കുട്ടികൾക്ക് ഒരുക്കിയ താമസസൗകര്യം, ഭക്ഷണം, മറ്റു സൗകര്യങ്ങൾ എന്നിവയ്ക്ക് രക്ഷിതാക്കൾ സർവ്വജ്ഞം നേതൃത്വത്തെ പ്രശംസിച്ചു. രണ്ടാം ദിവസം ഉച്ചഭക്ഷണശേഷം ക്യാമ്പ് അംഗങ്ങൾ, ചിരപരിചിതരായ ബന്ധുക്കളോട് എന്നപോലെ യാത്രപറഞ്ഞ് പിരിയുമ്പോൾ ,കുട്ടികളുടെ കണ്ണുകളിൽ കണ്ട തിളക്കവും ആത്മവിശ്വാസവും സർവ്വജ്ഞം അഥോറിറ്റി മെമ്പർമാരെ ചരിതാർത്ഥരാക്കി. ●

**ഇവിടെ വരുമ്പോൾ നിങ്ങളുടെ പാഷൻ എന്തായിരുന്നു? ഇപ്പോൾ നിങ്ങളുടെ പാഷൻ എന്ത്? ഇതിന് എന്തെങ്കിലും മാറ്റം വന്നുവോ? എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ ശരിയും തെറ്റും വേർ തിരിച്ചറിയാനുള്ള കഴിവ് ഭാവിയെക്കുറിച്ച് എങ്ങിനെ ഉചിതമായ തീരുമാനമെടുക്കാം എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് എല്ലാം കുട്ടികളുടെ മനസ്സിൽ തങ്ങി നിൽക്കുന്ന രീതിയിലായിരുന്നു ക്ലാസ്സ്.**

സർവ്വജ്ഞം മലപ്പുറം ജില്ലാ കോർഡിനേറ്ററും യോഗക്ഷേമ വനിതാ സഭ, മലപ്പുറം ജില്ല സെക്രട്ടറിയുമാണ് ലേഖിക

ഉഷ ചീരക്കുഴി, ചീരക്കുഴി മന, പി.ഒ: പടിഞ്ഞാറ്റുംമുറി,
മലപ്പുറം ജില്ല,പിൻ: 676506, മൊബൈൽ: 9745297683

# ചോറൂൺ ആശംസകൾ

സതീഷ് തായാട്ടിന്റെയും
പവിത്ര സതീഷിന്റെയും
മകൻ

**വേദാൻഷിന്റെ**

ചോറൂൺ 2024 ജൂൺ
30 ന് (1199 മിഥുനം 16)
ഞായറാഴ്ച്ച രാവിലെ
10:30 നും 11:30
നും ഇടയിലുള്ള
ശുഭമുഹൂർത്തത്തിൽ
നടന്നു.

സതീഷ് തായാട്ട്, തായാട്ട് ഇല്ലം,
പ്രണവം, ചേവരമ്പലം
പോസ്റ്റ്, കോഴിക്കോട് 673017:
മൊബൈൽ: 9495857502



60th
Anniversary

**2023 ഡിസമ്പർ 31 ന്**
**60ാം പിറന്നാൾ ആഘോഷിച്ച**

**നടുവിലേടം**
**ഗോവിന്ദൻ**
**നമ്പൂതിരിയും**
**പത്നി സുജാത**
**അന്തർജനവും**

ആശംസകളോടെ മക്കൾ:
അനഘ, അപർണ്ണ

**ഗോവിന്ദൻ നമ്പൂതിരി**
**9745605170**



## പുസ്തകം പ്രകാശനം ചെയ്തു



നെല്ലായി ഉപസഭാംഗമായ ശ്രീജ നടുവത്തിന്റെ കവിതാസമാഹാരമായ കാവേറ് പ്രകാശനം ചെയ്തു. ലളിത കലാ അക്കാദമിയിൽ വെച്ചു നടന്ന ചടങ്ങിൽ എഴുത്തുകാരനായ ശ്രീ ഷൗക്കത്തിൽ നിന്ന് കവി രാവുണ്ണി മാഷാണ് പുസ്തകം ഏറ്റുവാങ്ങി. ഡോ എസ് കെ വസന്തൻ, അക്കാദമി സെക്രട്ടറി സി പി അബൂബക്കർ, നോവലിസ്റ്റുക്കളായ കെ ഉണ്ണികൃഷ്ണൻ, പിയാർകെ, ഗസൽ ഗായകൻ സതീഷ് കുമാർ, ഗിരീഷ്കുമാർ, ആകാശ് നടുവം എന്നിവർ ആശംസകൾ നേർന്നു.

**മൊബൈൽ: ശ്രീജ 8113841118**



## ലോകം എന്റെ കണ്ണുകളിലൂടെ

ഹരി നമ്പൂതിരിപ്പാട്

***'സ്നേഹവും പരിഗണനയുമാണ് ഉള്ളിലെ മുറിവുകൾക്കുള്ള ഔഷധമെങ്കിൽ, ഈ പുസ്തകത്തിന്റെ വായന നിങ്ങളുടെ വേദനകളെ അല്പനേരത്തേയ്ക്കെങ്കിലും ശമിപ്പിക്കും' -വൈശാഖൻ മാസ്റ്റർ***

യോഗക്ഷേമസഭാംഗം ആയ ഹരി വടക്കുംഭാഗത്തിന്റെ പുസ്തകലോകത്തേക്കുള്ള അദ്യത്തെ ചുവട് വെപ്പ്. പ്രസിദ്ധ സാഹിത്യകാരൻ ആയ വൈശാഖൻ മാസ്റ്റർ ആണ് പുസ്തകം പ്രകാശനം നിർവ്വഹിച്ചത്. Ivory Books ആണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. താൽപര്യം ഉള്ളവർ താഴെ കൊടുത്തിരിക്കുന്ന Ivory books ന്റെ ലിങ്കിലൂടെ പുസ്തകം വാങ്ങുമല്ലോ. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

https://ivorybooks.in/default/ivory-books-essays-hari-nampoothiripad-lokam-ente-kankaliloode.html


**Hari E T Elambrakkoodath Mana,**
Eroor P O, Thripunithura, Ernakulam - 682306 ,
Kerala, Ph:9447875896





മിനിക്കഥ

# നോട്ടം.........



**ദേവകി. കെ.ഐ,** ഇടിപ്പ ഇല്ലം,
അരീക്കൽ താഴെക്കുനിയിൽ,
കുന്നുമ്മൽ, കക്കട്ടിൽ
-673507,കോഴിക്കോട്,
മൊബൈൽ: 9539173908

അന്നും അയാൾ ആ വഴിയരികിൽ ഉണ്ടായിരുന്നു.....ദിയ മോൾ സ്കൂളിലേക്ക് വരുമ്പോൾ കണ്ടു.

വൈകുന്നേരം അവൾ ആ വഴി വരുമ്പോൾ അയാൾ കുട്ടികളെ നോക്കി അവിടെ ആ മരത്തിൻ ചുവട്ടിൽ ഇരിക്കുന്നുണ്ടായിരുന്നു.

കണ്ടാൽ ഭ്രാന്തനെപ്പോലെ തോന്നുന്ന, മുടിയും താടിയുമെല്ലാം വളർത്തി ആകെ കണ്ടാലേ പേടി തോന്നുന്ന ഒരു രൂപമായിരുന്നയാൾ....

ഇന്ന് ദിയമോൾ കുറച്ച് വൈകിയാണ് സ്കൂളിലേക്ക് പുറപ്പെട്ടത്. അതുകൊണ്ട് തന്നെ കൂട്ടുകാരെല്ലാം പോയിരുന്നു അവൾ ഒറ്റക്കാണ് നടന്നത്,വീട് അടുത്തായതിനാൽ ദിയ നടക്കാറാണ് പതിവ് കൂടെ അടുത്തുള്ള കുട്ടികളും ഉണ്ടാകാറുണ്ട്, വൈകിയത് കാരണം ധൃതിയിലാണ് ദിയ .....

ആരോ പിൻതുടരുന്നതായി അവൾക്ക് തോന്നുന്നുണ്ടായിരുന്നു. കൂടുതൽ ഒന്നും ആലോചിക്കാൻ ആ അഞ്ചാം ക്ലാസ് കാരിക്ക്

കഴിഞ്ഞില്ല....അവൾ ധൃതിയിൽ നടത്തം തുടർന്നു.

പെട്ടെന്നാണ് പിന്നിൽ നിന്നും ആരോ വന്ന് ദിയയെ പിടിച്ചത്.... അലറിക്കരഞ്ഞ ദിയയുടെ ശബ്ദം പക്ഷെ അവിടെ ആരും കേട്ടില്ല വഴിയിൽ ആരുമില്ലായിരുന്നു.

പെട്ടെന്ന് പിടിച്ച പിടിയിൽ നിന്നും ദിയ തെന്നിത്തെറിച്ചു വഴിയിലേക്ക് വീണു. എന്താണ് സംഭവിച്ചതെന്ന് പകച്ച ദിയ തട്ടിപ്പിടഞ്ഞെഴുന്നേറ്റ് നോക്കുമ്പോൾ ഒരു മുട്ടൻ വടിയുമായി ആ മരത്തണലിൽക്കാണാറുള്ള പ്രാകൃത മനുഷ്യൻ..... താഴെ വീണു കിടക്കുന്ന കണ്ടാൽ മാന്യത തോന്നിക്കുന്ന ഒരുവൻ........

അവൾ കണ്ണീരിന്നിടയിലൂടെ ആ പ്രാകൃത മനുഷ്യനെ നോക്കി പുഞ്ചിരിക്കാൻ ശ്രമിച്ചു...... പതിവുപോലെ ഒരു തുറിച്ച് നോട്ടം മാത്രമേ അയാളിൽ നിന്നും ഉണ്ടായുള്ളൂ.....●





## യോഗയുമായി അര നൂറ്റാണ്ടിലേക്ക്

# ഭക്ഷണം രണ്ടുനേരം മാത്രം



കെ. എൻ. ശംഭു നമ്പൂതിരി

**എം.എം കൃഷ്ണൻ നമ്പൂതിരി**



ഭക്ഷിക്കാൻ വേണ്ടി ജീവിക്കുന്ന ചിലരുണ്ട്. എന്നാൽ ജീവിക്കാൻ വേണ്ടി ഭക്ഷിക്കുന്ന ആളാണ് ശംഭു നമ്പൂതിരി. ഭക്ഷണം രണ്ടു നേരം മാത്രം. രാവിലെയും രാത്രിയും എട്ടരക്ക്. ബാക്കിയെല്ലാം പച്ചവെള്ളം. ജീവിതം സമ്പൂർണ്ണമായും യോഗയാണ്. യോഗയിലേക്ക് പ്രവേശിച്ചിട്ട് 50 വർഷത്തിലേക്കു കടക്കുകയായി.കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ടൗണിലാണ് യോഗസെന്റർ നടത്തുന്നത്.

ബ്രാഹ്മണരുടെ സത്വിക ഭക്ഷണം, അതേകഴിക്കൂ. ധാന്യാഹാരം കുറവും പച്ചക്കറിയും പഴങ്ങളും കൂടുതലും. അച്ചാറോ ചായയോ കാപ്പിയോ ഇല്ല. ഹോട്ടൽ ഭക്ഷണം ഇല്ല, പുറത്തുനിന്നു നാരങ്ങാവെള്ളം പോലും കുടിക്കാറില്ല. വീട്ടിലുണ്ടാക്കുന്നതാണ് ഏറ്റവും നല്ല ഫൈവ് സ്റ്റാർ ഹോട്ടൽ ഭക്ഷണം. വേണമെങ്കിൽ വൈഫ് സ്റ്റാർ എന്നു വിളിക്കാം. എത്ര വിശന്നാലും സ്വന്തം ഭവനത്തിലെത്തിയേ ഭക്ഷണം കഴിക്കൂ. ഇല്ലത്തുഗ്രൻ ഭക്ഷണം വെച്ചിട്ടെന്തിനു തെരുവിൽത്തേടി നടപ്പൂ.

ദിനചര്യയെന്നാൽ ദിനവും ചെയ്യുന്നത്. അത് ഇങ്ങനെയാണ്. പുലർച്ചെ മൂന്നു മണിക്ക് കുളി, സന്ധ്യാവന്ദനം, ഉഷാപാനം (ശുദ്ധജലം). 3.20 ന് യോഗ. ശേഷം 4.50 ന് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക്. രാവിലെ എട്ടുവരെ യോഗ പരിശീലനം. 8.30 ന് ഭക്ഷണം. പുട്ട്, ദോശ, ചപ്പാത്തി, കൊഴുക്കട്ട തുടങ്ങിയവ. ഒപ്പം വേവിച്ചതും വേവിക്കാത്തതുമായ ധാരാളം പച്ചക്കറികളും പഴങ്ങളും. ഭക്ഷണം കഴിക്കുമ്പോൾ വെള്ളവും ഇല്ല.

ഉച്ചഭക്ഷണം ഇല്ല. വല്ലപ്പോഴും കൂടപ്പിറപ്പുകളുടെ കല്യാണത്തിനോ മറ്റോ പോയാൽ കഴിക്കും. വൈകുന്നേരവും ഇല്ല. രാത്രി 8.30 നു ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വന്നു കുളിച്ചു സന്ധ്യാവന്ദനം ചെയ്തു ഭക്ഷണം. ചപ്പാത്തിയോ ദോശയോ, ചോറോ. കൂടുതൽ പച്ചക്കറികൾ. കിടക്കാൻ നേരം വെള്ളം കുടിക്കും. ഈ ചിട്ടയ്ക്ക് മാറ്റമില്ല.

അച്ഛന്റെ പ്രേരണയാൽ പതിനഞ്ചാം വയസ്സിലാണ് യോഗ തുട

ങ്ങിയത്. നീലേശ്വരത്തെ യോഗാചാര്യ രാമൻ മാസ്റ്ററിൽ നിന്ന് പഠനം. വെൺകുളം ഗോവിന്ദാചാര്യർ, വേങ്ങയിൽ ഗോവിന്ദാചാര്യർ, പ്രകൃതി ചികിത്സക്ക് പേരുകേട്ട വർമ്മാജി, തുടങ്ങി പല പ്രമുഖരുടെയും ശിഷ്യത്വം. പൂനയിലെ കൈവല്യാധി യോഗാ റിസർച്ച് ഇൻസ്റ്റിട്ട്യൂട്ടിൽ നിന്ന് ഡിപ്ലോമ. കേന്ദ്രീയ വിദ്യാലയത്തിൽ യോഗാധ്യാപകനായും കോഴിക്കോട് ചെസ്റ്റ് ഹോസ്പിറ്റൽ, പറശ്ശിനിക്കടവ് ഉമ്മർകോയ മെമ്മോറിയൽ ആയുർവേദാസ്പത്രി ഇവയിൽ, വിസിറ്റിംഗ് കൺസൽട്ടന്റ്, യോഗാ തെറാപ്പിസ്റ്റ് ആയും ജോലി ചെയ്തു.



*മക്കളായ അങ്കിത്, വർഷ, മേഘ ഭാര്യ രജി എന്നിവർക്കൊപ്പം*

1993–ൽ കാഞ്ഞങ്ങാട് സ്വാതി യോഗ കേന്ദ്രം തുടങ്ങിയത് മുതൽ വിസിറ്റിംഗ് നിർത്തി. കോവിഡ് കാലത്തു തുടങ്ങിയ ഓൺലൈൻ യോഗ പരിശീലനം ഇന്നും തുടരുന്നു. അമ്പത് വർഷം കൊണ്ട് ശിഷ്യർ ഒരു ലക്ഷമെങ്കിലും ആയിക്കാണും. രാവിലെ 4.30 മുതൽ ആൾക്കാർ വരാൻ തുടങ്ങും. രാത്രി 8.30 വരെ. സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ സെക്ഷൻ. ഞായർ ഉച്ചക്ക് രണ്ടുമണി വരെ മാത്രം.

ദൈനംദിനം 200 മുതൽ 300 പേർ വരെ വന്നുപോകും. ഓൺലൈൻ കുറച്ചുപേർ മാത്രം. ഫോണിന്റെ മുന്നിൽ പ്രതിമപോലെ ഇരിക്കേണ്ട അവസ്ഥ വരുന്നതിനാൽ അത്യാവശ്യക്കാർക്ക് മാത്രമേ ഓൺലൈനിൽ നൽകാറുള്ളൂ. ഇപ്പോൾ ഓൺലൈനിലുള്ളവർ.ഗൾഫിൽ 4 പേർ, ഓസ്ട്രേലിയ 2പേർ , യു എസ് 4 പേർ , ബാംഗ്ലൂർ 2പേർ.

യോഗേനയോഗ. അതിനു നല്ലൊരു ദിനചര്യ, ഭക്ഷണ രീതി, യമനിയമങ്ങൾ, ശുദ്ധി ക്രിയകൾ, ധ്യാനം, ആസനങ്ങൾ, ബന്ധങ്ങൾ, മുദ്രകൾ, വിശ്രമരീതികൾ, പ്രാണായാമം, സത്സംഗം, സ്വാധ്യായം, ... തുടങ്ങി പല ഘടകങ്ങളും ചേർന്ന് 24 മണിക്കൂർ വരുമ്പോൾ യോഗചര്യയായി. അതല്ലാതെ അരമണിക്കൂറിൽ തീരുന്ന ഒന്നല്ല യോഗ.

**രോഗാതുരമായ മനസ്സിനെ രോഗത്തിൽ നിന്ന് യോഗത്തിലേക്കുയർത്തേണ്ടത് അവനവൻ തന്നെ. അതിലുടെ പ്രശ്നങ്ങളെ നേരിടാൻ കരുത്തുള്ള മനസ്സ് നേടിയെടുക്കാം. അമിതമായ ഉത്കണ്ഠ പിരിമുറുക്കം, വിഷാദം, അസ്വാസ്ഥ്യം, ആത്മഹത്യാ പ്രവണത. ഇതൊക്കെ മറികടക്കാൻ ശക്തമായ പരിഹാരം അവനവനിൽ തന്നെയുണ്ട്. ശരീരത്തിലെ പേശികൾക്ക് യോഗ മുറകൾ വികാസം, സങ്കോചം, വിശ്രമം പ്രദാനം ചെയ്യുന്നു സന്ധികൾക്ക് ചലനം, നട്ടെല്ലിന് സാധ്യമായ എല്ലാ ചലനങ്ങളും, ശരിയായ ഇരിപ്പ്, നിൽപ്പ്, കിടത്തം ലഭിക്കുന്നു. ദേഹത്തെ കീഴ്മേൽ മറിച്ചിടൽ ഗുരുത്വാകർഷണം ഉപയോഗിച്ച് ആരോഗ്യവസ്ഥ നേടുവാൻ സഹായിക്കുന്നു.**

യോഗയോടൊപ്പം ലഘുവായ വ്യായാമമുറകളും കൊടുക്കാറുണ്ട്. എല്ലാവരും ഒന്നിച്ച് മനസ്സിന് ഉല്ലാസം കിട്ടുന്ന രീതിയിൽ പല വ്യായാമുറകളും നേരിട്ട് കൊടുക്കും. എല്ലാം നേരിട്ട് പഠിപ്പിക്കുന്നു. ഇഷ്ടപ്പെട്ടു ചെയ്യുന്നതിനാൽ ലീവ് എടുത്താലാണ് അസ്വാസ്ഥ്യം. ജോലിയെക്കാളും സർവീസ് മോഡലാണ്. ചെറിയ ഫീയും വെച്ച്. ഫീ അടച്ചാൽ അടച്ചു, അതിൽ നിർബന്ധബുദ്ധിയില്ല. പണം കുറവാണെങ്കിലും സംതൃപ്തിയും സന്തോഷവും കുന്നോളം. രാത്രി കിടന്നാൽ സ്വിച്ച് ഇട്ട പോലെയുള്ള ഗാഢനിദ്ര. യോഗാമേറ്റിൽത്തന്നെ. നാലര മണിക്കൂർ.

ഒരു ഫ്ളാറ്റിന്റെ മൂന്നാം നിലയിലാണ് സ്ഥാപനം. 64 കാരനായ ശംഭു നമ്പൂതിരി താമസം ആനന്ദാശ്രമത്തിനടുത്തു വൈകുണ്ഠം നീലമനയിൽ. സ്വദേശം നീലേശ്വരം. അച്ഛൻ പരേതനായ ഗോവിന്ദൻ നമ്പൂതിരി. അമ്മ പരേതയായ ശങ്കരമംഗലം ദേവകി അന്തർജ്ജനം. ഭാര്യ തില്ലങ്കേരി പടിഞ്ഞീറ്റ ഇല്ലത്തു റിട്ട. അധ്യാപിക രജി. മക്കൾ : അങ്കിത് ( മെർച്ചന്റ് നേവി ചീഫ് ഓഫീസർ ) മേഘ, വർഷ ( ട്വിൻസ്) ഡിഗ്രി കഴിഞ്ഞു യുകെയിലെ ലിവർപൂൾ യൂണിവേഴ്സിറ്റിയിലേക്ക്. ചെറിയൊരു യോഗാശ്രമം തുടങ്ങാനുള്ള ശ്രമത്തിലാണ് ഇപ്പോൾ. ●

തയ്യാറാക്കിയത്: എം.എം കൃഷ്ണൻനമ്പൂതിരി,
തൃച്ചംബരം, തളിപ്പറമ്പ്. മൊബൈൽ: 9497602243
കെ. എൻ. ശംഭു നമ്പൂതിരി( യോഗ)വൈകുണ്ഡം നീലമന,
ആനന്ദാശ്രമം, കാസർകോട് ജില്ല, മൊബൈൽ:9447479563
സ്വാതി യോഗകേന്ദ്രം, എസ്.ബി.ഐക്ക് സമീപം, അൽഹിലാൽ
പ്ലാസ, മൂന്നാം നില , കുന്നുമ്മൽ, കാഞ്ഞങ്ങാട്, കാസർകോട് ജില്ല



*യോഗക്ഷേമസഭ കോഴിക്കോട് ജില്ല പുതിയ ഭാരവാഹികളായ പി.എം ഗംഗാധരൻ നമ്പൂതിരി. പ്രസിഡണ്ട്, കോരമ്പറ്റ ശങ്കരൻ നമ്പൂതിരി - സെക്രട്ടറി, തിരുമംഗലം കൃഷ്ണൻ നമ്പൂതിരി - ട്രഷറർ*

## സഭയുടെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു

യോഗക്ഷേമസഭ കോഴിക്കോട് ജില്ലയുടെ 2024 ജൂൺ 17ന് നടന്ന ജില്ലാ കൗൺസിലിൽ വച്ച് പിഎം ഗംഗാധരൻ നമ്പൂതിരി ( പ്രസിഡന്റ്) കോരംപറ്റ ശങ്കരൻ നമ്പൂതിരി (സെക്രട്ടറി) തിരുമംഗലം കൃഷ്ണൻ നമ്പൂതിരി (ഖജാൻജി ) എന്നിവരെ തിരഞ്ഞെടുത്തു.

ജില്ലാ കൗൺസിൽ യോഗം സംസ്ഥാന ട്രഷറർ ശ്രീ ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. ഉത്തരമേഖല സെക്രട്ടറി മനോജ് തരുപ്പ, കോഴിക്കോടിന്റെ സംസ്ഥാന പ്രതിനിധി കല്ലംവള്ളി രാമകൃഷ്ണഹരി എന്നിവർ സംസാരിച്ചു .

## ഉത്തരമേഖലാ യുവജനസംഗമം

യോഗക്ഷേമസഭാ സംസ്ഥാന യുവജനസഭയുടെ ഉത്തരമേഖലാ യുവജന സംഗമം സമന്വയം 2024 ഏപ്രിൽ 20,21,22 തീയതികളിൽ കൊടക്കാട് കദളീവനം നാച്ചുറൽ റിസോർട്ടിൽ വച്ച് പ്രൗഢഗംഭീരമായി നടന്നു.കാസർഗോഡ്, കണ്ണൂർ കോഴിക്കോട്, വയനാട്, മലപ്പുറം ഉൾ പ്പെടെയുള്ള ഉത്തരമേഖലാ ജില്ലകളിൽനിന്നും, എറണാകുളം, കോട്ടയം, തിരുവനന്തപുരം ജി ല്ലകളിൽ നിന്നുമായി 104 യുവജനങ്ങൾ പങ്കെടുത്തു.

Activity oriented skill development sessions, , From stillness to strength: Embracing transformation through yoga and meditation എന്നീ സെഷനുകളും Natural walk & DJ night എന്ന പരിപാടിയും യുവജനങ്ങൾ ആവേശത്തോടെ സ്വീകരിച്ചു.



## നാരായണീയ സമർപ്പണം

ജില്ലാ വനിതാ സഭയുടെ ആഭിമുഖ്യത്തിൽ ഒരു വർഷത്തോളമായി നടന്നുവന്നിരുന്ന നാരായണീയ പഠന ശിബിരം . അധ്യാപകൻ പാറക്കോട് വാസുദേവൻ നമ്പൂതിരിക്ക് ഗുരുദക്ഷിണ നൽകി സമർപ്പിച്ചു

## ആസ്ഥാന മന്ദിര പരിപാലന കമ്മിറ്റി

ആസ്ഥാന മന്ദിരം പരിപാലനത്തിനായി മധു അരീക്കര ചെയർമാനും, മഠം നാരായണൻ നമ്പൂതിരി കൺവീനറും തിരുമംഗലം കൃഷ്ണൻ നമ്പൂതിരി, ശ്രീജ അരീക്കര, താമരക്കുളം ദിവാകരൻ എന്നിവർ മെമ്പർമാരുമായ കമ്മിറ്റിയെ നിയോഗിച്ചു

## ചേവായൂർ ഉപസഭ

ചേവായൂർ ഉപസഭ വാർഷിക യോഗത്തിൽ 70 വയസ്സ് പൂർത്തിയായ കണ്ടമംഗലം ഉഷരാജ, ദ്രൗപതി എടമന, 60 വയസ് പൂർത്തീകരിച്ച ലീല പുതിയമഠം ഇല്ലം എന്നിവരെ ആദരിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഫണ്ട് രൂപീകരിച്ചു. മെഡിക്കൽ ക്യാമ്പിൽ കൺസൾട്ടേഷനും ക്ലാസുകളും മരുന്നു വിതരണവും നടന്നു.

## രാമല്ലൂർ ഉപസഭ

രാമല്ലൂർ ഉപസഭയുടെ വാർഷികം 26/05/2024 ന് മുഡുവമ്പുറത്ത് ഇല്ലത്ത് വെച്ച് നടന്നു. ജില്ലാ പ്രസിഡന്റ് ശ്രീ. മധു അരീക്കര , ജില്ല ട്രഷറർ ശ്രീ . കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരി , ഉള്ളിയേരി , കക്കോടി ഉപസഭാ ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.





ഉത്തരമേഖലാ യുവജന സംഗമം സമന്വയം 2024

## കണ്ണിപറമ്പ് ഉപസഭ

യോഗക്ഷേമസഭ കണ്ണിപറമ്പ് ഉപസഭയുടെ സെക്രട്ടറിയായി വി. പരമേശ്വരൻ, ജോ:സെക്രട്ടറി .കെ.ലത ,പ്രസിഡണ്ട് :കെ.ടി.ശങ്കരൻ .വൈ: പ്രസിഡണ്ട് . കെ.ടി. മാധവൻ വർക്കിംഗ് പ്രസിഡണ്ട് :വി. എൻ എടക്കാട്,ഖജാൻജി, പി. നീലകണ്ഠൻ നമ്പൂതിരി എന്നിവരെ മേയ് 26 ന് ചേർന്ന യോഗം തിരഞ്ഞെടുത്തു

## പെരുമണ്ണ ഉപസഭ

പെരുമണ്ണ ഉപസഭ രസോല്ലാസം എന്ന പേരിൽ കുട്ടികളുടെ സംഗമം നടത്തി. യോഗ, മഞ്ഞുരുക്കൽ, നിറക്കൂട്ട്, അഭിനയകളരി, ശാസ്ത്രം നിത്യജീവിതത്തിൽ,ആടാം പാടാം എന്നിവയായിരുന്നു പരിപാടികൾ.

## കോടഞ്ചേരി ഉപസഭ

കോടഞ്ചേരി ഉപസഭയുടെ വാർഷിക പൊതുയോഗവും കുടുംബ സംഗമവും സംക്രമംഎന്ന പേരിൽ ഏപ്രിൽ 14 ന് പാലാഞ്ചേരി ഇല്ലത്ത് നടന്നു.പാലാഞ്ചേരി ഉമാദേവി അന്തർജ്ജനം എല്ലാ അംഗങ്ങൾക്കും വിഷുക്കൈനീട്ടം സമ്മാനിച്ചു.പാലാഞ്ചേരി ശരണ്യയുടെ നേതൃത്വത്തിൽ നൃത്തനൃത്യങ്ങളും കലാപരിപാടികളും അരങ്ങേറി.



*നാം കൺവെൻഷനിൽ ഒരുക്കിയ സ്വസ്തി സ്റ്റാൾ*

## ‘നാം’ നമ്പൂതിരി കൂട്ടായ്മ 2024

ഫേസ് ബുക്ക് നമ്പൂതിരി കൂട്ടായ്മയുടെ വാർഷികോത്സവം നാം 2024 തൃശ്ശൂർ പുഴയോരം കൺവെൻഷൻ സെന്ററിൽ വച്ച് മെയ് 24, 25 ( വെള്ളി, ശനി) ദിവസങ്ങളിൽ നടന്നു. നാം 2024 നമ്പൂതിരി മഹാസംഗമത്തോടനുബന്ധിച്ച്, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ശാന്തിക്കാർക്ക് (നമ്പൂതിരിമാർക്ക് ) മാസം മൂവായിരം രൂപ വീതം ‘ദേവപൂജ’ സ്കീമിൽ ഉൾപ്പെടുത്തി നൽകാമെന്ന് കാഞ്ചി കാമകോടി പീഠാധിപതി പരംപൂജ്യശ്രീ ശങ്കര വിജയേന്ദ്ര സരസ്വതി സ്വാമികൾ അനുഗ്രഹം നൽകി. നാമിലെ വിവിധ പരിപാടികൾ നല്ല നിലവാരം പുലർത്തി.

# 'ഓ ഡിയർ അനദർ ഇയർ' തൊട്ട് ഇ കൊമേഴ്സ് വരെ

## യുവജനങ്ങളുടെ മണികിലുക്കത്തിൽ കിലുങ്ങിയത് പൂജാമണിയല്ല

ഇല്ലത്ത് ധാരാളം തുളസിപ്പൂവുണ്ട്. അതല്ലെങ്കിൽ ഭസ്മമുണ്ട്. അതുമല്ലെങ്കിൽ കുന്നൻകായ ഉപയോഗിച്ച് തയ്യാറാക്കിയ ബേബി ഫുഡ് ഉണ്ട്, കടുമാങ്ങ, കൂവപ്പൊടി, ചക്ക വരട്ടിയത്, തുടങ്ങി വില്പന ചെയ്യാവുന്ന ചില ഉല്പന്നങ്ങളുണ്ട്. ഇല്ലത്ത് ഇരുന്നുകൊണ്ട് തന്നെ ഇവ വില്പന നല്ല വിലയ്ക്ക് നടത്താനായാൽ നല്ലതല്ലേ.

എവിടേക്കും പോണ്ട. ഓൺലൈനിൽ ഓർഡർ വരും. ഗൂഗിൾപേ വഴി പണം വരും. സാധനം കൊണ്ടു പോവാൻ ഡെലിവറി ബോയ് വരികയും ചെയ്യും. ഒന്നുമറിയേണ്ട. ഇങ്ങനെയെല്ലാം നടക്കുമെങ്കിൽ സംരംഭം തുടങ്ങാൻ പലരും തയ്യാറാവും. ആ തയ്യാറാവലിനുള്ള പാഠമായിരുന്നു കോഴിക്കോട്ട് യോഗക്ഷേമസഭ യുവജനവിഭാഗം സംഘടിപ്പിച്ച ഇ കൊമേഴ്സ് വെബിനാർ.ഓൺലൈനിൽ ബിസിനസ് നടത്തുന്നതിന്റെ ബാലപാഠങ്ങൾ വെബിനാറിൽ പങ്കുവച്ചു. പുതിയ തലമുറയിലെ ചെറുപ്പക്കാർക്ക് മാത്രമല്ല പഴയ തലമുറയിലെ അന്തർജനങ്ങൾക്കു പോലും അതൊരു അനുഭവമായി. സർട്ടിഫൈഡ് ട്രെയിനർ പ്രസാദ് വട്ടപ്പറമ്പാണ് വെബിനാർ കൈകാര്യം ചെയ്തത്.

2023 ഡിസംബർ 16 ന് വടകര കുറുങ്ങോട്ടില്ലത്ത് വച്ചാണ് ജില്ലാതല യുവജനയോഗം നടന്നത്. അതിൽ വച്ച് യുവജനസഭാ ജില്ലാ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. സഭയുടെ ജില്ലാ പ്രസിഡന്റ് മധു അരീക്കര, സെക്രട്ടറി താമരക്കുളം ദിവാകരൻ, ലത തായട എന്നിവർ പങ്കെടുത്തു.

യുവജനസഭാ അഡ്ഹോക്ക് കമ്മിറ്റിയുടെ പ്രസിഡന്റായി നിർദ്ദൈത പ്രകാശ് കുന്നംകുളങ്ങര, സെക്രട്ടറിയായി ഹരികൃഷ്ണൻ അണലക്കാട്, വൈസ് പ്രസിഡന്റായി രഞ്ജിത്. എം. നാരായണൻ, ജോയിന്റ് സെക്രട്ടറിയായി അനുശ്രീ ചെറുവറ്റ, ട്രഷററായി ശാശ്വതി സുരേഷ് കുറുങ്ങോട്, എക്സിക്യൂട്ടീവ് അംഗങ്ങളായി കണക്കില്ലം ശുഭദ് ശർമ്മ, പ്രശാന്ത് പുതിയടം, മനു വീട്ടിക്കാട്, സുദേവ് വീട്ടിക്കാട് എന്നിവരെയും തിരഞ്ഞെടുത്തു.

തുടക്കം മുതൽ വേറിട്ടതായിരുന്നു യുവജനവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ. യുവജനസഭയുടെ നല്ല തുടക്കമെന്നോണം വടകര കുറുങ്ങോട്ടില്ലത്ത് വൃക്ഷത്തൈ നട്ടു. പ്രവർത്തനങ്ങൾ പ്ളാൻ ചെയ്യാനും കുറിപ്പുകൾ എഴുതാനും യുവജനസഭ രൂപീകരണയോഗത്തിൽ വച്ച് ജില്ലാ ഭാരവാഹികൾക്കുള്ള ഡയറിയും പ്രകാശനം ചെയ്തു.

ഡിസംബർ31 ന് ഗൂഗിൾ മീറ്റ് വഴി ന്യൂ ഇയർ ഫ്രണ്ടിനെ തിരഞ്ഞെടുത്തുകൊണ്ട് 'ഓ ഡിയർ അനദർ ഇയർ' എന്ന പ്രോഗ്രാം സംഘടിപ്പിച്ചു കൊണ്ടാണ്



*ജ്വാല എന്ന പേരിൽ രൂപീകരിച്ച പെൺകുട്ടികളുടെ കൂട്ടായ്മയുടെ നേതൃത്വത്തിൽ വനിതാ ദിനത്തിൽ പോസ്റ്റ് ചെയ്ത ആശംസ കാർഡുകൾ*




**മണികിലുക്കത്തിൽ കിലുങ്ങിയത് പൂജാമണിയല്ല**

*യുവജനസഭയുടെ ഇ കൊമേഴ്സ് വെബിനാറിന്റെ പോസ്റ്റർ*

*കോവൂരിലെ യോഗക്ഷേമസഭാ ജില്ലാ ആസ്ഥാന മന്ദിരത്തിൽ വെച്ച് നടന്ന ആനന്ദം 2024*




## ആ വെബിനാർ മുന്നോട്ടു പോവാൻ ധൈര്യം തന്നു

ഒരു ഓൺലൈൻ സ്റ്റോർ ആണ് എനിക്കുള്ളത്. ടി ഷർട്സ് മാത്രം. ഗ്രൂപ്പും ക്ളാസും ഉപകാരപ്രദമായി. ഒരു ഓൺലൈൻ സ്റ്റോർ എന്ന ആശയം മനസ്സിലുണ്ടായിരുന്നു. അതിന്റെ വെബ് സൈറ്റ് ഡിസൈൻ തുടങ്ങിയ സമയത്താണ് വെബിനാർ അറ്റൻഡ് ചെയ്തത്. പല കാര്യങ്ങളും മനസ്സിലാക്കാൻ സാധിച്ചു. മുന്നോട്ടു പോകാനുള്ള ധൈര്യവും തോന്നി. ക്ളാസിന് ശേഷവും ഗ്രൂപ്പു മെമ്പർമാരുടെ സഹകരണം ലഭിച്ചിട്ടുണ്ട്. എനിക്കറിയാവുന്ന കാര്യങ്ങൾ ഇനി ആർക്കു വേണമെങ്കിലും പറഞ്ഞു കൊടുക്കാനും സന്തോഷം. ഇങ്ങനെയുള്ള പുതിയ ആശയങ്ങളും ക്ലാസുകളും യുവജനസഭ സംഘടിപ്പിക്കുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്.

ശുഭ എസ്, പുത്തില്ലം, പന്തളം, വെബ് സൈറ്റ് https://neuvage.in/
വാട്ട്സ് ആപ്പ് നമ്പർ: 8848676924

പുതുവർഷത്തെ വരവേറ്റത്. പുതുവർഷത്തിൽ ചെയ്യേണ്ട നിരവധി പ്രോഗ്രാമുകളും തയ്യാറാക്കി. ആദ്യ പരിപാടി ദേശീയ യുവജനദിനാഘോഷമായിരുന്നു. അതിന്റെ ഭാഗമായി യുവജനങ്ങൾക്കായി 'വിവേകോദയം' പ്രശ്നോത്തരി സംഘടിപ്പിച്ചു. യുവജനവാരമായ ജനുവരി 12 മുതൽ 19 വരെ വാട്സാപ്പ് വഴി നടത്തിയ പ്രശ്നോത്തരി മത്സരത്തിൽ 17 പേർ പങ്കാളികളായി. ഫെബ്രുവരി3ന് ആസ്ഥാന മന്ദിരത്തിൽവെച്ച് 'ആനന്ദം 2024' ആഘോഷവും നടത്തി.

യോഗത്തിൽ യുവജനസഭാജില്ലാ പ്രസിഡന്റ് നിർദ്വൈത പ്രകാശ് അധ്യക്ഷത വഹിച്ചു. യോഗക്ഷേമസഭാ ജില്ലാ പ്രസിഡന്റ് മധു അരീക്കര ഉദ്ഘാടനം ചെയ്തു. യുവജനസഭാ ജില്ലാ സെക്രട്ടറി ഹരികൃഷ്ണൻ അണലക്കാട്, ജില്ലാ സഭാ സെക്രട്ടറി തിരുമംഗലം കൃഷ്ണൻ, വനിതാസഭാ പ്രസിഡന്റ് ഹേമലത പാറക്കോട്, വനിതാസഭാ സെക്രട്ടറി ശ്രീജ മധു അരീക്കര, കോഴിക്കോട് ജില്ലാ യുവജനസഭാ സംസ്ഥാന പ്രതിനിധി കണക്കില്ലം ശുഭദ് ശർമ്മ, ജില്ലാ യുവജന സഭാ ട്രഷറർ ശാശ്വതി സുരേഷ് എന്നിവരും ചടങ്ങിൽ സംസാരിച്ചു.

പ്രസാദ് വട്ടപ്പറമ്പ്, കണക്കില്ലം ശുഭദ് ശർമ്മ എന്നിവരുടെ നേതൃത്വത്തിൽ നടന്ന നേതൃത്വ പരിശീലനപരിപാടിയിൽ ഇരുപത്തഞ്ചോളം അം



*കോഴിക്കോട് യുവജനസഭ അഡ്ഹോക് കമ്മിറ്റി പ്രസിഡന്റ് നിർദ്വൈത പ്രകാശ് കുന്നംകുളങ്ങര ഇല്ലം, വടകര ഉപസഭ, സെക്രട്ടറി ഹരികൃഷ്ണൻ അണലക്കാട് ഇല്ലം, കൊയിലാണ്ടി ഉപസഭ, ട്രഷറർ ശാശ്വതി സുരേഷ് കുറുങ്ങോട്ട് ഇല്ലം, വടകര ഉപസഭ, ജ്വാല പെൺകൂട്ടായ്മ കോ ഓർഡിനേറ്റർ അനുശ്രീ ചെറുവറ്റ ഇല്ലം, വടകര ഉപസഭ*



*യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കൗൺസിൽ സംസ്ഥാന ട്രഷറർ ശ്രീ ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു.*

ഗങ്ങൾ പങ്കെടുത്തു. രസകരമായ ചെറിയ ആക്ടിവിറ്റികളിലൂടെ ലീഡർഷിപ് ക്വാളിറ്റീസിനെക്കുറിച്ച് അറിവ് നൽകുന്ന ലീഡർഷിപ് ട്രെയിനിങ് സെഷൻ യുവജനങ്ങൾക്ക് വളരെ ആസ്വാദ്യകരമായിരുന്നു. വിവേകോദയത്തിൽ പങ്കെടുത്തു വിജയികളായ ഗിരീഷ് ടി. ഐ (തയ്യില്ലം), വിഷ്ണു. എ (അരിങ്ങോട്ടില്ലം), ആതിര. ടി (തയ്യില്ലം) എന്നിവർക്ക് ട്രോഫികൾ സമ്മാനിച്ചു. ന്യൂ ഇയർ ഫ്രണ്ട്സിനുള്ള സമ്മാനങ്ങളും കൈമാറി.

വി. ടി. ഭട്ടതിരിപ്പാട് സ്മൃതിദിനമായ ഫെബ്രുവരി 12 ന് വാട്സാപ്പ് വഴി ചർച്ച നടത്തി. 'നമ്പൂതിരി സമുദായത്തിന്റെ ഉന്നമനത്തിന് അനിവാര്യമായ മാറ്റങ്ങൾ' എന്ന വിഷയത്തിൽ രാവിലെ 11 മണി മുതൽ രാത്രി 9 വരെ നടന്ന ചർച്ചയിൽ ഒട്ടേറെ യുവജനങ്ങൾ പങ്കാളികളായി. ലോക മാതൃഭാഷാ ദിനമായ ഫെബ്രുവരി 21 ന്, യുവജന സഭയുടെ സാഹിത്യവേദിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ യുവജനങ്ങൾക്കുമായി വായനാമത്സരം നടത്തി. വിസ്മയ ശങ്കർ. എം (മാധവപ്പള്ളി ഇല്ലം) കോഴിക്കോട് കൊയിലാണ്ടി ഉപസഭ, ഡോ കെ. ജി. ശ്യാം പുരുഷോത്തമൻ (കുനിയില്ലം), കോഴിക്കോട് വടകര ഉപസഭ, അഞ്ജലി. എം (കൃഷ്ണവിലാസം മന), കോട്ടയം പുലിയന്നൂർ ഉപസഭ എന്നിവർ ജേതാക്കളായി.ഫെബ്രുവരി 29 ന് കോഴിക്കോട് ജില്ലയിലെ പെൺകുട്ടികൾക്കായി 'ജ്വാല' എന്ന പേരിൽ ഒരു കൂട്ടായ്മ ആരംഭിച്ചു. ജ്വാലയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് യുവജന സഭയിൽ അംഗങ്ങളായ എല്ലാ വനിതകൾക്കും, ജില്ലാവനിതാസഭ പ്രസിഡന്റ്, ജില്ലാവനിതാസഭ സെക്രട്ടറി, വനിതാസഭ സംസ്ഥാനപ്രതിനിധി എന്നിവർക്കും 'മിഷൻ സന്ദേശ്' എന്ന പേരിൽ തപാൽവഴി വനിതാദിന ആശംസാസന്ദേശം അയച്ചു. വിഷു ആഘോഷവുമായി ബന്ധപ്പെട്ട് ജില്ലയിലെ യുവജനങ്ങൾക്കും, സംസ്ഥാനയുവജനസഭ ഭാരവാഹികൾക്കും വിഷുക്കൈനീട്ടവും നൽകി. ●

ഹരികൃഷ്ണൻ അണലക്കാട് ഇല്ലം, സെക്രട്ടറി
കോഴിക്കോട് യുവജനസഭ അഡ്ഹോക് കമ്മിറ്റി,
കൊയിലാണ്ടി ഉപസഭ, മൊബൈൽ: 8281810258

## രാമല്ലൂർ തെഞ്ചീരി രാജൻ നമ്പൂതിരിയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചു

കോഴിക്കോട്: രാമല്ലൂർ തെഞ്ചീരി രാജൻ നമ്പൂതിരിയുടെ ദേഹവിയോഗത്തിൽ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് യോഗം അനുശോചിച്ചു. സെക്രട്ടറി കോരമ്പറ്റ ശങ്കരൻ നമ്പൂതിരി, ട്രഷറർ ടി കെ നമ്പൂതിരി, മനോജ് തരിപ്പ, മുടുവമ്പുറം ശ്രീകുമാർ, പറമ്പിടി മനോജ്കുമാർ, മമ്മിളി പ്രതീഷ്, പി പരമേശ്വരൻ നമ്പൂതിരി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പ്രസിഡന്റ് പി എം ഗംഗാധരൻ നമ്പൂതിരി ആദ്ധ്യക്ഷ്യം വഹിച്ചു. കളത്തിൽ ബാബു നമ്പൂതിരി നന്ദി പറഞ്ഞു. സംഘടനാ പ്രവർത്തനം യുവജനസഭാ പ്രവർത്തനം മുഖപത്രമായ സ്വസ്തി എന്നിവയെക്കുറിച്ചു വിശദമായി അവലോകനം നടത്തി ●





*1.യോഗക്ഷേമസഭ മലപ്പുറം ജില്ലാകലാകായികമേളയായ മഞ്ജീരം 2024 ന്റെ ഉദ്ഘാടന വേദിയിൽ തൃക്കൈക്കാട്ടുമഠം മൂപ്പിൽ സ്വാമിയാർ അനുഗ്രഹ പ്രഭാഷണം നടത്തുന്നു. 2. നാഗാർജുന വൈദ്യശാലകളുടെ കേരളത്തിലെ ഏജൻസികളിൽ ഏറ്റവും കൂടുതൽ വിറ്റുവരവുള്ള പാലക്കാട് ഏജന്റ് ചന്ദ്രൻ നമ്പൂതിരിയെ യോഗക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി പി.എൻ.കൃഷ്ണൻ പോറ്റി ആദരിക്കുന്നു*

എല്ലാവർക്കും യോഗക്ഷേമസഭയുടെ

**തിരുവോണാശംസകൾ**

**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**

കോഴിക്കോട് ജില്ലാ സെക്രട്ടറിയും

കുടുംബവും.

ആശംസകളോടെ....

**കൊല്ലോറ്റ ബ്രദേഴ്സ്**

കൊല്ലാറ്റ ഇല്ലം

ആനയാംകുന്ന്,

മുക്കം, കോഴിക്കോട്.



*With Best Compliments,*

**BIOCARE**
DIAGNOSTICS

13/787 A-1, First Floor, Kamala Building
Annie Hall Road, Chalappuram P.O,
Calicut-673 002, Ph: 0495 404 41 41
mail@biocarecalicut.com
www.biocarecalicut.com

സ്വസ്തി വായനക്കാർക്കെല്ലാം തിരുവോണാശംസകൾ



**ഡോക്ടർ വാസുദേവൻ ഒവി**

ഒളപ്പമണ്ണ മന

**സ്മിത വാസുദേവൻ**

**ഊർമ്മിള, ദേവദത്തൻ, നകുൽ**

ഫോൺ: സ്മിത വാസുദേവൻ,

ചാർട്ടേർഡ് എക്കൗണ്ടൻറ്,

93491 23613

ആശംസകളോടെ..

**കൃഷ്ണദാസ് മുടുവമ്പുറം**

**വൃന്ദാവൻ പൂജാ സ്റ്റോർ**

**കാക്കൂർ, കോഴിക്കോട്**

ഭാരതത്തിലെ എല്ലാ പുണ്യസ്ഥലങ്ങളിലേയ്ക്കും പ്രധാനയിടങ്ങളിലേയ്ക്കും യാത്രകൾ സംഘടിപ്പിയ്ക്കുന്നു.

**ഫോൺ: 9847684838**

*എല്ലാവർക്കും തിരുവോണാശംസകളോടെ*



*തായാട്ട് ഇല്ലം*

കുടുംബാംഗങ്ങൾ,

ചേവായൂർ ഉപസഭ,

കോഴിക്കോട്

Phone: സന്തോഷ് തായാട്ട്,

കേരളാ ബാങ്ക് 7293751990

*ആശംസകളോടെ....*

**താമരക്കുളം വാസുദേവൻ നമ്പൂതിരിയും**

**കുടുംബാംഗങ്ങളും**






*ആശംസകളോടെ...*

**തിരുമംഗലം ബ്രദേഴ്സ്**

തിരുമംഗലം ഇല്ലം, ചേവായൂർ,

കോഴിക്കോട്



*തിരുവോണാശംസകൾ*

**ശുഭ പോറ്റി**

**ചാർട്ടേർഡ് എക്കൗണ്ടന്റ്**

**ലണ്ടൻ**



*ആശംസകളോടെ...*

**ദിനേശ് വിഷ്ണു, ഗീത ദിനേശ്,**

**ശ്രീധർ ദിനേശ്**

**(കുഞ്ഞുണ്ണി)**

**താമരക്കുളം, പൂനെ**



നീലമന
മുഖത്തല പി.ഒ., കൊല്ലം– 691577
email: vgnneelamana1690@gmail.com
Near Murari Temple

താന്ത്രികാചാര്യൻ നീലമന ഇല്ലത്ത് ബ്രഹ്മശ്രീ
വൈകുണ്ഡം ജി.എൽ.വിഷ്ണുദത്ത് നമ്പൂതിരി
04742501690
9446461690
9446551690
9446561690

നല്ലോണം, പൊന്നോണം
വാമനമൂർത്തിക്കും ബലി ചക്രവർത്തിക്കും
നമസ്ക്കാരം
വാമനജയന്തി -തിരുവോണാശംസകൾ
ശശിശേഖരൻ നമ്പൂതിരി,
തിരുവനന്തപുരം
9447172334

ഓണാശംസകൾ
ഉള്ളിയേരി ഉപസഭ
കോഴിക്കോട് ജില്ല
പ്രസിഡണ്ട്
ദിലീപൻ നമ്പി
സെക്രട്ടറി
രശ്മി ബാപ്പറ്റ

ആശംസകളോടെ
Shylaja KM (Prop)
9995628092
KARTHIK
NOTE BOOK
(Recognised & Financed by KK & VI Board)
Mampatta, Mukkam (P.O.), Calicut
Pin: 673602
Email: karthiknotebooks@gmail.com
എല്ലാവിധ സ്കൂൾ കോളേജ് നോട്ടു
ബുക്കുകളും മിതമായ നിരക്കിൽ

ഓണാശംസകൾ
ഫറോക്ക് ഉപസഭ
പ്രസിഡന്റ്
നീല മന ശങ്കരൻ
(9847324169)
സിക്രട്ടറി
നാറാണിയാട്ട് ശ്രീദിൻ
(8848494009)

ആശംസകളോടെ,
ദാമോദരൻ നമ്പൂതിരി
പെരുമാങ്ങോട്ട് മന,മഞ്ചേരി.
(പാർട്ണർ, ഹിൽട്ടൺ കൺവെൻഷൻ
സെന്റർ, വയപ്പാറപ്പടി, മഞ്ചേരി)
+91 94463 70099

എല്ലാ സ്വസ്തി വായനക്കാർക്കും
എടപ്പാൾ ശുകപുരിയുടെ
ഓണാശംസകൾ!
ക്രിയാദികർമ്മങ്ങൾ, ആഘോഷങ്ങൾ, മീറ്റിങ്ങുകൾ
തുടങ്ങിയ സേവനങ്ങൾക്ക് ബന്ധപ്പെടുക
പന്താവൂർ കൃഷ്ണൻ നമ്പൂതിരി
@7012990406

തിരുവോണാശംസകൾ
ചന്ദ്രൻ മാനമ്പിള്ളി
പാലക്കാട് ഉപസഭ
കേരളത്തിലെ ടോപ്പ് സെല്ലിംഗ്
നാഗാർജുന വൈദ്യശാല ഏജന്റ്,
പാലക്കാട്
Mob: 7012209404

ഓണാശംസകൾ
.സമന്വയ-രാമല്ലൂർ
ബ്രാഹ്മണ കൂട്ടായ്മ
രാമല്ലൂർ ദേശത്ത് 2010 മുതൽ ശക്തമായ പ്രവർത്തനങ്ങളിലൂടെ സജീവ സാന്നിദ്ധ്യമായി നിലകൊണ്ട് സമുദായാംഗങ്ങളുടെ ഉന്നമനത്തിന് ചുക്കാൻ പിടിക്കുന്ന ബ്രാഹ്മണ കൂട്ടായ്മ
പ്രസിഡന്റ് :
അജിത് മാക്കന്തേരി
9846601095
സിക്രട്ടറി :
ഹരിനാരായണൻ തെഞ്ചേരി
9847564517

*തിരുവോണാശംസകൾ*

**ഓമനക്കുട്ടൻ മള്ളിയൂർ (ഓമി)**

തിരുവമ്പാടി, കോട്ടയം- 686612
**മൊബൈൽ: 9388827163**
പുസ്തകങ്ങൾ ആമസോണിൽ ലഭ്യം. ലിങ്കുകൾ താഴെ:
https://mybook.to/tharun, https://mybook.to/dyu,
https:mybook.to/tharun3




*തിരുവോണാശംസകൾ*
*വയനാടൻ യാത്രക്ക് വരുമ്പോൾ ബന്ധപ്പെടുക.*

**അമ്മൂസ് ഫ്രഷ് ഫാം**
**& റിസോർട്സ്**
**മുത്തങ്ങ, വയനാട്**



**ഫോൺ: വിജയകൃഷ്ണൻ**
**മുതുമന- 9447316949**

തിരുവോണാശംസകൾ
**നടുവം ഹൃഷികേശൻ നമ്പൂതിരിപ്പാട്**
മാനേജിംഗ് പാർട്ണർ, എൻ.എം.റിയാലിറ്റി
ഡോർ നമ്പർ 38/18,
ആർ.ടി.ഒ ഓഫീസിന് സമീപം
എൻ.ജി.ഒ. ന്യൂ കോളനി,
തിരുനൽവേലി- 627007
മൊബൈൽ: 9442123330



*വാമനജയന്തി -തിരുവോണാശംസകൾ*

**പുലിയന്നൂർ ശശി**
**നമ്പൂതിരിപ്പാട്**

**തൃക്കാക്കര വാമനമൂർത്തി**
**ക്ഷേത്രം തന്ത്രി**
**എറണാകുളം**
**Contact No.: 9447177430**



*ഐശ്വര്യസമൃദ്ധമായ ഓണാശംസകൾ*

**നാഗാർജുന വൈദ്യശാല**



**തൊടുപുഴ** NAGARJUNA AYURVEDA

**ഫോൺ:**
**ദേവദാസ് നമ്പൂതിരിപ്പാട്-**
**9447176380**

ആതുരസേവന രംഗത്ത് പത്താം വർഷത്തിലേക്ക് കടക്കുന്ന തുവ്വൂർ ആർ.എസ്. റോഡിൽ പ്രവർത്തിക്കുന്ന **സ്പർശം ഹോമിയോ ഹെൽത്ത് കെയർ ക്ലിനിക്ക്** കൂടുതൽ സൗകര്യങ്ങളോടെ പുതിയ കെട്ടിടത്തിലേക്ക് (പ്രകാശ് മോട്ടോർ വർക്സിന് സമീപം, കരുവാരക്കുണ്ട് റോഡ്, തുവ്വൂർ) മാറ്റിയിരിക്കുന്നു.




Sparsham
Homoeo Health Care Clinic

+91 8281 968 890
+91 9746 608 890
Near Prakash Motor Works
TUVVUR




*തിരുവോണാശംസകൾ*

**പാലയൂർ ശങ്കരനാരായണൻ**
**& ഫാമിലി**
ദുബായ്
**Whatsapp: +971504980513**

*തിരുവോണാശംസകൾ*

നാഗരാജാവിന്റെയും നാഗരാജ്ഞിയുടെയും
അനുഗ്രഹം എല്ലാവർക്കും ഉണ്ടാകട്ടെ



**മണ്ണാറശ്ശാല അമ്മ**
**സാവിത്രി അന്തർജനം**
ഹരിപ്പാട്, ആലപ്പുഴ
ശ്രീ നാഗരാജ ക്ഷേത്രം

## ആശംസകൾ

**യു.എസ്.എസ്. സ്കോളർഷിപ്പ്**

## ആര്യ എൻ.

**D/o എൻ.ശ്രീജിത്ത് & എ.ബി.ശ്രീഭ**

നാറണിയാട്ട് ഇല്ലം,
ഫാറൂക്ക് കോളേജ്
കോഴിക്കോട്

**ശ്രീഭ**
**9447276760**



2024 മേയ് 25 ശനിയാഴ്ച അശീതി ആഘോഷിച്ച

## പ്രൊഫ. കിടങ്ങഴി സുബ്രഹ്മണ്യൻ നമ്പൂതിരി

**കിടങ്ങഴി മന, രവിമംഗലം**
**ചാത്തങ്ങോട്ടുപുറം, മലപ്പുറം**

*ആശംസകളോടെ,*
**നാരായണൻ, രാകേഷ്, ഹരീഷ്**
മൊബൈൽ: രാകേഷ് 9886739304






Plus two ഉന്നത വിജയം കരസ്ഥമാക്കിയ
(Full A+ 98.5% 1182/1200)
ആലപ്പുഴ ജില്ലയിൽ വെട്ടിക്കോട്
ഉപസഭയിലെ മനു നമ്പൂതിരിയുടെയും
മണിക്കുട്ടിയുടെയും മകൾ

## സൂര്യഗായത്രി

**ഹയർ സെക്കണ്ടറി പരീക്ഷയിൽ 99.755 %**



## ലയ ടി എസ്

ഹയർ സെക്കണ്ടറി (ഹ്യുമാനിറ്റീസ് സൈക്കോളജി) പരീക്ഷയിൽ 99.75 ശതമാനത്തോടെ ഫുൾ A+ കരസ്ഥമാക്കി 1200 ൽ 1197 മാർക്ക് നേടിയാണ് ഈ വിജയം കരസ്ഥമാക്കിയത്. വണ്ടൂർ GGVHSS വിദ്യാർഥിനിയാണ്. അമരമ്പലം തേവർക്കാട് മനയിലെ സന്തോഷ്കുമാർ, ശ്രീജാ ദേവി എന്നിവരുടെ പുത്രിയാണ്. യോഗക്ഷേമസഭ പൂന്താനം ഉപസഭയിലെ അംഗമാണ്.

**സന്തോഷ് തേവർകാട് 9447630417**

# മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**എൻഐ ടി അസി.പ്രൊഫസറായ ഡോ. അനൂപ്**

പെരുമ്പടപ്പ് മനയിൽ ഡോ അനൂപ് , കോഴിക്കോട് എൻ ഐ ടി മെക്കാനിക്കൽ വിഭാഗത്തിൽ അസി.പ്രൊഫസറായി ജോലിയിൽ പ്രവേശിച്ചു. സഹധർമ്മിണി സന്ധ്യ ചാർട്ടേഡ് എക്കൗണ്ടന്റ്.



**ബി.എസ്.സിക്ക് റാങ്ക് നേടിയ അമ്പിളി ഗംഗ**

മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ ബി.എസ്. സി. ഫിസിക്സ് ബിരുദ പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ അമ്പിളി ഗംഗ. മുടക്കുഴ ചങ്ങഴശ്ശേരി ഇല്ലത്ത് സി.വി. ഉണ്ണികൃഷ്ണന്റെ മകളാണ്.



**എംബിബിഎസ് നേടിയ നന്ദികേശ്**

കൽക്കട്ട ഇ എസ് ഐ മെഡിക്കൽ കോളേജിൽ നിന്ന് (PGIMSR) MBBS ബിരുദം നേടിയ നന്ദികേശ്, രാമൻ നമ്പൂതിരി - ബബിത ദമ്പതികളുടെ മകനാണ്. സിറ്റി ഉപസഭ (കൊല്ലോറ്റ ഇല്ലം).



**ആയുർവേദ എം ഡി നേടിയ ഡോ. തുളസി**

രാജീവ് ഗാന്ധി യൂനിവേഴ്സിറ്റി ഓഫ് മെഡിക്കൽ സയൻസ് എം ഡി ആയുർവേദം പരീക്ഷയിൽ ഉയർന്ന മാർക്കോടെ വിജയിച്ച ഡോ. തുളസി. ഭർത്താവ് കേശവതീരം മെഡിക്കൽ ഡയറക്റ്റർ ഡോ കേശവൻ വെദിര മന എം.ഡി.



**സിവിൽ സർവ്വീസ് റാങ്ക് നേടിയ അഖിൽ ത്രിവിക്രമൻ**

2024ലെ സിവിൽ സർവ്വീസ് പരീക്ഷ 331ാം റാങ്കോടെ പാസായ അഖിൽ ത്രിവിക്രമൻ. തിരുവനന്തപുരം പേരൂർക്കട ഉപസഭ അംഗം ആയ ഇടമന മഠത്തിൽ ത്രിവിക്രമൻ പോറ്റിയുടെയും പെരിയത്ത് വത്സലയുടെയും മകനാണ്. ആര്യശ്രീ IFS സഹോദരിയാണ്.



**റെയിൽവേയിൽ നിയമനം നേടിയ ജിഷ്ണു സി.പി.**

സതേൺ റെയിൽവേയിൽ ടിക്കറ്റ് എക്സാമിനറായി നിയമനം നേടിയ ചാത്തമംഗലം ചോക്കൂർ പുതുവാരിടം നാരായണനുണ്ണിയുടെ മകൻ ജിഷ്ണു സി.പി.



**എൻജിനീയറായി നിയമിതനായ കൃഷ്ണൻ നമ്പൂതിരി**

പി.ഡബ്ലിയു.ഡി. കെ.എസ്.ടി.പി. കണ്ണൂർ ഡിവിഷൻ അസിസ്റ്റന്റ് എൻജിനീയറായി നിയമിതനായ കൃഷ്ണൻ നമ്പൂതിരി, കൊല്ലോറ്റ ഇല്ലം നന്ദി നമ്പൂതിരിയുടെയും സുധയുടെയും മകനാണ്.



**പ്രിൻസിപ്പലായി നിയമിതയായ ഡോ. VN പ്രസന്ന**

വൈദ്യരത്നം ആയുർവ്വേദ കോളേജ് പ്രിൻസിപ്പലായി നിയമിതയായ ഡോ. പ്രസന്ന. വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ മകളും എടവെട്ടിക്കാട് ആർ. ഹരിയുടെ (മുൻ ദേവസ്വം സ്പെ. കമ്മീഷണർ) പത്നിയുമാണ്.



**ബോർഡ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട വിഷ്ണുനമ്പൂതിരി**

മലബാർ ടെമ്പിൾ എംപ്ലോയീസ് വെൽഫയർ ഫണ്ട് ബോർഡ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട കൊല്ലോറ്റ വിഷ്ണുനമ്പൂതിരി.



**ഒളിമ്പ്യാഡിൽ റാങ്ക് നേടിയ അദ്വിക് ഗോവിന്ദ്**

സയൻസ് ഒളിമ്പ്യാഡ് ഫൌണ്ടേഷൻ നടത്തിയ 2023 ലെ ഇന്റർനാഷനൽ ജനറൽ നോളജ് ഒളിമ്പ്യാഡിൽ സ്കൂളിൽ ഒന്നാം റാങ്കും ഇന്റർനാഷനൽ 8-ാം റാങ്കും, ഇന്റർനാഷനൽ ഇംഗ്ലീഷ് ഒളിമ്പ്യാഡിൽ സ്കൂളിൽ ഒന്നാം റാങ്കും ഇന്റർനാഷനൽ 20-ാം റാങ്കും നേടിയ തിരുവനന്തപുരം പാപ്പനംകോട് പെരിയമന ഇല്ലത്ത് അനൂപ് ഗോവിന്ദിന്റെയും ഡോ അശ്വതിയുടേയും മകൻ അദ്വിക് ഗോവിന്ദ്.



**ഡോക്ടറേറ്റ് നേടിയ അപർണ കൃഷ്ണൻ**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഗാന്ധിനഗർ, അഹമ്മദാബാദിൽ നിന്ന് ഡിജിറ്റൽ ആന്ത്രപ്പോളജിയിൽ ഡോക്ടറേറ്റ് നേടിയ അപർണ കൃഷ്ണൻ. തിരുവല്ല പഴയിടത്ത് ഇളമൺമന കൃഷ്ണൻ നമ്പൂതിരിയുടെയും ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ആയ സുധാദേവിയുടെയും മകളാണ്. സിംഗപ്പൂരിലെ മേയ് ബാങ്കിലെ ഉദ്യോഗസ്ഥനായ ശ്രീകാന്ത് പ്ലാപ്പള്ളിയാണ് ഭർത്താവ്.



**ഐസറിൽ ഉന്നത വിജയം നേടിയ ദർശൻ ഈശ്വർ**

ഐസർ പൂനയിൽ നിന്നും എം.എസ്.സി. ഗണിതശാസ്ത്രത്തിൽ ഉന്നത വിജയം നേടിയ ദർശൻ ഈശ്വർ ജെ. ആർ.എഫ്./നെറ്റ് എന്നിവയും കരസ്ഥമാക്കിയിട്ടുണ്ട്.



*തൃശ്ശൂർ വൈദിക വിദ്യാപീഠത്തിന്റെ ആഭിമുഖ്യത്തിൽ തെക്കേ സ്വാമിയാർ മഠത്തിൽ നടത്തിയിരുന്ന പൂജാ പഠന ക്ലാസ്സിന്റെ സമാപനം തെക്കേമഠം സ്വാമിയാർ ബ്രഹ്മശ്രീ വാസുദേവാനന്ദ ബ്രഹ്മാനന്ദഭൂതി സ്വാമിയാർ ഭദ്രദീപം കൊളുത്തി നിർവ്വഹിക്കുന്നു*

# SSLC Full A+ മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ




**ദേവാനന്ദ്**
നടുവിലേടം പ്രതാപ് നമ്പൂതിരിയുടെ മകൻ ദേവാനന്ദ്.



**പ്രണത**
ഒഴലൂർ പാതിരിശ്ശേരി ഇല്ലത്ത് ഒ.പി.കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ മകൾ പ്രണത. കുന്ദമംഗലം ഉപസഭ.



**കൃഷ്ണദത്തൻ**
താമരക്കുളം ടി കെ കൃഷ്ണകുമാർ - ലത ദമ്പതിമാരുടെ മകൻ കൃഷ്ണദത്തൻ. മുക്കം ഉപസഭ.



**ദേവിക**
ബാലുശ്ശേരി ഉപസഭ വേണാട്ടില്ലത്ത രാജേഷ് - ശ്രീരേഖ ദമ്പതികളുടെ മകൾ ദേവിക.



**ദേവനന്ദ കെ.ടി.**
കോടി തലപ്പണ പരമേശ്വരൻ - ലത ദമ്പതികളുടെ മകൾ ദേവനന്ദ കെ.ടി. കണ്ണി പറമ്പ് ഉപസഭ.



**നന്ദിത പി എസ്**
തൃക്കുറ്റിശ്ശേരി പാലക്കാട്ടില്ലത്തു ശിവപ്രസാദിന്റെയും മീരയുടെയും മകൾ നന്ദിത പി എസ്



**ഹരികൃഷ്ണൻ**
മേൽപ്പള്ളി ഹരികൃഷ്ണൻ



**ഗൌതം വിഷ്ണു**
പാതിരിശ്ശേരി ഇല്ലത്ത് പി.വി. ശ്രീകുമാരൻ നമ്പൂതിരിപ്പാടിന്റെ മകൻ ഗൌതം വിഷ്ണു . കുന്ദമംഗലം ഉപസഭ:



**ശ്രദ്ധ ഒ.പി.**
ഒഴലൂർ പാതിരി ശ്ശേരി ഒ.പി.വാസുദേവൻ നമ്പൂതിരിപ്പാടിന്റെ മകൾ ശ്രദ്ധ ഒ.പി. കുന്ദമംഗലം ഉപസഭ.



**പുണ്ണ്യ എം.എൻ.**
പ്രശാന്ത–പ്രീത ദമ്പതികളുടെ മകൾ പുണ്ണ്യ എം.എൻ. മാവേലി മന, നെല്ലുവായ്, തൃശ്ശൂർ



**ശ്രേയ വാസുദേവ്**
പേരൂരില്ലത്ത് വാസുദേവൻ -ശ്രീരഞ്ജിനി എന്നിവരുടെ മകൾ ശ്രേയ വാസുദേവ്.കണ്ണി പറമ്പ് ഉപസഭ.



**തീർത്ഥ പി.എം**
ബാലകൃഷ്ണൻ മൂസതിന്റെ പേരക്കുട്ടി തീർത്ഥ പി.എം., ചേവായൂർ ഉപസഭ.

---

## Plus Two A+



**ശ്രീപഞ്ചമി**
അണലക്കാട്ടില്ലത്ത് നാരായണൻ നമ്പൂതിരിയുടെ മകൾ ശ്രീപഞ്ചമി കൊയിലാണ്ടി ഉപസഭ.




**എം.വി.ജയശങ്കർ**
പെരുവയൽ മീത്തലെ വട്ടപ്പറമ്പ് ഇല്ലത്ത് സന്തോഷ് കുമാർ - ഉമ ദമ്പതികളുടെ മകൻ എം.വി.ജയശങ്കർ.



**ദേവശ്രീ**
പുഴക്കൽ കണ്ടമംഗലം ശങ്കരനാരായണൻ നമ്പൂതിരിയുടെ മകൾ ദേവശ്രീ



**മീര**
മങ്ങത്തായ വിഷ്ണു സജിത് (സീനിയർ മാനേജർ, കേരളാ ബാങ്ക് വാഴക്കാട്) ഡോക്ടർ യമുന ദമ്പതികളുടെ മകൾ മീര . പെരുമണ്ണ ഉപസഭ.




**ദേവപ്രഭ**
ബാണത്തൂർ ഇല്ലത്ത് മാധവ ശർമ്മയുടെ മകൾ ദേവപ്രഭ, ഉള്ളിയേരി ഉപസഭ.



**സുമോദ് ശങ്കർ**
തെഞ്ചേരി ഇല്ലത്ത് സതീഷിന്റെ മകൻ സുമോദ് ശങ്കർ, രാമല്ലൂർ ഉപസഭ.



**ഹരിപ്രസാദ്**
ബാലുശ്ശേരി ഉപസഭ വേണാട്ടില്ലത്ത രാജേഷ് - ശ്രീരേഖ ദമ്പതികളുടെ മകൻ ഹരിപ്രസാദ്



**പവിത്ര**
കൊയിലാണ്ടി ഉപസഭയിലെ അയ്യാത്തില്ലത്ത് ശ്യാം ശർമ്മയുടെ മകൾ പവിത്ര.



**ദേവനന്ദ**
കൊഴുവിൽ ഇല്ലത്ത് ഉഷ രാമനാരായണന്റെ മകൾ ദേവനന്ദ. ഉള്ളിയേരി ഉപസഭ.

## LSS Winners



**അദിതി**
എൽ. എസ്- എസ് നേടിയ അദിതി എൻ.ടി കണ്ണിപറമ്പ് ഉപസഭ.




**ഭദ്ര**
എൽ എസ് എസ് നേടിയ ഭദ്ര അമ്പിളിക്കുന്നം ഇല്ലം, വടകര.

## മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



**സൗപർണ്ണിക**
2024 USS Gifted children അവാർഡ് കരസ്ഥമാക്കിയ ആലപ്പുഴ ജില്ലയിൽ വെട്ടിക്കോട് ഉപസഭയിൽ മംഗലശ്ശേരിൽ ഇല്ലത്ത് മനു നമ്പൂതിരിയുടെയും മണിക്കുട്ടിയുടെയും മകൾ സൗപർണ്ണിക.



**ജഹനാര എസ്സ്.**
2023 - 2024 അധ്യയന വർഷത്തിൽ യു.എസ്.എസ്. നേടിയ നായർകുഴി ഗവ. ഹയർ സെക്കണ്ടറി സ്ക്കൂൾ വിദ്യാർത്ഥിനി ജഹനാര എസ്സ്. നരിയങ്ങൽ തലപ്പണ സന്ദീപിന്റെയും വിദ്യയുടേയും മകൾ.



**ഹരി ഗോവിന്ദ്**
എൽ.എസ്. എസ്. നേടിയ ഹരി ഗോവിന്ദ്. മുയിപ്പോത്ത് ഉപസഭ ട്രഷറർ ശശിധരന്റെയും വനിതാസഭ പ്രസിഡണ്ട് സജിനയുടെയും പുത്രനാണ്.



**ആര്യഎൻ.നമ്പൂതിരി**
എൽ എസ് എസ് നേടിയ ആര്യഎൻ.നമ്പൂതിരി



**അശ്വിൻ.ഇ.ജി. നമ്പൂതിരി**
യു.എസ്.എസ് നേടിയ അശ്വിൻ.ഇ.ജി. നമ്പൂതിരി എറാഞ്ചേരി ഇല്ലം ഇ.എം.ഗോപിയുടേയും ആതിരയുടേയും മകനാണ്.



**ആർദ്ര**
തെഞ്ചേരി ഇല്ലം, D/o ഹരിനാരായൺ & ദീപ. രാമല്ലൂർ ഉപസഭ USS (with GIFTED status )7th std, PC Palam AUPS നരിക്കുനി



**ആദി നാരായണൻ**
എൽ.എസ്.എസ് നേടിയ ആദി നാരായണൻ. കെ കണ്ണി പറമ്പ് ഉപസഭ.



**പാർവണ.ഇ**
എൽ എസ് എസ് നേടിയ പാർവണ.ഇ, എടവത്തില്ലം പുരുഷോത്തമന്റെയും സരസ്വതിയുടെയും മകളാണ്.



**ആര്യ.എൻ.**
യു.എസ്.എസ് നേടിയ ആര്യ. എൻ. നാറണിയാട്ട് ഇല്ലം ശ്രീജിത്തിന്റെ മകളാണ്.


സ്വസ്തിയിൽ നൽകാനായി മികവു പുലർത്തിയ കുട്ടികളുടെ ഫോട്ടൊയും വിവരങ്ങളും വാട്ട്സ് ആപ്പ് ചെയ്യുക

**മൊബൈൽ: 9400992823**

# നവതി ആഘോഷിച്ചു

പൊയിലിൽ വിഴാപ്പട്ടി ദാമോദരൻ നമ്പൂതിരി നിലമ്പൂർ വേട്ടയ്ക്കരൻകാവിൽ മേൽശാന്തിയായി. നീണ്ട 33 വർഷം. അക്കാലത്താണ് കോൺഗ്രസിന്റെ സജീവ പ്രവർത്തകൻ ആകുന്നതും യൂത്ത് കോൺഗ്രസ് പ്രസിഡന്റ്, സെക്രട്ടറി, മണ്ഡലം പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നതും. കുറേക്കാലം നിലമ്പൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഡയറക്ടർ ആയിരുന്നു. അതിനു ശേഷം കുറച്ചു കാലം റേഷൻ ഷോപ്പും നടത്തി.

ആലത്തിയൂർ ഹനുമാൻ ക്ഷേത്രം, വെട്ടത്ത് ഭഗവതീ ക്ഷേത്രം, പാലപ്പെട്ടി ഭഗവതി ക്ഷേത്രം,



ചൊവ്വല്ലൂർ ക്ഷേത്രം, കോഴിക്കോട് പാളയം മാരിയമ്മൻ കോവിൽ എന്നിവിടങ്ങളിൽ മേൽശാന്തിയായും ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ മേൽശാന്തിയുടെ സഹായിയായും ജോലി ചെയ്തിരുന്നു ദാമോദരൻ നമ്പൂതിരി.

തൊണ്ണൂറാം വയസ്സിലും കർമ്മനിരതനാണ് ഈ ബഹുമുഖപ്രതിഭ.വേദജ്ഞൻ, ഓയ്ക്കൻ, പാനേങ്കളി കലാകാരൻ, നാലു പാദത്തിലെ പ്രഗദ്ഭൻ, കവി, പാചകവിദഗ്ധൻ, മരത്തിൽ ശിൽപങ്ങൾ ഉണ്ടാക്കുന്ന കലാകാരൻ എന്നിങ്ങിനെ ഇപ്പോഴും കർമ്മനിരതൻ.

ഭാര്യ: നടുവതേടത്ത് സാവിത്രി അന്തർജനം (L), മക്കൾ - വാസുദേവൻ, ലത, ദിവാകരൻ, സുധ, സവിത. മരുമക്കൾ - കിഴിയേടം രാമൻ നമ്പൂതിരി, അഞ്ഞൂറ്റിമംഗലം ഉമാദേവി അന്തർജനം. ചെന്നൈ പേരമ്പൂർ അയ്യപ്പക്ഷേത്രം മേൽശാന്തി പാഴൂർ പ്രകാശൻ നമ്പൂതിരി. ഹരിദാസ്



## ഏറ്റവുമധികം രക്തദാനം ചെയ്ത വ്യക്തി

### അറിയേണ്ട നമ്പൂതിരി

# ചോരയ്ക്ക് പകരം അവാർഡ്

റീത്ത. എം.ഇ




ചോരയ്ക്ക് പകരം ചോര. ഇതാണ് പതിവ്. എന്നാൽ വാസുദേവൻ നമ്പൂതിരിക്ക് ലഭിച്ചത് അവാർഡാണ്. സംസ്ഥാനത്ത് ഏറ്റവുമധികം തവണ രക്തദാനം നൽകിയ വ്യക്തിക്കുള്ള ഗവർമ്മെന്റ് അവാർഡ്. ചോര നൽകി അവാർഡ് നേടിയ ഒരു നമ്പൂതിരിയേ നമുക്കിടയിലുള്ളൂ. തിരൂർ വെട്ടത്തുനാട്ടിലെ വേമണ്ണ മുല്ലപ്പള്ളി മനയിൽ വാസുദേവൻ നമ്പൂതിരി. പോസിറ്റീവാണ് ബ്ളഡ് ഗ്രൂപ്പ്. ഒ. ജീവിതവും പോസിറ്റീവ്.

ആരോഗ്യവകുപ്പു മന്ത്രിയായിരുന്ന കെ. കെ രാമചന്ദ്രനാണ് അവാർഡ് നൽകിയത്. വർഷങ്ങൾ കഴിഞ്ഞു അതെല്ലാം നടന്നിട്ട്. എന്നാൽ വാസുദേവൻ നമ്പൂതിരി ഇപ്പോഴും വാർദ്ധക്യത്തിന്റെ ചെറുപ്പത്തിലാണ് ജീവിക്കുന്നത്. അതിന് കാരണമായതും രക്തദാനമാണെന്ന് വാസുദേവൻ നമ്പൂതിരി വിശ്വസിക്കുന്നു. 1984 മുതൽ എല്ലാ വർഷവും ഡിസംബർ 1നും ജൂൺ 1 നും രക്തം ദാനം ചെയ്തു പോന്നു അങ്ങനെ തുടർച്ചയായി 48 തവണ. 300 മില്ലീ ലിറ്റർ വീതം ഓരോ തവണയും. ഏതാണ്ട് പതിനഞ്ച് ലിറ്റർ.

ഒരു പരിധിവരെ ജീവിതശൈലീ രോഗങ്ങളെ തടഞ്ഞുനിർത്താനുള്ള വഴി കൂടിയാണ് രക്തദാനം. ഒരു തവണ ദാനം ചെയ്യുന്ന രക്തം കുറഞ്ഞകാലം കൊണ്ട് ശരീരം സ്വയം നിർമ്മിക്കും. ഇങ്ങനെ പുതുരക്തകോശങ്ങൾ നിർമ്മിക്കപ്പെടുന്നത് ആരോഗ്യം മെച്ചപ്പെടുത്തുന്നു. അതുകൊണ്ടാണ് എഴുപത്തഞ്ചാം വയസ്സിലും ചുറുചുറുക്കോടെ മരുന്നില്ലാതെ ജീവിക്കുന്നത്.

തിരുവനന്തപുത്ത് വിക്രം സാരാഭായ് സ്പേയ്സ് സെന്ററിലായിരുന്നു ജോലി. അതും ഫാർമസി മേഖലയിൽ. അതിനാൽ രക്തദാനം കുറച്ച് എളുപ്പമായി. നിശ്ചിത ഇടവേളകളിൽ തുടർച്ചയായി രക്തദാനം ചെയ്യുക എന്നത് ജീവിതചര്യയാക്കി. തികച്ചും ശരീരനിർമ്മിതിയായ രക്തത്തിൻെറ ആവശ്യകതയേറുന്ന





*വാസുദേവൻ നമ്പൂതിരി കുടുംബത്തോടൊപ്പം*

ആകസ്മിക അപകട സാഹചര്യങ്ങൾ മനസ്സിലാക്കി ഒട്ടുപലർക്കും ചെയ്യാവുന്ന ഒരു സേവനം. സന്നദ്ധരാവുന്നവർ കുറഞ്ഞു വരുമ്പോൾ അവർക്ക് മുന്നിലെ വലിയ മാതൃകയായി. അതിലൂടെ ആ സേവന മഹത്വം തുറന്നു കാട്ടി.

1948 ഡിസംബർ 1 ന് ജനനം. അച്ഛൻ ശങ്കരൻ നമ്പൂതിരി. അമ്മ ഉമാദേവി അന്തർജ്ജനം (എടപ്പാൾ നാരായണ മംഗലത്ത് മഹൾ) അച്ഛനമ്മമാരുടെ അഞ്ചാമത്തെ സന്താനമായാണ് ജനിച്ചത്. ഒരു നിറഞ്ഞ ദരിദ്ര ബ്രാഹ്മണകുടംബത്തിലെ പട്ടിണിയും പരിവട്ടവുമായ ബാല്യകൗമാരങ്ങളിലൂടെയാണ് ജീവിതം തുഴഞ്ഞത്..

**സംസ്ഥാനത്ത് ഏറ്റവുമധികം തവണ രക്തദാനം ചെയ്ത വ്യക്തിക്കുള്ള ഗവർമ്മെന്റ് അവാർഡ് നേടിയ ഒരു നമ്പൂതിരിയേ നമുക്കിടയിലുള്ളൂ. തിരൂർ വെട്ടത്തുനാട്ടിലെ വേമണ്ണ മുല്ലപ്പള്ളി മനയിൽ വാസുദേവൻ നമ്പൂതിരി. പോസിറ്റീവാണ് ബ്ളഡ് ഗ്രൂപ്പ്. ജീവിതവും പോസിറ്റീവ്.**

വെട്ടം യു പിയിലും തിരൂർ ഗവ. ബോയ്സിലും പഠനം പൂർത്തിയാക്കി. തുടർന്ന് ഒറ്റപ്പാലം എൻ എസ് എസ് കോളേജിൽ നിന്ന് പ്രീഡിഗ്രി, കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ഫാർമസിയിൽ ഡിപ്ളോമയും. 1970 ഒക്ടോബറിൽ ഗവൺമെന്റ് സർവീസിൽ ഫാർമസിസ്റ്റായി നിയമനം കിട്ടി. കുറ്റിപ്പുറത്തിനടുത്ത് തൃക്കണാപുരം പി എച്ച് സെന്ററിൽ. അവിടെ രണ്ടുമാസം തികയും മുമ്പ് കേരള സ്റ്റേറ്റ് ഹെൽത്ത് സർവീസ് ഡയറക്ടറുടെ നിയമനമായി. കണ്ണൂരിൽ പാപ്പിനിശ്ശേരി ഇഎസ്ഐ ഡിസ്പെൻസറിയിൽ. തുടർന് വേങ്ങര പ്രൈമറി ഹെൽത്ത് സെന്ററിലും തൃപ്രങ്ങോട് ഗവൺമെന്റ് റൂറൽ ഡിസ്പെൻസറിയിലും. അവിടെ ജോലിയിലിരിക്കെയാണ് തിരുവനന്തപുരത്ത് വിക്രം സാരാഭായ് സ്പേസ് സെന്ററിലേക്ക് അപേക്ഷ അയച്ചതും 1975 ജൂണിൽ നിയമനം കിട്ടിയതും. 2008 നവംബറിൽ പിരിയുന്നതുവരെ അവിടെ.

തിരുവനന്തപുരത്ത് ജോലിയിലിരിക്കെയാണ് അദ്ദേഹം രക്തദാനത്തിൽ ഒരു പുതിയ കാൽ വെപ്പിന് തുടക്കമിട്ടത്. നിശ്ചിത ഇടവേളകളിൽ തുടർച്ചയായി

## ഒരിക്കൽപ്പോലും രക്തം സ്വീകരിക്കേണ്ടി വന്നിട്ടില്ല

● അത്യാപത്തിൽ നിന്ന് ഏതെങ്കിലും വ്യക്തിക്ക് ഗുണമായോ?
❑ബാങ്കിൽ കൊടുക്കുകയാണ് പതിവ്. അതുകാരണം ആർക്ക് നൽകി എന്ന് അറിയിക്കാറില്ല, അന്വേഷിക്കാറുമില്ല
● തുടങ്ങാൻ കാരണം?
❑അത്യാവശ്യം വരുന്നതും, കൊടുക്കാൻ പ്രയാസമില്ലാത്തതും, കൊടുക്കുക എന്ന ആശയം. ഒരു തരത്തിലുള്ള പ്രയാസവും ഉണ്ടാകില്ലെന്നും മനസ്സിലാവുകയും ചെയ്തു
● ആദ്യം നൽകിയത്?
❑1984 ഡിസമ്പർ 1-ന്
● ഏറ്റവും ഒടുവിൽ നൽകിയത്?
❑2008 ഡിസമ്പർ 1-ന്
● നടത്തിയ ഇടപെടലുകൾ?
❑സഹപ്രവർത്തകരിൽ ഏതാനും പേരെ ദാതാക്കളാക്കി
● ലഭിച്ച ബഹുമതികൾ?
❑വി എസ്സ് എസ്സ് സി യിൽ നിന്ന് 2004-ലും 2005- ലും അവാർഡ്. 2005-ൽ സംസ്ഥാന സർക്കാറിന്റെ അവാർഡ്.
● സ്വീകരിക്കേണ്ടി വന്നിട്ടുണ്ടോ?
❑ഒരിക്കൽപ്പോലും വേണ്ടിവന്നിട്ടില്ല.
● കംപ്ലീറ്റ് ബ്ലഡ് കൗണ്ട്?
❑60 വയസ്സുവരെ മൂന്നു മാസം ഇടവിട്ടും അതിനുശേഷം 6 മാസം ഇടവിട്ടും പരിശോധിച്ചു വരുന്നു. എല്ലാം തൃപ്തികരം
● പ്രത്യേക ഭക്ഷണം?
❑ഇല്ല
● ഇങ്ങോട്ട് ആവശ്യപ്പെട്ട് വന്നവർ?
❑ഒരു തവണ മാത്രം. ഒരു മെയ് മാസത്തിലാണ്. എന്റെ രക്തദാനക്രമം അറിയാവുന്ന വ്യക്തി. ആ വ്യക്തിയുടെ ബന്ധുവിന് തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഓപ്പറേഷൻ. തിയതി നിശ്ചയിച്ചാൽ അറിയിക്കുമെന്നും ജൂൺ 1-ന് ശേഷമാണെങ്കിലും ആ രോഗിക്കുവേണ്ടി കാത്തിരിക്കണേ എന്നും ആവശ്യപ്പെട്ടു. ഓപ്പറേഷൻ 28.5.1994-ന് ആയിരുന്നു. അതിനാൽ ആ പ്രാവശ്യം ജൂൺ ഒന്നിന് മുമ്പായി 28.5.1994-ന് മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്കിൽ രക്തം നൽകി.
● അവാർഡ് മാനദണ്ഡം?
❑ബ്ളഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ അംഗീകൃത രക്ത ബാങ്കുകളിൽ നിശ്ചത ഇടവേളകളിൽ സന്നദ്ധ രക്തദാനം നടത്തുന്നവർ
● ആകെ എത്ര രക്തം നൽകി?
❑300 മില്ലീലിറ്റർ 48 തവണ

രക്തദാനം ചെയ്യുക എന്നത് ഒരു ജീവിത ചര്യയാക്കി. തികച്ചും ശരീരനിർമ്മിതിയായ രക്തത്തിൻെറ ആവശ്യകതയേറുന്ന ആകസ്മിക അപകട സാഹചര്യങ്ങൾ മനസ്സിലാക്കി ഒട്ടുപലർക്കും ചെയ്യാവുന്ന ഒരു സേവനം. സന്നദ്ധരാവുന്നവർ കുറഞ്ഞു വരുമ്പോൾ അവർക്ക് മുന്നിലെ വലിയ മാതൃകയായി. അതിലൂടെ ആ സേവന മഹത്വം തുറന്നു കാട്ടി.

1980 ൽ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി ആരംഭിച്ചു. അവിടെയാണ് 1984 മുതൽ എല്ലാ വർഷവും ഡിസംബർ 1നും ജൂൺ 1 നും രക്തം ദാനം ചെയ്തുപോന്നത്. തുടർച്ചയായ രക്തദാനം കൊണ്ട് നിരവധി പുരസ്കാരങ്ങൾ തേടിയെത്തി. സന്നദ്ധ രക്തദാതാക്കളെ ആദരിക്കുന്നതിനായി 2004 ൽ വിഎസ്എസ്സി ഏർപ്പെടുത്തിയ ആദ്യ അവാർഡിനും അർഹനായി.

2005ൽ, കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സംയുക്തമായി സന്നദ്ധ രക്തദാതാവിനെ ആദരിക്കാൻ ആദ്യമായി അവാർഡ് ഏർപ്പെടുത്തി. സംസ്ഥാനത്തെ ഏറ്റവും മികച്ച രക്തദാതാവിനുള്ള കേരള സർക്കാറിന്റെ ആ പുരസ്കാരവും തേടിയെത്തി. ആ അവാർഡ് നൽകിയത് അന്നത്തെ ആരോഗ്യമന്ത്രി കെ.കെ.രാമചന്ദ്രൻ മാസ്റ്ററാണ്. തുടർന്നും, തിരുവനന്തപുരത്ത് രക്തബാഗുകൾ നിർമ്മിക്കുന്ന ടെറുമോ പെൻപോൾ എന്ന സ്ഥാപനവും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജിയും അദ്ദേഹത്തെ പല തവണ ലോകരക്തദാതാദിനമായ ജൂൺ 14-ന് ആദരിക്കുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു.

ഈയടുത്തകാലത്താണ് വളരെ ഊർജ്ജസ്വലനായി കായികമേളകളിൽ പങ്കെടുത്തതും ആ രംഗത്തെ മികവുകൾക്ക് അർഹനായതും. സ്കൂൾ കോളേജ് പഠനകാലത്ത് സ്പോർട്സിൽ നേട്ടങ്ങൾ ഒന്നുമില്ല. പങ്കെടുക്കാനുള്ള ധൈര്യം പോലും ഉണ്ടായിരുന്നില്ല. ആദ്യമായി ഒരു സ്പോർട്സ് മീറ്റിൽ പങ്കെടുത്തത് 1970-ൽ - തിരൂർ താലൂക്ക് സ്പോർട്സ് ഫെസ്റ്റിവലിൽ. ഇല്ലത്തെ ശങ്കരേട്ടൻ മത്സരത്തിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. ശങ്കരേട്ടന്റെ നിർബന്ധം കൊണ്ട് അതിൽ പങ്കെടുത്തു.

പിന്നീട് ഒരു മത്സരത്തിൽ പങ്കെടുക്കുന്നത് നാലു പതിറ്റാണ്ടുകൾ കഴിഞ്ഞ് . 2022 ഡിസംബറിൽ. മലയാളി മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് അസോസിയേഷൻ 17.12.2022-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വെച്ചു നടത്തിയ സ്റ്റേറ്റ് മീറ്റിൽ. അന്ന് പങ്കെടുത്തത് 70-75 വിഭാഗക്കാരുടെ 5 കി. മീ. നടത്തത്തിൽ. അതിൽ മൂന്നാം സ്ഥാനം.

അവസാനം പങ്കെടുത്തത് ഈ വർഷം മാർച്ചിൽ. സംസ്ഥാന സോഷ്യൽ ജസ്റ്റീസ് വകുപ്പും തിരുവനന്തപുരം ജില്ലാ പഞ്ചായത്തും സംയുക്തമായി 'കരുതൽ' എന്ന പേരിൽ വയോജനങ്ങൾക്കായി സംഘടിപ്പിച്ച കലാ കായിക മേളയിൽ. കായിക മത്സരങ്ങൾ നടത്തിയത് 2024 മാർച്ചിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ. പങ്കെടുത്തത് 3 ഇനങ്ങളിൽ. 76-80 വിഭാഗക്കാറുടെ 5000 മീറ്റർ നടത്തം. 400 മീറ്റർ ഓട്ടം എന്നിവയിൽ ഒന്നാം സ്ഥാനം. 200 മീറ്റർ ഓട്ടത്തിൽ രണ്ടാം സ്ഥാനവും.



*ആരോഗ്യവകുപ്പു മന്ത്രിയായിരുന്ന കെ. കെ രാമചന്ദ്രനിൽ നിന്ന് മികച്ച രക്തദാതാവിനുള്ള സംസ്ഥാന സർക്കാർ അവാർഡ് വാസുദേവൻ നമ്പൂതിരി സ്വീകരിക്കുന്നു*

1977 ജൂലായ് 3 ലായിരുന്നു വിവാഹം. തൃശൂർ ജില്ലയിൽ പൊറക്കുടിഞ്ഞത്ത് നാരായണൻ ഭട്ടതിരിപ്പാടിന്റെയും ലീലാ അന്തർജനത്തിന്റെയും മകൾ നളിനി ( ഹൈസ്കൂൾ അദ്ധ്യാപിക) യാണ് ഭാര്യ..

ഏക മകൾ നിഷ ജേണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയും, എം സി എയും കഴിഞ്ഞ് സെൽഫ് എംപ്ലോയ്ഡാണ്. തൃശൂർ ജില്ലയിലെ പെരുമങ്ങാട്ട് നാരായണൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകനാണ് മരുമകൻ അജിത്. അദ്ദേഹം ബാങ്കളൂരിൽ സോഫ്ട്വെയർ എഞ്ചിനീയർ. ഇവരുടെ മകൻ ദിവിജ്-എഞ്ചിനീയറിംഗ് വിദ്യാർത്ഥി.

ശരീരത്തിന്റെ കായിക മേന്മ മാത്രമല്ല ഹൃദയത്തിന് ഒരു കാവ്യനിറവുമുണ്ട്. ആഘോഷങ്ങളും ആചാരങ്ങളും വരുമ്പോൾ അവയുമായി ബന്ധപ്പെട്ട കവിതകൾ സ്ഥിരമായി എഴുതാറുണ്ട്. രക്തദാനമഹത്വം ഉൾപ്പെടുത്തിയെഴുതിയ നീണ്ട കവിത ശരിക്കും ബോധവല്ക്കരണത്തിന് ഉപയോഗപ്രദമാണ്.

സ്ഥിരമായ നടത്തവും ചിട്ടയായ ജീവിതക്രമവുമാണ് ഇപ്പോഴും. ഫാർമസിയുടെ ലോകത്തായിട്ടും ഏറെനാൾ മരുന്നുകൾ കൈകാര്യം ചെയ്തിട്ടും അത് ഉപയോഗിക്കേണ്ടി വന്നത് വളരെ അപൂർവ്വമായി മാത്രം. രോഗം വരാതെ നോക്കുകയെന്ന പഴമൊഴി തന്നെ നിദാനം. ജീവിതശൈലീരോഗങ്ങൾ തൊട്ടശുദ്ധമാക്കിയിട്ടില്ല .യാതൊരു ദുഃശ്ശീലങ്ങൾക്കും അടിമയായിട്ടുമില്ല. ഈ എഴുപതുകളിലും കർമ്മനിരതനാണ്. വിശ്രമ ജീവിതത്തിലും വിശ്രമിക്കാതെ പല മത്സരങ്ങളിലും പങ്കെടുക്കുന്നു. ആരോഗ്യത്തോടെയിരിക്കുന്നു. ആരോഗ്യമാണ് മഹാധനം മഹാനേട്ടം ●

എം വാസുദേവൻ, മഹിമ, ടി സി 43/491 (2),
പി. ഒ വള്ളക്കടവ് , തിരുവനന്തപുരം,
പിൻ 695008. മൊബൈൽ 8547223298
റീത്ത. എം.ഇ, മുല്ലപ്പള്ളി മന,
വെട്ടം പോസ്റ്റ്, തിരൂർ, മലപ്പുറം ജില്ല,
പിൻ 676102, ഫോൺ : 9495657725

# ചികിത്സാ സഹായത്തിനും വിദ്യാർത്ഥികൾക്കുള്ള ധനസഹായത്തിനും അപേക്ഷ ക്ഷണിച്ചു

തൃശൂർ: വിവിധ രംഗങ്ങളിൽ തനതായ വ്യക്തിത്വം കൊണ്ട് ശ്രദ്ധേയനായിരുന്ന ഡോ. മൂർക്കന്നൂർ നാരായണന്റെ സ്മരണക്കായി ചാലക്കുടി ഉപസഭ ഏർപ്പെടുത്തിയ ആതുര ശുശ്രൂഷാ നിധിയിൽ നിന്ന് നിർധനരും നിരാലംബരുമായ സമുദായാംഗങ്ങളുടെ ചികിത്സാ ചെലവിനായി സഹായം നൽകുന്നു. ഗുരുതരമായ രോഗങ്ങൾ മൂലം ബുദ്ധിമുട്ടുന്നവർക്കാണ് ഈ നിധിയിൽ നിന്നു സഹായം നൽകുന്നത്. 2024 ജൂൺ 30 വരെയുള്ള ഒരു വർഷത്തെ കാലത്തെ ചികിത്സ ചെലവിലേക്കാണ് സഹായം നൽകുന്നത്. ചികിത്സക്ക് ചെലവായ തുകയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികളും ചികിത്സകന്റെ സർട്ടിഫിക്കറ്റുകളും ഉപസഭ സെക്രട്ടറിയുടെയോ ജില്ലാ സെക്രട്ടറിയുടെയോ സാക്ഷ്യപത്രത്തോടൊപ്പം ജൂലൈ 31 ന് മുൻപായി താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കണം.

മണ്ടപറമ്പ് നാരായണൻ നമ്പൂതിരിയുടെ സ്മരണാർത്ഥം വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ചാലക്കുടി ഉപസഭയിൽ ഏർപ്പെടുത്തിയ ആയുർവ്വേദ വിദ്യാർത്ഥികൾക്കായുള്ള പ്രോത്സാഹന ധനസഹായത്തിനും അപേക്ഷ ക്ഷണിച്ചു. 2023-2024 അദ്ധ്യയന വർഷത്തിൽ ആയുർവ്വേദ കോഴ്സ് പൂർത്തിയാക്കിയ യോഗക്ഷേമസഭാംഗങ്ങളായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. ഇന്ത്യയിലെ അംഗീകൃത സർവ്വകലാശാലകൾ നടത്തിയ ആയുർവ്വേദ ബിരുദ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി, ഉപസഭ സെക്രട്ടറിയുടെയോ ജില്ലാ സെക്രട്ടറിയുടെയോ സാക്ഷ്യപത്രം എന്നിവ സഹിതം 2024 ജൂലൈ 31 ന് അകം താഴെ കാണുന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം അയക്കുക. അപേക്ഷകൾ വെള്ളക്കടലാസിൽ സ്വയം തയ്യാറാക്കാവുന്നതാണ്.

പ്രശോഭ് പി, ഉപസഭ സെക്രട്ടറി
പൊതിയിൽ മന, മേലൂർ, ചാലക്കുടി, പിൻ: 680311
മൊബൈൽ: 9946409011

---

## പാണിഗ്രഹണം


**പാണിഗ്രഹണം കോളത്തിൽ ജാതക പരസ്യങ്ങൾക്ക് 1000 രൂപ മാത്രം. വിളിക്കുക: 9745137987 9495369337**


| | | | |
|---|---|---|---|
| കു ഗു | | ബു ശി | ര മ മാ |
| | ഗ്രഹനില | | ശു |
| | | | |
| | സ ച | ല | |

**സന്ദീപ് കുമാർ.** ജനനം: 1150 മിഥുനം 9 (1975), ജനനസ്ഥലം: മുണ്ടയ (ഷൊർണൂർ). നക്ഷത്രം: അനിഴം. ഗോത്രം: വിശ്വാമിത്രം. ഉയരം: 180 സെ.മീ. വിദ്യാഭ്യാസം: ബി.എസ്.സി. മാത്സ്, എം.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ (not completed). എച്ച്.ഡി.സി. അച്ഛൻ: ശാസ്ത്രശർമ്മൻ നമ്പൂതിരി, അമ്മ: ലീല. സഹോദരി: വിവാഹിത. വിലാസം: തെക്കിനിയേടത്ത് മന, ഷൊർണൂർ.

ര ബു ശി ച

| | | | |
|---|---|---|---|
| | | ശി | ച |
| | ഗ്രഹനില | | |
| മ | | | |
| ല | കു സ മാ | ര ബു ഗു ശു | |

മാ
കു
മ ല
ഗു ശു സ

**അഭിജിത്ത് കെ.എസ്.** ജനനം: 05.11.1993 (1169 തുലാം 20). സമയം: 10.37 a.m.) നക്ഷത്രം: പുണർതം. ഉയരം: 157 സെ.മീ. വിദ്യാഭ്യാസം: ബി.കോം, എം.ബി.എ. ഫിനാൻസ്. ജോലി: അഡ്മിനിസ്ട്രേഷൻ (കാണിപ്പയ്യൂർ ആയുർവേദ ചികിത്സാ കേന്ദ്രം, കണ്ടണശ്ശേരി. മുൻഗണന: ബി.എ.എം.എസ്. ബിരുദധാരികളോ, കോഴ്സിന് പഠിക്കുന്നതോ ആയ യുവതികൾ. അച്ഛൻ: പരേതനായ ശങ്കരൻ നമ്പൂതിരിപ്പാട് കെ.എൻ. അമ്മ: പാർവ്വതിക്കുട്ടി എൻ.ടി. (ഹൗസ്‌വൈഫ്), സഹോദരൻ: ഡോ. കെ.എസ്.അജിത് (വിവാഹിതൻ), സഹോദരി: സനിത കെ.എസ്. (വിവാഹിത). വിലാസം: ഡോ.കെ.എസ്.അജിത്, കാണിപ്പയ്യൂർ മന, ബ്രഹ്മകുളം പി.ഒ., തൈക്കാട് വഴി, തൃശൂർ - 680104. ഫോൺ: 04872551187, 9447879060

## ALLIANCE PROPOSAL

A 46-year-old Nambisan gentleman, divorced, is seeking an alliance with a Brahmin or Ambalavasi vegetarian woman.

**About the Seeker:**

Marital Status:

Married and immediately divorced

Age: 46 years

**Location:**

Settled in Chennai

Family:

Lives with his sister and nephew

**Professional Background:**

The seeker has been managing a successful manufacturing business in Chennai since 2009, a company initially started by his late brother-in-law. Under his leadership, the business has grown significantly and is now highly regarded in its field.

Family Background:

The seeker hails from a respected Nambisan family in Ernakulam, known for their high level of devotion and strong religious values.

**Contact Details:**

Interested parties may contact via WhatsApp only. Please avoid phone calls.

[Contact Number]
+91 97657 54959

| | | | | | |
|---|---|---|---|---|---|
| | ര ശി | കു | | | |
| | | | ല ശി | | |
| | മ | ഗ്രഹനില | | മാ | ച മാ |
| ശു ഗു | | | | | ല |
| ബു | കു ച | ര സ ബു ശു | ഗു | | സ |
| | | | മ | | |

**വിഷ്ണു ടി.ദാമോദരൻ.** ജനനം: 14.12.1993, സമയം: 12.12. pm. ജന്മ സ്ഥലം: കോഴിക്കോട്, ഉയരം: 182 സെ.മീ. നക്ഷത്രം: മൂലം 4–ാം പാദം, വിദ്യാഭ്യാസം: ബി.ടെക് (ഇ.സി.). ജോലി: സോഫ്റ്റ്വെയർ എൻജിനീയർ, മുൻഗണന വിദ്യാഭ്യാസമുള്ള യുവതികൾ. അച്ഛൻ: ടി.വി.ദാമോദരൻ (Late), അമ്മ: പ്രസന്ന (പി.എസ്.യു.). സഹോദരി (ഉദ്യോഗസ്ഥ). അമ്മാത്ത്: തിരുവാളൂർ, മഞ്ചേരി. വിലാസം: താമരക്കുളം, ഏരൂർ പി.ഒ., തൃപ്പൂണിത്തുറ, എറണാകുളം. ഗർഭശിഷ്ടദശ: 0–0–18.

| | | | | | |
|---|---|---|---|---|---|
| | കു | | മാ | ച മ | |
| | ശു | ര ശി | ച ബു | | |
| ബു | മ | ഗ്രഹനില | | കു | ശി |
| ഗു സ | | | | മാ | |
| ല ശു | | ഗു | ല സ | | ര |

**ദിലീപ് ടി.എൻ.** ജനനം: 02.05.1995. സമയം: 5.55 pm. ജനനസ്ഥലം: പാലക്കാട്. ഉയരം: 182 സെ.മീ. നക്ഷത്രം: രോഹിണി. ഗോത്രം അംഗരീസ. വിദ്യാഭ്യാസം: ബി.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ. ജോലി: എംബെഡഡ് ഹാർഡ്‌വെയർ എൻജിനീയർ (ബാംഗ്ലൂർ). അച്ഛൻ: നാരായണൻ ടി. (റിട്ട. അദ്ധ്യാപകൻ), അമ്മ: കെ.എം.ത്രിപുര. സഹോദരങ്ങൾ: ഒരു സഹോദരി. ഇല്ലം: താഴയംകോടത്ത് മന, അമ്മാത്ത്: കാവുങ്ങൽ മംഗലശ്ശേരി മന. വിലാസം: കുളക്കാട്ടുകുറുശ്ശി പി.ഒ., കടമ്പഴിപുറം, പാലക്കാട്– 678633. മൊബൈൽ: 9400608267 ശിഷ്ടദശ: 3 വർഷം 9 മാസം, 4 ദിവസം, 30 നാഴിക വരെ ചന്ദ്രശിഷ്ട ദശ.

| | | | |
|---|---|---|---|
| ര ബു | | | ശി |
| ശു മാ | ഗ്രഹനില | | |
| ല കു മ | | | ഗു |
| സ | | | ച |

**ഡോ. വാസുദേവൻ പെരിങ്ങര.** ജനനം: 19.03.1992. സമയം: 3.16 am. ജന്മ സ്ഥലം: വളാഞ്ചേരി (മലപ്പുറം). ഉയരം: 171 സെ.മീ., നക്ഷത്രം: ഉത്രം. ഗോത്രം: ഭരദ്വാജ. വിദ്യാഭ്യാസം: എം.എ. (ന്യായ), എം.എ. (വേദാന്ത), പി.എച്ച്.ഡി. (വേദാന്ത). ജോലി: അസി. പ്രൊഫസർ (ഗസ്റ്റ്), മദ്രാസ് സംസ്കൃത കോളേജ്, മുൻഗണന: വിദ്യാഭ്യാസമുള്ള യുവതികൾ. അച്ഛൻ: രാമൻ നമ്പൂതിരി പി.ആർ, അമ്മ: ഗീത വി.കെ. സഹോദരി വിവാഹിത. ഇല്ലം: പെരിങ്ങര മന. അമ്മാത്ത്: വാഴക്കുന്നത്ത് മന. വിലാസം: പെരിങ്ങര മന, വെങ്കിടങ്ങ്, തൃശൂർ. ഫോൺ: 9447511551, 0487–2961947.

| | | | | | |
|---|---|---|---|---|---|
| | സ | | മ | | |
| | ബു ഗു ശു | മ | | ല | |
| ല ര കു | ര | ഗ്രഹനില | | ച സ മാ | ബു |
| ച മാ | ശി | | | | |
| | | | കു | | ഗു ശി |
| | | ശു | | | |

**ശ്രീലക്ഷ്മി എസ്.** ജനനം: 28.02.1999, സമയം: 2.20 പിഎം, നക്ഷത്രം: ആയില്യം, ജനനസ്ഥലം: കരുനാഗപ്പള്ളി. ഉയരം: 151 സെ.മീ., ഗോത്രം : വസിഷ്ഠ, വിദ്യാഭ്യാസം: എം. എസ്. സി. കെമിസ്ട്രി, ഇല്ലം: അണികാള ഇല്ലം. അച്ഛൻ: സുബ്രഹ്മണ്യൻ നമ്പൂതിരി (സതീഷ് കുമാർ), റിട്ട. ഹസ്. അമ്മ : ശ്രീലേഖ സി. കെ, (ഹെഡ് ക്ലർക്ക്, വാട്ടർ അതോറിറ്റി). അമ്മാത്ത്: കോട്ടപ്പടി ചന്ദ്രമന. വിലാസം: അണികാള ഇല്ലം (വി.എസ്. വിഹാർ), പ്രയാർ പി.ഒ, പ്രയാർ, ഓച്ചിറ, ആലപ്പുഴ, 690547. മൊബൈൽ : 9562903852

## ചോറൂൺ ആശംസകൾ

ചേളന്നൂർ ചേക്രക്കൽ ഇല്ലത്ത് ദിലീപിന്റേയും ചിത്രയുടേയും ഉണ്ണി **ധ്രുവ് കൃഷ്ണയുടെ** ചോറൂണ് 2024 മാർച്ച് 23 ന് ഇല്ലത്ത് വെച്ച് മംഗളകരമായി നടന്നു.



## ചോറൂൺ ആശംസകൾ

ഓമശ്ശേരി പുത്തൂർ മുതുമന ദീപക്കിന്റേയും ആരതിയുടേയും മകൾ **ദ്യുതിയുടെ** ചോറൂണ് ഇല്ലത്ത് വെച്ച് നടന്നു.





**A.P.Krishnan namboodiri**
Ambalapaveri mana
P.O. Poyilisseri
Via.tirur..2
Malappuram dt.
Pincode..676102
Phone: 9446424566



## ചോറൂൺ ആശംസകൾ

അമ്പലപ്പാവേരിമനയിലെ നവീന്റേയും അമൃതയുടേയും മകൾ **യാമി**യുടെ ചോറൂണ് 2024 മാർച്ച് 28ന് ഇല്ലത്തുവെച്ച് നടന്നു.

യാമിയ്ക്ക് സ്നേഹാശംസകളോടെ
മുത്തച്ഛൻമാർ, മുത്തശ്ശിമാർ, അച്ഛോൾ വല്ല്യച്ഛൻ,
ചിറ്റ, ഓപ്പോൾ, ഏട്ടൻ.
Phone മുത്തശ്ശി : **9995876581**



### തിരുവോണാശംസകൾ

**ക്ലാസ്സിക്കൽ, നാടോടി നൃത്തങ്ങൾക്കുള്ള വേഷങ്ങൾ, ആഭരണങ്ങൾ വാടകക്ക് നൽകുന്നു. കലാകാരികൾക്കുള്ള ചമയങ്ങളും ഒരുക്കുന്നു**



**ഗായത്രി കലക്ഷൻസ്**

കൈരളി റോഡ്
ബാലുശ്ശേരി, കോഴിക്കോട്

**കളം വിഷ്ണു നമ്പൂതിരി**
**ഫോൺ: 9496925471**

### ചോറൂൺ ആശംസകൾ



**അക്ഷത് ശ്രീകാന്ത്**

ഗോവിന്ദില്ലം,
കണ്ണപുരം,
കണ്ണൂർ.

**Mob:**
**ശ്രീകാന്ത്:**
**7760684184**

### സപ്തതി ആശംസകൾ

**ഒഴലൂർ പാതിരിശ്ശേരി മാധവി അന്തർജനം**

W/o Late ശ്രീകുമാരൻ നമ്പൂതിരിപ്പാട്
പാതിരിശ്ശേരി ഇല്ലം
പെരുവഴിക്കടവ്, കോഴിക്കോട്



**കുഞ്ഞുങ്ങൾക്ക്**
**പൊന്നിൻ തിരുവോണാശംസകൾ**

**Mob: പാതിരിശ്ശേരി മിഥുൻ നമ്പൂതിരിപ്പാട്**
**9496226622**




### ഉപനയനം



ചേളന്നൂർ പൌർണ്ണമിയിൽ മധുവിന്റേയും സുമയുടേയും മകൻ
**നവനീത് ശിവയുടെ**
ഉപനയനം 2024 ഏപ്രിൽ 15 ന് സമംഗളം നടന്നു.

# കുട്ടിക്കൂട്ടം

**വായിച്ച പുസ്തകം, കണ്ട സിനിമ, നടത്തിയ വിനോദയാത്ര, ലഭിച്ച സമ്മാനം, ഇഷ്ടപ്പെട്ട സ്ഥലം, അനുഭവിച്ച വേദന, പറ്റിയ അബദ്ധം, സഹായിച്ച സുഹൃത്ത്... അങ്ങനെ ജീവിതാനുഭവങ്ങളെ ചെറിയ കുറിപ്പുകളാക്കി വാട്ട്സ് അപ്പിൽ അയച്ചു തരൂ. 9400992823**

## അഭയാർത്ഥികൾ




**ആർദ്ര**
D/o ഹരിനാരായണൻ
തെഞ്ചേരി ഇല്ലം
കാക്കൂർ, കോഴി
ക്കോട്


'അമ്മേ, അമ്മേ! മോനെന്താ കൊണ്ടുവന്നേ'?

വാടകവീടിന്റെ ചിതലരിച്ച വാതിൽ തുറന്ന് അകത്തെത്തിയ നിമിഷം മകന്റെ ചോദ്യം കേട്ട് ആ സ്ത്രീ എന്തു പറയണമെന്നറിയാതെ തരിച്ചു നിന്നു. തന്റെ നിറം മങ്ങിയ സാരിത്തുമ്പുകൊണ്ട് വിയർപ്പ് തുടയ്ക്കുന്ന ഭാവത്തിൽ അവൾ മുഖം പൊത്തി, അമ്മയെന്താ മിണ്ടാത്തെ? റൊട്ടിക്കഷ്ണമാണെങ്കീ ഞാൻ പിണങ്ങുമെന്ന് വിചാരിച്ചിട്ടാണോ, സാരമില്ല, അമ്മ തരുന്നതൊക്കെ എനിക്കിഷ്ടമാ.

തന്നെ സമാധാനിപ്പിക്കാനുള്ള മകന്റെ ശ്രമം അവളുടെ മനസ്സിനെ കൂടുതൽ കുത്തിനോവിച്ചു.



'മോനെ....അമ്മയിന്ന് വരുമ്പോ ഒരു വീട്ടിലെ റേഡിയോയിൽ നിന്ന് നല്ലൊരു താരാട്ട്പാട്ട് കേട്ടു. മോൻ കിടക്കാൻ വാ, ഞാനത് പാടിത്തരാം,'

'എനിക്കിന് ഉറങ്ങണ്ട! എനിക്ക് വിശക്കുന്നമ്മേ.. തിന്നാതെ ഞാൻ അമ്മേടേ കൂടെ കിടക്കാൻ വരില്ല.!'

'അമ്മയ്ക്ക് വയ്യ മോനെ....നീയിന്നെന്റെ കൂടെ വാ.'

'ഇന്നും ഒന്നും കൊണ്ടുവന്നില്ലല്ലെ.? മോനമ്മയോട് മിണ്ടില്ല. അമ്മ ഒന്നും പറയേം വേണ്ട.'

തന്നോട് പിണങ്ങി വാക്കുകൾ പിന്നിയ പുതപ്പിനുള്ളിൽ മറഞ്ഞ മകനെ അവൾ നിസ്സഹായതയോടെ നോക്കി നിന്നു, മറച്ച സാരിത്തുമ്പ് വീണ്ടും അശ്രുക്കളാൽ ഈറനണിഞ്ഞു.

'ചേച്ചീ...എനിക്ക് പണമൊന്നും വേണ്ട. എന്നും മോന്റെ വയറുനിറയ്ക്കാനെന്തെങ്കിലും തന്നാൽ മതി....വീടും മുറ്റവുമെല്ലാം ഞാൻ വൃത്തിയാക്കാം. പറയുന്ന എന്ത് ജോലിയും ഞാൻ ചെയ്യാം ചേച്ചീ.. ദയവുണ്ടാവണം.'




**ദ്രുപത വി.,**
4ാം തരം, എരമം നോർത്ത്
എൽ.പി.സ്കൂൾ,
വെള്ളിക്കുന്നത്ത്
ഇല്ലം, വടവന്തൂർ വഴി
മാത്തിൽ പി.ഒ., പിൻ 670307


'എന്നെ ചേച്ചീന്ന് വിളിക്കാൻ നീയൊക്കെ ആരാടീ? എന്റെ മകന്റെ ജീവിതവും നശിപ്പിച്ച് ഇപ്പൊ അവന്റെ സന്തതിയുടെ പേരിൽ വീണ്ടും മുതലെടുക്കാൻ വന്നിരിക്കുവാ! നിനക്കൊക്കെ നാണമില്ലേടീ, അവൻ നിന്നെ ഇട്ട് പോയിട്ടും ഇവിടെ വന്നിങ്ങനെ പിച്ചയെടുക്കാൻ?'

പതറരുത്...വെറും കയ്യോടെ മകന്റെ അടുത്തേക്ക് പോവാൻ പറ്റില്ല. അവർ എന്തു പറഞ്ഞാലും കേട്ടു നിൽക്കണം. എല്ലാം മകനുവേണ്ടി അവൾ സ്വയം ആശ്വസിപ്പിച്ചു.

'ചേച്ചീ, ഞാൻ,'

അപ്പോഴേക്കും ആ വാതിൽ അവളുടെ മുന്നിൽ കൊട്ടിയടയ്ക്കപ്പെട്ടിരുന്നു. ഒരു നിമിഷത്തേക്ക് അവൾ നിശ്ചലയായി.




**ദേവനന്ദ**
D/o കൃഷ്ണകുമാർ
മുടുവമ്പുറത്ത് ഇല്ലം
രാമല്ലൂർ ഉപസഭ


‘ സാരമില്ല.. ഹോട്ടലിനു പിന്നിലെ വീപ്പക്കുറ്റിയിൽ എന്തെങ്കിലും കാണും. ആ വലിയ ലോറികൾ വന്ന് ഒക്കെ കൊണ്ടുപോകുന്നതിന് മുമ്പ് അവിടെ എത്തണം. അതെ, ഇന്ന് ഞാൻ

മോന്റടുത്ത് വെറും കയ്യോടെ പോവില്ല.’

അവൾ സ്വയം ഉരുവിട്ടു കൊണ്ടിരിക്കുന്ന തിരക്കിൽ റോഡിന്റെ വശത്തുണ്ടായിരുന്ന വലിയ കല്ല് കണ്ടില്ല. വീണതിന്റെ ആഘാതത്തിൽ രക്തം പൊടിഞ്ഞ വലതു കൈമുട്ടിലേക്ക് നോക്കിയപ്പോൾ റോഡിന്റെ മറുവശത്ത് ഒരു തിളക്കം കണ്ടു. ധൃതിയോടെ എഴുന്നേറ്റു നിന്ന അവൾ അതെന്താണെന്നറിയാൻ ഏന്തി നോക്കി. ഒരു പ്ലാസ്റ്റിക് കവർ പോലെയുണ്ട്. അതിനുള്ളിൽ



എന്തോ ഭക്ഷണ വസ്തുവുമുണ്ട്. കവർ തുറക്കാതെ ആരോ വലിച്ചെറിഞ്ഞതുപോലെയുണ്ട്, അവളുടെ നേത്രങ്ങൾ തിളങ്ങി, ഒരു കവർ മുഴുവൻ ഭക്ഷണവുമായി വീട്ടിൽ ചെന്നു കയറുമ്പോഴുണ്ടാകുന്ന മകന്റെ മുഖം അവൾ മനസ്സിൽ കണ്ടു. അവനെ വയർ നിറയെ കഴിപ്പിക്കാൻ പറ്റും. അവൻ പിണക്കമൊക്കെ മാറി അമ്മയെ വന്ന് കെട്ടിപ്പിടിക്കും. എന്നത്തേയും പോലെ താനവനെ താരാട്ട് പാടിയുറക്കും. ഭക്ഷണപ്പൊതി കണ്ട് തുള്ളിച്ചാടുന്ന മകന്റെ മുഖം ചിത്രീകരിച്ചപ്പോൾ അവൾക്ക് എന്തെന്നില്ലാത്ത സന്തോഷവും ആശ്വാസവും തോന്നി വേഗം.... ചിന്തിച്ചു നില്ക്കാനുള്ള സമയമല്ലിത്. മറ്റാരെങ്കിലും

ആ കവർ കാണുന്നതിനു മുൻപേ ഓടിച്ചെന്നെടുക്കണം. അവൾ രണ്ടുവശവും നോക്കി. ഇടതു നിന്നെവിടെയോ ഒരു ലോറിയുടെ ഹോൺ മുഴങ്ങുന്നു. എന്നാൽ കാഴ്ചയിൽ വണ്ടികളൊന്നുമില്ല. ഒറ്റയോട്ടത്തിൽ അവൾ ആ കവറിനടുത്തേക്ക് നീങ്ങി. അവളുടെ നേത്രങ്ങൾ ഉദയസൂര്യനേക്കാൾ പ്രഭയോടെ തിളങ്ങി.

ഇന്ന് തനിക്ക് ഭക്ഷണം കൊണ്ടുവരുമെന്ന് വാക്ക് തന്നിട്ട് പോയ അമ്മയെ കാത്ത് അവൻ ജനലഴികൾ പിടിച്ചു നിന്നു. അമ്മയോടിന്നലെ പിണങ്ങേണ്ടാ

# ടോട്ടോച്ചാൻ


ജപ്പാനീസ് എഴുത്തുകാരിയായ തെ ത്സുകോ കുറോയാനകിയാണ് ടോട്ടോചാൻ ജനാലക്കരികിലെ വികൃതി കുട്ടി എന്ന പുസ്തകം രചിച്ചത്.

ജപ്പാനിൽ ഏറ്റവും കൂടുതൽവിളിക്കപ്പെട്ട ഈ പുസ്തകം ലോകമെമ്പാടും ഉള്ള ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.ഈ പുസ്തകം മലയാളത്തിൽ തർജ്ജമ ചെയ്തത് അൻവർ അലിയാണ് .തന്റെ കുട്ടിക്കാലം നന്നായി എഴുതിയിട്ടുണ്ട്. എനിക്ക് ടോട്ടോച്ചാന്റെ കുടുംബവും സാഹചര്യങ്ങളും വളരെ ഇഷ്ടപ്പെട്ടു.ടോട്ടോൻ നന്നായി ആണ് സംസാരിക്കുന്നതും പെരുമാറുന്നതും. ടോട്ടോനും, എനിക്കും, അവളുടെ കുടുംബത്തിനും ഒരു സങ്കടം ഉണ്ടായിട്ടുണ്ട് എന്താണ് എന്ന് വെച്ചാൽ അവൾക്കൊരു പട്ടിക്കുട്ടി ഉണ്ടായിരുന്നു റോക്കി.

ടോട്ടോ ഒരു ദിവസം സ്കൂൾ വിട്ടു വന്നപ്പോൾ അവൾ റോക്കി, എന്ന് വിളിച്ചു പക്ഷേ അവൻ വന്നില്ല,അപ്പോൾ ടോട്ടോ റൊക്കി കിടക്കണ സ്ഥലത്തേക്ക് പോയി നോക്കിയപ്പോൾ അവൻ അവിടെ ഇല്ല അപ്പോൾ അവളുടെ അച്ഛനോട് പോയി ചോദിച്ചുഭഅച്ഛാ റോക്കി കുട്ടൻ എവിടെ? അപ്പോൾ അച്ഛൻ പറഞ്ഞു മോളെ അവൻ....??അപ്പോൾ ടോട്ടോ അവളുടെ അമ്മയോട് പോയി ചോദിച്ചു ഭഅമ്മേ റോക്കി കുട്ടൻ ? അപ്പോൾ അമ്മ പറഞ്ഞു അവൻ പോയി മോളെ ഇത് അവസാനത്തെ ഭാഗം അല്ല കൂട്ടുകാരെ നിങ്ങൾ ഈ പുസ്തകം വായിച്ചു നോക്കൂ നിങ്ങൾക്ക് പുസ്തകം ഇഷ്ടപ്പെടും. ●




**രാകേന്ദു പണിക്കത്ത്**
അമ്മ.. അഞ്ജലി
ചീരക്കുഴിസുഭാഗ്,
ഗസ്റ്റ് ഹൗസ് റോഡ്,
മലപ്പുറം, ഫോൺ:
9539270626




**സുകൃത ഹരികൃഷ്ണൻ**
D/o ഹരികൃഷ്ണൻ,
നീലമന ഇല്ലം, നിടുവപ്പുറം,
കരിവെള്ളൂർ പി.ഒ.
കൊടക്കാട് ഉപസഭ



യിരുന്നു..വാടിയ മുഖത്തോടെയല്ലേ അമ്മ രാവിലെ പോയത്.? അമ്മ തിരിച്ച് വരുമ്പോള് സോറി പറയണം. അമ്മയുടെ കുഴിഞ്ഞ കവിളിൽ ഒരുമ്മ കൊടുക്കണം. അമ്മയ്ക്ക് താൻ പിണങ്ങിയപ്പോൾ നല്ല വിഷമമായിക്കാണും. കുറ്റബോധത്തോടെ അവൻ താഴേയ്ക്കു നോക്കി. പെട്ടെന്ന് കാതടിപ്പിക്കുന്ന ഒരു നിലവിളിയും ബഹളവും കേട്ട് അവൻ ഞെട്ടി. വാതിൽ അമ്മ പുറത്ത് നിന്ന് പൂട്ടിയതിനാൽ അവൻ ജനലഴികളിലൂടെ പുറത്തേക്ക് നോക്കി. ഒരു ലോറി റോഡിന്റെ വശത്ത് നിർത്തിയിട്ടിരിക്കുന്നു. അതിനു ചുറ്റും ആളുകൾ കൂടി നിൽക്കുന്നു. എന്താണ് സംഭവിച്ചത്.? ആ ലോറി എവിടെയെങ്കിലും പോയി ഇടിച്ചോ? അമ്മയൊന്ന് വേഗം വന്നാൽ മതിയായിരുന്നു. ആ കുഞ്ഞുമനസ്സ് ഭീതിയാൽ നിറഞ്ഞു.

അവൻ വീണ്ടും ജനാലയിലൂടെ എത്തി നോക്കി. ആളുകൾ കുറഞ്ഞു കുറഞ്ഞു വരുന്നുണ്ട്. ആൾക്കൂട്ടത്തിന്റെ ഒത്ത നടുക്ക് ഒരു രൂപം കിടക്കുന്നു. അവർ ചുവന്ന പെയിന്റിൽ തെന്നി വീണതാണോ? റോഡിന്റെ നടുവില് പെയിന്റൊഴിച്ചവർ വിഡ്ഢികൾ തന്നെ. നിരുത്സാഹപ്പെട്ട് ജനാലയ്ക്കരികിൽ നിന്ന് മാറിയ അവൻ, പക്ഷേ ആ രൂപത്തിന്റെ വിരൽ തുമ്പിൽ തൊട്ടു തൊട്ടില്ല എന്ന പോലെ നിൽക്കുന്ന ഭക്ഷണക്കവറോ അവരുടുത്ത നിറംമങ്ങിയ സാരിയോ ശ്രദ്ധിക്കാതെ പോയി. ●

ആർദ്ര, D/o ഹരിനാരായണൻ,തെഞ്ചേരി ഇല്ലം,
കാക്കൂർ, കോഴിക്കോട്






**സിയ വീമ്പൂർ,**
(6 വയസ്സ് -രണ്ടാം ക്ലാസ്സ്)
D/o അശ്വിൻ ഭവദാസൻ, അനഘ.എം.പി.
വീമ്പൂർ കടലായിൽ മന, പാഴായി, പുതുക്കാട്,
തൃശ്ശൂർ ജില്ല, അമ്മാത്ത്: മഞ്ഞപ്പറ്റ മന





*മഞ്ചേരിയിൽ യോഗക്ഷേമസഭ മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കിങ്ങിണിക്കൂട്ടം ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ.*

# കിങ്ങിണിക്കൂട്ടം വളരെ സ്പെഷ്യലാണ്

രണ്ടുമൂന്നു ദിവസങ്ങൾക്ക് മുമ്പാണ് കിങ്ങിണിക്കൂട്ടം ഗ്രൂപ്പിൽ ഒരു മെസ്സേജ് വന്നത്. ടൂർ പോയതിനെ പറ്റിയോ കിങ്ങിണിക്കൂട്ടം ക്യാമ്പിനെ പറ്റിയോ അമ്മാത്ത് പോയതിനെ പറ്റിയോ എന്തെങ്കിലും എഴുതാൻ. ഞാൻ വിചാരിച്ചു ഏപ്രിൽ 30 ,മെയ് 1 തീയതികളിൽ നടന്ന കിങ്ങിണിക്കൂട്ടം ക്യാമ്പിനെ പറ്റിയുള്ള പ്രതീക്ഷകൾ വ്യക്തമാക്കാം എന്ന് .

മറ്റനുഭവങ്ങൾ ഇല്ലാത്തതുകൊണ്ടല്ല ഈ തീരുമാനം എടുത്തത്. എന്നെ സംബന്ധിച്ച് ഈ ക്യാമ്പ് വളരെ സ്പെഷ്യലാണ്. എന്റെ മുത്തശ്ശിയും മുത്തശ്ശനും അവരുടെ കാലത്ത് ഒരു പിറന്നാളിനോ വേളിക്കോ ഒക്കെ പോയാൽ ഒരുപാട് കൂട്ടുകാരുടെയും ബന്ധുക്കളുടെയും കൂടെ കളിച്ചും ചിരിച്ചും നടന്നതൊക്കെ പറയുമ്പോൾ ഞാനും ഇതുപോലെ ഒരു അനുഭവം ആഗ്രഹിക്കും. കൂട്ടുകുടുംബങ്ങൾ കുറഞ്ഞ ഞങ്ങളുടെ ഈ കാലത്ത് ഇതുപോലെ ഒരു അനുഭവം ഞങ്ങൾക്ക് കിട്ടുന്നത് കിങ്ങിണിക്കൂട്ടം ക്യാമ്പിലൂടെയാണ്. ഒരുപാട് വിജ്ഞാനപ്രദമായ ക്ലാസുകളും നമ്മുടെ കഴിവ് തെളിയിക്കാനുള്ള സെഷനുകളും ഉണ്ടായി. ഈ ക്യാമ്പിലൂടെ ആരുടെയും സഹായമില്ലാതെ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാകുന്നു.

വിനോദ വിജ്ഞാനപ്രദമായ ദിവസങ്ങളിലൂടെ ആയിരുന്നു ഇതുവരെ നടന്ന കിങ്ങിണിക്കൂട്ടം ക്യാമ്പുകൾ കടന്നുപോയത്. ഇത്തരം ക്യാമ്പുകൾ ഞങ്ങൾക്ക് പഴമയിലെ  പുതുമയെ അറിയാനും മുതിർന്നവർക്ക് അവരുടെ കുട്ടിക്കാലത്തെ ഒന്നുകൂടി ഓർക്കാനും സഹായിക്കുന്നു. മാത്രമല്ല സാഹോദര്യത്തിന്റെയും  സഹവർത്തിത്വത്തിന്റെയും അനുഭവങ്ങൾ ലഭിക്കുന്നു. ഈ ക്യാമ്പിന്റെ പ്രത്യേകത എന്തെന്നാൽ എന്റെ ചിറ്റയുടെ  മകളായ ആർദ്രയുടെ പിറന്നാള് കൂടിയാണ് മെയ് 1. ഇപ്രാവശ്യം അവളും ക്യാമ്പിന് ഉണ്ട്. ഇത് വായിക്കുന്ന കൂട്ടുകാരിൽ അവിടെ വന്നവർ ഉണ്ടെങ്കിൽ അവളെ ഒന്ന് ആശംസിക്കണം ട്ടോ. ●



*യോഗക്ഷേമസഭ മലപ്പുറം ജില്ല ബാലസഭ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട അരിഞ്ചിയിൽ ഇല്ലത്ത് ഗൗരിയും സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട സ്വാതിക ഒതളൂരും.*

**ഈ ക്യാമ്പിന്റെ പ്രത്യേകത എന്തെന്നാൽ എന്റെ ചിറ്റയുടെ മകളായ ആർദ്രയുടെ പിറന്നാള് കൂടിയാണ് മെയ് ഒന്ന് . ഇപ്രാവശ്യം അവളും ക്യാമ്പിന് ഉണ്ട്. ഇത് വായിക്കുന്ന കൂട്ടുകാരിൽ അവിടെ വന്നവർ ഉണ്ടെങ്കിൽ അവളെ ഒന്ന് ആശംസിക്കണം**

**ഗൗരി എ.കെ.**
കൊടശ്ശേരി ഉപസഭ, D/o ദിലീപ് എ.കെ, അരിഞ്ചിയിൽ ഇല്ലം,
ചെമ്പ്രശ്ശേരി (PO)പാണ്ടിക്കാട് , മൊബൈൽ: 9447439514

**സ്വസ്തിക നമ്പൂതിരി എസ്.എസ്.**
D/o സുകുമാരൻ നമ്പൂതിരി
& സുമലത,വടകര ഉപസഭ,
പുറഞ്ചേരി ഇല്ലം
മൊബൈൽ: 9745407299







# മുത്തശ്ശൻ

**ശ്രീറാം ടി എച്ച്**

അന്ന് സന്തോഷമുള്ള ദിവസം ആയിരുന്നു. കാരണം കവിതകളുടെ മുത്തശ്ശനായ അക്കിത്തം മുത്തശ്ശനെ കാണാൻ കഴിഞ്ഞു. അച്ഛനും അമ്മയ്ക്കും ഒപ്പം തീവണ്ടിയിൽ ആയിരുന്നു യാത്ര. അക്കിത്തം മുത്തശ്ശൻ കവിതകളിൽ വിവരിച്ച ഭാരതപ്പുഴയും കുറ്റിപ്പുറം പാലവും കണ്ടു. വെള്ളം വളരെ കുറച്ചു മാത്രമേയുള്ളൂ.ചില ആളുകൾ മണ്ണ് ലോറിയിലും ചാക്കുകളിലും കയറ്റുന്നത് കണ്ടു. പുഴയുടെ അരികിലൂടെ തീവണ്ടി യാത്ര മനോഹരം. ജനലരികിലിരുന്ന് പോകുന്ന യാത്ര നല്ല രസവുമാണ് . സ്റ്റേഷനിൽ ഇറങ്ങി ബസ്സിൽ കയറി കുമരനെല്ലൂരിൽ ഇറങ്ങി.

ഓട്ടോറിക്ഷ വിളിച്ചു. കുമരനെല്ലൂർ കഴിഞ്ഞ് കുറേ മുന്നിലേക്ക്പോയി റോഡ് സൈഡിലുള്ള പീടികക്ക് മുന്നിൽ വണ്ടി നിർത്തി .ആ കടയിലുള്ള അദ്ദേഹം പറഞ്ഞു. ഒരു കിലോമീറ്റർ പോയാൽ ഇടത്തോട്ട് തിരിഞ്ഞാൽ നേരെ കാണുന്നത് സാക്ഷാൽ അക്കിത്തം നമ്പൂതിരിയുടെ 'ദേവയാനം' ഇല്ലം.

ഞങ്ങൾ ഗേറ്റ് തുറന്ന് അകത്തു ചെന്നു. അമ്മ ബെല്ലടിച്ചു. ഒരു ചേട്ടൻ വാതിൽ തുറന്നു. ഞങ്ങൾ മുത്തശ്ശനെ കാണാൻ വന്നതാണ് എന്ന് പറഞ്ഞു. അവർ അകത്തു ചെന്ന് പറഞ്ഞു . അപ്പോൾ ഞങ്ങളോട് ഉള്ളിലേക്ക് വരാൻ പറഞ്ഞു. മുറിയിലേക്ക് കയറിച്ചെന്നു. അപ്പോൾ കാവി മുണ്ട് ഉടുത്ത്കണ്ണടയും വെച്ച് മുത്തശ്ശൻ കസേരയിൽ ചാരി ഇരുന്നു പത്രം വായിക്കുന്നു. ഞാൻ കാൽപാദത്തിൽ നമസ്കരിച്ചു.അമ്മയുടെ ഇല്ലത്തെ കാര്യവും മറ്റും കുറച്ചു പറഞ്ഞു. കുറേനേരം സംസാരിച്ചു. കുട്ടിക്കാലത്തെയും അച്ഛനെയും അമ്മയെയും പറ്റി പറഞ്ഞു. കവിതകളും നല്ല അക്ഷരസ്ഫുടതയോടെ ചൊല്ലി അതിനെപ്പറ്റിയുള്ള ആശയവും അനുഭവങ്ങളും പറഞ്ഞു തന്നു. ചുമരിൽ ചില്ലിട്ട അലമാര നിറയെ മുത്തശ്ശന് കിട്ടിയ സമ്മാനങ്ങൾ, കേന്ദ്രസാഹിത്യ അക്കാദമി കേരള സാഹിത്യ അക്കാദമി പത്മശ്രീ ജ്ഞാനപീഠം തുടങ്ങിയ ഒട്ടേറെ സമ്മാനങ്ങൾ. എല്ലാം അടുക്കും ചിട്ടയോടെ നിരത്തി വെച്ചിട്ടുണ്ട്. ഞാൻ ഓരോന്നിന്റെയും വീഡിയോ എടുത്തു. യാത്ര പറയാൻ തുടങ്ങിയപ്പോൾ തണുത്ത ജ്യൂസ് കുടിക്കാൻ തന്നു .നല്ല സ്വാദ് ഉണ്ടായിരുന്നു.




മുത്തശ്ശനു ഏറെ ഇഷ്ടം വായനയാണ്. എനിക്കും. ഞാൻ എന്നും ഉറങ്ങുന്നത് ഓരോ കവിത വായിച്ചാണ്. വായിച്ചപ്പോലെ കവിതകൾ എഴുതണം. ആരും കേൾക്കാത്ത കവിതകൾ. നല്ല നല്ല കവിതകൾ എഴുതണം. (വർഷങ്ങൾക്കു മുമ്പ് മഹാകവി അക്കിത്തത്തെ സന്ദർശിച്ച അനുഭവം).



**അദിതി കെ.**
D/o സുരേഷ് കെ. നമ്പൂതിരി
കുറുങ്ങോട്ടില്ലം വടകര ഉപസഭ
മൊബൈൽ: 9495742479

കൊയിലാണ്ടി ഉപസഭയിലെ തിരുത്തി മന ഹരിയുടെയും ശ്രീദേവി അന്തർജ്ജനത്തിന്റെയും മകൻ ശ്രീറാം ടി എച്ച് 12ാം ക്ലാസ് വിദ്യാർത്ഥിയാണ്. അത്തോളി ജി വി എച്ച് എസ് എസിൽ പഠിക്കുന്നു .മൊബൈൽ : 9497865767



# വായനക്കാരുടെ പേജ്



പ്രതികരണങ്ങൾ
വാട്ട്സ്ആപ്പ് ചെയ്യൂ
9400992823

*തൃശൂർ പുഴയോരം കൺവെൻഷൻ സെന്ററിൽ നാം 2024 ന്റെ ഭാഗമായി സംഘടിപ്പിച്ച സ്വസ്തിയുടെ പ്രദർശന സ്റ്റാളിലെത്തിയ ഇരിങ്ങാടപ്പിള്ളി മനയ്ക്കൽ അഭിരാം തന്റെ ഫോട്ടോ കവർ ചിത്രമായി വന്ന ഏപ്രിൽ ലക്കം വിഷുപ്പതിപ്പുമായി.*

## കഴിഞ്ഞ ലക്കം മുഖചിത്രം

കഴിഞ്ഞ ലക്കം 'സ്വസ്തി'യുടെ മുഖചിത്രം ഹൃദ്യമായി തോന്നി. വേദം തന്മയത്വത്തോടുകൂടി സ്വരിച്ച്, ചൊല്ലിയ ഒരു ഉണ്ണിയുടെ മുമ്പിൽ, നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി എത്ര വിനയാന്വിതനായാണ് നിൽക്കുന്നത്! വിശ്വപൗരന്റെ വിശാലമനസ്കതക്ക് മുമ്പിൽ സാഷ്ടാംഗപ്രണാമം. പ്രസ്തുത ചിത്രം കണ്ടപ്പോൾ എന്നിലുണ്ടായ വികാരത്തെ സവിനയം ചുവടെ കുറിക്കട്ടെ.

*വേദപാരായണം കേട്ട്,ലയിച്ചു, സചിവോത്തമൻ*
*മറന്നു, രാജ്യകാര്യങ്ങൾ ഇരുന്നു, കൗതുകത്തോടെ!*
*സ്വരിച്ചു, ചൊല്ലിയ വേദം ഹൃദ്യമായ്, തോന്നിയ മോദി*
*അണിഞ്ഞാൻ, അഭിരാമനെഷാളൊന്നു കഴുത്തിലും!*
*തലയിൽ കൈവച്ചേവം ഉരച്ചാൻ, വിശ്വപൗരനും*
*'നല്ല ഭാവി, ലഭിക്കട്ടെ...ഭഗവാൻ, വഴികാട്ടിടും*
*ഇതുകേട്ട, ഉണ്ണിതൻ നേത്രം പൊഴിച്ചു, ചുടുബാഷ്പങ്ങൾ*
*സങ്കടം തോന്നിയ ഉണ്ണി സ്പർശിച്ചാൻ, മോദി തൻ പാദം!*
*കാരുണ്യമൂർത്തിയാം മന്ത്രി പിടിച്ചു, ഉണ്ണിതൻ കൈകൾ*

**അനിയൻ മണ്ണാനിക്കാട്**
ശ്രീനിലയം, പി.ഒ. എടയാറ്റൂർ, വഴി മേലാറ്റൂർ, 679326, ഫോൺ: 9633167578



*ഏപ്രിൽ ലക്കം വിഷുപ്പതിപ്പിന്റെ കവർ ചിത്രം*

## സ്വസ്തിയുടെ ലക്കങ്ങൾ എല്ലാ പ്രധാന ബുക്സ്റ്റാളുകളിലും ലഭ്യമാക്കണം

സ്വസ്തിയുടെ ലക്കങ്ങൾ ഒന്നിനൊന്ന് മികച്ചതാവുന്നുണ്ട്. എല്ലാം വായിക്കാറുമുണ്ട്.ഇത് ഇപ്പോൾ നമ്പൂതിരിമാരുടെ ഇടയിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രസിദ്ധീകരണമാണല്ലൊ. എന്നാൽ അങ്ങിനെ പോരാ എന്നൊരഭിപ്രായമുണ്ട്. ഇത് എല്ലാ പ്രധാന ബുക്സ്റ്റാളുകളിലും ലഭ്യമാക്കണം. എന്നാൽ മാത്രമേ കൂടുതൽ ആളുകളിലേക്ക് എത്തുകയുള്ളൂ. മാത്രമല്ല നമ്പൂതിരിമാർ അല്ലാത്തവർക്കും മറ്റും വാങ്ങി വായിക്കുവാനുപറ്റും. സർക്കുലേഷൻ കൂട്ടുകയുമാവാം. ബന്ധപ്പെട്ടവരുടെ സത്വരശ്രദ്ധ ഈ വിഷയത്തിലുണ്ടാവുമെന്ന് പ്രത്യാശിക്കട്ടെ.

**നന്ദകുമാർ,** നാരായണമംഗലം മന,
മൊറയൂർ, മലപ്പുറം ജില്ല, മൊബൈൽ 94466 29634

# വായനക്കാരുടെ പേജ്


SWASTHI EXCLUSIVE

ആദ്യഭർത്താവിന്റെ പിണ്ഡത്തിന്റെ അന്നാണ് ഞാൻ ഗർഭിണിയാണ് എന്നറിഞ്ഞത്

## വിധവാവിവാഹത്തിലെ നായിക

സ്വസ്തിയിൽ നമ്പൂതിരി സമുദായത്തിലെ പഴയകാല ആചാരങ്ങളെക്കുറിച്ചും ജീവിതത്തേക്കുറിച്ചും അറിവു നൽകുന്ന ലേഖനങ്ങൾ പുതിയ തലമുറക്ക് ഒരു മുതൽക്കൂട്ടാണ്. ഇത്തവണത്തെ വിഷുപ്പതിപ്പിൽ വന്ന നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാവിവാഹത്തിലെ നായികയുടെ ജീവിതാനുഭവ ക്കുറിപ്പ് വളരെ ഹൃദ്യമായി.

**ശശി. കെ. ആർ,** കിഴിയേടത്തു മന, തിരുവാഴിയോട്, പാലക്കാട് ജില്ല, ഫോൺ :9495230349

## വി ടി അനുസ്മരണം ശ്രദ്ധേയം

സ്വസ്തി വിഷു പതിപ്പിൽ ഏറ്റവും ശ്രദ്ധേയമായി തോന്നിയ ത് അഡ്വക്കേറ്റ് ജയശങ്കർ നടത്തിയ വി ടി അനുസ്മരണമാണ്. നമ്മുടെ കുറവുകൾ നമ്മളെക്കാൾ മനസ്സിലാക്കിയത് അദ്ദേഹം ആണെന്ന് തോന്നുന്നു. നാം കൺതുറക്കാൻ വൈകി. ഇനിയും അതുണ്ടായില്ല എങ്കിൽ നമ്മുടെ സ്ഥിതി എന്തായിരിക്കും? നമ്മുടെ കുട്ടികളെ വായിച്ചു കേൾപ്പിക്കേണ്ട ഒരു പ്രസംഗമാണിത്.


വി.ടി.യെ സ്മരിക്കുമ്പോൾ

**പുന്നപ്പുഴ ഉണ്ണികൃഷ്ണൻ നമ്പൂതിരി,**
ശേഖരിപുരം, പാലക്കാട് ഫോൺ 9446791722

## എന്റെ പ്രേമലു വ്യത്യസ്തമായി

നമ്പൂതിരിമാരുടെ ഇടപാടുകൾ അറിയാൻ സ്വസ്തി വേണമെന്നാ യിരിക്കുന്നു. കഴിഞ്ഞു പോയതും ഇപ്പോൾ ഉള്ളതുമായ ഒരു സമു ദായത്തിന്റെ അതിജീവന സംഭവങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത് ചെറിയ കാര്യമല്ല. അർഹതയേയും അതില്ലായ്മയേയും കുറിച്ച് അറിയുമ്പോൾ കൂടുതൽ മെച്ചപ്പെടുന്നതിലേക്ക് കർമോന്മുഖരാ വാതെ വയ്യ. 'സ്നേഹം ചുരത്തുന്നോരമ്മ' (പാലേലി മോഹൻ) 'എന്റെ പ്രേമലു' (മന്ദാകിനി നാരായണൻ) എന്നീ ലേഖനങ്ങൾ വ്യ ത്യസ്ത അനുഭവങ്ങളിലേക്കു കൊണ്ടുപോയി.

**മുകുന്ദൻ മാങ്ങോട്ട്രി,** പി. ഓ.തൃക്കലങ്ങോട്, വഴി:കരുവമ്പ്രം മഞ്ചേരി 676123, മലപ്പുറം ജില്ല, മൊബൈൽ: 9567876329



## ഡോക്ടർ മുരളിയെക്കുറിച്ച്

ലിംകാ ബുക്ക് ഓഫ് റിക്കാർഡ്സിൽ സ്ഥാനം പിടിച്ച ഡോക്ടർ മുര ളിയെക്കുറിച്ച് ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ ലേഖനം വായിച്ചു. നന്നായിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തേക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തുവാൻ കഴിഞ്ഞത് വലിയ കാര്യം തന്നെ.

**ശശി കിഴിയേടത്തു മന,** തിരുവാഴിയോട്, പാലക്കാട് ജില്ല, മൊബൈൽ 9495230349

പ്രതികരണങ്ങൾ വാട്ട്സ് ആപ്പ് ചെയ്യുക
**മൊബൈൽ 9400992823**

# വായനക്കാരുടെ പേജ്




## രാംലല്ല നേരിൽ കണ്ട വായനാനുഭവം

ബ്രാഹ്മണ സമുദായത്തിന് അഭിമാനിക്കാവുന്ന ഒരു ത്രൈമാസികയാണ് കോഴിക്കോട്ടു നിന്നും ഇറങ്ങുന്ന സ്വസ്തി .സ്വസമുദായത്തിന്റേയും ഭാരതസംസ്ക്കാരത്തിന്റെയും ബഹുമുഖ തലങ്ങളെ വിഷയവൈവിധ്യത്തോടെ ഇതിൽ അവതരിപ്പിക്കുന്നു എന്നത് സന്തോഷജനകമാണ്. ഇതിലെ കവിതകളും കഥകളും ലേഖനങ്ങളുമെല്ലാം ഒന്നിന് ഒന്ന് മെച്ചം ഏപ്രിൽ ഇറങ്ങിയ മാസികയിലെ കൃഷ്ണദാസ് മുടവമ്പുറത്തിന്റെ രാമല്ലൂർ നിന്നും രാംലല്ലയിലേക്ക് എന്ന അനുഭവക്കുറിപ്പ് പ്രാണപ്രതിഷ്ഠ നേരിൽ കണ്ട വായനാനുഭവം തരുന്നതാണ്. ശ്രീ സരളമധുസൂദനൻ സ്വസ്തിക്ക് നല്കിയ അനുഭവക്കുറിപ്പ് പഴയ തലമുറയിലെ അന്തർജനങ്ങളുടെ ജീവിതത്തിന് നേരെ പിടിച്ച ഒരു കണ്ണാടിയാണ്. കുഞ്ഞുങ്ങളുടെ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടിക്കൂട്ടം, അഭിനന്ദന പംക്തികൾ, ശ്രദ്ധാഞ്ജലി പേജുകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതും അഭിനന്ദനാർഹമാണ്. ഇല്ലപ്പെരുമ എന്ന പംക്തി സവിശേഷ ശ്രർദ്ധ അർഹിക്കുന്നു. സാഹിത്യകാരനായ പ്രൊഫ. ശ്രീപാദം ഈശ്വരൻ നമ്പൂതിരിയുടെ വ്യക്തിപ്രഭാവവും അദ്ദേഹത്തിന്റെ ജീവിത പശ്ചാത്തലവും ഒതുക്കമുള്ള ഭാഷയിൽ ലളിതമായി അവതരിപ്പിക്കുന്ന ശ്രീ വിനോദ് മങ്ങത്തായ്ക്ക് അഭിനന്ദനങ്ങൾ. എന്തുകൊണ്ടും സ്വസ്തി ത്രൈമാസിക ബ്രാഹ്മണ സമുദായത്തിന് ഒരു മുതൽക്കൂട്ട് തന്നെ എന്ന് നിസംശയം പറയാം. സ്വസ്തിക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

**ഡോ. സരസ്വതി ശർമ്മ,** കിഴക്കേക്കര ഇല്ലം, നെല്ലാട്.പി.ഒ. മൂവാറ്റുപുഴ. പിൻ 686669. എറണാകുളം ജില്ല മൊബൈൽ: 9744 214726

## ഇല്ലപ്പെരുമ മികവ് പുലർത്തി

വിഷു പതിപ്പിൽ ശ്രീ വിനോദ് മങ്ങത്തായ എഴുതിയ 'കവിതയുടെ ഇല്ലം ഫിസിക്സ്ന്റെയും' എന്ന ലേഖനമാണ് ഈ കുറിപ്പ എഴുതാൻ പ്രേരിപ്പിച്ചത്. അദ്ദേഹം ചോദിക്കുന്നു, കേരളം ശ്രീപാദത്തെ വേണ്ടത്ര വായിച്ചിരുന്നോ. ഇല്ലെന്നുള്ളതാണ് സത്യം. പഴയ കാലത്തു കൃതികൾ അവയുടെ മൂല്യവും എഴുത്തുകാരുടെ മഹിമയും (അംഗീകരിക്കപ്പെട്ടു കഴിയുമ്പോൾ) അനുസരിച്ചാണ് പോപ്പുലർ ആവുന്നത്. ഉദാഹരണം, ചങ്ങമ്പുഴ, മഹാകവി പി., ബഷീർ, തകഴി മുതലായവർ. പക്ഷെ ശ്രീപാദത്തിന്റെ കാലത്ത് സ്ഥിതി മാറി, ഇപ്പോൾ ഏതെങ്കിലും 'ഇസത്തിൽ' ചാരിയും ചരിഞ്ഞും നിന്നെങ്കിലെ രക്ഷ ഉള്ളു. ശാസ്ത്ര അധ്യാപകൻ ആയ ഈ മലയാള കവിയെ, യോഗക്ഷേമ സഭ അദ്ദേഹം അർഹിക്കുന്ന രീതിയിൽ അംഗീകരിച്ചു ആദരിച്ചിരുന്നോ, സംശയമാണ്. ഈ കൊച്ചു കേരളത്തിൽ തെക്കു മുതൽ വടക്കുവരെയുള്ള എത്ര നമ്പൂതിരി സമുദായ അംഗങ്ങൾ ശ്രീപാദം ഈശ്വരൻ നമ്പൂതിരിയെ അറിഞ്ഞിട്ടുണ്ട്, വായിച്ചിട്ടുണ്ട്?

നാടകവും കവിതയും ബാലസാഹിത്യവും മലയാള ഭാഷയ്ക്ക് സമ്മാനിച്ച ഈ ബഹുമുഖ പ്രതിഭയെ പരിചയപെടുത്തിയ വിനോദ് മങ്ങത്തായിക്കും സ്വസ്തിക്കും അഭിനന്ദനങ്ങൾ. സ്വസ്തിയെ വേറിട്ട് നിർത്തുന്നതും ഇത്തരം പരിചയപ്പെടുത്തലുകളാണ്. നേട്ടങ്ങൾക്ക് പുറകെ പോകാത്ത ശ്രീപാദത്തെ പോലെയുള്ള പ്രതിഭകൾ നമ്മുടെ ഇടയിൽ ഇനിയും ഉണ്ടാവും. അവരൊക്കെ സ്വസ്തിയിലൂടെ നമ്മിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കാം.

**മണികുമാർ,** കിഴക്കേ മൂല ഇല്ലം, തിരുവഞ്ചൂർ, കോട്ടയം. 9971364411

## കണിക്കവിത

കുറുക്കിയാറ്റി സ്ഫുടം ചെയ്ത വരികളിൽ കൊന്നപ്പൂ ചന്തം! കണിക്കോപ്പിലൊരു കണിയുണ്ണിക്കൗതുകം! ഏഴാം പേജിൽ നിറഞ്ഞുനിന്ന കണിക്കാഴ്ച! ഇരുപതു വരികളിലൊരു കാവ്യപ്രപഞ്ചം! ആസ്വാദനത്തിന്റേയും അനുഭൂതിയുടേയും എല്ലാ വശങ്ങളും സ്പർശിച്ച കവിത. പേജലങ്കരിച്ചൊരുക്കിയവർക്കും സ്വസ്തിക്കും കവി ഉണ്ണികൃഷ്ണൻ വാകയാട്ടില്ലത്തിനും സഹൃദയ ഹൃദയങ്ങളുടെ പൂമംഗളങ്ങൾ

**കുട്ടിക്കോൽ ശങ്കരൻ എമ്പ്രാന്തിരി** കൂടാനം, നീലമന, പുതുക്കൈ ഉപസഭ, പി. ഒ മടിക്കൈ വഴി നീലേശ്വരം , കാസർഗോഡ് ജില്ല, പിൻ 671314 മൊബൈൽ: 9496247616

# വായനക്കാരുടെ പേജ്

## കഴിഞ്ഞ ലക്കത്തിലെ ആ ലേഖനം കണ്ണാപ്പെട്ടു


അറിയേണ്ട അന്തർജനം

സ്നേഹം ചുരത്തുന്നോരമ്മ

കടയുടെ ഷട്ടർ തുറക്കുന്ന ഒച്ച കേൾക്കേണ്ട താമസം അവർ ഓടിയെത്തും. മരുന്ന് വാങ്ങാൻ എത്തു ന്നവരാണെന്ന് തെറ്റിദ്ധരിക്കേണ്ട. ഓടി അമ്മക്കരികിൽ എത്തുന്നത് അമ്മുക്കുട്ടി എന്ന പൂച്ച പിന്നെ പറവകളും. വിശിഷ്യ കാക്കകൾ. ഒന്നല്ല ഒരുപറ്റം. രാവിലെ, ഉച്ചക്ക് നേരം നോക്കി അവർ എത്തും.



പാലേലി മോഹൻ

രാവിലെ നാലിന് ഉണരും. കൃത്യമായ എണ്ണം പറഞ്ഞനീക്കങ്ങൾ നടത്തി. 8 മണിയുടെ ബസിന് ശ്രീമൂലനഗ...

കഴിഞ്ഞ ലക്കം സ്വസ്തിയിൽ എന്റെ സ്ഥാപനത്തിലും, ഗൃഹത്തിലും പിതൃക്കളെപ്പോലെ വന്നിരുന്ന പക്ഷിജാലങ്ങളെ കുറിച്ച് ലേഖനം വന്നിരുന്നു. കുടുംബ സുഹൃത്തായ പാലേലി മോഹൻ എഴുതിയ കുറിപ്പ് വായിച്ച് ചാർച്ചക്കാരും സുഹൃത്തുക്കളും അടങ്ങുന്ന ഏറെ പേർ വിളിച്ചു.അവയെല്ലാം ഏറെ ശക്തി പകർന്നു. മനസ്സിൽ അതെല്ലാം കുളിർ മഴയായി പെയ്തു.

എന്നാൽ അതെല്ലാം കണ്ണാപ്പെട്ട ( കണ്ണേറു പറ്റിയ ) അനുഭവമാണ് ഉണ്ടായത്. എന്തെന്നാൽ, ഇപ്പോൾ കാക്കപ്പടകളും പൂച്ചക്കുട്ടികളും ഇല്ലത്തും സ്ഥാപനത്തിലും തിരിഞ്ഞു നോക്കുന്നില്ല.

സ്ഥാപനത്തിന്റെ ഷട്ടർ ഉയർത്തുമ്പോഴേയ്ക്കും വന്ന് സ്നേഹം പ്രകടിപ്പിക്കുന്നവർ ഇന്ന് ആ പരിസരത്തേ ഇല്ല. പക്കാവടപ്പാക്കറ്റുകളും ബിസ്ക്കറ്റുകളും തണുത്തു മരവിച്ചു. അതിനി ആർക്ക് കൊടുക്കും ? ഞാനാകെ വിഷണ്ണയായിത്തീർന്നു. അറം പറ്റാൻ ഇടവരാൻ എന്താണാവോ കാരണം ?

വീണ്ടും വായിച്ചു നോക്കി. സ്നേഹിക്കാനുള്ള എന്റെ മനസ്സിനെയാണ് കണ്ണു വച്ചത്. ജഗദീശാനുഗ്രഹമാവാം , എന്നേത്തേടി വന്നിരുന്ന കാകവേഷത്തിലെ പിതൃക്കളിൽ എന്നിൽ നിന്നും അകന്ന മുരളി ഏട്ടനും ഉണ്ടായിരുന്നു. ഇപ്പോൾ ഒന്നു പോലും വരുന്നില്ല. ആകെ ഒറ്റപ്പെട്ട അനുഭവം.

രാധ അന്തർജ്ജനം,നാഗർജുന വൈദ്യശാല, ശ്രീമൂലനഗരം 683580


❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

*An Exclusive Publication on Namboodiri Life &Life style*

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

വാർഷിക വരിസംഖ്യ

Rs/**300**

അയക്കാൻ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

**ഓണപ്പതിപ്പ് മുതലുള്ള പരസ്യ നിരക്ക് താഴെ കൊടുക്കുന്നു**

| | |
|---|---|
| ബാക്ക് കവർ | 18000 |
| ഫ്രണ്ട് &ബാക്ക് ഇന്നർ കവർ | 12000 |
| ഫുൾ പേജ് കളർ | 7500 |
| ഹാഫ് പേജ് കളർ | 4000 |
| ക്വാർട്ടർ പേജ് കളർ | 2000 |
| ഫുൾ പേജ് ബ്ളാക്ക് &വൈറ്റ് | 4000 |
| ഹാഫ് പേജ് ബ്ളാക്ക് &വൈറ്റ് | 2500 |
| ക്വാർട്ടർ പേജ് ബ്ളാക്ക് &വൈറ്റ് | 1300 |
| വേളി പംക്തിയിൽ | 1800 |
| ജാതകം/ആശംസകൾ | 1000 |

**വാർഷിക പാക്കേജ്**
ബാക്ക് കവർ: 60000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ: 40000
ഫുൾപേജ് കളർ:26000
ബ്ളാക്ക് &വൈറ്റ് ഫുൾ പേജ്: 14000

വരിസംഖ്യ കാലാവധി വിവരങ്ങൾ അറിയാൻ
**9447332611**

**കസ്റ്റമർ കെയർ**
**9495379337**

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

# കമ്മ്യൂണിൽ ജനിച്ചു കാരണം കമ്മ്യൂണിസ്റ്റായ പാർവതി

ജനിച്ച സ്ഥലത്തിന്റെ പ്രത്യേകത കൊണ്ട് ശ്രദ്ധ നേടിയ ചിലരുണ്ട്. ശ്രീകൃഷ്ണൻ ജനിച്ചത് ജയിലിൽ. ക്രിസ്തു പിറന്നത് കാലിത്തൊഴുത്തിൽ. അങ്ങനെ വേറിട്ട ചില ജനനങ്ങളുണ്ട്. ഒരിക്കൽ നമ്പൂതിരി സമുദായത്തിലെ ഒരു പെൺകുഞ്ഞ് പിറന്നു വീണത് കമ്മ്യൂണിലാണ്. വി.ടി ഭട്ടതിരിപ്പാട് സ്ഥാപിച്ച കൊടുമുണ്ടയിലെ 'ഉദ്ബുദ്ധകേരളം' എന്ന കമ്മ്യൂണിൽ.



*പാർവതി*

കമ്മ്യൂൺ എന്നാൽ കമ്മ്യൂണിസ്റ്റുകളുടെ ഒരു കൂട്ടു കുടുംബം. സ്വയം പര്യാപ്തമായ ഒരു കൂട്ടുജീവിതം. അതിൽ ജനിച്ചു കമ്മ്യൂണിസ്റ്റായി വളർന്ന് കമ്മ്യൂണിസ്റ്റായി ജീവിച്ച ഒരു മുത്തശ്ശി കഴിഞ്ഞ മാസം കമ്മ്യൂണിസ്റ്റായി മരിച്ചു. ജനിച്ചത് കമ്മ്യൂണിലായതിനാൽ മരിച്ചാൽ പൊതു ശ്മശാനത്തിൽ സംസ്കരിക്കണമെന്നും മതപരമായ ചടങ്ങുകൾ നടത്തേണ്ടെന്നും മക്കളെ പറഞ്ഞേൽപ്പിച്ച ശേഷം.

**കാഞ്ഞൂർ നാരായണൻ ഭട്ടതിരിപ്പാട്–ഗൗരി അന്തർജനം ദമ്പതികളുടെ മൂത്തമകളായി 1938 ഡിസംബറിലായിരുന്നു ജനനം. കൊടുമുണ്ടയിലെ കമ്മ്യൂണിൽ. വി.ടി ഭട്ടതിരിപ്പാട് സ്ഥാപിച്ച കൊടുമുണ്ടയിലെ ഉദ്ബുദ്ധ കേരളം എന്ന കമ്മ്യൂണിൽ.**

അവരുടെ പേര് പാർവതി. കാഞ്ഞൂർ നാരായണൻ ഭട്ടതിരിപ്പാട്-ഗൗരി അന്തർജനം ദമ്പതികളുടെ മൂത്തമകളായി 1938 ഡിസംബറിലായിരുന്നു ജനനം. കൊടുമുണ്ടയിലെ കമ്മ്യൂണിൽ. കോട്ടക്കൽ പെരുമണ്ണ ക്ലാരിയിലെ ചിറക്കൽ കിഴക്കിനിയകത്ത് വീട്ടിലായിരുന്നു അന്ത്യം. കിഴക്കിനിയകത്ത് പാർവതി എന്ന അമ്മിണി -86 ഇനി ഓർമ.


ഭ്രഷ്ട് കൽപ്പിക്കപ്പെട്ട നമ്പൂതിരി കുടുംബങ്ങൾ ഒന്നിച്ചുതാമസിച്ച് ഒരു അടുക്കളയിൽ പാകം ചെയ്ത ഭക്ഷണം പങ്കിട്ടെടുക്കുന്ന രീതിയാണ് വി ടി ഭട്ടതിരിപ്പാട് വിഭാവനം ചെയ്തത്. 'ഉദ്ബുദ്ധകേരളം' എന്ന പേരിൽ പുരോഗമന വീക്ഷണമുള്ള പ്രസിദ്ധീകരണവും ഇവിടെ നിന്നിറങ്ങി. സാമ്പത്തിക പ്രയാസങ്ങൾ കോളനിയുടെ മുന്നോട്ടുപോക്കിനെ ബാധിച്ചെങ്കിലും ദേശീയ പ്രസ്ഥാനത്തിന്റെയും കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരുടെയും താവളമായി കോളനി വികസിച്ചു.

1939ഓടെ 'ഉദ്ബുദ്ധകേരളം' എന്ന പരീക്ഷണം അവസാനിച്ചെങ്കിലും കോളനിയും കൊടുമുണ്ടയും കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനത്തിന്റെ കേന്ദ്രമായി. 1942ൽ കോട്ടയത്ത് തൊഴിൽ കേന്ദ്രത്തിൽ അമ്മ ഗൗരി അന്തർജനം അന്തേവാസിയായി പോയപ്പോൾ പാർവതിയും ഒപ്പമുണ്ടായിരുന്നു. പിന്നീട് സാമ്പത്തിക പ്രയാസങ്ങൾ കാരണം അവർക്ക് മടങ്ങേണ്ടിവന്നു.

അച്ഛൻ കാലിൽ ശസ്ത്രക്രിയ കഴിഞ്ഞ് കിടപ്പിലായതും കമ്യൂണിസ്റ്റ് പാർട്ടി വേട്ടയാടലിന് വിധേയമായതുമെല്ലാം അമ്മിണിയുടെ ബാല്യജീവിതത്തെ ബാധിച്ചു. കമ്യൂണിസ്റ്റ് നേതാവ് ആമയൂർ കെ ജി നായരുടെ വീട്ടിൽ താമസിച്ചായിരുന്നു എട്ടാം ക്ലാസ് പഠനം. പിന്നീട് പഠനം നിർത്തി. കിഴക്കിനിയകത്ത് അഷ്ടമൂർത്തി നമ്പൂതിരിയുമായി വിവാഹം കഴിഞ്ഞ് തിരൂർ വൈലത്തൂരിനടുത്ത് താമസമാക്കി. തനിക്ക് കിട്ടാതെ പോയ വിദ്യാഭ്യാസം മക്കൾക്ക് ലഭ്യമാക്കാൻ അവർ ശ്രദ്ധിച്ചു. കമ്യൂണിസ്റ്റ് നേതാവായിരുന്നു ഭർത്താവും.

മരണാനന്തരം മൃതദേഹം പൊതു ശ്മശാനത്തിൽ സംസ്കരിക്കണമെന്നും മതപരമായ ചടങ്ങുകൾ നടത്തേണ്ടെന്നും മക്കളെ പറഞ്ഞേൽപ്പിച്ചിരുന്നു. കേരളത്തിലെ നവോത്ഥാന മുന്നേറ്റങ്ങളിൽ ഒഴിച്ചുകൂടാനാകാത്ത നിരവധി മുഹൂർത്തങ്ങൾക്ക് സാക്ഷിയായ കൊടുമുണ്ട കോളനിയും ഉദ്ബുദ്ധകേരളവും തൊട്ടറിഞ്ഞ അനുഭവങ്ങളെ ബാക്കിയാക്കിയാണ് പാർവതിയുടെ മടക്കം. ●

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ദാമോദരൻ നമ്പൂതിരിപ്പാട്**

മുംബൈ: മുംബൈയിലെ കലാ സാംസ്കാരിക മേഖല യിലെ ആദ്യകാല പ്ര വർത്തകനും ബോംബൈ യോഗക്ഷേമ സഭയുടെ സ്ഥാപകരിൽ പ്രധാനിയുമായ തിരുവില്ലക്കാട്ട് ദാമോദരൻ നമ്പൂതിരിപ്പാട്(91) വിഷ്ണുപാദം പൂകി. അന്ധേരി ഡി. എൻ. നഗർ ദീപ് ടവർ ഹൗസിങ് സൊസൈറ്റി എ-704- ൽ ആയിരുന്നു താമസം.

തൃശ്ശൂർ ചെറുതുരുത്തിയാണ് സ്വദേശം. ഭാര്യ: കിള്ളിമംഗലത്ത് മന കുടുംബാംഗം ശാലിനി അന്തർജനം.

മക്കൾ: സുരേഷ്, സുദേവ്. മരുമക്കൾ: ലേഖ (പയ്യൂർ), ശ്രീജ (ചാലക്കുടി, നടുവം).



**ലീലാ അന്തർജനം**

ആനന്ദപുരം ശ്രീകൃഷ്ണ ഹൈസ്കൂൾ മാനേജരും അരിഞ്ഞോട്ടത്തുമനയ്ക്കൽ പരേതനായ നീലകണ്ഠൻ നമ്പൂതിരിയുടെ പത്നിയുമായ ലീലാ അന്തർജനം (92) വിഷ്ണുപാദം പൂകി. കൂത്താട്ടുകുളം കാക്കൂർ കാഞ്ഞിരപ്പിള്ളി മന കുടുംബാംഗമാണ്. മക്കൾ - നീലകണ്ഠൻ (റിട്ട. കേന്ദ്ര ഗവ. ഉദ്യോഗസ്ഥൻ), പരേതനായ വിജയൻ (കൊച്ചിൻ പോർട്ട് ട്രസ്റ്റ്) നാരായണൻ (റിട്ട. SKHSS) വാസുദേവൻ (റിട്ട. HM, SKHSS) പ്രസന്നാ രാജൻ (റിട്ട. HSA), ദേവി (റിട്ട. UPSA), സുമ. മരുമക്കൾ - പരേതയായ ഉമാദേവി, പ്രമീള, ശോഭന, ശ്രീലത, രാജൻ കൃഷ്ണൻ, നീലകണ്ഠൻ.



**പരമേശ്വരൻ നമ്പൂതിരി**

ആട്ടീരി മൂത്തേടത്ത് അഗ്നിശർമ്മൻ നമ്പൂതിരിയുടെയും ഉമാദേവി അന്തർജ്ജനത്തിന്റെയും മകൻ പരമേശ്വരൻ നമ്പൂതിരി(70) വിഷ്ണുപാദം പൂകി. താന്ത്രികം, ജ്യോതിഷം, സംസ്കൃതം എന്നിവയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നു. അക്ഷര ശ്ലോക സദസ്സിലെ നിറ സാന്നിധ്യം കൂടി ആയിരുന്നു പരമേശ്വരൻ നമ്പൂതിരി. ഭാര്യ: ആലത്തിയൂർ നമ്പില്ലത്തെ മഹേശ്വരി അന്തർജ്ജനം. മക്കൾ: രഞ്ജിത്ത്, രാജേഷ്. മരുമക്കൾ: രശ്മി, ചന്ദന. സഹോദരങ്ങൾ: നാരായണൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, പരേതയായ ശ്രീദേവി (നളിനി) അന്തർജ്ജനം, മുണ്ടോട്ട ഇല്ലം.



**നാരായണൻ നമ്പൂതിരി**

കോടന്നൂർ: ശാസ്താം കടവ് നെടുങ്ങോട്ടൂർ പാറമന നാരായണൻ നമ്പൂതിരി (75, റിട്ടയേർഡ് ഷിപ്പ് എഞ്ചിനീയർ) വിഷ്ണുപാദം പൂകി. ഭാര്യ: കുറുവട്ടവണാവിൽ നാരായണൻ നമ്പൂതിരിയുടെ മകൾ ഡോ. ശ്രീദേവി. മക്കൾ: ഡോ.ഹരിനാരായണൻ (വെറ്റിനറി സർജൻ, എ.എച്ച്.ഡി., മലപ്പുറം), പരമേശ്വരൻ (അഗ്രികൾച്ചറൽ മൾട്ടിപർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, പാലക്കാട്). മരുമക്കൾ: നയന (അസിസ്റ്റന്റ് പ്രൊഫസർ, സ്പീച്ച് ലാംഗ്വേജ് പാത്തോളജി, എ.ഡബ്ല്യു.എച്ച്. കോളേജ്, കല്ലായി), വർഷ.




**പാർവ്വതി അന്തർജ്ജനം**

മുക്കം: പന്നിക്കോട് നടുവിലേടം ഇല്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ പാർവ്വതി അന്തർജ്ജനം (90) അന്തരിച്ചു. മക്കൾ: കൃഷ്ണന്നുണ്ണി (ഉച്ചക്കാവ് ഭഗവതി ക്ഷേത്രം), ഗോവിന്ദൻ (അരീപ്പുഴ ശ്രീകൃഷ്ണ ക്ഷേത്രം എടവണ്ണപ്പാറ), ശങ്കരനാരായണൻ (എയുപിഎസ് പന്നിക്കോട്), പാർവ്വതി, ശ്രീദേവി, സാവിത്രി, തങ്കമണി. മരുമക്കൾ: മേനായത്ത് മന പരമേശ്വരൻ നമ്പൂതിരി. എൻ.ടി.കൃഷ്ണൻ (റിട്ട. ഹെഡ്മാസ്റ്റർ, എ.യു.പി.എസ്.ചൂലൂർ), ശ്യാമള, സുജാത, സുനി, പരേതരായ പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി, മുത്തേടം ശങ്കരൻ നമ്പൂതിരി



**സാവിത്രി അന്തർജ്ജനം**

ഉള്ളിയേരി കിഴക്കിനകത്ത് കൊളങ്കര ഇല്ലത്ത് പരേതനായ നാരായണൻ നമ്പൂതിരിയുടെ പത്നി സാവിത്രി അന്തർജ്ജനം (85) വിഷ്ണു പാദം പൂകി.




**എ.ടി. നാരായണൻ നമ്പൂതിരി**

റിട്ടയേർഡ് സി.എസ്.ബി. സീനിയർ മാനേജർ, മാള ആര്യംഗലം മനയിലെ എ.ടി. നാരായണൻ നമ്പൂതിരി മുംബൈയിൽ വിഷ്ണു പാദം പൂകി.



**അമ്മിണിദേവി അന്തർജനം**

എണ്ണശ്ശേരി മഠത്തിൽ പരേതനായ വാസുദേവൻ പോറ്റിയുടെ സഹധർമ്മിണി അമ്മിണിദേവി അന്തർജനം വിഷ്ണു പാദം പൂകി




**നാരായണൻ നമ്പൂതിരിപ്പാട്**

തൃപ്പൂണിത്തുറ ഏരൂർ പുലിയന്നൂർ നാരായണൻ നമ്പൂതിരിപ്പാട് വിഷ്ണു പദം പൂകി. മക്കൾ: ശ്രീജിത്ത് പുലിയന്നൂർ, ശ്രീജ. മരുമക്കൾ: ആര്യ, സുനോജ്




**ആര്യ അന്തർജനം**

പരേതനായ അമേറ്റൂർ വാസുദേവൻ നമ്പൂതിരിയുടെ പത്നിയും, പേരാങ്ങോട്ട് മഹളുമായ ആര്യ അന്തർജനം വിഷ്ണുപാദം പൂകി. മക്കൾ : നാരായണൻ (കുട്ടൻ - 9786324394), ലത ദിനേശൻ.



**കൃഷ്ണൻ ഭട്ടതിരി**

കോട്ടായി: തെക്കേക്കര കൈപ്പിള്ളി മനയിൽ കൃഷ്ണൻ ഭട്ടതിരി (89) വിഷ്ണുപാദം പൂകി. ഭാര്യ: വെൺമണി മന ഗൗരി അന്തർജനം. മക്കൾ: രാമചന്ദ്രൻ (എവിടി മെക്കോർമിക്ക്, ആലുവ), വിഷ്ണു (കൂൾ ഹൗസ്, തൃശൂർ), രേഖ (അധ്യാപിക, ഗവ.ഹയർ സെക്കൻഡറി സ്കൂൾ, കോട്ടായി). മരുമക്കൾ: ബിന്ദു (ചാർട്ടേഡ് അക്കൗണ്ടന്റ്, എറണാകുളം), രഞ്ജിനി (തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ).




**വിശ്വനാഥൻ നമ്പൂതിരി**

എടപ്പാൾ: ആനക്കര ഉണ്ണിരാമത്തുമന വിശ്വനാഥൻ നമ്പൂതിരി ( യു എം വി നമ്പൂതിരി -80 ) വിഷ്ണുപാദം പൂകി. തൃത്താല ഹയർ സെക്കന്ററി സ്കൂൾ മുൻ പ്രധാന അദ്ധ്യാപകനാണ്. ഭാര്യ ചൂരക്കോട്മേക്കാട് നളിനി അന്തർജനം. മക്കൾ ആശ (പൊയിലശ്ശേരി സ്കൂൾ ) , റാണി (കോട്ടക്കൽ രാജാസ് സ്ക്കൂൾ), ശബരി (കാനഡ), ഹരി ( പരുതൂർ ഹൈസ്ക്കൂൾ).




**രാധ അന്തർജനം**

ചേമഞ്ചേരി: അയ്യാടത്തില്ലത്ത് രാധ അന്തർജനം (67) അന്തരിച്ചു. ഭർത്താവ്: പരേതനായ അയ്യാടത്തില്ലത്ത് മാധവൻ നമ്പൂതിരി. സഹോദരങ്ങൾ: പരേതരായ ആറങ്ങോട്ടില്ലത്ത് വാസുദേവൻ നമ്പൂതിരി, ദേവകി അന്തർജ്ജനം.



**പരമേശ്വരൻ നമ്പൂതിരി**

യോഗക്ഷേമസഭ പുത്തിലോട്ട് ഉപസഭാംഗവും റിട്ട പിഡബ്ല്യുഡി ഉദ്യോഗസ്ഥനുമായ തിമിരി പെരികമന ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി(67) വിഷ്ണു പാദം പൂകി. ഭാര്യ: പുഷ്പ . മക്കൾ: പ്രശോഭ്(വാട്ടർ അതോറിറ്റി ചെറുവത്തൂർ) (ശ്രുതി. മരുമക്കൾ: സൂര്യ, ശ്രീരാജ്




**പ്രൊഫ. ഇ.എൻ. ഗോവിന്ദൻ നമ്പൂതിരി**

ആലപ്പുഴ: ടി.ഡി. മെഡിക്കൽ കോളേജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം റിട്ട. മേധാവി ആലപ്പുഴ നഗരസഭ 10-ാം വാർഡിൽ ഇടമന ഇല്ലത്ത് പ്രൊഫ. ഇ.എൻ.ഗോവിന്ദൻ നമ്പൂതിരി (84) വിഷ്ണുപാദം പൂകി. ഭാര്യ: കെ.എം. സരസ്വതീദേവി. മക്കൾ: മിനി, രാജേഷ്. മരുമകൻ: ജയകുമാർ.



**ആര്യ അന്തർജനം**

അരിക്കോട് കൊഴക്കോട്ടൂർ ആറ്റുപുറത്ത്ആര്യ അന്തർജനം (103) വിഷ്ണുപാദം പൂകി



**കുബേരൻ നമ്പൂതിരി**

വെള്ളിനേഴി: കാറൽമണ്ണ കുത്തുമനക്കൽ കുബേരൻ നമ്പൂതിരി (89) വിഷ്ണുപാദം പൂകി.




**തങ്കമണി അന്തർജനം**

കോട്ടയം വലവൂർ ആര്യാശങ്കരനിലയം (തേവലപ്പുറത്തില്ലം) പരേതനായ ടി.ജെ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ ഭാര്യ തങ്കമണി അന്തർജനം (88) വിഷ്ണുപാദം പൂകി. മക്കൾ: ടി എസ് ശ്രീധർ (റിട്ട. എം ജി യൂണിവേഴ്സിറ്റി), ടി. എസ്.വാസുദേവൻ നമ്പൂതിരി (റിട്ട. എസ് ബി.റ്റി), ഏ എസ് സുബ്രഹ്മണ്യൻ നമ്പൂതിരി(റിട്ട. നബാർഡ്), ഏ എസ് ജയന്തൻ നമ്പൂതിരി (റിട്ട. സഹകരണ വകുപ്പ്), ഏ.എസ് ജയശ്രീ( എൽ ഐ സി),ഏ.എസ് ഉണ്ണികൃഷ്ണൻ (ആർ ബി എൽ ബാങ്ക്) മരുമക്കൾ: സി.പി ഷീല, ശാലിനി, ഉമ, ആശ,ഗീത, എം ഡി ജയൻ (റിട്ട. കാലിക്കറ്റ് യൂണിവേഴ്സിറ്റി)



**ഗായത്രി അന്തർജനം**

കുന്ദംകുളം പൂങ്ങാട്ടു മന ഗായത്രി അന്തർജനം (റിട്ടയേർഡ് എഞ്ചിനീയർ കെ.എസ് .ഇ.ബി മഞ്ചേരി ചളവറ ഓട്ടൂർ മന ) വിഷ്ണുപാദം പൂകി. റിട്ടയേഡ് പ്രൊഫസർ ഐ.ഐ ടി തിരുച്ചിറപള്ളി ഡോക്ടർ കൃഷ്ണൻ നമ്പൂതിരിയുടെ പത്നിയാണ്. ഏക മകൾ ദേവകി (ഏലംകുളം മന)




**കുമാരസ്വാമി നമ്പൂതിരിപ്പാട്**

കാലടി: മറ്റൂർ പിരാരൂർ ഇടപ്പിള്ളിമനയിൽ കുമാരസ്വാമി നമ്പൂതിരിപ്പാട് (78) വിഷ്ണുപാദം പൂകി. താന്നിപ്പിള്ളി മന സരസ്വതി അന്തർജ്ജനമാണ് ഭാര്യ. മക്കൾ : ഹരീഷ് (തിരുവിതാംകൂർ ദേവസ്വം ബോർഡ്), ദിവ്യ. മരുമക്കൾ : ശ്രീദേവി, പയ്യന്നൂർ പുതുമനഗോവിന്ദൻ നമ്പൂതിരി.



**ശ്രീദേവി അന്തർജ്ജനം**

പുന്നയൂർക്കുളം കരുവാട്ട് പരേതനായ പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെ സഹധർമ്മിണിയും ഗിരീശൻ ഭട്ടതിരിപ്പാടിന്റെ അമ്മയും കുറ്റിശ്ശ്രമഹളുമായ ശ്രീദേവി അന്തർജ്ജനം (83) വിഷ്ണുപാദം പൂകി.




**എം. സി. മോഹനൻ**

മണ്ണാർക്കാട്: മൂത്തിരിങ്ങോട്ട് മനക്കൽ എം. സി. മോഹനൻ (മാനേജിംഗ് ഡയറക്റ്റർ, പോളിക്ലിനിക്ക്, തൃശൂർ) വിഷ്ണുപാദം പൂകി.




**സാവിത്രി അന്തർജനം**

വൈക്കം: വെച്ചൂർ വൈകുണ്ഠപുരത്തില്ലത്ത് സാവിത്രി അന്തർജനം (77) വിഷ്ണു പാദം പൂകി. ഭർത്താവ്: ദാമോദരൻ നമ്പൂതിരി. മക്കൾ: അജിതൻ നമ്പൂതിരി (യോഗ ക്ഷേമ ഉപസഭ വൈസ് പ്രസിഡന്റ്), ആരതി അന്തർജനം.



**നാരായണൻ നമ്പൂതിരി**

കാറൽമണ്ണ തൃക്കടീരി മനക്കൽ നാരായണൻ നമ്പൂതിരി (86) വിഷ്ണുപാദം പൂകി. തിരുമുല്ലപ്പള്ളി ദേവസ്വം ട്രസ്റ്റിയാണ്.ഭാര്യ ശ്രീകൃഷ്ണപുരം കാലടിമന ലീല അന്തർജനം. മക്കൾ ടി.എൻ വാസുദേവൻ, ടി.എൻ നാരായണൻ, ടി.എൻ ജയന്തൻ. മരുമക്കൾ ഗീത, സിജി.



**കൃഷ്ണൻ നമ്പൂതിരി**

വടക്കേ പാച്ചമംഗലത്തു ഇല്ലം,ചിന്ത്രനെല്ലൂർ, പേരൂർ (83) വിഷ്ണുപാദം പൂകി. മക്കൾ: ശംഭു നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, ദേവകി അന്തർജ്ജനം (ചെന്നിത്തല), രമാദേവി (കോട്ടയം), സാവിത്രി ദേവി (കൂട്ടിക്കട).



**പാർവതി അന്തർജനം**

കുലുക്കല്ലൂർ: ആലുവ വെണ്മണി കുംടുംബാംഗം പാർവതി അന്തർജനം (86) അന്തരിച്ചു. ഭർത്താവ്: ഇരവിനെല്ലൂർ ഒരുപുലാശ്ശേരി മനക്കൽ പരേതനായ നീലകണ്ഠൻ നമ്പൂതിരിപ്പാട്. മക്കൾ: പ്രദ്യുമ്നൻ; പ്രതിഭ, ഭരതൻ, വാസുദേവൻ (റിട്ട. അധ്യാപകൻ, മണ്ണേങ്കോട് എയു പിഎസ്), പ്രസന്ന. മരുമക്കൾ: രമ, ദാമോദരൻ, ഷീബ, ഷീല, നീലകണ്ഠൻ.




**സരസ്വതി അന്തർജനം**

രാമനാട്ടുകര: പയ്യന്നൂർ കാളീശ്വരം കുഞ്ഞിപ്പാറയിലെ സരസ്വതി അന്തർജനം (83) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ പാലക്കുന്നത്ത് ഇല്ലം നാരായണൻ നമ്പൂതിരി. മക്കൾ: പുതുക്കോട് കോട്ടകുറുംബ ഭഗവതി ക്ഷേത്രം മേൽശാന്തി പരമേശ്വരൻ നമ്പൂതിരി, ശ്രീധരൻ നമ്പൂതിരി (ശാന്തി), പരമേ ശ്വരി അന്തർജനം, പത്മനാഭൻ നമ്പൂതിരി (ശാന്തി).മരുമക്കൾ: അംബിക, ശൈലജ, വിജിത, നാഗമംഗലം ശ്രീധരൻ നമ്പൂതിരി. സഹോദരങ്ങൾ: ഈശ്വരൻ നമ്പൂതിരി, ദേവിഅന്തർജനം, ഇന്ദിര അന്തർജനം, പരേതയായ ഗംഗ. സരസ്വതി അന്തർജനത്തിന്റെ മകൻ പരമേശ്വരൻ ഫറോക്ക് ഉപസഭാഗമാണ്.



**പരമേശ്വരൻ നമ്പൂതിരിപ്പാട്**

വെണ്മണി പരമേശ്വരൻ നമ്പൂതിരിപ്പാട് (72) (ഉണ്ണി /VPP) വിഷ്ണുപാദം പൂകി. കുറൂട്ടവണാവ് മരുമഹനാണ്. പത്നി – ജയശ്രീ (പട്ടമന) മകൻ – അനൂപ് മരുമകൾ – സുസ്മിത (ചെറുകര)




**പരമേശ്വരൻ നമ്പൂതിരി**

കണ്ണൂർ : പുഴക്കുളങ്ങരയിലെ ഇ.കെ. പരമേശ്വരൻ നമ്പൂതിരി വിഷ്ണുപാദം പൂകി. റിട്ട. എക്സൈസ് ഉദ്യോഗസ്ഥനാണ്. ഭാര്യ സാവിത്രി അന്തർജനം. മക്കൾ: പ്രിയ ഇ.കെ (അസി സൂപ്രണ്ട് വനിത ജയിൽ കണ്ണൂർ), റാണി. ഇ.കെ (കേരളാ ബാങ്ക് ചെറുതുരുത്തി), യജ്ഞ ശങ്കരൻ (പ്രൈവറ്റ് കമ്പനി), മരുമക്കൾ നാരായണൻ പി.വി.എം നീലേശ്വരം, ജയകുമാർ ചെറുതുരുത്തി.



**ശാന്തകുമാരി**

പരേതരായ മാതമംഗലത്ത് ചെറുകുടൽ ഇല്ലത്തെ കൃഷ്ണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റെയും മൂത്ത മകൾ ശാന്തകുമാരി സി(74) വിഷ്ണുപാദം പൂകി. സഹോദരങ്ങൾ: സി. വിഷ്ണു(പരേതൻ), സി.ഐ ശങ്കരൻ (റിട്ട: അധ്യാപകൻ, ജി.എച്ച്.എസ്.എസ്. മാതമംഗലം), പത്മിനി(ആലക്കാട്), സരസ്വതി. സി(റിട്ട: അംഗൻവാടി ഹെൽപർ), ഉഷാകുമാരി(മാത്തിൽ).



**ശ്രീധർ എം. പി.**

അയ്മനം കുടമാളൂർ ഉപസഭ അംഗമായ കുടമാളൂർ മാളികയിൽ ഇല്ലത്ത് എം. എസ്. പ്രസന്നകുമാറിന്റെ പുത്രൻ ശ്രീധർ എം. പി. (36) വിഷ്ണുപാദം പൂകി. അമ്മ : പരേതയായ അംബിക സി. കെ. (ചെറുകടപ്പുറത്തില്ലം, മള്ളൂശ്ശേരി, കോട്ടയം), അനുജൻ: ഹരികൃഷ്ണൻ എം.പി. (തമിഴ്നാട് മർക്കന്റൈൽ ബാങ്ക്, പയ്യന്നൂർ)



**ദേവകി അന്തർജ്ജനം**

വടശ്ശേരി മങ്കുന്നത്തില്ലം ദേവകി അന്തർജ്ജനം വിഷ്ണുപാദം പൂകി.



**പഴയിടം രാമൻ നമ്പൂതിരി**

പഴയിടം മോഹനൻ നമ്പൂതിരിയുടെ സഹോദരൻ രാമൻ നമ്പൂതിരി (ഡെപ്യൂട്ടി ജനറൽ മാനേജർ, ധന്വന്തരി ഗ്രൂപ്പ്) വിഷ്ണുപാദം പൂകി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കൃഷി ശാസ്ത്രജ്ഞ ഡോ.രോഹിണി അയ്യർ**

ഓച്ചിറ. പ്രമുഖ കൃഷി ശാസ്ത്രജ്ഞയും തഴവ നവശക്തി ട്രസ്റ്റ് സ്ഥാപകയുമായ തഴവ കുതിരപ്പന്തി വെങ്ങാട്ടം പള്ളി മഠത്തിൽ ഡോ.രോഹിണി അയ്യർ (79) അന്തരിച്ചു. വിവിധ ഗവേഷണങ്ങൾ നടത്തി വിജയങ്ങൾ കൊയ്ത ഡോ.രോഹിണി അയ്യർ കൃഷി മേഖലയ്ക്കു നൽകിയ സംഭാവനകൾ ഒട്ടേറെ. ഹരിത വിപ്ലവത്തിന്റെ പിതാവ് അന്തരിച്ച ഡോ.എം.എസ്. സ്വാമിനാഥനാണു കാർഷിക ഗവേഷണത്തിൽ ഡോ. രോഹിണിയുടെ മാർഗദർശി. കാർഷിക ഗവേഷണ മേഖലയിലേക്കു വഴി തിരിച്ചുവിട്ടത് അടുത്ത ബന്ധു കൂടിയായ അദ്ദേഹമാണ്.

ഭർത്താവ്: റിട്ട കൃഷി ശാസ്ത്രജ്ഞൻ ഡോ.ആർ.ഡി.അയ്യർ. പ്രശസ്ത പിന്നണി ഗായിക ചിത്ര അയ്യർ മകളാണ്. മറ്റു മക്കൾ: ശാരദ അയ്യർ (ജർമനി), ഡോ.രമ അയ്യർ (യുകെ). മരുമകൻ: വിനോദ് ശിവരാമൻ (പൈലറ്റ്, ഇൻഡിഗോ).



**സാവിത്രി അന്തർജനം**

കോഴിക്കോട് നരിക്കുനി കിഴക്കേ അരീക്കര വാസുദേവൻ നമ്പൂതിരിയുടെ ഭാര്യ കൊയിലാണ്ടി എടവല്യത്ത് മകൾ സാവിത്രി അന്തർജനം വിഷ്ണു പാദം പൂകി. മകൾ സിന്ധു പ്രശസ്ത കഥകളി നടൻ രാജീവ് പീശപ്പിള്ളി മരുമകനാണ്.




**ഇന്ദിരാദേവി അന്തർജനം**

പുലിയന്നൂർ വടക്കേമഠം പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ ഇന്ദിരാദേവി അന്തർജനം (88) വിഷ്ണുപാദം പൂകി. മക്കൾ ഷീല, ഗീത, മധു (യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ അംഗം), മായ. മരുമക്കൾ: നാരായണൻ നമ്പൂതിരി (സുദർശനം, പുലിയന്നൂർ) ശ്രീധരൻ നമ്പൂതിരി (പൊത്തോപ്പുറത്തില്ലം പുതുവേലി), മിനി (ചിറയ്ക്കാമറ്റം കടമ്പഴിപ്പുറം) ഗോവിന്ദൻ നമ്പൂതിരി (വടക്കത്തില്ലം ചെങ്ങളം) .



**മുരളീകൃഷ്ണൻ നമ്പൂതിരി**

കേരള ക്ഷേത്ര കാർമ്മിക് സംഘ് ബിഎംഎസ് രൂപീകരണത്തിന് മുൻനിരയിൽ പ്രവർത്തിച്ച യൂണിയന്റെ ആദ്യ ജില്ലാ വൈസ് പ്രസിഡന്റ് നന്മണ്ട തളി ശിവക്ഷേത്രം,പൊന്നരംതെരു ഗണപതി ക്ഷേത്രം മുൻ മേൽശാന്തിയും, വെട്ടിക്കേരി പറമ്പ് ഇപ്പോഴത്തെ മേൽശാന്തിയുമായ മുരളീകൃഷ്ണൻ നമ്പൂതിരി നാറാണത്തില്ലം ബാലുശ്ശേരി, പൊന്നരം തെരു. വിഷ്ണുപാദം പൂകി. പത്നി ശ്രീമതി ദേവകി അന്തർജനം, മക്കൾ. വിഘ്നേഷ്, സായി കൃഷ്ണ




**ദാമോദരൻ നമ്പൂതിരി**

തൃശൂർ: ആലപ്പാട് ദാമോദരൻ നമ്പൂതിരി (68) വിഷ്ണുപാദം പൂകി. പത്നി: പന്താവൂർ മഹൾ സുധ അന്തർജ്ജനം. മക്കൾ: അജീഷ്, അമ്പിളി, മരുമക്കൾ: ശ്രീപ, പ്ലാവേലി പ്രകാശൻ.




**പാർവതി അന്തർജനം**

കുലുക്കല്ലൂർ: ആലുവ വെണ്മണി കുടുംബാംഗം പാർവതി അന്തർജനം (86) വിഷ്ണുപാദം പൂകി. ഭർത്താവ്: ഇരവിനെല്ലൂർ ഒരു പുലാശ്ശേരി മന ക്കൽ പരേതനായ നീലകണ്ഠൻ നമ്പൂതിരിപ്പാട്. മക്കൾ: പ്രദ്യുമ്നൻ; പ്രതിഭ, ഭരതൻ, വാസുദേവൻ (റിട്ട. അധ്യാപകൻ, മണ്ണേങ്കോട് എയു പിഎസ്), പ്രസന്ന. മരുമക്കൾ: രമ, ദാമോദരൻ, ഷീബ, ഷീല, നീലകണ്ഠൻ. സഹോദരങ്ങൾ: വെണ്മണി വിഷ്ണു, വെണ്മണി കൃഷ്ണൻ നമ്പൂതിരിപ്പാട്



**മാധവൻ നമ്പൂതിരി**

നടുവണ്ണൂർ (വാകയാട്) :മുണ്ടോട്ട മാധവൻ നമ്പൂതിരി (88) നിര്യാതനായി. ഭാര്യ പരേതയായ പത്മകുമാരി അന്തർജനം. മക്കൾ രജനി, രജിത. മരുമക്കൾ ഹരിദാസ് നമ്പൂതിരി(ആലുവ ), ദാമോദരൻ നമ്പൂതിരി(വടകര ).പേരക്കുട്ടികൾ കീർത്തന, നന്ദന, സ്നേഹ, ഹൃദ്യ, വേദ



**ആര്യൻ നമ്പൂതിരിപ്പാട്**

കുഴിക്കാട് മന ആര്യൻ നമ്പൂതിരിപ്പാട് (80) (റിട്ടയെർഡ് റവന്യൂ ഇൻസ്പെക്ടർ ) വിഷ്ണു പാദം പൂകി. ഭാര്യ :പരേതയായ പാർവതി ആര്യൻ, മക്കൾ: ജ്യോതിസ് കെ ആര്യൻ, ജ്യോത്സന പ്രദീപ്, മരുമക്കൾ : പ്രദീപ് നരിക്കാട്ടീരി, വിദ്യ ജ്യോതിസ്



**ദേവകി അന്തർജനം**


പാലക്കാട്: പുത്തൂർ പൂജാനഗറിൽ, ദേവകി അന്തർജനം (80) അന്തരിച്ചു. ചെങ്ങണിയൂർ എ.യു.പി. സ്കൂൾ റിട്ട. അധ്യാപികയാണ്. ഭർത്താവ്: പുന്നയത്ത് മാങ്കുളം പരേതനായ ഗോവിന്ദൻ നമ്പൂതിരി, മക്കൾ. എം. ജി. ഗീത (അധ്യാപിക എ.യു.പി. സ്കൂൾ, അഴിയന്നൂർ), എം. ജി. ജ്യോതി (പ്രധാനാധ്യാപിക, ജി.എൽ.പി. സ്കൂൾ, കടുക്കാംകുന്നം). മരുമക്കൾ: സി.കെ. ശങ്കർ (റിട്ട. ഡിവിഷണൽ മാനേജർ, കനറാ ബാങ്ക്), സത്യദാമോദരൻ (ഐ.ടി.ഐ. കഞ്ചിക്കോട്).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ശ്രീദേവി അന്തർജ്ജനം**

ചെമ്പുക്കാവ് പരമേശ്വരൻ നമ്പൂതിരിയുടെ പത്നി ശ്രീദേവി അന്തർജ്ജനം (93)(വെക്കാക്കര മകൾ)വിഷ്ണുപാദം പൂകി. മക്കൾ പരേതനായ സതീശൻ, ശശികുമാർ,സുജാത, അനിത. മരുമക്കൾ ജയ ബീന (താമരശ്ശേരി മേക്കാട് ) തൃക്കടീരി ജയദേവൻ,അലമ്പിള്ളി രഘുരാം




**ജാതാവേദൻ നമ്പൂതിരി**

മുൻ യോഗക്ഷേമസഭ സംസ്ഥാന സെക്രട്ടറി ശ്രീകുമാർ താമരപ്പിള്ളിയുടെ പിതാവ് അന്തിക്കാട് ഉപസഭാംഗം മണലൂർ കല്ലേലി ജാതാവേദൻ നമ്പൂതിരി (89) വിഷ്ണുപാദം പൂകി.




**സുവർണ്ണിനി അന്തർജനം**

കോറോം കല്ലംവള്ളി ഇല്ലം പരേതനായ കേശവൻ നമ്പൂതിരിയുടെ സഹധർമ്മിണി സുവർണ്ണിനി അന്തർജനം വിഷ്ണുപാദം പൂകി. മക്കൾ: ശങ്കരൻ നമ്പൂതിരി, ശംഭു നമ്പൂതിരി, രത്ന മണി.മരുമക്കൾ: സുവർണ്ണിനി ശങ്കരൻ ,ഉമ, നാരായണൻ നമ്പൂതിരി.




**കൃഷ്ണൻ നമ്പൂതിരി**

ചെത്ത്കടവ് മിനിയിൽ കുന്നത്ത് മീത്തൽ താമസിക്കും അലിയങ്ങൾ ഇല്ലത്ത് എ. കൃഷ്ണൻ നമ്പൂതിരി (63) വിഷ്ണുപാദം പൂകി. മാവൂർ ജി.എം.യു.പി സ്കൂൾ റിട്ട. അധ്യാപകനാണ്. ഭാര്യ: വി. പി. ചന്ദ്രിക.



**ശക്തിധരൻ ഭട്ടതിരിപ്പാട്**

അയിരിൽ ശക്തിധരൻ ഭട്ടതിരിപ്പാട് (81)(കുഞ്ഞുണ്ണി) വിഷ്ണുപാദം പൂകി. അമൃത ആസ്പത്രിയിലായിരുന്നു. പ്രമോദ്, പ്രദീപ്, പ്രജിത് എന്നിവർ മക്കളും മാന്തിട്ട മഹൾ ഉമാദേവി അന്തർജ്ജനം ഭാര്യയുമാണ്.



**ഗോവിന്ദൻ നമ്പൂതിരി**

യോഗക്ഷേമസഭ അറത്തിൽ ഉപസഭയുടെ മുൻ പ്രസിഡണ്ടും സജീവ പ്രവർത്തകനുമായ കുണ്ടുംകര ഗോവിന്ദൻ നമ്പൂതിരി വിഷ്ണുപാദം പൂകി.




**വാസുദേവൻ നമ്പൂതിരി**

കമ്പളം വാസുദേവൻ നമ്പൂതിരി (91) (രാമല്ലൂർ ഉപസഭ) വിഷ്ണുപാദം പൂകി.



**പാർവതി അന്തർജനം**

പാഞ്ഞാൾ: വെള്ളിയാട് അരിക്കത്ത് മനയിൽ പാർവതി അന്തർജനം (94) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ കൊരട്ടിക്കര അഷ്ടമൂർത്തി നമ്പൂതിരി. മക്കൾ: നാരായണൻ (റിട്ട. വി.ടി.ബി. കോളേജ്), രാമചന്ദ്രൻ (തിരുവമ്പാടി ക്ഷേത്രം), സാവിത്രി (റിട്ട. അധ്യാപിക), ശാസ്ത്രശർമ്മൻ (അൽസ്റ്റോം), അഷ്ടമൂർത്തി (നാഗാർജുന). മരുമക്കൾ: സുമതി, ദേവി, ശങ്കരനുണ്ണി നമ്പൂതിരിപ്പാട് (റിട്ട. അധ്യാപകൻ), ജീജ (അധ്യാപിക), മായ (ആരോഗ്യ സർവകലാശാല).



**വാസുദേവൻ നമ്പൂതിരി**

ഗുരുവായൂർ കീഴ്ശാന്തിയും യജുർവേദ പണ്ഡിതനും ആയ കാരശ്ശേരി കൊടക്കാട് വാസുദേവൻ നമ്പൂതിരി (97) വിഷ്ണുപാദം പൂകി.



**സാവിത്രി അന്തർജനം**

പള്ളിക്കാപറമ്പ് മഠം മോഹനന്റെ അമ്മ സാവിത്രി അന്തർജനം പള്ളിക്കാപറമ്പ് മഠം (86)വിഷ്ണുപാദം പൂകി. പാക്കത്ത് ഇല്ലത്ത് സന്ധ്യാ ഉണ്ണികൃഷ്ണൻ മകളാണ്.



**ശാന്തി രാജൻ**


നരിക്കാട്ടിരിമഹളും ശ്രീകൃഷ്ണപുരം ചിരയ്ക്കാമിറ്റത്ത് മനയിൽ ശങ്കരനാരായണന്റെ (രാജൻ) പത്നിയുമായ ശാന്തി രാജൻ (64) സ്വവസതിയിൽ വിഷ്ണുപാദം പൂകി. മക്കൾ ശ്രീവിദ്യ (ട്രാവൽ ഏജന്റ്,കോയമ്പത്തൂർ ) ശ്രീജിത്ത് (എൻജിനീയർ, ബാഗ്ലൂർ).മരുമക്കൾ നാരായണൻ (നെന്മിനി മന, ഗുരുവായൂർ) ദീപ്തി (നഗരിൽ മന, ഒറ്റപ്പാലം).



**പ്രൊഫസർ കെ.പി. ബാബു ദാസ്**


പ്രൊഫ. ബാബു ദാസ് കെ.പി. (72), കോശാപ്പിള്ളി മന, നായത്തോട്, റിട്ട. സംസ്കൃത പ്രൊഫസർ ശങ്കര കോളേജ് കാലടി വിഷ്ണുപാദം പൂകി. ശങ്കര വേദാന്തത്തിലും കഥകളി സാഹിത്യത്തിലും പാണ്ഡിത്യം, കുങ്കുമം,മാമ്മൻ മിപ്പിള അവാർഡു കളുടെ ജേതാവ്. ഭാര്യ - തിരുവില്വാമല കുനി കുടുംബാംഗം. മക്കൾ: ഗൗതം, ഗായത്രി. മരുമക്കൾ: ശ്രീജ, അർജുൻ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ




**ശ്രീധരൻ നമ്പൂതിരി**

കാക്കൂർ: കോഴിക്കോട് പോർട്ട് ഓഫീസ് റിട്ട. സീനിയർ സൂപ്രണ്ട് രാമല്ലൂർ തെഞ്ചേരി ഇല്ലം കാരണവർ ശ്രീധരൻ നമ്പൂതിരി (69) വിഷ്ണുപാദം പൂകി. രാമല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രം ട്രസ്റ്റ് ബോർഡ് ചെയർമാനും പി.സി.പാലം കാവിൽ ക്ഷേത്രം തന്ത്രിയുമായിരുന്നു. ഭാര്യ: ലത അന്തർജനം (മൂത്തേടത്ത് മന, വാണിയമ്പലം), മകൾ: അഞ്ജലി (അധ്യാപിക, പ്രസ്റ്റീജ് പബ്ലിക് സ്കൂൾ, മാങ്കാവ്). മരുമകൻ: സന്ദീപ് (സൗത്ത് ഇന്ത്യൻ ബാങ്ക്, കണ്ണൂർ), സഹോദരങ്ങൾ: ഉണ്ണികൃഷ്ണൻ നമ്പൂതിരി (മേൽശാന്തി, പള്ളിക്കര സുദർശന ക്ഷേത്രം), ലീല അന്തർജനം, ഓട്ടൂർ ഇല്ലം (അധ്യാപിക, വിദ്യാനികേതൻ സ്കൂൾ, മായന്നൂർ), സതീഷ് നമ്പൂതിരി, പരേതയായ ഇന്ദിര അന്തർജനം (മംഗലത്ത് മന).




**നാരായണൻ നമ്പൂതിരിപ്പാട്**

പെരിങ്ങോട് മാത്തൂർ മന നാരായണൻ നമ്പൂതിരിപ്പാട് (M.N.മാസ്റ്റർ) നിര്യാതനായി. ഭാര്യ സാഹിത്യകാരിയും കവയിത്രിയുമായ ശൈലജ ടീച്ചർ.മക്കൾ സനത്ത്, സജിത്ത്. മരുമക്കൾ സീന, സന്ധ്യ




**പുരുഷോത്തമൻ നമ്പൂതിരി**

മംഗലം: റിട്ട. പോസ്റ്റ്മാസ്റ്റർ പുരുഷോത്തമൻ നമ്പൂതിരി (80) വിഷ്ണുപാദം പൂകി. ഭാര്യ: സുഭദ്ര അന്തർജനം (അമ്മിണി). മകൻ: അനൂപ് കുമാർ (എപ്സൺ ഇന്ത്യ). മരുമകൾ: സരിത (തയ്യില്ലം). സഹോദരങ്ങൾ: തങ്കമണി അന്തർജനം, ശ്രീധരൻ നമ്പൂതിരി, ശ്രീദേവി അന്തർജനം, നാരായണൻ നമ്പൂതിരി, ഉഷ അന്തർജനം, ശൈലജ അന്തർജനം, ശ്രീരാമനുണ്ണി, പരേതരായ പരമേശ്വരൻ നമ്പൂതിരി, രമണി അന്തർജനം.



**ശങ്കരൻ നമ്പൂതിരിപ്പാട്**

കോഴിക്കോട് ജില്ലയിലെ പ്രസിദ്ധ തന്ത്രി കുടുംബമായ ഒഴലൂർ പാടേരി ഇല്ലത്തു ശങ്കരൻ നമ്പൂതിരിപ്പാട് (കുഞ്ഞൻ) (71) വിഷ്ണുപാദം പൂകി. ഭാര്യ സാവിത്രി അന്തർജനം. മക്കൾ ശ്രീരാജ് (കെ.എസ്.ഇ.ബി.), ശ്രീരഞ്ജിനി. മരുമക്കൾ വിജി, വാസുദേവൻ പേരൂർ.




**മനോജ് എസ്. പോറ്റി**

കോട്ടവട്ടം തെൻകുന്നത്തു മഠത്തിൽ ശ്രീ സുകുമാരൻ പോറ്റിയുടേയും ശ്രീമതി ലീലാ അന്തർജ്ജനത്തിന്റെയും മകനായ മനോജ് എസ്. പോറ്റി (റിട്ട. എൽ.ഐ.സി.) വിഷണുപാദം പൂകി. സഹധർമ്മിണി പരേതയായ ജയശ്രീ നീലകണ്ഠരരു. മക്കൾ: പൂജ, പ്രാർത്ഥന. സഹോദരങ്ങൾ: പ്രദീപ്, അനിൽ, ചിത്രസജീവ് (ചെമ്പകനല്ലൂർ, തൃപ്പൂണിത്തുറ ഉപസഭാംഗം).



**സാവിത്രി അന്തർജനം**

കൊടുമുണ്ട ചേക്കൂർമന (ചൊവ്വൂർ പട്ടേരി) സാവിത്രി അന്തർജനം (58) വിഷ്ണുപാദം പൂകി. ഭർത്താവ് മുൻ ഗുരുവായൂർ ക്ഷേത്രം മേൽശാന്തി ദേവദാസ് ഭട്ടതിരിപ്പാട് (റിട്ട. ധനലക്ഷ്മി ബാങ്ക്) . മക്കൾ സുദീപ് (ധനലക്ഷ്മി ബാങ്ക്), ശ്രീദീപ് (അമൃത കോളേജ് കൊല്ലം)



**രാജശേഖരരു**

നെടുമങ്ങാട്: തിരുവിതാംകൂർ രാജപ്രതിനിധിയും തിരുവട്ടാർ ആദികേശവ പെരുമാൾ ക്ഷേത്രത്തിലെ ശ്രീകരണസ്ഥാനിയുമായിരുന്ന അമുന്തുരുത്തിമഠം രാജശേഖരരു (98) വിഷ്ണുപാദം പൂകി. മക്കൾ: അജിതകുമാരി, ലേഖ ദേവി, ജയശ്രീ, ശ്രീലത, സന്തോഷ്, പരേതനായ ജ്യോതിബാസു. മരുമക്കൾ: നീലകണ്ഠ ഭട്ടതിരി, കൃഷ്ണശർമ്മ, ശാന്തി, കുഞ്ഞികൃഷ്ണൻ, ശ്രീകണ്ഠൻ, പ്രശാന്തി.



**ആര്യ അന്തർജനം**

കരുവാറ്റ ചെങ്ങാരപ്പള്ളി മഠത്തിൽ ജ്യോതികുമാറിന്റെ (റിട്ട. ഐ.ഒ.സി. എറണാകുളം) ഭാര്യ ആര്യ അന്തർജനം (പന്തളം ചേന്നാസ് മന) ബാംഗ്ലൂരിൽ വച്ച് വിഷ്ണുപാദം പൂകി. മക്കൾ: യദു (ജർമ്മനി), ഗൗരി പോറ്റി (ഇംഗ്ലണ്ട്). മരുമക്കൾ: ജിഷ, അരുൺ (താമരക്കുടി നീലമന) തിരുവനന്തപുരം)



**ഹരികുമാർ എൻ.**

കോട്ടയം മള്ളൂശ്ശേരി ഇളയടത്ത് ഇല്ലത്ത് പരേതരായ നാരായണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകൻ ഹരികുമാർ എൻ. (57) വിഷ്ണുപാദം പൂകി. ഭാര്യ ശ്രീകല കെ.എൻ.(അദ്ധ്യാപിക ഡി.വി.വി.എച്ച്.എസ്.എസ്. കുമാരനല്ലൂർ) മക്കൾ: ശ്രീലക്ഷ്മി എച്ച്., ദേവനാരായണൻ എച്ച്. മരുമകൻ: ജയശങ്കർ(മരങ്ങാട്ടില്ലം ചങ്ങനാശ്ശേരി). സഹോദരി: ആശ രാമൻ.

ഏപ്രിൽ രണ്ടാം തീയതി വിഷ്ണുപാദം പൂകിയ ആനന്ദപുരം അരിത്തോട്ടത്തു മനയിൽ
ലീലാ അന്തർജനത്തെ ഇരവിമംഗലം കൃഷ്ണൻ നമ്പൂതിരി അനുസ്മരിക്കുന്നു

# സൗമ്യതയുടെ കർമ്മകാണ്ഡം



**ഇരവിമംഗലം കൃഷ്ണൻ നമ്പൂതിരി**



ആനന്ദപുരം അരിത്തോട്ടത്തു മനയിൽ പരേതനായ ഏ എൻ നീലകണ്ഠൻ നമ്പൂതിരിയുടെ പത്നിയും ആനന്ദപുരം ശ്രീകൃഷ്ണാ ഹയർ സെക്കന്ററി സ്കൂൾ മാനേജരുമായ ലീലാ അന്തർജനം (92) ഏപ്രിൽ രണ്ടാം തീയതി നിര്യാതയായി.

വലിയൊരു കുടുംബത്തിന്റെ നാഥ മാത്രമല്ല പ്രശസ്തമായൊരു വിദ്യാലയത്തിന്റെ ഉടമസ്ഥ എന്ന പദവിയിലും തിളങ്ങിയിരുന്ന സൗമ്യവും ദീപ്തവുമായിരുന്ന ജീവിതമാതൃകയായിരുന്നു അവർ. കൂത്താട്ടുകുളം കാക്കൂർ കാഞ്ഞിരപ്പിള്ളി മനയിലെ രാമൻ നമ്പൂതിരിപ്പാടിന്റെയും ദേവകി അന്തർജനത്തിന്റെയും ഒമ്പതു മക്കളിൽ മൂന്നാമതായി 1932 ൽ ജനനം. 1950 ൽ ആനന്ദപുരം അരിത്തോട്ടത്തു മനയിലെ നീലകണ്ഠൻ നമ്പൂതിരിയുടെ പത്നിയായി. 1953 ൽ ആനന്ദപുരത്ത് അപ്പർ പ്രൈമറിയായി തുടങ്ങിയ ശ്രീകൃഷ്ണ സ്കൂളിന്റെ സ്ഥാപനം കുടുംബാന്തരീക്ഷത്തിൽ മാത്രമല്ല നാടിന്റെ ഘടനയിലും വലിയ മാറ്റമാണ് കുറിച്ചത്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഭർത്താവിന്റെ കരങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് സ്തുത്യർഹമായ വിധത്തിൽ പ്രവർത്തിച്ചു. സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായും അതിനു ശേഷം അവിട്ടത്തൂർ എൽ.ബി എസ് ഹൈസ്കൂളിന്റെ പ്രധാനാദ്ധ്യാപകനായും പ്രവർത്തിച്ച നീലകണ്ഠൻ നമ്പൂതിരി സാമൂഹിക രാഷ്ട്രീയ മേഖലകളിൽ തിളങ്ങിയ വ്യക്തിയായിരുന്നു. കോൺഗ്രസിന്റെ വിവിധ പദവികൾ വഹിച്ചിരുന്ന അദ്ദേഹം പഞ്ചായത്ത് മെമ്പറായും മുരിയാട് സഹകരണ ബാങ്കിന്റെ പ്രസിഡണ്ടായും പ്രവർത്തിച്ചിരുന്നു. യോഗക്ഷേമസഭയുടെ ജില്ലാ പ്രസിഡന്റായും കഴിവുകൾ തെളിയിച്ചിരുന്നു. അദ്ദേഹത്തിന്റെ തിരക്കുകൾ മൂലം കുടുംബഭദ്രതയ്ക്ക് ഹാനിതട്ടാതിരിക്കാൻ അന്തർജനം സദാ ജാഗരൂകയായിരുന്നു. 1995 ൽ നീലകണ്ഠൻ നമ്പൂതിരിയുടെ നിര്യാണത്തെ തുടർന്ന് സ്കൂളിന്റെ മാനേജരായി ചുമതലയേറ്റ ലീലാ അന്തർജനം ജീവിതാവസാനം വരെ ആ പദവിയിൽ തുടർന്നു. അവരുടെ കർമ്മ ശേഷിയുടെ ഫലമായി പതിന്നാലു വർഷം മുൻപ് ഹയർ സെക്കൻററി സ്കൂൾ ആയി. പുത്രന്മാരുടെ പിന്തുണയും വിജയകരമായ പ്രവർത്തനത്തിനു തുണയായി. നമ്പൂതിരി സമുദായത്തിൽ നിന്നു ഇതുപോലുള്ള സംരംഭങ്ങൾ ധാരാളമുണ്ടെങ്കിലും സർക്കാർ നിയമങ്ങളുടെ കാർക്കശ്യവും വിദ്യാഭ്യാസ രംഗത്തെ അനാവശ്യമത്സരവും രാഷ്ട്രീയ സമ്മർദ്ദങ്ങളും നേരിട്ടു വിജയിക്കുന്നവർ അന്യമായിക്കൊണ്ടിരിക്കുകയാണ്. ഇതു കണക്കിലെടുക്കുമ്പോൾ ഏഴു പതിറ്റാണ്ടുകൾ പിന്നിട്ട ശ്രീകൃഷ്ണാ സ്കൂളിന്റെ ഉടമസ്ഥ എന്ന നിലയിൽ ലീലാ അന്തർജനത്തിന്റെ നിര്യാണം ഒരു യുഗത്തിന്റെ അന്ത്യമായി കണക്കാക്കാം. കർമ്മകുശലരായിരുന്ന താതമാതാക്കളുടെ പാരമ്പര്യം പേറുന്ന അരിത്തോട്ടത്തിലെ പുതുതലമുറയ്ക്ക് പ്രേരകശക്തിയായി ഈ സ്മരണകൾ ഉയർന്നു വരട്ടെ.

കേന്ദ്ര സർക്കാറിന്റെ ആഭ്യന്തര വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന ഏ. എൻ നീലകണ്ഠൻ (മോഹനൻ). കൊച്ചി പോർട്ട് ട്രസ്റ്റ് ഉദ്യോഗസ്ഥനായിരുന്ന പരേതനായ ഏ എൻ വിജയൻ, ശ്രീകൃഷ്ണാ എച്ച് എസ് എസിലെ ഉദ്യോഗസ്ഥനായിരുന്ന എ എൻ നാരായണൻ, ശ്രീകൃഷ്ണാ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ഏഎൻ വാസുദേവൻ, പ്രസന്നാ രാജൻ (കാപ്പിള്ളി മന ) , ദേവി കൃഷ്ണൻ (ഇരവിമംഗലം മന) , സുമാ നീലകണ്ഠൻ ( നിറമംഗലത്തു മന) എന്നിവർ മക്കളാണ്. ഒരു നാടിന്റെ വിദ്യാഭ്യാസ സംസ്കാരത്തിനു ഇഴപാകിയ ഭാഗധേയം കുറിച്ച മഹാപ്രസ്ഥാനത്തിന്റെ അമരക്കാരിയായിരുന്ന ലീലാ അന്തർജനത്തിന് യോഗക്ഷേമസഭ സ്വസ്തിയുടെ സാദരപ്രണാമം.

(തയ്യാറാക്കിയത്: ഇരവിമംഗലം കൃഷ്ണൻ നമ്പൂതിരി, നെല്ലായി)

നാരായണൻ എ എൻ.
അരിത്തോട്ടത്തു മന,
ആനന്ദപുരം, പി.ഒ നെല്ലായി,
പിൻ: 680305 തൃശൂർ
മൊബൈൽ: 9446392293

# സ്മരണാഞ്ജലി



**നീലി അന്തർജനം**
**ശ്രാദ്ധദിനം 13 7 1983**
**ദാമോദരൻ നമ്പൂതിരി**
**ശ്രാദ്ധദിനം 25 4 1993**

നാറണിയാട്ട് ഇല്ലം ,
പി.ഒഫാറൂക്ക് കോളേജ് ,
കോഴിക്കോട് 673632

## സ്മരണാഞ്ജലി



### ശാന്തി രാജൻ

ശ്രീകൃഷ്ണപുരം: ചിറക്കാമറ്റത്തു ശങ്കരനാരായണൻ നമ്പൂതിരിയുടെ ( രാജൻ ) പത്നി നരിക്കാട്ടിരി മഹൾ ശാന്തി (64) 2024 മെയ് 11 നു വിഷ്ണുപാദം പൂകി.

മക്കൾ:
ശ്രീവിദ്യ (കോയമ്പത്തൂർ)
ശ്രീജിത്ത് (ബാംഗ്ലൂർ)

മരുമക്കൾ:
നാരായണൻ (നെൻമിനി മന)
ദീപ്തി (നഗരിൽ മന )

പേരക്കുട്ടികൾ:
മേഘന, ഘനശ്യാം, ദേവാൻഷ്




# ഉപനയനാശംസകൾ

2024 ഏപ്രിൽ 21 1199 മേടം 8 ഞായറാഴ്ച ഉപനയനം കഴിഞ്ഞ മങ്ങത്തായ ഇല്ലത്ത് **സൂരജിന്റെയും** - പൂജാരി, ഗുരുവായൂരപ്പൻ ക്ഷേത്രം, ഹ്യൂസ്റ്റൺ, യു എസ്- **ആരതിയുടെയും** മകനായ **ശ്രീദേവിന്** ഉപനയനാശംസകൾ. ഓതിക്കൻ: **വയപ്രം നാരായണൻ നമ്പൂതിരി**

**ഇല്ലത്ത് മുത്തശ്ശൻ ദാമോദരൻ നമ്പൂതിരി**
**ഇല്ലത്ത് മുത്തശ്ശി വിലാസിനി അന്തർജ്ജനം.**
**അമ്മാത്ത് മുത്തശ്ശൻ നെച്ചുളി സുബ്രഹ്മണ്യൻ നമ്പൂതിരി**
**അമ്മാത്ത് മുത്തശ്ശി സുധ അന്തർജ്ജനം**
**മൊബൈൽ: ആരതി 8547386116**







ഏപ്രിൽ 20 ന് ശതാഭിഷിക്തയായ

**ഉമാദേവി അന്തർജനം**

തൃപ്പൂണിത്തുറ ഇരുമ്പനം പിലാക്കുടി മന മഹൾ.

ചളവറ പൊരുതയിൽ മന

നാരായണൻ ഭട്ടതിരിപ്പാടിന്റെ ധർമ്മപത്നി.

**എൺപത്തിനാലാം പിറന്നാളാശംസകളോടെ:**

ബന്ധുമിത്രാദികൾ,
മകൾ: സിന്ധു പി.എൻ,
മരുമകൻ: ഉണ്ണിക്കൃഷ്ണൻ ഭട്ടതിരിപ്പാട്.
ചേറമ്പറ്റ തൃക്കാരമണ്ണ് ഭട്ടതിരി ഇല്ലം,
കയില്യാട്, ഷൊർണൂർ. മൊബൈൽ: 9447158016




2024 ജൂലൈ 9 ന് ഒന്നാം വിവാഹവാർഷികം ആഘോഷിക്കുന്ന **അതുൽ ശങ്കറിനും** (S/o പെരിണ്ടിരി ചേന്നാസ് ഇല്ലത്ത് രാമൻ നമ്പൂതിരി and സന്ധ്യ അന്തർജനം) **കാർത്തികയ്ക്കും** (D/o കരിപ്പത്തില്ലത്ത് വാമനൻ നമ്പൂതിരി and പാർവ്വതി അന്തർജനം) ആശംസകളോടെ ബന്ധുമിത്രാദികൾ

**കരിപ്പം വാമനൻ നമ്പൂതിരി Ph:+91 98473 56780**

## ശതാഭിഷേക ആശംസകൾ



**അലമ്പിള്ളി ചന്ദ്രശേഖരൻ (എ.സി.നമ്പൂതിരി)**

**2024 ജൂൺ 8 ന് ശനിയാഴ്ച ശതാഭിഷിക്തനായി.**

*ആശംസകളോടെ,*

**രജത്ത്, നന്ദിനി, വൈശാഖ്, പ്രേംജിത്ത്, അനുപമ, ദ്രുപദ്**

**ഫോൺ: 9495658478**

2024 മെയ് 26 ന് ഞായറാഴ്ച
അവിണിശ്ശേരിയിൽ മുല്ലനേഴി തറവാട്ടിൽ വെച്ച്
നവതി ആഘോഷിച്ച ഡോക്ടർ മുല്ലനേഴി



**ഡോ എം. എൻ. എസ് നമ്പൂതിരി**

ആശംസകളോടെ

സഹധർമ്മിണി: ലീലാ അന്തർജ്ജനം (ചെത്യാട്ട് മന)
മക്കൾ: സുജ, സുബാസ്
മരുമക്കൾ: കൃഷ്ണചന്ദ്രൻ (അവണാവ് മന),
അഞ്ജലി (മുല്ലപ്പിള്ളി മന)
പേരക്കുട്ടികൾ: ഗായത്രി, ദീപക്, വൈശാഖ്, ആരുഷ്



തിനൂര് ചാത്തങ്കോട്ടില്ലം കേശവൻ നമ്പൂതിരിയുടെയും (Late) സുശീല അന്തർ ജ്ജനത്തിന്റേയും മകൻ സുമേഷും വടകര ചെരണ്ടത്തൂർ പൂലൂരില്ലം സതീശൻ നമ്പൂതിരിയുടെയും ജ്യോതി അന്തർജ്ജനത്തിന്റേയും മകൾ സ്വാതിയും വടകര കൃഷ്ണകൃപ ഓഡിറ്റോറിയത്തിൽ വെച്ച് 2024 ജൂൺ 9 (1199 എടവം 26) ഞായറാഴ്ച വിവാഹിതരായി.
Ph: 9846366511



പറപ്പൂർ കണ്ണാടി തെഞ്ചേരി മന കൃഷ്ണൻ നമ്പൂതിരി - പ്രസന്നാ അന്തർജനം ദമ്പതിമാരുടെ മകൻ ഉണ്ണിക്കൃഷ്ണനും (ഇന്ത്യൻ റെയിൽവേസ് ) ഗുരുവായൂർ കീഴേടത്ത് മന വാസുണ്ണി നമ്പൂതിരി- സവിത ദമ്പതിമാരുടെ മകൾ ദേവികയും (ടെക്നോപാർക്ക്) വിവാഹിതരായി. വിവാഹ സുദിനം: 2024 മെയ് 19 ഞായർ - അരീക്കോട് ഗോവിന്ദപുരം ശ്രീ കൃഷ്ണ ക്ഷേത്രം ഓഡിറ്റോറിയം. ഗുരുവായൂർ രുഗ്മിണി കല്യാണമണ്ഡപത്തിൽ വെച്ച് റിസപ്ഷനും നടന്നു.
വാസുണ്ണി നമ്പൂതിരി :9961374721



ചേരാനല്ലൂർ വെളിങ്ങിൽ മന ഡോ. വി ഡി വിഷ്ണു നമ്പൂതിരിയുടെയും ഡോ. എസ്. ഗീതയുടേയും മകൻ ഡോ. ദാമോദരൻ വെളിങ്ങിലും തിരുവനന്തപുരം നെല്ലിയോട് മന ശ്രീ വിഷ്ണു നമ്പൂതിരി നെല്ലിയോട് & ശ്രീമതി ശ്രീദേവി ദമ്പതിമാരുടെ മകൾ ശ്രീദേവി നെല്ലിയോടും 2024 ഏപ്രിൽ 26 (1199 മേടം 13) വെള്ളിയാഴ്ച പറവൂർ വഴിക്കുളങ്ങര രംഗനാഥ് കല്യാണമണ്ഡപത്തിൽ വച്ച് വിവാഹിതരായി. ഫോൺ : 9447818563



തൃശ്ശൂർ പേരാമംഗലം നാരായണമംഗലത്ത് മന ഡോ. നാരായണൻ എൻ.എം. & ഡോ. പാർവതി കെ.എസ്. ദമ്പതിമാരുടെ മകൾ അഗജയും കാഞ്ഞാണി മങ്കോർ മനക്കൽ ശ്രീ. കേശവൻ നമ്പൂതിരിയുടെയും ശ്രീമതി ഗീത അന്തർജനത്തിന്റെയും മകൻ ദീക്ഷിതും 2024 മെയ് 5 (1199 മേടം 22) ഞായറാഴ്ച്ച തൃശ്ശൂർ, ഒളരി ശ്രീലക്ഷ്മി കല്യാണമണ്ഡപത്തിൽ വച്ച് വിവാഹിതരായി. ഫോൺ : 9400988813, 9446573470.



ഒഴുകിൽ തട്ടയൂർ തേവർകുളം ഇല്ലം ഷൈജു ടി.കെ.നമ്പൂതിരി (ഉണ്ണി)യുടെയും വി.എസ്.രാധികയുടെയും മകൾ ദേവികയും കൊറ്റിവട്ടത്തില്ലത്ത് (തട്ടക്കാട്ടില്ലം) വാസുദേവൻ നമ്പൂതിരിയുടെയും ജയശ്രീ അന്തർജനത്തിന്റെയും മകൻ ജയേഷും 2024 മെയ് 9 ന് (1199 മേടം 26ന്) തിരുവമ്പാടി എം.സി.ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി. Mob: 9947823937



കോതമംഗലം വാരപ്പെട്ടി ഇളംകുളത്തുമന എ.എ.ദിനേശിന്റെയും പി.വി.സീമയുടെയും മകൾ സാരംഗിയും ചെങ്ങന്നൂർ വെൺമണി ശബരിയാംമൂട്ടിൽ ഇല്ലത്ത് ബ്രഹ്മശ്രീ മഹേശ്വരൻ നമ്പൂതിരിയുടെയും ശ്രീകുമാരി അന്തർജനത്തിന്റെയും മകൻ അരവിന്ദും 2024 മെയ് 5 ന് (1199 മേടം 22ന്) വെൺമണി കോടുകുളഞ്ഞി ഗ്രേയ്സ് ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി. ഫോൺ: 9447267020.



കോഴിക്കോട് മുണ്ടോട്ട് ഇല്ലത്തു ഡോക്ടർ എം. പി ഈശ്വര ശർമയുടെയും, ഉഷയുടെയും മകൾ ഭാവനയും പന്തളം വാതല്ലൂർ ഇല്ലത്തു കൃഷ്ണശർമയുടെയും, ആശയുടെയും മകൻ നിധിൻ ശർമയും 28-4-2024 ന് കോഴിക്കോട് മജസ്റ്റിക് ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി.
മൊബൈൽ: ഈശ്വരശർമ്മ 9895251393



പാലക്കാട് ശ്രീകൃഷ്ണപുരം പാവുട്ടി മനയ്ക്കൽ പരേതനായ വാസുദേവൻ നമ്പൂതിരിയുടെയും ശ്രീദേവിയുടേയും മകൻ ആര്യേഷും എറണാകുളം തുരുത്തിശ്ശേരികര തുരുത്തിമനയിൽ ടി.എൻ. പ്രകാശന്റേയും കെ. പാർവ്വതിയുടേയും മകൾ സാവിത്രിയും തമ്മിലുള്ള വിവാഹം 2024 മെയ് മാസം 5 ന് (1199 മേടം 22 ന്) ശ്രീകൃഷ്ണപുരം സച്ചിദാനന്ദ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.



പൊന്നാനി കരുവാട്ട് മനയ്ക്കൽ അനിയൻ നമ്പൂതിരിയുടെയും ജയശ്രീയുടെയും മകൻ വിഷ്ണുനാരായണനും കോട്ടയം കുറിച്ചിത്താനം ചുഴായിക്കോട്ടില്ലത്ത് നാരായണൻ നമ്പൂതിരിയുടെയും സതീദേവിയുടെയും മകൾ കാവ്യയും 2024 മേയ് 13 ന് തിങ്കളാഴ്ച എടപ്പാൾ നടുവട്ടം വിവാപാലസ് ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി. മൊബൈൽ:9447181699,9446159433



ആലപുരം മഠത്തിൽ മനയിൽ ജയരാമന്റെയും മിനിയുടെയും മകൻ സച്ചിനും തിരുവാണിയൂർ തുരുത്തിക്കാല മനയിൽ ശ്രീ ടി പി രമേശന്റെയും ശ്രീമതി പദ്മിനി രമേശന്റെയും മകൾ മീരയും മഠത്തിൽ മനയിൽ വെച്ച് കൊല്ലവർഷം 1199 ഇടവം 11 (2024 മെയ് 25) ശനിയാഴ്ച വിവാഹിതരായി.
ഫോൺ: 0485-0485-2257752, 9400857752



ചെറുവണ്ണൂർ മുയിപ്പോത്ത് താമരക്കുളം ഇല്ലം (മണ്ടാച്ചേരി) ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും ഗിരിജ അന്തർജനത്തിന്റെയും മകൻ ജിഷ്ണു ശങ്കറും കോഴിക്കോട് കുരുവട്ടൂർ കോൽപ്പുറത്ത് ഇല്ലത്ത് പത്മനാഭൻ നമ്പൂതിരിയുടെയും സാവിത്രി ദേവി അന്തർജ്ജനത്തിന്റെയും മകൾ പല്ലവിയും 2024 ഏപ്രിൽ 24 ന് (1199 മേടം 11) വിവാഹിതരായി.



ഗുരുവായൂർ കൊടയ്ക്കാട്ട് മന കെ.കെ.വാസുദേവൻ നമ്പൂതിരിയുടെയും പ്രമീള അന്തർജ്ജനത്തിന്റെയും മകൾ കാവ്യയും കണ്ടശ്ശാംകടവ് വൈക്കത്ത് മനയിൽ വി.എസ്.ഗിരീഷ്കുമാർ നമ്പൂതിരിയുടെയും ബീന അന്തർജ്ജനത്തിന്റെയും മകൻ ഗോകുലും 2024 ഏപ്രിൽ 24 (1199 മേടം 11) ഗുരുവായൂർ മമ്മിയൂർ കൈലാസം ഓഡിറ്റോറിയത്തിൽ വിവാഹിതരായി. മൊബൈൽ: 9446916624

9249 001 001
@myGdigital

myG FUTURE
www.myg.in

# ചെയ്ഞ്ചാകൂ, വേറൊരു റേഞ്ചാകൂ



ഏറ്റവും പുതിയ
ഹോം അപ്ലയൻസസിലേക്കും
ഡിജിറ്റൽ ഗാഡ്ജറ്റുകളിലേക്കും
ചെയ്ഞ്ച് ആകൂ,
വേറൊരു റേഞ്ച് ആകൂ.

MOBILE PHONES • LAPTOPS • TELEVISIONS • AIR CONDITIONERS • REFRIGERATORS • WASHING MACHINES
KITCHEN APPLIANCES • SMART WATCHES • SOUND SYSTEMS • DIGITAL ACCESSORIES • TABLETS • COMPUTERS
GAMING SERIES • INTERACTIVE PANELS • PROJECTOR SCREENS • HOME & AUTOMATION SYSTEMS
EXTENDED WARRANTY PLANS • PROTECTION PLANS • REPAIR & SERVICES

100+ STORES ACROSS KERALA

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:3 Issue No:3 ❑ Kozhikode ❑ Date of Publication: 1 Julyl 2024

